# ദീപ്തി



**DevaMatha College**

# AMERICAN EXPRESS, CITIBANK, BROOKE BOND, NESTLE, FENNER INDIA, GODREJ & BOYCE.......

## SOME OF THE PLACES YOU COULD GO TO, WHEN YOU COME TO FIRST COMPUTERS.



*Prepare yourself for a rewarding*

## EXECUTIVE CAREER

For the first time in India!
Learn COMPUTERS in relation to their applications in MANAGEMENT.
And start your career with a Competitive edge

**COMPUTERS+ MANAGEMENT**
**ONLY AT 1st C**

"Should we strengthen our distribution in the West ? " "How can we reduce rejections on the shopfloor?" "Can we raise the travel allowence to our field staff by 30% ?" ....when management seeks answers to questions like these, you need more than computerskills. You need a sound knowledge of the specific area of management - ***Marketing, Production, Finance or Personnel.***

In fact, that's the kind of comptence today's managment is looking for. *Make sure you measure up.* Join **ACIM Advanced Diploma in Computer Integrated Management**. Offered by first Computers in association with **4M**. A unique program that 'll teach you *Management* through courseware authored by eminent professors from the IIM's. Give you Proficiency in the latest software like **Windows 97, Office 97, MS - Access and Visual Foxpro**. **Expose you to Multimedia and Internet. And train you on computer applications in management,** through sharply focussed lab exercises. Making you more effective and more productive. The kind of professional today's management prefers..

***And with the added assistance of First Computers Placement Network, you can be sure of a good job......a rewarding career.***
**ACIM** will also give you credits for a Post Graduate Certificate inManagement, co-signed by George Washington University, USA and Further, for an **MBA** degree of Indianapolis University, USA, through Intercollege, Cyprus.

### Advanced Diploma in Computer Integrated Management

| SPECIALISATION OPTIONS | DURATION | ELIGIBILITY College students and graduates in: |
|---|---|---|
| Production & Operations | 2 semesters | Engineering |
| Finance | 3 Semesters | Commerce & Accountancy |
| Marketing /Personnel | 3 Semesters | Arts, Science, Commerce and Engineering |

***Drop in at 1st C for course details.***

IGS-EX TRAINING ASSOCIATES

**Microsoft SOLUTION PROVIDER**
*Authorised Training Centre*

ISO 9001 CERTIFIED

**FIRST COMPUTERS 1st C**
***Much more than computer skills***

A DIVISION OF **BRILLIANT**®
Rajeev Building, Main Road, Thalayolaparambu.
PH : 38480, 36399. Regional Office : Bangalore
MORE THAN 150 TRAINING CENTRES ALL OVER INDIA



ഇന്നലെയുടെ സ്പന്ദനങ്ങളും ഇന്നിന്റെ ശുഭപ്രതീക്ഷയുമായി.........

ഇതാ

“ഇവിടെ തുടങ്ങുന്നു”

# DEVA MATHA COLLEGE KURAVILANGAD

# സമർപ്പണം



" ഭാരതമെന്നു കേട്ടാലഭിമാന പൂരിതമാകുമെന്നന്തരംഗം
കേരളമെന്നുകേട്ടാലോ തിളങ്ങണം ചോര നമുക്കു ഞരമ്പുകളിൽ "

ഭാരത സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി ആഘോഷവേളയിൽ ത്യാഗോജ്ജ്വല സമര
ജീവിത മാതൃകകളായ ധീരദേശാഭിമാനികൾക്ക്
അഭിമാനപുരസ്സരം സമർപ്പിക്കുന്നു. ദീപ്തി'97



Our Heavenly Patron



*Our Patron*

*H. E. Mar. Joseph Pallickaparampil*

Farewell to
our beloved former Manager



Very Rev. Fr. George Mulangattil

Welcome to our new Manager



**Very Rev. Fr. Enas Ottathengunkal**



Our Vicar General
**Very Rev. Fr. Philip Njaralakkat**



Our Bursar
**Rev. Fr. Joseph Pariath**



Our Principal
**Prof. (MAJ.) ISAC THOMAS**



**From the Staff Editor's desk**

Dear readers,

I consider it my good fortune to have the privilege to reach you through the columns of the college magazine as its new Staff Editor. It has been our dream to make this issue of the Magazine strikingly different, opening new vistas for thought.

A College Annual by its very nature is expected to mirror the campus life during the academic year just concluded and the present issue of the Magazine brings you the achievements and adventures of the young enthusiasts of Deva Matha. You will have a rich feast of thoughts and ideas in the pages to follow. A college annual is a vechicle for nourishing the literary and artistic talents of the students. This helps to identify and draw the best out of them. Every human being is endowed with certain talents. But very often we fail to identify them. Do we use them wisely to the fullest benefit of all? Or are we like the Steward who buried the talent? Our special gifts are not for our own self-glorification and self-gratification.

Let me express my sincere gratitude to the Principal, Associate Staff Editors, my colleagues, Student Editor and students for their valuable contributions, suggestions and advice that have gone to the compiling of the College Magazine. My regards and wishes to one and all.

Sincerely yours,

Joseph Mattam
Staff Editor



ദീപ്തി'97

Chief Editor : Prof. Isac Thomas
Staff Editor : Sri. Joseph Mattam
Editor : Gijomon Joseph
Sub Editors : Binson Kurian
Rajeevkumar
Mathew Joseph
Associate Staff Editors : Dr. Babu Joseph
Smt. Rosily N. Joseph
Cover Designer : Das Mohan
Layout : Jimmy Mathew
Mohanan K.M.
(for Success Computers)
Computerised Type set : Success Computers
Opp. Vimala Hospital
Ettumanoor
Printing : Archana Printers
Kottayam



പ്രിയരേ,

അക്ഷരഖനികളിലെ അക്ഷയമായ അറിവ് ആർജ്ജിക്കുവാൻ,
വിജ്ഞാനം പ്രകാശിതമായ ജഗത്തിനെ വരവേൽക്കുവാൻ,
അത്യാകാംക്ഷയോടെ കാത്തിരിക്കുന്ന ദേവമാതായുടെ
വിദ്യാർത്ഥിസമൂഹത്തിന്റെ ഒരു സ്മരണികയാണിത്.

ആത്മ സുഹൃത്തുക്കളേ,
അനേകരുടെ സ്വപ്നങ്ങളുടെയും ശുഭപ്രതീക്ഷകളുടെയും
കലാബോധത്തിന്റെയും ഒത്തുചേരലാണിവിടെ. ഈ
അക്ഷരസാഗരത്തിൽ ഇതാ ദീപ്തിക്ക്
യവനിക ഉയരുകയായി.

കലാസ്വാദക മനസ്സുകളുടെ ഈ ദീപ്തിയുടെ
ഏടുകളിൽ മിഴികളൂന്നുമ്പോൾ,
കഴിഞ്ഞകലാലയവർഷത്തിന്റെ സ്പന്ദനങ്ങൾ
ഏറ്റുവാങ്ങുമ്പോൾ,

ഒരു സ്മൃതിലയമായ് ........
ദേവമാതായുടെ വികാരധ്വനിയായ് ........
നിശബ്ദനിലയിലെ ഈ ദിവ്യ ദീപ്തിയെ
നിങ്ങൾക്കുമുമ്പിൽ സാദരം സമർപ്പിക്കുകയാണ്.

ശുഭപ്രതീക്ഷകളോടെ

നിങ്ങളുടെ സ്വന്തം എഡിറ്റർ
ജിജോമോൻ ജോസഫ്



കേരളത്തിന്റെ അഭിമാനമായ

കെ. ആർ. നാരായണന് അഭിവാദനങ്ങൾ

best compliments from

★

PALA MARKETING SOCIETY

# മാഗസിൻ സർവ്വേ 97

അക്ഷയമായ അറിവ് തേടിയെത്തുന്ന കുട്ടികൾ
വ്യത്യസ്തമായ ഉത്തരങ്ങളാൽ കോർത്തിണക്കിയ ദേവമാതായുടെ ശബ്ദം

പ്രിയപ്പെട്ടവരെ,

ഇതു ഈ കാമ്പസിന്റെ ശബ്ദം. ഈ താളുകളിൽ നിറയെ നിങ്ങളുടെ കാഴ്ചപ്പാടുകൾ.

ഇവിടെ മുഴങ്ങുന്നത് നിങ്ങൾ തുറന്നിട്ട അഭിപ്രായങ്ങൾ. ഇവിടെ വാക്കുകൾ തീക്ഷ്ണമാവുകയാണ്. തെറ്റും ശരിയും തിരിച്ചറിയാനും സത്യത്തെ അംഗീകരിക്കാനും പോരായ്മകൾക്കു നേരെ ആഞ്ഞടിക്കാനും യുവമനസ്സുകൾ പ്രകടിപ്പിച്ച ആർജ്ജവം ഇവിടെ സമുജ്ജ്വലമാവുകയാണ്.

ക്ലാസ് മുറികളിലും പ്രാക്ടിക്കൽ ലാബുകളിലുമായി അറിവിന്റെ ശകലങ്ങളിൽ അന്വേഷിച്ചലഞ്ഞിരുന്ന നിങ്ങൾക്കു മുന്നിൽ ഒരിക്കൽ ഞങ്ങൾ കടന്നുവന്നു. പഠനത്തിന്റെ ബാഹുല്യത്തിൽ മുങ്ങിത്തുടിക്കുകയായിരുന്ന നിങ്ങളുടെ പക്കലേക്ക്, കാമ്പസിന്റെ ഇടനാഴികളിലും തണൽമരച്ചോട്ടിലും മറ്റും അവധിവേളകൾ ചെലവഴിക്കുകയായിരുന്ന നിങ്ങളുടെ ഇടയിലേക്ക് ഒരു പറ്റം ചോദ്യങ്ങളുടെ കടലാസുമായി ഞങ്ങളെത്തിയിരുന്നത് ഓർക്കുക. 'ദേവമാത'യുടെ ശബ്ദം സ്വരൂപിക്കുന്നതിനുള്ള 'കാമ്പസ് സർവ്വേ' എന്ന് പറഞ്ഞപ്പോൾ നിങ്ങൾ ആവേശഭരിതരായി. ചോദ്യങ്ങൾക്കു മുന്നിൽ നിങ്ങൾ മനസ്സ് തുറന്നു.

വിദ്യാർത്ഥികളുടെ പ്രാധാന്യം അറിഞ്ഞുകൊണ്ട് 'കാമ്പസ് സർവ്വേ'യിൽ ഏറ്റവും പ്രാമുഖ്യം അതിന് നൽകിയപ്പോൾ തന്നെ, വ്യത്യസ്തരംഗങ്ങളിൽ വിദ്യാർത്ഥികളുടെ പൊതുവായ താല്പര്യങ്ങളെയും പ്രസക്തങ്ങളായ ആനുകാലിക വിഷയങ്ങളിലെ കാഴ്ചപ്പാടുകളെയും സർവ്വേയിൽ ഉൾക്കൊള്ളിക്കാൻ ശ്രമിക്കുകയുണ്ടായി.

വിദ്യാർത്ഥികളെ ബാധിക്കുന്നതും സ്വാധീനിക്കുന്നതുമായ പൊതു പ്രശ്നങ്ങൾ, സാമൂഹ്യ ജീവിതത്തിൽ തങ്ങളുടെ വ്യക്തിപരമായ കാഴ്ചപ്പാടുകൾ, ഭാവിയെക്കുറിച്ചുള്ള വീക്ഷണം എന്നിങ്ങനെ പല തലങ്ങളിലേക്കുള്ള അന്വേഷണമാണ് സർവ്വേയിൽ ഉൾക്കൊള്ളിച്ചിരുന്നത്. നമ്മുടെ കാമ്പസിനെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു എന്നറിയാനും ഇതുവഴി ഞങ്ങൾ ശ്രമിച്ചു.

പ്രിയമുള്ളവരെ,

ഇതു നിങ്ങളുടെ ശബ്ദമാണ്. ഈ കാമ്പസിന്റെ ശബ്ദം. ആ ശബ്ദത്തിന് പക്ഷേ, അതിരുകളുണ്ടാവില്ലെന്നറിയുക. മാറ്റത്തിനു നേരെ കുതിക്കുന്ന ശംഖധ്വനിയായി അതു മാറുമ്പോൾ ഏറെ കൃതാർത്ഥതയോടെ നിങ്ങളോടൊപ്പം ഇനിയും മുന്നേറാൻ ഞങ്ങളുമുണ്ടാവും - ശ്രമകരമായ ഒരു ദൗത്യം ഫലദായകമാകുന്നതിലെ സംതൃപ്തിയോടെ.

പ്രസക്തങ്ങളായ ഒട്ടനവധി വിഷയങ്ങളെ ഉൾപ്പെടുത്തി രൂപപ്പെടുത്തിയ ചോദ്യാവലിയുമായി നിങ്ങൾ ഓരോരുത്തരുടെയും പക്കലെത്തി അഭിപ്രായമാരായുക എന്നത് തീർച്ചയായും ആയാസമേറിയ ഒരു ജോലിയായിരുന്നു. എങ്കിലും ഈ കാമ്പസിലെ നല്ലൊരു പങ്ക് വിദ്യാർത്ഥിവിദ്യാർത്ഥിനികളുടെയും പക്കൽ എത്തിച്ചേരുന്നതിനും അതുവഴി കാമ്പസിന്റെ അഭിപ്രായരൂപീകരണത്തിനുള്ള ഈ ശ്രമത്തെ അർത്ഥപൂർണ്ണമാക്കാനും കഴിഞ്ഞുവെന്നത് തികഞ്ഞ അഭിമാനത്തോടെ സ്മരിക്കുകയാണ്.

ഒരു വാക്കു കൂടി......

ഈ കാമ്പസിന്റെ പ്രോജ്ജ്വല ശബ്ദം ഇവിടെ വാക്കുകളായി രേഖപ്പെടുത്തിവയ്ക്കുമ്പോൾ അതിന്റെ പൂർത്തീകരണത്തിന് സഹകരിച്ച ഏവരെയും നന്ദിപൂർവ്വം ഞാൻ അനുസ്മരിക്കുകയാണ്. ചോദ്യങ്ങളുമായി മുന്നിലെത്തിയപ്പോൾ ഹൃദയപൂർവ്വം സഹകരിച്ചവരാണ് ഏവരും. അവധാനതയോടെ കടന്നുപോയവരും ഇല്ലാതില്ല. എല്ലാവർക്കും നന്ദി പറയട്ടെ.

ഒപ്പം ഈ കാമ്പസിന്റെ ശബ്ദം വിനയത്തോടെ സമർപ്പിക്കുകയും.

സ്നേഹത്തോടെ
നിങ്ങളുടെ എഡിറ്റർ.

## കാമ്പസ് സർവ്വേ

**1. കലാലയ ജീവിതം കൊണ്ടുള്ള നേട്ടങ്ങൾ**

കർശന അച്ചടക്കത്തിന്റെ അതിർവരമ്പുകൾക്കുള്ളിൽ നിന്നുള്ള സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കലാലയത്തിലെ സ്വാതന്ത്ര്യത്തിന്റെ വ്യത്യസ്തമായ ചുറ്റുപാടുകളിലേക്കുള്ള കടന്നു വരവ് തികച്ചും ആനന്ദകരമായ അനുഭൂതിയെന്ന് കരുതുന്നവരാണ് മുഴുവൻ വിദ്യാർത്ഥികളും. ഒരു പക്ഷേ, പ്രീഡിഗ്രിക്കാരോ, അല്ലെങ്കിൽ ബിരുദബിരുദാനന്തര പഠനം കഴിഞ്ഞോ കലാലയത്തിൽ ചെലവഴിക്കുന്ന ചുരുക്കം വർഷങ്ങൾക്കൊടുവിൽ വിടപറയേണ്ടി വരും കാമ്പസിനോട് വിടപറയുമ്പോൾ ഓർത്തുവെയ്ക്കാൻ ഒരു പിടി അനുഭവങ്ങളും, ചെറിയ നേട്ടങ്ങളും മാത്രം നിറയെ എന്ന് നമ്മുടെ വിദ്യാർത്ഥികൾ പറയുന്നു. ധാരാളമായി സൗഹൃദങ്ങൾ ധനം സമ്പാദിക്കുവാൻ കഴിയുന്നുവെന്നത് തികച്ചും നേട്ടമായി 56% വിദ്യാർത്ഥികളും കരുതുമ്പോൾ തികച്ചും പഠനം നല്ലതായി എന്ന് അഭിപ്രായപ്പെട്ടു 15% വിദ്യാർത്ഥികളുണ്ട്. 10% പേർ വ്യക്തിത്വവികസനം, സ്വഭാവരൂപീകരണം എന്നിവ തികച്ചും നേട്ടമായി കണക്കാക്കുമ്പോൾ അത്രയും തന്നെ പേർ പഠനത്തിലുള്ള മനുഷ്യരാശി മറ്റുള്ളവർ കലാലയജീവിതത്തെ ഉപയോഗപ്പെടുത്താത്തവരാണ്. മതസൗഹാർദ്ദത്തെ നേട്ടമായി സ്വീകരിച്ച 9% വിദ്യാർത്ഥികളാണ് നമ്മുടെയിടയിൽ, നാളെകളിൽ നമ്മുടെ നാടിനെ നയിക്കാൻ ആവശ്യമായവരെ എന്ന് നമുക്കാശംസിക്കാം.

മറ്റൊന്നു കൂടി ഈ കാമ്പസിലെ വിദ്യാർത്ഥികളിൽ 82% പേർ അവരുടെ ഭാവി ജീവിതം പകുതിയും ഈ കലാലയത്തിൽ നിന്നു തന്നെ രൂപപ്പെടുത്തിയിരിക്കുന്നു എന്നതും സർവ്വേയിൽ വെളിപ്പെടുത്തിയിട്ടുണ്ട്.

**2. കലാലയ രാഷ്ട്രീയം**

അനീതികൾക്കു നേരെ മുട്ടുമടക്കാതെ, ധൈര്യപൂർവ്വം പ്രതികരിക്കുന്നതിന് മടിയില്ലാത്തവരാണ് നമ്മുടെ കലാലയത്തിലെ വിദ്യാർത്ഥികളെന്ന് വ്യക്തമാക്കുന്നതായിരുന്നു, സർവ്വേയിലെ ഈ ചോദ്യത്തെക്കുറിച്ചുള്ള വിലയിരുത്തൽ. അവകാശ സംരക്ഷണത്തിനും പ്രതികൂലമായേക്കാവുന്ന ഘടകങ്ങൾക്കെതിരെയുള്ള പോരാട്ടത്തിനും അവശ്യമായ വേദിയായി കലാലയരാഷ്ട്രീയത്തെ കണക്കാക്കുന്നതിനാൽ ഈ കാമ്പസിലെ 74% വിദ്യാർത്ഥികളും അതിനെ അനുകൂലിക്കുന്നു. എന്നാൽ അതോടൊപ്പം അക്രമരാഷ്ട്രീയമായിരിക്കരുതെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു.

രാഷ്ട്രപുനർനിർമ്മിതിക്ക് സഹായിക്കുന്ന തരത്തിൽ യുവാക്കളെ വളർത്തിയെടുക്കാൻ ഉപകരിക്കുന്നതായി കലാലയരാഷ്ട്രീയത്തെ നോക്കിക്കാണാനാണ് അതിനെ അനുകൂലിക്കുന്ന എവർക്കും താൽപര്യമെന്നത് സന്തോഷകരം തന്നെ.

20% വിദ്യാർത്ഥികൾ കലാലയ രാഷ്ട്രീയം വേണ്ട എന്ന അഭിപ്രായക്കാരാണ്. ഇവരിൽ 95% പേരും പെൺകുട്ടികളാണ്. കാമ്പസിൽ നിരന്തരമെന്നോണം മുഴങ്ങുന്ന മുദ്രാവാക്യങ്ങളും, പല കോളേജുകളിലും അരങ്ങേറുന്ന അക്രമങ്ങളും അനാവശ്യമെന്നു നിരത്തി, കലാലയം പഠിക്കാനായുള്ളതാണെന്ന ന്യായം അവർ ചൂണ്ടിക്കാട്ടുന്നു.

നമ്മുടെ വിദ്യാർത്ഥികളിൽ 6% പേർ കാമ്പസിൽ രാഷ്ട്രീയം അൽപ്പം മാത്രം മതിയെന്ന ചിന്താഗതിക്കാരാണ്.

സമൂഹത്തിന്റെ ഭാഗമായിരിക്കുകയും ജനാധിപത്യ സംസ്കാരത്തിന്റെ ഭാഗമാകുകയായിരിക്കേണ്ടതുമായ വിദ്യാർത്ഥിലോകം കാമ്പസ് രാഷ്ട്രീയത്തെക്കുറിച്ച് ഒരു നിലപാട് എടുക്കുന്നുവെന്നത് ശുഭോദർക്കമാണ്. കലാലയരാഷ്ട്രീയം അവശ്യമെന്ന് ഉറപ്പിക്കുമ്പോൾ തന്നെ, അത് അക്രമ രഹിതവും വിദ്യാർത്ഥികളുടെ നേട്ടങ്ങൾക്കു ഉതകുന്നതുമായിരിക്കണമെന്ന അഭിപ്രായമാണ് പൊതുവെയെന്ന് കാണാം.

**3. പ്രീഡിഗ്രി കോളേജിൽനിന്ന് വേർപെടുത്തുന്നതിനോടുള്ള അഭിപ്രായം.**

സമീപകാലത്ത് ഏറ്റവും ചർച്ചാവിഷയമായിരിക്കുന്നത് എന്ന നിലയിൽ പ്രീഡിഗ്രി വിദ്യാഭ്യാസം കോളേജുകളിൽ നിന്ന് അടർത്തിമാറ്റുന്നതിനെക്കുറിച്ച് വിദ്യാർത്ഥികളിൽ രൂപം കൊണ്ട അഭിപ്രായ ഐക്യം ശ്രദ്ധേയമാണ്. ഒരു മുന്നറിയിപ്പായി കണക്കാക്കാവുന്നതാണ്. ഈ കലാലയത്തിലെ പ്രീഡിഗ്രി വിദ്യാർത്ഥികളിൽ 100% പേരും അതിനെ എതിർക്കുന്നു എന്നതു തന്നെ കാരണം. കഠിനമായ അച്ചടക്കത്തിന്റെ മുൾമുനകളിലേറി കഴിഞ്ഞ കോൺവെന്റ് സ്കൂളുകളിൽ നിന്നും മറ്റും മോചനം നേടിയെന്ന് ആശ്വസിക്കുന്ന കുട്ടികളാണ് ഇത്രയും വലിയ ദ്രോഹം ചെയ്യരുതേ എന്ന് അവർ യാചിക്കുന്നു.

മുതിർന്ന വിദ്യാർത്ഥികൾക്കിടയിൽ ഭിന്നാഭിപ്രായങ്ങളില്ലാതില്ല. എന്നാലും ഭൂരിപക്ഷവും പ്രീഡിഗ്രി കോളേജിൽനിന്നു മാറ്റണമെന്ന് ചിലർ അഭിപ്രായപ്പെടുന്നു.

**4. സൗന്ദര്യമത്സരത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്**

സൗന്ദര്യറാണിമാരെ കണ്ടെത്തുന്നതിനുള്ള മത്സരങ്ങൾ നാടെങ്ങും ഒരു ഫാഷനായി മാറിക്കഴിഞ്ഞ സാഹചര്യത്തിലാണ് സൗന്ദര്യ മത്സരത്തെക്കുറിച്ച് 'ദേവമാതാ'യിലെ വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ അഭിപ്രായം രൂപം കൊള്ളുന്നത്. വിനോദോപാധിയെന്നു തോന്നാമെങ്കിലും നമ്മുടെ വിദ്യാർത്ഥിനികളിൽ 70% പേർ സൗന്ദര്യ മത്സരത്തെ അനുകൂലിക്കുന്നില്ല എന്നതാണ് വാസ്തവം. പല കാരണങ്ങളും അതിന് അവർ നിരത്തുന്നു. സ്വന്തം ശരീരം മറ്റുള്ളവർക്കു മുന്നിൽ പ്രദർശിപ്പിച്ച് കീർത്തി നേടുന്ന പ്രവണത ആരോഗ്യകരമല്ലെന്ന് അവർ പറയുന്നു. സൗന്ദര്യത്തെ വികൃതമാക്കുന്ന ഭീഷണിയാണ് സൗന്ദര്യമത്സരമെന്ന അഭിപ്രായക്കാരുമാണ് നമ്മുടെ പെൺകുട്ടികളിൽ ഏതാണ്ട് മുക്കാൽ പങ്കും.

ഒരു 'മിസ് ദേവമാതാ' മത്സരം ആവാമായിരുന്നു എന്ന് അഭിപ്രായപ്പെട്ട പ്രിയപ്പെട്ട വിദ്യാർത്ഥി സുഹൃത്തുക്കൾ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ.

**5. വിവാഹം എപ്പോൾ**

സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തിയായതിനു ശേഷം വിവാഹ ജീവിതത്തിലേക്കു പ്രവേശിക്കുന്നതിനാണ് 80% വിദ്യാർത്ഥികളും ആഗ്രഹിക്കുന്നത്. എന്നാൽ കോളേജിൽ മുതൽ അവരെ തേടിയും തേടിയെത്തുന്ന വിവാഹം കഴിക്കാനാഗ്രഹിക്കുന്ന 20% വിരുതന്മാർ കാമ്പസിലുണ്ടെന്നറിയുക. അതേ സമയം പ്രേമിച്ചു വിവാഹം

കഴിയുന്നതിനോട് ബഹുഭൂരിപക്ഷവും കടുത്ത എതിർപ്പു പ്രകടിപ്പിച്ചു കാണുന്നു. കലാലയ ജീവിതത്തിന്റെ ഇന്ദ്രിയാനുഭൂതികൾ സുന്ദരസങ്കല്പങ്ങളാക്കി മനസ്സിലേറ്റി നടക്കുന്ന വിദ്യാർത്ഥികൾ ഇക്കാര്യം ശ്രദ്ധിച്ചു കൊള്ളുക.

33% വിദ്യാർത്ഥികൾ 25 വയസ്സിനു മുമ്പുതന്നെ വിവാഹം കഴിഞ്ഞിരിക്കണമെന്ന നിർബന്ധമുള്ളവരാണ്. അവരിൽ ഭൂരിപക്ഷവും പെൺകുട്ടികൾ. 7% പേർ (കൂടുതലും പെൺകുട്ടികൾ) വിവാഹക്കാര്യത്തിൽ യാതൊരു അഭിപ്രായത്തിനും ഇപ്പോൾ തയ്യാറല്ലെന്ന് വ്യക്തമാക്കിയിട്ടുള്ളത് ഇക്കാര്യത്തിൽ തീരെ പ്രത്യാശയില്ലാത്തതിനാലല്ലെന്ന് ആശിക്കാം. വിവാഹമേ വേണ്ട എന്ന നിലപാട് എടുത്തിരിക്കുന്നവരും കാമ്പസിലുണ്ടെന്നറിയുക. പക്ഷേ, അവരുടെ എണ്ണം തുച്ഛം 1% മാത്രം.

6. തൊഴിലിനെക്കുറിച്ചുള്ള വീക്ഷണം

സാമൂഹികമായ മാറ്റങ്ങൾക്കൊപ്പം ജീവിത സംസ്കാരവും ആധുനികവത്കരിക്കപ്പെട്ട നമ്മുടെ സമൂഹത്തിൽ, തൊഴിലിന്റെ മാഹാത്മ്യം അംഗീകരിക്കുന്നവരാണ് യുവതലമുറയും. ജീവനോപാധി എന്ന നിലയ്ക്കോ സമൂഹത്തിൽ മാന്യത ലഭിക്കുന്നതിനു വേണ്ടിയോ തൊഴിൽ നേടിയിരിക്കണമെന്ന കാഴ്ചപ്പാട് ഇവിടെ പൂർണം. ഏതു തൊഴിലും മഹനീയം എന്ന മനസ്ഥിതിയുടെ ആദർശം വളരെ പേരെ ആകർഷിക്കുന്നു. സമൂഹത്തിൽ കൂടുതൽ മാന്യത ലഭിക്കുന്ന തൊഴിൽ കാംക്ഷിക്കുന്നവരുടെ എണ്ണം ഏറെ.

45% കുട്ടികൾ ഗവൺമെന്റ് – ബാങ്ക് ജോലികൾ സ്വപ്നം കാണുന്നവരാണ്. ബിസിനസ് രംഗത്തോട് ആഭിമുഖ്യം പുലർത്തുന്ന 24% പേരാണ് കാമ്പസിലുള്ളത്. വിദേശത്ത് ജോലി തേടാനുറച്ച 20% വിദ്യാർത്ഥികളിൽ നല്ലൊരു പങ്ക് പെൺകുട്ടികളാണ്. ശേഷിക്കുന്ന 8% വിദ്യാർത്ഥികൾ ഏതു തൊഴിലും ആകാമെന്ന ചിന്തയുള്ളവരാണ്. തങ്ങൾ മനസ്സിൽ താലോലിക്കുന്ന തൊഴിൽ സങ്കല്പങ്ങളുടെ ഫലപ്രാപ്തി ഏവർക്കും ആശംസിക്കട്ടെ. അതിനുള്ള ശ്രമങ്ങൾ ഫലദായകമാകുമെന്ന് വിശ്വസിച്ച് മുന്നോട്ടു.

7. ഇഷ്ടപ്പെട്ട വേഷം

ഫാഷൻ സങ്കല്പങ്ങൾ അനുദിനം മാറിയേക്കാം. പക്ഷേ വെള്ളിത്തിരയിലെ സുന്ദരന്മാരുടെയും സുന്ദരികളുടെയും പ്രതിച്ഛായയ്ക്കും മാറ്റമായാലോ? ലലനാമണികളുടെ സ്വന്തമെന്നു പറയാവുന്ന വേഷങ്ങളിൽനിന്ന് ചെത്ത് വേഷങ്ങളിലേക്കുള്ള കുതിപ്പും നമ്മുടെ കാമ്പസിലും വളരെ പ്രകടം. പെൺകുട്ടികളിൽ 75% ചുരിദാർ ഇഷ്ടവേഷമെന്ന് പറയുന്നു. 20% സാരി ഇഷ്ടപ്പെടുമ്പോൾ 5% പെൺകുട്ടികൾ ജീൻസ് ഇഷ്ടവേഷമായി തെരഞ്ഞെടുക്കുന്നു. പാവാടയും ബ്ലൗസും ഇഷ്ടമായിട്ടുള്ളവരും മുണ്ടും നേര്യതും ഇഷ്ടപ്പെടുന്നവരുമായ വിദ്യാർത്ഥിനികൾ വെറും ഒരു ശതമാനം മാത്രം.

ആൺകുട്ടികളിൽ 71% പാന്റ്സും ഫുൾസ്ലീവ് ഷർട്ടും ഇഷ്ടപ്പെടുമ്പോൾ 24% ഷർട്ടും മുണ്ടും ഇഷ്ടവേഷമായി കണക്കാക്കുന്നവരാണ്. 5% പേർ എന്തെങ്കിലും ധരിച്ചാൽ മതി എന്നഭിപ്രായപ്പെടുന്നു.

8. നമ്മുടെ കോളജ് ലൈബ്രറി

കോളജ് ലൈബ്രറി പ്രയോജനപ്രദമോ എന്നതായിരുന്നു ചോദ്യം. 76% കുട്ടികളും അതെ എന്ന് ഉത്തരമേകി. നിർദ്ദേശങ്ങളിൽ, മലയാളം പുസ്തകങ്ങൾ കൂടുതൽ ഉണ്ടാവണം എന്ന് ചിലർ താല്പര്യപ്പെടുന്നു. കോളജ് ലൈബ്രറിയിൽ ഒരിക്കൽപ്പോലും കയറിയിട്ടില്ല എന്നു പ്രസ്താവിച്ച വളരെ ചെറിയൊരു വിഭാഗവും കലാലയത്തിൽ വിദ്യാർത്ഥികളായുണ്ടെന്ന രസകരമായ വസ്തുതയും സർവ്വേയിൽ വെളിപ്പെട്ടു. കാമ്പസിലെങ്കിലും പഠിക്കുന്ന പുസ്തകത്തോടും അലർജിയുള്ളവരാകാം ഇവർ. പുതിയ അറിവുകൾക്കുള്ള മതിയായ ഉപാധിയായി പുസ്തകങ്ങളെ കണക്കാക്കുന്നവരാണ് ഏറെയുമെന്നതിനാൽ നമ്മുടെ ലൈബ്രറി ഒരു നേട്ടം തന്നെയെന്ന നിഗമനത്തിലെത്താവുന്നതാണ്.

9. ഒരു മാസം ബന്ദായാൽ

രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും സാമുദായിക സംഘടനകളുടെയും എണ്ണം വളരെയേറെയുള്ള നമ്മുടെ നാട്ടിൽ ഈ ചോദ്യം സാങ്കല്പികമെങ്കിലും പ്രസക്തമാണെന്നു പറയാതെ വയ്യ. ഒരു മാസം ബന്ദായാൽപ്പോലും വീട്ടിലിരിക്കും എന്ന് 55% വിദ്യാർത്ഥികൾ മനസ്സ് തുറക്കുന്നു. പരീക്ഷക്കുവേണ്ടി പഠിക്കാനുള്ളത് പഠിച്ചു തീർക്കുമെന്ന് 40% പേർ. കണക്കുകൂട്ടുമ്പോൾ ഒരു മാസം ബന്ദായാൽ അടുത്ത മാസംകൂടി ബന്ദാകാൻ പ്രാർത്ഥിക്കുന്ന വിരുതന്മാരുമുണ്ട് കൂട്ടത്തിൽ.

10. നമ്മുടെ കോളജിന്റെ പ്രിൻസിപ്പലായാൽ

കാമ്പസിലിപ്പോൾ അച്ചടക്കം അല്പം കഠിനമാണെന്ന അഭിപ്രായം വിദ്യാർത്ഥികൾക്കിടയിൽ ഉണ്ടെന്നു വ്യക്തം. കാരണം താൻ പ്രിൻസിപ്പലായാൽ കുറേക്കൂടി സ്വാതന്ത്ര്യം കോളേജിൽ അനുവദിക്കും എന്ന നിലപാടാണ് 75% പേർക്കും. ഇപ്പോഴത്തെ പ്രിൻസിപ്പാളിന്റെ അതേ നില തുടരും എന്നഭിപ്രായപ്പെട്ട 24% വിദ്യാർത്ഥികൾ നമ്മുടെ പ്രിൻസിപ്പാളിന്റെ പ്രവർത്തനങ്ങളിലും അതുവഴി കോളജിനു കൈവന്ന നിലവാരത്തിലും സന്തുഷ്ടർ. താൻ പ്രിൻസിപ്പലാകാൻ കൊള്ളില്ലെന്ന് മാത്രം അഭിപ്രായപ്പെട്ട ഒരു ശതമാനത്തിന് തങ്ങളെക്കുറിച്ച് തന്നെ സ്വയം മതിപ്പുണ്ടാകാൻ ശേഷിക്കുന്ന കലാലയ ജീവിതം ഉപകരിക്കട്ടെ എന്നാശംസിക്കാം.

ഭിന്നമായ വിഷയങ്ങളെ ആധാരമാക്കി നടന്ന കാമ്പസ് സർവ്വേ ഇവിടെ പൂർണ്ണമാവുകയാണ്. മാറുന്ന കാലത്തിനനുസരിച്ച് നമ്മുടെ മനസ്സുകൾക്കും, അഭിപ്രായങ്ങൾക്കും മാറ്റമുണ്ടാവുകയില്ലെന്ന വിശ്വാസത്തിൽ, ഇവിടെ അനാവൃതമാക്കപ്പെട്ട മനോഗതങ്ങൾ ഏതു സ്ഥിതിയിലും പ്രസക്തമാവും. നിങ്ങളേവരുടെയും സ്വപ്നങ്ങൾക്കും, സങ്കല്പങ്ങൾക്കും, പരിശ്രമങ്ങൾക്കും ഫലപ്രാപ്തിയുണ്ടാവട്ടെ എന്ന ആശംസയോടെ

എഡിറ്റർ

# ഇവർ പിന്നണിയിൽ

Associate staff editors



Dr. Babu Joseph



Smt. Rosily N. Joseph

**Sub-Editors**



Binson Kurian



Rajeev Kumar K.S.



Mathew Joseph

**Layout**



Mathew T. Thomas



Ancily Rodrigues



Jobi Lukose

# സ്ത്രീ സൗന്ദര്യം— മാറുന്ന സങ്കല്പങ്ങൾ.





Arun A. Ist B.Sc

"യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാ" | എവിടെ സ്ത്രീകൾ ആരാധിക്കപ്പെടുന്നുവോ അവിടെ ദേവൻമാർ രമിക്കുന്നു | എന്ന് മനുസ്മൃതിയിലൂടെ വിളിച്ചു പറഞ്ഞ മനു ജീവിച്ച നാടാണ് ഭാരതം. ചിരപുരാതന കാലം തൊട്ടേ സ്ത്രീയെ നാം അംബയായിട്ടാണ് കണ്ടിരുന്നത്. സ്ത്രീയെ എക്കാലവും നാം ആദരിച്ചിരുന്നു, ആരാധിച്ചിരുന്നു. സ്ത്രീയിൽ ദേവതാഭാവം ദർശിച്ചിരുന്നവരായിരുന്നു നമ്മുടെ പൂർവ്വികർ. സ്ത്രീ സൗന്ദര്യത്തെക്കുറിച്ചും പണ്ടുതൊട്ടേ ഭാരതീയർക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു.

എന്താണ് സൗന്ദര്യം? ലോകചരിത്രം പരിശോധിച്ചാൽ സൗന്ദര്യത്തെ പലരും പല രീതിയിൽ നിർവ്വചിച്ചിരിക്കുന്നത് നമുക്ക് കാണാൻ സാധിക്കും. മഹാനായ പ്ലേറ്റോ പറഞ്ഞത് "നന്മയാണ് സൗന്ദര്യം" എന്നാണ്. സൗന്ദര്യം കേവലം ബാഹ്യം മാത്രമല്ല മറിച്ച് ആന്തരികവും കൂടിയാണ്. അതായത് ഒരു വ്യക്തിയുടെ സൗന്ദര്യം കേവലം തൊലിപ്പുറത്തെ സൗന്ദര്യമല്ല, മറിച്ച് അയാളുടെ മനസ്സിന്റെ സൗന്ദര്യം കൂടിയാണ്. അതുകൊണ്ടു തന്നെയാണ് "മനസ്സിന്റെ സൗന്ദര്യം പോലെ മറ്റൊരു സൗന്ദര്യമില്ല" എന്ന് ജോഷ്വാകുക്ക് പറഞ്ഞത്.

സൗന്ദര്യത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്ന നമ്മുടെ പൂർവ്വികർ സ്ത്രീസൗന്ദര്യത്തെ പലരീതിയിലും വർണ്ണിച്ചിട്ടുണ്ട്. ഇവിടെ സ്ത്രീ സൗന്ദര്യം പല രീതിയിലും ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ ചിത്രകാരന്മാർ സ്ത്രീയെ നഗ്നയായ് ചിത്രീകരിച്ചിട്ടുണ്ട്. പക്ഷെ അതിലൊന്നും അശ്ലീലതയുടെ കണിക ഒട്ടും തന്നെ ഉണ്ടായിരുന്നില്ല.



ഖജുരാഹോയിലെ രതി ശില്പങ്ങളിൽ നാം കേവലം ലൈംഗികതയല്ല ദർശിച്ചത് മറിച്ച് സ്ത്രീ സൗന്ദര്യത്തിന്റെ മഹത്തായ ആന്തരിക ഭാവങ്ങളായിരുന്നു. ക്ഷേത്രങ്ങളിലെ ദാരു ശില്പങ്ങളിൽ അപ്സരസ്സുകളുടെയും ദേവതകളുടെയും സൗന്ദര്യത്തിന്റെ ദൈവികഭാവമാണ് നമുക്ക് കാണാൻ സാധിക്കുന്നത്. സ്ത്രീസൗന്ദര്യത്തിലെ ജൈവികഭാവത്തെ നമ്മുടെ പൂർവ്വികർക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നു എന്ന് നമ്മുടെ ഇതിഹാസങ്ങൾ സൂചിപ്പിക്കുന്നു.

എന്നാൽ പുരാതന കാലം മുതൽ നമുക്കുണ്ടായിരുന്ന സ്ത്രീ സൗന്ദര്യ സങ്കല്പം ഇന്ന് തകിടം മറിഞ്ഞിരിക്കുന്നു. പുളിയിലക്കരമുണ്ടുടുത്ത് തലയിൽ തുളസിക്കതിർ ചൂടി നമ്രമുഖിയായി നിന്നിരുന്ന സ്ത്രീ ഇന്ന് അപ്രത്യക്ഷയായിക്കൊണ്ടിരിക്കുന്നു. മേനിയുടെ മാംസ് മുഴുവൻ വിളിച്ചറിയിക്കുന്ന 'ഫാഷൻ' വസ്ത്രങ്ങൾ ധരിച്ചാലേ സുന്ദരിയാകൂ എന്നാണ് ഇന്ന് പലരുടെയും കാഴ്ചപ്പാട്. എന്താണ് ഇങ്ങനെയൊരു മാറ്റത്തിന് കാരണം? സ്ത്രീ നഗ്നയായിരിക്കുമ്പോളാണ് കൂടുതൽ സുന്ദരിയാകുന്നത് എന്നതുകൊണ്ടാണോ? തീർച്ചയായും അതായിരിക്കില്ല. ഇതിനു കാരണം ജീർണ്ണിച്ച വൈദേശിക സംസ്കാര ത്തിന്റെ ഇടപെട



ളുകളാണ്. ഈ വൈദേശിക ഇടപെടലുകൾ സാദ്ധ്യമാകുന്നത് കേബിൾ ടി.വി.കളും ഉപഗ്രഹചാനലുകളും വഴിയാണ്. ടി.വി. യിലെ ഫാഷൻ ഷോകളും എയ്റോബിക്സും കോസ്മെറ്റിക്സ് സർജറിയും കണ്ട് അവ അന്ധമായി അനുകരിക്കുന്ന നാം കൊട്ടിഘോഷിക്കപ്പെടുന്ന 'ആർഷഭാരത സംസ്കാര'മെന്ന നമ്മുടെ സംസ്കാരത്തെ മറന്നിരിക്കുന്നു. നമ്മുടെ സംസ്കാരവും വിദേശിയരുടെ സംസ്കാരവും വ്യത്യസ്തങ്ങളാണെന്ന് എന്തേ നാം മറന്നത്? നല്ലതും ചീത്തയും എന്തുമാകട്ടെ അതിനെ അന്ധമായി അനുകരിക്കുക എന്നൊരു രീതിയാണ് നമുക്കുള്ളത്. 'Sythesis is our tradition' എന്ന് നെഹ്റു എഴുതിയത് ഇവിടെ അർത്ഥവത്താകുന്നു. എങ്കിലും പുരാതന സങ്കല്പങ്ങളുടെ മൂല്യം ഇടിച്ചുകാണിക്കുന്ന പുതിയ സൗന്ദര്യപ്രവണതകളെ നാം സ്വാഗതം ചെയ്യേണ്ടതുണ്ടോ?

എന്തിനെയും അന്ധമായി അനുകരിക്കുക എന്ന നമ്മുടെ പുതിയ രീതിയ്ക്ക് ഒരുദാഹരണമാണ് ഇക്കഴിഞ്ഞ നവംബർ 23-ാം തീയതി ബാംഗ്ലൂരിൽ നടന്ന വളരെയധികം വിവാദങ്ങൾ സൃഷ്ടിച്ച ലോകസുന്ദരി മത്സരം. 1951 ൽ ഇംഗ്ലണ്ടിൽ ആരംഭിച്ച സൗന്ദര്യമത്സരങ്ങൾ 1997 ആകുമ്പോഴേയ്ക്കും ലോകവ്യാപകമായി കഴിഞ്ഞിരിക്കുന്നു. സൗന്ദര്യമെന്നത് ആസ്വാദകരുടെ കാഴ്ചപ്പാടിനനുസരിച്ച് വ്യത്യസ്തമായിരിക്കും എന്നുള്ളപ്പോൾ എന്താണ് ഇത്തരം സൗന്ദര്യ മത്സരങ്ങളുടെ ആധാരം? ഏതാനും നിമിഷങ്ങളിലെ പരിചയം കൊണ്ട് ഒരാളുടെ സൗന്ദര്യം അളക്കുവാൻ സാധിക്കുമോ. സ്ത്രീസൗന്ദര്യത്തിന്റെ കമ്പോളവത്ക്കരണമാണ് ഇത്തരം സൗന്ദര്യമത്സരങ്ങളുടെ പിന്നിലെന്ന് പലരും മനസ്സിലാക്കുന്നില്ല. എല്ലാ മേഖലകളിലും പുരുഷനൊപ്പമാണ് അല്ലെങ്കിൽ അവരേക്കാൾ മുൻപിലാണ് എന്നുദ്ഘോഷിക്കുന്ന സ്ത്രീത്വത്തിന് ഇത്തരം സൗന്ദര്യമത്സരങ്ങൾക്ക് പിന്നിലുള്ള കോസ്മെറ്റിക്സ് ലോബിയുടെ കച്ചവടക്കണ്ണുകൾ കാണാൻ എന്തുകൊണ്ട് സാധിക്കുന്നില്ല? സുഷും (സുസ്മിതാസെൻ) ഐഷും (ഐശ്വര്യാറായ്) നിർദ്ദേശിക്കുന്ന ഉല്പന്നങ്ങൾ (Products) മാർക്കറ്റിൽ നിന്നും വിലകൊടുത്തുപയോഗിക്കുമ്പോഴും സ്ത്രീസൗന്ദര്യത്തിന്റെ കമ്പോളവത്ക്കരണത്തെക്കുറിച്ച് നാം മനസ്സിലാക്കുന്നില്ല. 1966 – ൽ ലോക സുന്ദരിപ്പട്ടം നേടിയ 'റീത്ത ഫാരിയ' സൗന്ദര്യമത്സരങ്ങൾ



നഗ്നമായ വാണിജ്യചൂഷണവും രാഷ്ട്രീയ ചൂഷണവുമാണെന്ന് അഭിപ്രായപ്പെട്ടത് ഇപ്പോഴെങ്കിലും നാം ഓർക്കേണ്ടതാണ്. സൗന്ദര്യമത്സരങ്ങൾക്ക് പിന്നിലുള്ള സംഘാടകരുടെയും, വ്യവസായ ലോബികളുടെയും വാണിജ്യ താല്പര്യങ്ങൾക്കും ചൂഷണത്തിനും വിധേയരായിട്ടുള്ള പല സുന്ദരിമാരും സൗന്ദര്യത്തിന്റെ കമ്പോളവത്ക്കരണത്തിനെതിരെ തിരിഞ്ഞതായി നമുക്ക് കാണാൻ സാധിയ്ക്കും. ഹെലൻസേക, പമേലസിംഗ്, യാസ്മിൻരാജി, ഗബ്രിയേല ബ്രം എന്നിവർ ഇതിന് ഉദാഹരണങ്ങളാണ്.

ഇക്കഴിഞ്ഞ നവംബർ 23-ാം തീയതി എ.ബി.സി.എൽ. ന്റെ ആഭിമുഖ്യത്തിൽ ബാംഗ്ളൂരിൽ നടന്ന ലോകസുന്ദരി മത്സരത്തെക്കുറിച്ച് പ്രശസ്ത കവയിത്രി മാധവിക്കുട്ടി അഭിപ്രായപ്പെട്ടത് "കഥയും കവിതയും സാഹിത്യവും വിറ്റ് പണമാക്കുന്നത് പോലെ സുന്ദരികൾ സൗന്ദര്യം വിറ്റ് കാശാക്കുന്നതിൽ എന്താണ് തെറ്റ്" എന്നാണ്. ഒരു നേരത്തെ ഭക്ഷണത്തിനായി ശരീരം വിറ്റ് കാശാക്കുന്നവരെ 'വേശ്യകൾ' എന്നു മുദ്രകുത്തി പരിഹസിക്കാൻ മടിക്കാത്ത സമൂഹമാണ് നമ്മുടേത്. എങ്കിൽ പരസ്യമായി ടിക്കറ്റ് വച്ച് സൗന്ദര്യം വില്ക്കുന്ന ഇത്തരം മത്സരങ്ങളെ 'പരസ്യവേശ്യാവൃത്തി' എന്നു വിളിക്കാൻ എന്തേ മടിക്കുന്നു?

തൊലിപ്പുറത്തെ സൗന്ദര്യം മാത്രമല്ല യഥാർത്ഥ സൗന്ദര്യമെന്ന് നാം മനസ്സിലാക്കണം. സ്ത്രീയുടെ കാരുണ്യമാണ് അവളുടെ സൗന്ദര്യത്തേക്കാൾ മനുഷ്യനെ ആകർഷിക്കുന്നത് എന്ന ഷേക്സ്പിയറിന്റെ വാക്കുകൾ നാം പൂർണ്ണമായും ഉൾക്കൊള്ളണം. സ്ത്രീസൗന്ദര്യത്തിന്റെ കമ്പോളവത്ക്കരണത്തിനെതിരെ സ്ത്രീകൾ തന്നെ ബോധവത്ക്കരിക്കപ്പെടണം. സ്ത്രീയെ കേവലം ലൈംഗികോപാധിയായി മാത്രം കാണുന്ന ദുഷിച്ച കാഴ്ചപ്പാടുകൾ മാറണം. സ്ത്രീ അമ്മയാണെന്നും അവളുടെ മാനം എന്തു വിലകൊടുത്തും കാത്തുസൂക്ഷിക്കണമെന്നും നാം മനസിലാക്കണം. സ്ത്രീസൗന്ദര്യം പരിപാവനമാണെന്നും, ദൈവികമാണെന്നും വിശ്വസിച്ചിരുന്ന ആ പഴയ ഭാരത സംസ്കാരത്തിലേക്ക് നമ്മുടെ പുതിയ തലമുറ ഒരു തിരിച്ചുപോക്ക് നടത്തേണ്ടിയിരിക്കുന്നു. സ്ത്രീസൗന്ദര്യത്തെ ആദരിക്കുന്ന, അത് കമ്പോളവത്ക്കരിക്കപ്പെടാൻ പാടില്ലെന്ന് വിശ്വസിക്കുന്ന ഒരു പുതിയ സമൂഹത്തിന്റെ ഉദയത്തിനായി നമുക്ക് കാത്തിരിക്കാം.

# പ്രീഡിഗ്രി കോളേജുകളിൽ നിന്നും വേർപെടുത്തുന്നത് എന്തിന്? ആർക്കുവേണ്ടി?

മാറ്റങ്ങൾ എപ്പോഴും വിവാദങ്ങൾക്കു വഴിതെളിക്കുന്നു. പരിചയിച്ചുപോന്ന വഴിത്താരകളെ പിന്തള്ളി, ഒരു ഘട്ടത്തിൽ അപരിചിതമായ ചുവടുവയ്പുകൾ നടത്തേണ്ടി വരുമ്പോൾ ഏതൊരാൾക്കും അൽപ്പമൊന്നു ശങ്കിക്കേണ്ടിവരും. അതു നല്ലതിനോ ഏറെ ദൂഷ്യത്തിനോ എന്ന്.

കേരളത്തിലെ വിദ്യാഭ്യാസരംഗത്തു കാതലായ ഒരു പരിവർത്തനത്തിന്റെ പെരുമ്പറമുഴങ്ങിക്കഴിഞ്ഞു. ഒപ്പം പ്രതിഷേധത്തിന്റെ അലയൊലികളും. മൂന്നുദശാബ്ദത്തിലേറെയായി കേരളത്തിലെ കോളജുകളിൽ നിലനിന്നിരുന്ന പ്രീഡിഗ്രി വിഭാഗം കോളജുതലത്തിൽ നിന്നും മാറ്റി തെരഞ്ഞെടുത്ത സ്കൂളുകളുടെ ഭാഗമാക്കി മാറ്റുന്നതിനുള്ള നീക്കമാണ് വിവാദമായിട്ടുള്ളത്.

കേരളത്തിലെ 183 സ്വകാര്യ കോളജുകളിലും 38 ഗവൺമെന്റ് കോളജുകളിലുമായി പഠിക്കുന്ന മൂന്നരലക്ഷത്തോളം വിദ്യാർത്ഥികളിൽ രണ്ടു ലക്ഷത്തോളം പേരെയും 14000 വരുന്ന അധ്യാപകരിൽ പകുതിയോളം പേരെയും അതുവഴി രണ്ടായിരത്തിലേറെ ജീവനക്കാരെയും ബാധിക്കുന്ന പ്രശ്നമെന്ന നിലയിൽ വിദ്യാഭ്യാസരംഗത്തു നടപ്പാക്കാനുദ്ദേശിക്കുന്ന ഈ കാതലായ മാറ്റം കാര്യമായി ചർച്ച ചെയ്യപ്പെടേണ്ടതു തന്നെയാണ്. സങ്കീർണ്ണങ്ങളായ ഒട്ടനവധി പ്രശ്നങ്ങളും അതുകൊണ്ടുണ്ടാകുന്ന ആശങ്കകളും നിലനിൽക്കുമ്പോഴും 1997–98 അദ്ധ്യയനവർഷത്തിൽത്തന്നെ പുതിയ മാറ്റത്തിനു തുടക്കം കുറിക്കാനാണ്



സർക്കാർ നിശ്ചയിച്ചിട്ടുള്ളത്.

30 വർഷം മുമ്പ് ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ട 10+2+3 സമ്പ്രദായം നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. കേരള സംസ്ഥാനപ്പിറവിക്കു മുമ്പ് സ്കൂൾ തലത്തിൽ 11 വർഷവും കോളജ് തലത്തിൽ രണ്ടു വർഷം വീതമുള്ള ഇന്റർമീഡിയറ്റ്, ഡിഗ്രി കോഴ്സുകളും ഉൾപ്പെടുന്ന 11+2+2 എന്ന രീതിയായിരുന്നു ഇവിടെ. 1956 – 57 അദ്ധ്യയനവർഷത്തിൽ ഇന്റർമീഡിയറ്റ് കോഴ്സ് നിർത്തലാക്കി പകരം ഒരു വർഷത്തെ പ്രീയൂണിവേഴ്സിറ്റി കോഴ്സും മൂന്നുവർഷ ഡിഗ്രി കോഴ്സും ചേർന്നുള്ള 11+1+3 എന്ന രീതി നടപ്പാക്കി. എന്നാൽ ഈ സമ്പ്രദായം അന്യസംസ്ഥാനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം തേടുന്ന വിദ്യാർത്ഥികൾക്ക് ദുഷ്കരമായി ഭവിച്ചു. പ്രീയൂണിവേഴ്സിറ്റി കോഴ്സ് പാസ്സാകുന്ന വിദ്യാർത്ഥി പ്രൊഫഷണൽ കോഴ്സിന് ചേരാൻ ഒരു വർഷത്തെ പ്രീ പ്രൊഫഷണൽ കോഴ്സു കൂടി പാസ്സായിരിക്കണമെന്ന് വ്യവസ്ഥയുണ്ടായിരുന്നു. ഇതിന്റെ ഫലമായി മെഡിസിൻ, എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിൽ ചേരാൻ അന്യസംസ്ഥാനങ്ങളിലെ കുട്ടികൾ 12 വർഷം മാത്രവും കേരളത്തിലെ വിദ്യാർത്ഥികൾ 13 വർഷവും പഠിച്ചിരിക്കേണ്ട സ്ഥിതിയുണ്ടായി. ഏകീകൃതമായ ഒരു വിദ്യാഭ്യാസരീതിയുടെ അഭാവം സൃഷ്ടിച്ച ഈ പ്രതിസന്ധിയാണ് വാസ്തവത്തിൽ രണ്ടു വർഷ പ്രീഡിഗ്രി കോഴ്സിന്റെ ആവിർഭാവത്തിന് വഴിതെളിച്ചത്.

വിവിധ വിദ്യാഭ്യാസ കമ്മീഷനുകളുടെ നിർദ്ദേശങ്ങളുടെയും പൊതുവായ അഭിപ്രായ ഐക്യത്തിന്റെയും വെളിച്ചത്തിൽ, സ്കൂൾ വിദ്യാഭ്യാസം 10 വർഷമായി ചുരുക്കിക്കൊണ്ട് ഒരു വർഷത്തെ പ്രീയൂണിവേഴ്സിറ്റി കോഴ്സ് ദ്വിവത്സര പ്രീഡിഗ്രി കോഴ്സ് അഥവാ +2 കോഴ്സായി സംസ്ഥാനത്തെ കോളജുകളിൽ നടപ്പാക്കി. 1964 – 65 അദ്ധ്യയന വർഷത്തോടെയാണ് 10+2+3 എന്ന ദേശീയ വിദ്യാഭ്യാസരീതി സംസ്ഥാനത്തും പൂർണ്ണമായി നടപ്പാക്കുന്നത്. പ്രീഡിഗ്രി വിദ്യാഭ്യാസം ഉദ്ദേശിച്ച് മുപ്പതോളം ജൂനിയർ കോളജുകൾ പുതുതായി തുടങ്ങുകയും ചെയ്തു.

മൂന്നു ദശാബ്ദത്തിലേറെയായി സംസ്ഥാനത്തെ കോളജുകൾ പ്രീഡിഗ്രി വിഭാഗത്തെ ഉൾക്കൊണ്ടുപോരികയാണ്. ഓരോ ക്ലാസ്സിലും 80 മുതൽ 110 വിദ്യാർത്ഥികളെ വരെ ഉൾക്കൊള്ളാനാവും വിധമുള്ള സജ്ജീകരണങ്ങളും മറ്റുമാണ് നമ്മുടെ കോളജുകളിലുള്ളത്. ഇത്രയധികം വിദ്യാർത്ഥികളെ ഉൾക്കൊള്ളാനാവും വിധമുള്ള ക്ലാസ്മുറികൾ, സയൻസ്ലാബുകൾ, ലൈബ്രറിസൗകര്യങ്ങൾ എന്നിവയൊക്കെ ഇതിൽപ്പെടുന്നു. 1995 – 96 അദ്ധ്യയനവർഷം കേരളത്തിലെ കോളജുകളിൽ ആകെ പഠിച്ച 3,53,926 വിദ്യാർത്ഥികളിൽ പ്രീഡിഗ്രിക്കു പഠിച്ചിരുന്നവർ 2,08,362 ഉം ഡിഗ്രി, പി.ജി വിദ്യാർത്ഥികൾ 1,45,564 ഉം ആണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. മൊത്തം വിദ്യാർത്ഥികളുടെ 59 ശതമാനവും പ്രീഡിഗ്രി വിദ്യാർത്ഥികളാണെന്ന് വ്യക്തം. ഇത്രയും വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്നതിന് 1200 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന 2344 ക്ലാസ് മുറികളും സയൻസ് സബ്ജക്ടുകളുടെ പ്രാക്ടിക്കൽ നടത്തുന്നതിനായി ഉന്നതനിലവാരമുള്ള 660 ലബോറട്ടറികളും സംസ്ഥാനത്തെ മുഴുവൻ കോളജുകളിലുമായുണ്ട്. ഇത്രയധികം സൗകര്യങ്ങളുള്ള സാഹചര്യങ്ങളിൽ നിന്ന് പ്രീഡിഗ്രി വിദ്യാർത്ഥികളെ അടർത്തിമാറ്റി, ഇല്ലായ്മകളുടെയും ശോചനീയാവസ്ഥകളുടെയും പരിവേദനങ്ങൾ നിരന്തരം ഉയർന്നു കേൾക്കുന്ന സർക്കാർ സ്കൂളുകളിലേക്കും മറ്റുമായി കുത്തിനിറയ്ക്കാനുള്ള നിർദ്ദേശത്തെ എങ്ങനെ ന്യായീകരിക്കാനാകും? ഏകദേശ കണക്കനുസരിച്ച് 150 കോടിയിൽപ്പരം വിലമതിപ്പുള്ള സൗകര്യങ്ങൾ നമ്മുടെ കോളജുകളിൽ ഉപയോഗശൂന്യമായിപ്പോകുന്നുവെന്നത് നിസ്സാരമായ ഒരു നഷ്ടമായി കണക്കാക്കി തള്ളിക്കളയാൻ നമുക്കാകുമോ?

പ്രതീക്ഷിക്കുന്നത്ര ഗുണനിലവാരം കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തുണ്ടാവുന്നില്ലെന്ന വസ്തുതയുടെ പാപഭാരം പ്രീഡിഗ്രി വിദ്യാർത്ഥികളുടെ തലയിൽ കെട്ടിവച്ച് സ്വന്തം ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിവാകാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നതെന്ന് പറയാതെ വയ്യ. ഉന്നതവിദ്യാഭ്യാസരംഗത്ത് മെച്ചപ്പെട്ട ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ശാസ്ത്രസാങ്കേതിക വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനും ഊന്നൽ കൊടുക്കേണ്ടുന്ന സർവ്വകലാശാലകൾ ആ ലക്ഷ്യങ്ങളിൽ നിന്നെല്ലാം വഴിതെറ്റി പരീക്ഷാനടത്തിപ്പിനുള്ള ഒരു ഏജൻസിയായി മാത്രം പ്രവർത്തിക്കുന്ന സ്ഥിതിയാണ് ഇവിടെയുള്ളത്. പരീക്ഷാനടത്തിപ്പിലെ പോലും ക്രമക്കേടുകളും വ്യാജമാർക്കുലിസ്റ്റുകളുടെ തീർത്ഥയാത്രയും നയിക്കേണ്ടവരുടെ പിടിപ്പുകേടും ഒക്കെക്കൂടെയായപ്പോൾ കേരളത്തിലെ സർവ്വകലാശാലകൾ ദേശീയ നിലവാരത്തിൽ നിന്ന് പിന്തള്ളപ്പെടുകയായിരുന്നുവെന്നോർക്കേണ്ടതുണ്ട്.

മൂന്നുവർഷം കൊണ്ട് കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തിന്റെ മുഖച്ഛായ തന്നെ മാറ്റുമെന്നതാണ് തന്റെ സ്വപ്നമെന്ന് വിദ്യാഭ്യാസമന്ത്രി പി. ജെ. ജോസഫ് പറയുന്നു. കോളജ് വിദ്യാർത്ഥികളിൽ പകുതിയിലേറെ വരുന്ന പ്രീഡിഗ്രി വിദ്യാർത്ഥികളെ സ്കൂൾ തലത്തിലുള്ള പ്ലസ്ടു തലത്തിലേക്ക് മാറ്റുന്നതോടെ ബിരുദ ബിരുദാനന്തരതലങ്ങളിൽ കൂടുതൽ പുതിയ കോഴ്സുകൾ തുടങ്ങാനാവുമെന്നും അത് സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെ അലകും

പിരിയും മാറ്റമെന്നും മന്ത്രി സ്വപ്നം കാണുന്നു. കോളജുകളെയും സർവ്വകലാശാലകളെയും ഉന്നതമായ പഠനത്തിന്റെയും ഗവേഷണത്തിന്റെയും കേന്ദ്രങ്ങളാക്കി മാറ്റുകയാണ് ലക്ഷ്യമെന്ന് പറയുന്ന മന്ത്രിയുടെ ഉദ്ദേശ്യശുദ്ധി എന്തുതന്നെ ആയിരുന്നാലും പ്രീഡിഗ്രി സ്കൂൾ തലത്തിലേക്കു നീക്കിയാലുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ആശങ്ക അസ്ഥാനത്തെന്നു പറയുക വയ്യ.

ഏറ്റവും പ്രസക്തമായ ചോദ്യം രണ്ടുലക്ഷത്തിലേറെ വരുന്ന പ്രീഡിഗ്രി വിദ്യാർത്ഥികളെ ഉൾക്കൊള്ളാൻ നമ്മുടെ സ്കൂളുകൾക്ക് കഴിയുമോ എന്നതു തന്നെയാണ്. 50 കുട്ടികൾ വീതമുള്ള ഒരു ആർട്സ് ബാച്ചും ഒരു സയൻസ് ബാച്ചും തുടങ്ങാൻ 800 ചതുരശ്ര അടി വിസ്തീർണമുള്ള രണ്ട് ക്ലാസ്റൂമും ലാബുകളും ലൈബ്രറിയും കളിസ്ഥലവുമാണ് അടിസ്ഥാന യോഗ്യതകളായി നിശ്ചയിച്ചിട്ടുള്ളത്. കേരളത്തിലെ സർക്കാർ സ്കൂളുകളിൽ ഈ അടിസ്ഥാനസൗകര്യങ്ങളോടു കൂടിയ അമ്പത് ശതമാനം സ്കൂളുകൾ പോലുമില്ലെന്നതോർക്കുക. ബാലാരിഷ്ടതകളുടെ പരിദേവനങ്ങൾ ഒരിക്കലും വിട്ടൊഴിയാത്ത സർക്കാർ സ്കൂളുകളിൽ ഇത്തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളെങ്കിലും ഏർപ്പെടുത്തണമെങ്കിൽ കുറഞ്ഞത് 100 കോടി രൂപയെങ്കിലും ഉടൻ ചെലവഴിക്കേണ്ടതായുണ്ട്. അതിനുള്ള സാമ്പത്തിക ശേഷി സർക്കാരിനുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ രണ്ട് പ്രശ്നങ്ങളാണ് പ്രധാനമായും ഉടലെടുക്കുക. മന്ത്രിയുടെ നിർബന്ധബുദ്ധിയാൽ പ്രീഡിഗ്രി കോഴ്സ് കോളജുതലത്തിൽ നിന്നു മാറ്റിയാൽ, അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത സ്കൂളുകളിൽ പ്ലസ്ടു പഠിക്കാൻ വിദ്യാർത്ഥികൾ തയ്യാറാകേണ്ടിവരുമെന്നത് ആദ്യത്തേത്. മറ്റൊന്ന്, പ്ലസ്ടു വിദ്യാർത്ഥികളെ ഉൾക്കൊള്ളാൻ കഴിയുന്ന സ്വകാര്യ മാനേജ്മെന്റ് സ്കൂളുകൾക്ക് മാത്രമായി പ്ലസ്ടു കോഴ്സ് വിട്ടുകൊടുക്കേണ്ടി വരുമെന്നുള്ളതാണ്. അങ്ങനെയെങ്കിൽ അതു സാധാരണക്കാരായ വിദ്യാർത്ഥികളെ ദോഷകരമായി ബാധിച്ചെന്നു വരാം.

അദ്ധ്യാപകരെയും ജീവനക്കാരെയും വിദ്യാർത്ഥികളെയും ഒരേപോലെ ആശങ്കാകുലരാക്കിത്തീർക്കുന്നതാണ് പുതിയ വിദ്യാഭ്യാസ പരിഷ്കാരം. ഒരു കോളജിലെ ആകെ അദ്ധ്യാപകരിൽ 52% ബിരുദ ക്ലാസുകളിലും 48% പ്രീഡിഗ്രി ക്ലാസുകളിലും പഠിപ്പിക്കുന്നവരായാണ് കണക്ക്. അങ്ങനെയെങ്കിൽ മൊത്തം 8000 ത്തോളം അദ്ധ്യാപകരാണ് പ്രീഡിഗ്രി വേർപെടുത്തുമ്പോൾ അധികപ്പറ്റാവുക. അതുപോലെതന്നെ കേരളത്തിലെ സർവ്വകലാശാല ജീവനക്കാരിൽ ആകെയുള്ളതിന്റെ മൂന്നിലൊന്നുപേരും പ്രീഡിഗ്രിയുമായി ബന്ധപ്പെട്ടവരാണ്. പ്രീഡിഗ്രി കോളജുകളിൽനിന്ന് അടർത്തിമാറ്റുന്നതോടെ 14000 – ത്തിൽപരം ജീവനക്കാരെയും എട്ടായിരത്തോളം അദ്ധ്യാപകരെയും സംരക്ഷിക്കേണ്ട ബാധ്യത സർക്കാരിനുണ്ട്. പ്ലസ്ടു അദ്ധ്യാപനത്തിന് പി.ജി യും ബി.എഡുമാണ് മിനിമം യോഗ്യതയെന്നിരിക്കെ, ഈ അദ്ധ്യാപകരിലാർക്കും തന്നെ പുതിയ സംവിധാനത്തിലേക്ക് പോകാനാവില്ല. ഇത്രയധികം ജീവനക്കാരെ പ്രൊട്ടക്റ്റ് ചെയ്തുകൊണ്ടുള്ള ഒരു പരിഷ്കാരം ഈ കൊച്ചു കേരളത്തിന് താങ്ങാൻ കഴിയുമോ എന്നും ചിന്തിക്കേണ്ടിയിരിക്കുന്നു.

പ്ലസ്ടുവിന് മുന്നോടിയായി തുടങ്ങിയ ഹയർ സെക്കന്ററി കോഴ്സ് കേരളത്തിൽ ഇനിയും പച്ചപിടിച്ചിട്ടില്ലെന്നത് ശ്രദ്ധാർഹമാണ്. മറ്റ് സംസ്ഥാനങ്ങളിൽ ഇത് ഒരു ടെർമിനൽ കോഴ്സ് ആയതിനാൽ ഇവിടെ പഠിച്ച് പുറത്തുപോകുന്നവർക്ക് ഉപരിപഠനത്തിന് പ്രവേശനം കിട്ടാത്ത സ്ഥിതിയാണുള്ളത്.


പുതിയ മാറ്റത്തെ സംഘടനകളും മറ്റും ഏതു വിധമാവും സ്വാഗതം ചെയ്യുകയെന്നതു കണ്ടറിയേണ്ടിയിരിക്കുന്നു. 1986–ൽ കൊണ്ടുവന്ന പ്രീഡിഗ്രി ബോർഡിന് എതിരായി കേരളത്തിൽ ആഞ്ഞടിച്ച സമരകൊടുങ്കാറ്റ് വിദ്യാഭ്യാസരംഗത്തെയാകമാനം രണ്ടുമാസത്തോളം നിശ്ചലമാക്കിയതു നാം മറന്നിട്ടില്ല. പ്ലസ്ടു അനുവദിക്കാവുന്ന സ്കൂളുകളെപ്പറ്റിത്തന്നെ ഇതിനകം അഴിമതിയാരോപണങ്ങളും മറ്റുമായി വിവാദമുയർന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വളരെ വലിയൊരു വിഭാഗത്തെ ആശയക്കുഴപ്പത്തിലേക്കും അനിശ്ചിതത്വത്തിലേക്കും തള്ളിവിടുന്ന ഒരു പരിഷ്കാരത്തിൽനിന്ന് പിന്തിരിയുന്നതാവും നല്ലത്. അല്ലായെങ്കിൽ ഇതിന്റെ പേരിൽ ഉടലെടുക്കാവുന്ന പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും പാപഭാരം ചുമക്കേണ്ടി വരുക ഈ തലമുറ മാത്രമായിരിക്കണമെന്നില്ല.

എഡിറ്റർ

# Thanks



College Union Advisor
Dr. Philip John



Arts Club Director
Sri. M.S. Micheal



College Union Treasurer
Sri. K.J. Mathew

**Statement of Ownership**

| | | |
|---|---|---|
| 1 Place of Publication | : | Kuravilangad |
| 2 Periodicity of its publication | : | Annual |
| 3 Publisher's Name | : | Prof. Isac Thomas |
| 4 Nationality | : | Indian |
| 5 Address | : | Principal<br>Devamatha College<br>Kuravilangad |
| 6 Editor's Name | : | Gijomon Joseph |
| 7 Nationality | : | Indian |
| 8 Address | : | Editor<br>Devamatha College<br>Kuravilangad |

I Prof. Isac Thomas here by declare that the particulers given above are true to the best of my knowledge and belief

Sd/-
Signature of publisher


# വഴിപിഴച്ച വിദ്യാഭ്യാസം



Renjithkumar R. I DC B.Com

ഏതൊരു രാഷ്ട്രത്തിന്റെയും ഭാവി ശുഭോദർക്കമോ, ഇരുൾ മൂടിയതോ എന്നു തിരിച്ചറിയാൻ, അവിടുത്തെ വിദ്യാഭ്യാസ മേഖലയെക്കുറിച്ച് വിശദമായ ഒരു പഠനം നടത്തിയാൽ മതിയാകും. സ്വന്തം നാടിന്റെ നാളെയെക്കുറിച്ചുള്ള ആകാംക്ഷയുള്ള ഒരു ജനതയ്ക്കും അവഗണിക്കാനോ അവഗണിക്കപ്പെടുത്താനോ അധികാരമില്ലാത്ത രംഗമാണ് അവിടുത്തെ വിദ്യാഭ്യാസ മേഖല എന്നർത്ഥം. വിശേഷിച്ച് യുവജനതയ്ക്കും, ബാലമനസ്സുകൾക്കും നൽകപ്പെടുന്ന വിദ്യയുടെ സ്വഭാവമനുസരിച്ചായിരിക്കും ഒരു നാടിന്റെ വിധി നിർണ്ണയിക്കപ്പെടുന്നത്. ഈ പശ്ചാത്തലത്തിൽ സ്വാതന്ത്ര്യം ലഭിച്ചിട്ട് അരനൂറ്റാണ്ടു തികയുന്ന ഈ വേളയിൽ നമ്മുടെ നാടിന്റെ ഇന്നലെയിലേയ്ക്ക് ഒന്നു തിരിഞ്ഞു നോക്കിയാലോ? ഒരു വസ്തുത, അപ്പോൾ, നിർമത്സര ബുദ്ധികൾക്ക് തിരിച്ചറിയാനാവും. ഇവിടെ, കേരളത്തിൽ വിശേഷിച്ചും ഏറ്റവുമധികം അവഗണിക്കപ്പെട്ടിട്ടുള്ളത്, ഏറ്റവുമധികം അശ്രദ്ധയോടെയും, ദൂരവീക്ഷണമില്ലാതെയും നിരുത്തരവാദപരമായും കൈകാര്യം ചെയ്യപ്പെട്ടു പോന്നിട്ടുള്ളത്, വിദ്യാഭ്യാസരംഗമാണ്.

ഫലമോ? സ്വതന്ത്ര ഇന്ത്യയ്ക്ക് അമ്പതാണ്ടിന്റെ പ്രായപൂർത്തിയായിട്ടും, ഇന്ത്യയിൽ സ്വതന്ത്രവും സുസംസ്കൃതവുമായ മനസ്സുള്ള ഒരു ജനത ഇനിയും ഉണ്ടായിട്ടില്ല. നമ്മൾ ഇന്ത്യാക്കാർ - നമ്മൾ ഭാരതീയർ എന്ന ബോധത്തിന്റെ വൈകാരിക തലം നമ്മുടെ യുവജന സമൂഹങ്ങളുടെ സമൂഹമനസ്സാക്ഷിയിൽ ഉരുത്തിരിഞ്ഞു വന്നിട്ടില്ല. ഇന്ത്യയിലിന്നോളമുള്ള അസ്വാസ്ഥ്യങ്ങളുടെ അടിയിൽ ഇതിന്റെ വേരുകളുണ്ട്. വിഘടനവാദത്തിന്റെ പാതയിലൂടെ നടന്നു നീങ്ങുകയും ദേശീയ സമവായത്തെക്കുറിച്ച് നിർത്താതെ സംസാരിച്ചു കൊണ്ടിരിക്കുകയുമാണ് നമ്മുടെ കാപട്യം. ഇങ്ങനെ രണ്ടു മുഖമുള്ള ഒരു ജനതതി ഇവിടെ രൂപപ്പെട്ടുവരാൻ മുഖ്യ കാരണം ഇന്ത്യയ്ക്ക് ഇന്ത്യയുടേതായ ഒരു വിദ്യാഭ്യാസ നയം ഇല്ലാതെ പോയതാണ്.



എന്നാൽ സ്വതന്ത്ര്യേന്ത്യയിലെ ഭാവി ജനതയുടെ സ്വഭാവത്തിന്റെ അടിത്തറ എങ്ങനെയുള്ളതാവണം എന്നു മുൻകൂട്ടി കാണാനുള്ള വിവേകം നമ്മുടെ ഭരണാധികാരികൾക്ക് ഇല്ലാതെ പോയി. അതിനെക്കുറിച്ച് ദീർഘവീക്ഷണം നടത്തിയ ഗാന്ധിജിയുടെ വാക്കുകൾ നാം ചവറ്റുകൊട്ടയിലിടുകയും ചെയ്തു. ഇതിന്റെ ദുരന്തഫലങ്ങളുടെ വിളവെടുപ്പ് ആരംഭിച്ചിരിക്കുകയാണ്.

## മാനസികമായ അടിമത്തം

വെള്ളക്കാരന്റെ ദീർഘവീക്ഷണത്തിന് മകുടോദാഹരണമാണ് മെക്കാളെ സായ്പിന്റെ വിദ്യാഭ്യാസരേഖ. ഡോ. കെ.എം. ജോർജ്ജ് തർജ്ജമ ചെയ്തിട്ടുള്ള പ്രസ്തുത രേഖയിൽ ഒരിടത്ത് ഇങ്ങനെ കാണാം. "നാം ഭരിക്കുന്ന അനേക

ലക്ഷം ജനതയുമായി നമുക്ക് സുഗമമായും ധാരണാസമ്പുഷ്ടമായും സമ്പർക്കത്തിലേർപ്പെടുന്നതിന് ഉപകരിക്കുന്ന ഒരു വർഗ്ഗത്തെ നാം രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. ആ വർഗ്ഗം രക്തത്തിലും, നിറത്തിലും ഇന്ത്യാക്കാരനാണെങ്കിലും അഭിരുചിയിലും, അഭിപ്രായത്തിലും, ധാർമികബോധത്തിലും, ബുദ്ധിയിലും നമ്മെപ്പോലെയായിരിക്കണം." ഈ വരികളിൽ നിറഞ്ഞുനില്ക്കുന്ന വെളിച്ചമെടുത്തു കൊണ്ട് ഇന്ത്യൻ സാമൂഹിക യാഥാർത്ഥ്യങ്ങളുടെ ചരിത്രത്തിലൂടെ പിറകോട്ട് നടന്നു ചെല്ലുമ്പോൾ സായ്പിന്റെ ഉൾക്കാഴ്ചയെക്കുറിച്ച് മതിപ്പ് തോന്നാതിരിക്കാനിടയില്ല. മാനസികമായ അടിമത്തം ഒരു ജനതയുടെ അടിത്തറയാകുന്നതെങ്ങനെയെന്നു ബ്രിട്ടീഷുകാർ തിരിച്ചറിഞ്ഞിരുന്നു.


നാടിന്റെ മനസ്സാക്ഷിയിൽ നിന്ന് ആ അഴുക്ക് കഴുകി കളഞ്ഞ് ആത്മാഭിമാനവും ദേശീയബോധവുമുള്ള ഇന്ത്യാക്കാരനെ വാർത്തെടുക്കുന്നതിന് വിദ്യാഭ്യാസരംഗത്ത് എന്തെല്ലാം അഴിച്ചുപണികളും നവീകരണങ്ങളുമാണ് ആവിഷ്ക്കരിക്കേണ്ടതെന്നു തിരിച്ചറിയാൻ നമുക്ക് കഴിഞ്ഞില്ല. ഒന്നിനുപുറകെ മറ്റൊന്നായി നിരവധി കമ്മീഷനുകൾ ഇവിടെ ഉണ്ടായി. ബ്രിട്ടീഷുകാരന്റെ പ്രേതത്തിന്റെ നിഴലിൽ നിന്ന് മാറി നിന്നു ചിന്തിക്കുവാൻ കെൽപ്പുള്ള ആരെങ്കിലും ഈ കമ്മീഷനുകളിൽ ഉണ്ടായിരുന്നോ എന്ന് അന്വേഷിക്കുന്നത് വെറുതെയാവില്ല. നിരവധി കമ്മീഷനുകളുണ്ടായി എന്ന വസ്തുത തന്നെ വിളിച്ചോതുന്നത് മുൻസൂചിപ്പിച്ച ദീർഘവീക്ഷണം ഉൾക്കൊള്ളുന്നതായിരുന്നില്ല ഇവയുടെയൊക്കെ അന്തരംഗം എന്ന സത്യമാണ്. ഇതിന്റെ എല്ലാം പരിണതഫലം, വിദ്യാഭ്യാസരംഗത്തെക്കുറിച്ച് നമുക്കിന്നും വ്യക്തമായ ഒരു കാഴ്ചപ്പാട് ഇല്ല എന്ന ദുരന്തവും.

വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം വ്യക്തികളുടെ സംസ്കാരവത്കരണമാണ്. വ്യക്തികളുടെ സമവായമാണ് സമൂഹം. അങ്ങനെ, വ്യക്തികളുടെ സംസ്കാരവത്കരണം മൊത്തം സമൂഹത്തിന്റെ സംസ്കാരവത്ക്കരണത്തിന് വഴിയൊരുക്കുന്നു. ബോധപൂർവ്വം നടത്തേണ്ട ഈ സംസ്കാരവത്കരണം ഇവിടെ നടക്കുകയുണ്ടായില്ല എന്ന അർത്ഥത്തിലാണ് സ്വതന്ത്രവും, സുസംസ്കൃതവുമായ മനസ്സുള്ള ഒരു ജനത ഉരുത്തിരിഞ്ഞുവന്നില്ല എന്നു നേരത്തെ ചൂണ്ടിക്കാണിച്ചത്.

### പഴമയിലെ പുതുമ

"പുതുമയെ പ്രോത്സാഹിപ്പിക്കുകയും പഴമയെ സംരക്ഷിക്കുകയും വിദ്യാഭ്യാസത്തിന്റെ തുല്യപ്രാധാന്യമുള്ള രണ്ടു ലക്ഷ്യങ്ങളാണ്. പരസ്പരവിരുദ്ധങ്ങളെന്ന് തോന്നാമെങ്കിലും ഇവ യഥാർത്ഥത്തിൽ പരസ്പര പൂരകങ്ങളാകുന്നു. പരസ്പര പൂരകങ്ങളായിരിക്കത്തക്ക വിധത്തിൽ ഈ രണ്ട് ലക്ഷ്യങ്ങളെ പൊരുത്തപ്പെടുത്തുമ്പോൾ മാത്രമേ വിദ്യാഭ്യാസം അതിന്റെ ശരിയായ ഉദ്ദേശ്യം – സംസ്കാരവത്കരണം – നിർവഹിക്കുകയുള്ളൂ" എന്നു ശ്രീ. എൻ. വി. കൃഷ്ണവാരിയർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പുതുമയെ പ്രോത്സാഹിപ്പിക്കുക എന്നുപറയുമ്പോൾ പാഠ്യവിഷയങ്ങളിലെ ശാസ്ത്രീയമായ ഉള്ളടക്കം സമകാലികമായി പരിഷ്ക്കരിക്കുകയും അതിന് അർഹമായ പ്രാധാന്യം നൽകുകയും വേണം എന്നാണ് അർത്ഥമാക്കുന്നത്. ഇത് സമൂഹത്തിനെ ആധുനികീകരണത്തിലേയ്ക്ക് നയിക്കുന്നു. ഇതോടൊപ്പം പഴമയെ സംരക്ഷിക്കുകകൂടി ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ പാഠ്യവിഷയങ്ങളുടെ സംവിധാനത്തിലുണ്ടായാലേ ഒരു സമൂഹത്തിന്റെ പുരോഗതി സന്തുലിതവും, ആരോഗ്യപൂർണ്ണവുമാവുകയുള്ളൂ. "പഴമയെ സംരക്ഷിക്കുക" എന്ന പ്രയോഗം, ഇതൊരു പഴഞ്ചൻ ഏർപ്പാടാണ് എന്ന ധാരണയുണ്ടാക്കാൻ പോന്നതാണ് എന്നു തോന്നുന്നു. എന്നാൽ വാസ്തവമല്ല. "ഉത്തമ സാഹിത്യവും വിശിഷ്ടകലകളും ധാർമിക സാഹിത്യത്തിലെ സാർവലൗകികഭാഗങ്ങളും വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിൽ ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കുന്നത് പഴമയിലെ ശ്രേഷ്ഠങ്ങളും ശാശ്വതങ്ങളുമായ ഘടകങ്ങൾ പുതിയ തലമുറകൾക്ക് ലഭ്യമാക്കുന്നത് വഴി അവരുടെ സ്വഭാവം ആശാസ്യമായ വിധത്തിൽ രൂപപ്പെടുത്തുന്നതിനും കുറേക്കൂടി മെച്ചപ്പെട്ട ഒരു സമൂഹത്തെ അങ്ങനെ വാർത്തെടുക്കുന്നതിനുമാണ്" (എൻ. വി. കൃഷ്ണവാരിയർ). ഈ കാഴ്ചപ്പാടിൽ പുരോഗമനം പോരാ എന്നു തോന്നിയതാണ് കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ ദൗർബല്യം. ഈ ദൗർബല്യം, സമൂഹത്തിന്റെ സമഗ്രമായ സംസ്കാരവത്ക്കരണത്തിന് വിഘാതമായി എന്നു നാം അനുഭവത്തിലൂടെ തെളിയിച്ചതാണല്ലോ.

ഈ വസ്തുതകൾ വേണ്ടും വണ്ണം മനസ്സിലാക്കുകയും നാടിന്റെ ഭാവി സമൂഹം എന്തുതരത്തിലുള്ളതായിരിക്കണമെന്ന് കാണാനുള്ള ഉൾക്കാഴ്ചയുണ്ടാവുകയും ചെയ്യുമ്പോഴേ നമ്മുടെ നാട്ടിൽ വിദ്യാഭ്യാസരംഗത്ത് കാതലായ മാറ്റം ഉണ്ടാവുകയുള്ളൂ.





Chairman
**Jaise Joseph**



Vice Chairman
**Lillikutty Kurian**




General Secretary
**Rajeev Joseph**


# UNION MEMBERS



U.U. Councillor
**Hena P.N.**



U.U.Councillor
**Jeleesh Peter**



Arts Club Secretary
**Noble Kurian**



Editor
**Gijomon Joseph**

Lady Representatives



Manju Wilson



Bismi Sasi



Ambily K.R.

Class Representatives



Aby K. Sebastian, I PDC



Abraham N.J., II PDC




Abhilash V.P., I DC



Johny K.M., II DC



Krishnakumar V.D., III DC



A R Rajkumar, I PG




Pius George, II PG



Joby, Sports Secratery

**LAIJU BOSE**
**II D.C. Commerce**

# C A FOUNDATION
## A fundamental step to the profession



There are only a few types of professions in the world which are held in high esteem in public eyes and there is no denying the fact that the accounting profession is one of them. An accountant with his education, training, analytical mind and experience is best qualified to provide multiple need-based services to the ever-growing society.

The recommendations made by the Review committee of the Institute of Chartered Accountants of India are considered by the council and appropriate changes are introduced from time to time in the course structure, in order to meet the changing requirements of the profession. The introduction of CA Foundation course was one of the major recommendations made by the committee with effect for 24th April 1992.

This course has been introduced with an intention of ;

a) attracting talented students to the stream of chartered accountancy profession at a young age immediately after higher secondary education.

b) ensuring that students have a sound and appropriate base upon which to build this subsequent professional studies and practical training.

The minimum entry qualification for the pre-professional foundation couse is a pass in the senior secondary (10+2) or an equivalent examination. Those who have appeared in such examinations and are awaiting results are also eligible for provisional registration. Proof of passing should be furnished within six months of provisional registration.

Students who possess such qualification should undergo the foundation course of 10 months duration and qualify in the Foundation Examination in order to be eligible for admission to the professional course of Chartered Accountancy. However, certain categories of graduates are exempted from the Foundation Course and are eligible for direct admission into the professional course of Chartered Accountancy. They are,

a) Commerce graduates with Accountancy and Auditing and Mercantile law or Commercial Law as full papers securing in aggregate a minimum of 50% of total marks in the examination. (A full paper means a paper carrying not less than 50 marks).

b) Non-commerce graduates with Mathematics as one of the subjects securing in aggregate a minimum of 60% of total marks in the examination.

c) Non-commerce graduates with subjects other than

Mathematics as one of the subjects securing in aggregate a minimum of 55% of total marks in the examination.

The following four subjects are prescribed for study in the Foundation course.

Paper1- Fundamentals of Accounting.

Paper2- Mercantile Law

Paper3- Mathematics and Statistics.

Paper4- Economics.

Basic level of knowledge is expected from the students for the above subjects which is deemed to be a sound foundation to the higher studies at the intermediate and final levels.

A student has an option to accept oral tuition or postal tuition for studies. Postal tuition done by the Institute is a compulsory one. Postal Tuition Scheme students are expected to answer a specified number of Test papers in each subject in a phased manner and obtain the qualifying marks. Students who opt oral tuition ie. coaching classes conducted by accredited colleges and institutions, are exempted from answering Test Papers under the Postal Tuition Scheme. The Board of Studies will issue Eligibility Certificates for appearing in the Foundation Examination on the basis of the students performance in tests under the Postal Tuition Scheme. In the case of students attending classes in accredited institutions, Eligibility certificates will be issue the basis of the Report from the concerned colleges/institutions about the attendance and performance of the students. The Institute holds the foundation examination twice in a year - in May and November-at several centres. In the Examination each paper carries a maximum of 100 marks. A candidate is declared successful in the examination if he secures an aggregate of 50% marks subject to a minimum 40% marks in each paper.



In Kerala, examination centres are placed at Ernakulam, Kottayam, Kozhikode, Trissur and Thiruvanthapuram. The revised amount charged for registration and tuitionfee is about Rs. 1250/-. Registration forms are available from any of the following centres by means of a DD worth Rs. 10/- drawn in favour of 'CA Foundation Course' payable at respective places.

Joint Director of studies,
The Institute of Chartered Accountants of India, 122, Uthamar Gandhi, Salai, P.B. No. 3314, madras-600034; or

The Course co-ordinator, Trivandrum Branch of the Institute of Chartered Accountants of India, T.C. 24/245, Pound Road, Thycaud, Trivandrum-695014.

After passing the Foundation Examination, the candidates will be elligible for admission to the Chartered Accountancy Course, which involves a blend of theoretical education and practical training for a period of 3 years as an articled clerk with a practising Chartered Accountant.

Thus the foundation course enables a talented student to enter in to the stream of Chartered Accountancy profession along with his regular graduation course in a college and to become a well-known Chartered Accountant at young age.

Remesh Augustine
II B.Com

# കേരളം



## കേരളപ്പിറവിക്കുശേഷം

1956 – നവംബർ 1-ാം തിയതി മലയാളം സംസാരിക്കുന്ന പ്രദേശങ്ങൾ എല്ലാം കൂടിച്ചേർന്നുകൊണ്ട്, സംസ്ഥാന പുനർനിർണ്ണയ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാനം രൂപം കൊണ്ടു. ബി. രാമകൃഷ്ണ റാവു ആയിരുന്നു ആദ്യ ഗവർണ്ണർ.

1957 – ലോകത്തിൽ ആദ്യമായി ഒരു കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ജനാധിപത്യരീതിയിൽ തെരഞ്ഞെടുപ്പിലൂടെ അധികാരമേറ്റു. കേരള മുഖ്യമന്ത്രിയായി ഇ.എം.എസ്. നമ്പൂതിരിപ്പാട് സത്യപ്രതിജ്ഞ ചെയ്തു. തിരുവിതാംകൂർ സർവ്വകലാശാല കേരള സർവ്വകലാശാലയായി വികസിപ്പിച്ചു.

1958 – മഹാകവി വള്ളത്തോൾ നിര്യാതനായി.

1959 – വിമോചന സമരം ആരംഭിച്ചു. കേരളത്തിൽ രാഷ്ട്രപതി ഭരണം.

1960 – രണ്ടാമത്തെ പൊതുതെരഞ്ഞെടുപ്പിൽ പട്ടം താണുപിള്ള മുഖ്യമന്ത്രി. കോൺഗ്രസ് – പി.എസ്.പി മന്ത്രിസഭ. പാലാ സെൻട്രൽ ബാങ്ക് ലിക്വിഡേറ്റ് ചെയ്തു.

1961 – കോട്ടയം മെഡിക്കൽ കോളേജ് സ്ഥാപിച്ചു. കേരളത്തിലെ ദ്വയാംഗ പാർലമെന്റ്, അസംബ്ലി നിയോജകമണ്ഡലങ്ങളെ ഏകാംഗ മണ്ഡലങ്ങളാക്കി.

1962 – പട്ടം താണുപിള്ള മുഖ്യമന്ത്രി സ്ഥാനം രാജിവച്ചു. ആർ.ശങ്കർ മുഖ്യമന്ത്രി.

1963 – കേരള ഭൂപരിഷ്ക്കരണ ബിൽ നിയമസഭ പാസ്സാക്കി.

1964 – മന്ത്രിസഭയിൽ നിന്നും പി.ടി. ചാക്കോ രാജി വച്ചു. അദ്ദേഹത്തെ പിന്തുണച്ച് 15 എം.എൽ.എ മാർ മന്ത്രിസഭയ്ക്കുള്ള പിന്തുണ പിൻവലിച്ചു. പി.ടി. ചാക്കോ അന്തരിച്ചു. കേരളാ കോൺഗ്രസ്സ് രൂപം കൊണ്ടു. വീണ്ടും പ്രസിഡന്റ് ഭരണം.

1965 – കേരളത്തിൽ പൊതുതെരഞ്ഞെടുപ്പ്. ആർക്കും ഭൂരിപക്ഷമില്ലാത്തതിനാൽ നിയമസഭ പിരിച്ചുവിട്ടു.

1966 – എച്ച്.എം.ടി. കളമശ്ശേരി യൂണിറ്റ് ആരംഭിച്ചു. കേരളത്തിൽ കുടിയൊഴിപ്പിക്കൽ നിരോധിച്ചുകൊണ്ട് നിയമം.

1967 – പൊതുതെരഞ്ഞെടുപ്പ്. ഇ.എം.എസ് – ന്റെ നേതൃത്വത്തിൽ ഐക്യകക്ഷിമന്ത്രിസഭ. കൊച്ചിൻ കോർപ്പറേഷൻ നിലവിൽ വന്നു.

1968 – തുമ്പ റോക്കറ്റ് വിക്ഷേപണ കേന്ദ്രം ഐക്യരാഷ്ട്ര സംഘടനയ്ക്ക് സമർപ്പിച്ചു. പട്ടയം നൽകാൻ സർക്കാർ തീരുമാനിച്ചു. വയനാട്ടിൽ നക്സൽ ആക്രമണം.

1969 – സെക്കൻഡറി തലം വരെ വിദ്യാഭ്യാസം സൗജന്യമാക്കി. ഇ.എം.എസ് മന്ത്രിസഭ രാജിവച്ചു. സി. അച്ചുതമേനോൻ മുഖ്യമന്ത്രി.

1970 – കേരള ഭൂപരിഷ്കരണ നിയമം. മന്നത്തു പത്മനാഭൻ നിര്യാതനായി. നിയമസഭ പിരിച്ചുവിട്ടു. അച്ചുതമേനോന്റെ നേതൃത്വത്തിൽ 2-ാം മന്ത്രിസഭ.

1971 – സിനിമാ നടൻ സത്യൻ നിര്യാതനായി. കൊച്ചിൻ യൂണിവേഴ്സിറ്റി സ്ഥാപിച്ചു.

1972 – ഇടുക്കി ജില്ല രൂപീകരിച്ചു. കൊച്ചി കപ്പൽ നിർമ്മാണശാല ശിലാസ്ഥാപനം നടത്തി. ലക്ഷം വീട് പദ്ധതി ഉദ്ഘാടനം.

1973 – കാർഷിക കടാശ്വാസ ഭേദഗതി ഓർഡിനൻസ്.

1974 – ഇടുക്കി ആർച്ച് ഡാമിന്റെ പണി പൂർത്തിയായി. വി.കെ. കൃഷ്ണമേനോൻ നിര്യാതനായി. ചെമ്പൈ വൈദ്യനാഥ ഭാഗവതർ അന്തരിച്ചു.

1975 – കർഷകത്തൊഴിലാളി നിയമം പ്രാബല്യത്തിൽ വന്നു. വയലാർ രാമവർമ്മ നിര്യാതനായി.

1976 – ഇടുക്കി പദ്ധതിയിൽ നിന്നും വാണിജ്യ അടിസ്ഥാനത്തിലുള്ള വൈദ്യുതി ഉത്പാദനം.

1977 – കരുണാകരന്റെ നേതൃത്വത്തിൽ മന്ത്രിസഭ. രാജൻ കേസിനെ തുടർന്ന് കരുണാകരന് പകരം എ.കെ. ആന്റണി മുഖ്യമന്ത്രി. എ. കെ. ഗോപാലൻ മരിച്ചു. കല്ലാർഡാം ഉദ്ഘാടനം.

1978 – മഹാകവി ജി. ശങ്കരക്കുറുപ്പ് അന്തരിച്ചു. എ. കെ. ആന്റണി മുഖ്യമന്ത്രിപദം രാജിവച്ചു. പി. കെ വാസുദേവൻനായരുടെ നേതൃത്വത്തിൽ 9-ാം കേരള മന്ത്രിസഭ. വയനാട് ജില്ലാ രൂപീകരണം.

1979 – കൈരളി എന്ന കേരളാ ഷിപ്പിംഗ് കോർപ്പറേഷന്റെ കപ്പൽ കാണാതായി.
പി. കെ വാസുദേവൻനായർ മന്ത്രിസഭ രാജിവച്ചു. സി.എച്ച്. മുഹമ്മദ്കോയ 10-ാം കേരള മുഖ്യമന്ത്രി. കൊച്ചിൻ സ്റ്റോക് എക്സ്ചേഞ്ച് സ്ഥാപിച്ചു. കേരളത്തിൽ 5-ാം തവണ പ്രസിഡന്റ് ഭരണം.

1980 – പൊതുതെരഞ്ഞെടുപ്പ്. ഇ. കെ. നായനാർ മുഖ്യമന്ത്രി. കൊച്ചി കപ്പൽ നിർമ്മാണ ശാലയിൽ പണിത ആദ്യ കപ്പൽ റാണി പത്മിനി കടലിൽ ഇറക്കി. സിനിമാ നടൻ ജയൻ അപകടത്തിൽ മരിച്ചു.

1981 – എസ്.കെ പൊറ്റക്കാടിന് ജ്ഞാനപീഠ സമ്മാനം ലഭിച്ചു. കേരളത്തിൽ പ്രസിഡന്റ് ഭരണം. കെ കരുണാകരന്റെ നേതൃത്വത്തിൽ മന്ത്രിസഭ.

1982 – ആദ്യമായി സ്പീക്കറുടെ കാസ്റ്റിംഗ് വോട്ടോടെ മന്ത്രിസഭ അവിശ്വാസ പ്രമേയത്തെ അതിജീവിക്കുന്നു. എന്നാൽ രാഷ്ട്രീയ സംഭവ വികാസങ്ങൾ കാരണം പ്രസിഡന്റ് ഭരണം; വീണ്ടും പൊതു തെരഞ്ഞെടുപ്പിൽ കെ. കരുണാകരൻ മുഖ്യമന്ത്രി. തിരുവനന്തപുരത്ത് വർഗീയ ലഹള.

1983 – കേശവദേവ് അന്തരിച്ചു. കോട്ടയത്ത് ഗാന്ധിജി സർവകലാശാല ഉദ്ഘാടനം.

1984 – സുകുമാരക്കുറുപ്പ് സംഭവം കേരളത്തിൽ അരങ്ങേറി. സിസ്റ്റർ അൽഫോൻസായ്ക്ക് ധന്യ പദവി.

1985 – പി.ടി. ഉഷ രാജ്യാന്തര മത്സരത്തിൽ 5 സ്വർണ്ണം നേടി. വൈലോപ്പിള്ളി ശ്രീധരമേനോൻ അന്തരിച്ചു.

1986 – ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ കേരളം സന്ദർശിച്ചു. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനും സിസ്റ്റർ അൽഫോൻസാമ്മയും വാഴ്ത്തപ്പെട്ടവരുടെ പദവിയിലേക്ക്.

1987 – പൊതുതെരഞ്ഞെടുപ്പ്. മുഖ്യമന്ത്രിയായി ഇ. കെ. നായനാർ. പ്രശസ്ത വോളിബോൾ താരം ജിമ്മി ജോർജ്ജ് മരണമടഞ്ഞു.

1988 – ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ പേര് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എന്നാക്കി മാറ്റി. രാമപുരം കാരനായ മേജർ പരമേശ്വരന് കേരളത്തിൽ ആദ്യമായി പരമവീരചക്രം ലഭിച്ചു.

1989 – പ്രേം നസീർ അന്തരിച്ചു. കോട്ടയം ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ സാക്ഷരതാ നഗരമായി. തീരദേശ റയിൽവേ ഉദ്ഘാടനം.

1990 – ഉപഭോക്തൃ സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നു. എറണാകുളം ഇന്ത്യയിലെ പ്രഥമ സമ്പൂർണ്ണ സാക്ഷരതാ ജില്ല.

1991 – തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം. കേരളം ഇന്ത്യയിലെ പ്രഥമ സമ്പൂർണ്ണ സാക്ഷരതാ സംസ്ഥാനം.

1992 – കേരളം സന്തോഷ് ട്രോഫി നേടി. പൂന്തുറ കലാപം. കെ. ആർ. നാരായണൻ ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ടു. കേരളത്തിൽ വെള്ളപ്പൊക്കം.

1993 – കേരളം സന്തോഷ് ട്രോഫി നേടി.

1994 – ഗൗരിയമ്മയെ പാർട്ടിയിൽ നിന്നും പുറത്താക്കി. ചാരവൃത്തിക്കേസ് – പ്രതികൾ അറസ്റ്റിലാവുന്നു.

1995 – കെ. കരുണാകരൻ മുഖ്യമന്ത്രിസ്ഥാനം ഒഴിയുന്നു. എ. കെ. ആന്റണി പുതിയ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. എൻ. എൻ. പിള്ള അന്തരിച്ചു.

1996 – ഏപ്രിൽ 1 മുതൽ കേരളത്തിൽ ചാരായനിരോധനം നിലവിൽ വന്നു. പൊതുതെരഞ്ഞെടുപ്പ് ഇ.കെ. നായനാർ മുഖ്യമന്ത്രി.

# UNION INAUGURATION



Welcome Speech
Rajeev Joseph



Inaugural Address
Ex. Ad. Adv. Gen. Kurian Joseph



Presidential Address
Jaisa Joseph



Ganamela Thodupuzha Raima Orchrstra





Vote of thanks
Lillikutty Kurian

# സ്നേഹപൂർവ്വം മദറിന്

മാത്യു വർഗീസ്
II ബി.എ. ഇംഗ്ലീഷ്

കുരിശു ചുമക്കുന്നവർക്ക് സ്വാഗതം !
വഴികളിൽ കുഴയുകയും കണ്ണുകൾ കുഴിയുകയും
ചെയ്യുന്നവർക്ക് ഒരു വാൾ !
മുറിവുകൾ വ്രണിതമായിത്തീർന്നവർക്ക്
ഒരു തലോ സ്നാനം
ദരിദ്രനാരായണന്മാർക്ക് ഒരു
ദൈവതാന പ്രസംഗം
അവിഹിത ഗർഭമാർന്ന ശിശുവിന്
ഒരു കുപ്പക്കുഴി. കൂടെ പ്പറയാൻ
പട്ടിക്കുട്ടികളുണ്ടല്ലോ.
തെരുവു വേശ്യകൾക്ക് ഒരു കൂടാരം
രാത്രിഞ്ചരന്മാർക്ക് അതു താവളം
എല്ലുന്തിയവർക്കും പല്ലു കൊഴിഞ്ഞവർക്കും
ഹുക്ക വലിക്കുന്ന വൃദ്ധനും
കൈക്കുഞ്ഞിനെയെറിഞ്ഞ അമ്മയ്ക്കും
വിശന്നു കരയുന്ന കുഞ്ഞിനും
മരണാസന്നനായ രോഗിക്കും
സ്വാഗതം !
നിങ്ങൾ ഭാഗ്യവാൻമാർ !
ഹൂഗ്ലി നദിയിലെ ഓളങ്ങൾ പോലെ
സ്വതന്ത്രരായവരെ,
നിങ്ങൾ വിശ്രമിക്കുക.
നിങ്ങളുടെ മനുഷ്യ ദൈവങ്ങൾ
ക്രൂരരാണ്
കാത്തിരിക്കുക, ദൈവരാജ്യത്തിനായി............



അൽബേനിയാക്കാരിയായ യുവതി സ്വാഗതം !
നിന്റെ പേര് ആഗ്നസ്
നിന്റെ പേര് ഇനി മുതൽ തെരേസ
ഭാവിയിൽ നീ മദർ തെരേസയാകും
ഡാർജിലിംഗിൽ നിന്ന് നീ ഒരു വിളി കേൾക്കും
കാളീഘട്ട് നിനക്ക് പ്രിയ ഗൃഹം
നിനക്കായ് ഒരു മരണാസന്നൻ
മടയിൽ എലികളാൽ കടിച്ചു മുറിക്കപ്പെട്ട
വിരലുകളുമായി, വഴിയിൽ കിടക്കും.

ഇത് നിർമ്മല ഹൃദയം
സ്വരമൊരുക്കും വിരമിക്കും അഭയം
അഴുകിയാലും വിരൂപരാകാത്ത
മനുഷ്യാത്മാക്കൾക്ക് സ്വാഗതം
അമ്മ!_____ അമ്മ!_____
ഉയരുന്ന സ്വരങ്ങൾ ഈ ആത്മാലാപത്തിന്
അകമ്പടിയാകുമ്പോൾ
ജനിക്കാനിരിക്കുന്ന ശിശുവിനും
നീ അമ്മയാകുന്നു.

അസ്വസ്ഥമായ ദിനങ്ങളിൽ
ദേവാലയത്തിൽ നിന്നും
കുന്തിരിക്കപ്പുകയും പ്രാർത്ഥനാ മന്ത്രങ്ങളും
ഉയരുമ്പോൾ ഞങ്ങളും കരയും
അമ്മേ സുഖമാകുക
വേഗം സുഖമാകുക.

മദർ വരിക.
അത് ഞങ്ങൾക്ക് അമ്മയാണ്
പ്രകാശമാണ്
ഞങ്ങളുടെ മാനമാണ്
അഭിമാനമാണ്.





# കുട്ടൻ തമ്പുരാനുമായി ഇത്തിരി കുശലം

(ചലച്ചിത്രതാരം ശ്രീ മനോജ് കെ ജയനുമായി നടത്തിയ അഭിമുഖം)

സർഗം എന്ന ചലച്ചിത്രത്തിലൂടെ മലയാളികളുടെ മനസ്സിൽ സ്ഥാനം പിടിച്ച് ചലച്ചിത്ര ലോകത്തിന്റെ നഭോമണ്ഡലത്തിൽ പ്രകാശം പരത്തി മിന്നിത്തിളങ്ങുന്ന അഭിനേതാവ് ശ്രീ മനോജ് കെ ജയനുമായി നടത്തിയ അഭിമുഖത്തിലെ അനർഘനിമിഷങ്ങൾ ഇവിടെ നിങ്ങൾക്കു മുമ്പിൽ സവിനയം സമർപ്പിക്കുകയാണ്.

1. അഭിനയരംഗത്തേക്ക് കടന്നു വരുവാനുണ്ടായ സാഹചര്യം?

(ചെറിയപുഞ്ചിരി) ഇതൊക്കെ സാധാരണ ചോദ്യങ്ങളല്ലേ. സിനിമാ രംഗത്തേക്ക് കടന്നുവരുവാനുണ്ടായ സാഹചര്യം എന്റെ കുടുംബം തന്നെയാണ്. കലയെ പ്രോത്സാഹിപ്പിക്കുന്ന, കലയെ വളർത്തിക്കൊണ്ടുവരുന്ന സാഹചര്യമാണ് വീട്ടിലുള്ളത്. അതുപോലെ തന്നെ ഞാൻ ചെറുപ്പംമുതൽ മനസ്സിൽ ആഗ്രഹിച്ചതാണ് ഒരു സിനിമാ നടനാകണമെന്ന്. ഇതൊക്കെയാണ് സിനിമയിലേക്ക് വരുവാനുണ്ടായ സാഹചര്യം.

2. 97-ലെ വിവാദപരമായ ഫിലിം സംസ്ഥാന അവാർഡിനെക്കുറിച്ച് എന്താണ് അഭിപ്രായം.

ഫിലിം അവാർഡിനെക്കുറിച്ച് പറയാനൊന്നും നമ്മൾ ആളല്ല. എങ്കിലും അതിനെക്കുറിച്ച് പറയുകയാണെങ്കിൽ വിവരമുള്ളവരെ ജഡ്ജിംഗ് കമ്മിറ്റിയിൽ വയ്ക്കണം. വിവരമുള്ളവരായാലും അല്ലാത്തവരായാലും ജഡ്ജിംഗ് കമ്മിറ്റിയിൽ വന്നു കഴിഞ്ഞാൽ അവർ പറയുന്നത് കേൾക്കുവാൻ നാം ബാധ്യസ്ഥരാണ്. ഇനിയിപ്പോൾ വിവാദമുണ്ടാക്കിയിട്ട് കാര്യമൊന്നുമില്ല.

3. അഭിനയരംഗത്ത് നിന്നു കൊണ്ടു തന്നെ നിർമ്മാണ രംഗത്തേക്കോ, സംവിധാന രംഗത്തേക്കോ കടന്നു വരുവാൻ താല്പര്യമുണ്ടോ?

(ചെറിയ മൗനത്തോടെ) ഇല്ല, അങ്ങനെയൊരു താല്പര്യവുമില്ല. നമ്മൾ നിൽക്കുന്നിടത്തുതന്നെ കാലൊന്ന് ഉറപ്പിക്കട്ടെ. അതു കഴിഞ്ഞാവാം ബാക്കി കാര്യങ്ങൾ.

4. ഒരു സിനിമയിൽ നാം അഭിനയിക്കുമ്പോൾ സംവിധായകൻ



പറയുന്ന അതേരീതിയിൽ ചെയ്യണമോ അതോ നമ്മുടെ താല്പര്യങ്ങൾക്കും അവിടെ സ്ഥാനമുണ്ടോ?

അതൊക്കെ ഓരോ സംവിധായകരുടെയും ശൈലി പോലെയാണ്. ഇപ്പോൾ ഉദാഹരണം പറഞ്ഞാൽ (ഒരു സംവിധായകന്റെ പേരു പറഞ്ഞിട്ട് പെട്ടെന്ന് നിർത്തുന്നു.) വേണ്ട, ആരുടെയും പേര് പറയുന്നില്ല പേര് പറഞ്ഞ് അവരെ കുറ്റപ്പെടുത്തിയാൽ നാളെ ഇതും വിവാദമാകും. എന്തായാലും പല സംവിധായകരും നമ്മുടെ താല്പര്യങ്ങൾക്കും മുൻതൂക്കം നൽകാറുണ്ട്. നടനും സംവിധായകനും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ മാത്രമേ പടം നിലവാരത്തിലേക്ക് ഉയരുകയുള്ളൂ.

5. ആദ്യമായി സിനിമയിൽ അഭിനയിച്ച രംഗം ഓർക്കുന്നുണ്ടോ എതാണ് ആ ചിത്രം?

ഇതുപോലുള്ള ചോദ്യങ്ങൾ ചോദിച്ചാൽ നമ്മളാകെ കുഴങ്ങി പോകുമല്ലോ. (ഒന്നു ചിന്തിച്ചിട്ട്) മാമലകൾക്കപ്പുറം എന്ന ചിത്രമാണ് ഞാൻ ആദ്യം ചെയ്തത്. മൂന്നാല് കൂട്ടുകാർ കൂടി നിന്ന് സംസാരിക്കുന്നതാണ് ആ രംഗം.

6. വിദ്യാഭ്യാസകാലഘട്ടത്തെക്കുറിച്ച് ഒന്ന് വിശദീകരിക്കാമോ?

വിദ്യാഭ്യാസകാലഘട്ടത്തെക്കുറിച്ച് പറയുവാൻ മാത്രമൊന്നുമില്ല. എന്റെ വിദ്യാഭ്യാസമേ തീരെ കുറവായിരുന്നു. വിദ്യാഭ്യാസകാലഘട്ടം മുഴുവൻ സിനിമയെക്കുറിച്ചുള്ള ചിന്തയായിരുന്നു. അതിനെക്കാളുപരി പല ദിവസങ്ങളിലും സിനിമാ തീയേറ്ററിലും. പിന്നെങ്ങനെ വിദ്യാഭ്യാസം ശരിയാകും.

7. സിനിമാ ജീവിതത്തിലെ ഏറ്റം സന്തോഷകരമായ സംഭവം?

സർഗ്ഗം എന്ന ചലച്ചിത്രം സൂപ്പർ ഹിറ്റായപ്പോഴാണ് എനിക്കേറ്റം സന്തോഷം തോന്നിയത്.

8. എന്തു നടിയോടൊപ്പം അഭിനയിച്ചപ്പോഴാണ് കൂടുതൽ സംതൃപ്തി തോന്നിയത്?

(പെട്ടെന്നൊരു പൊട്ടിച്ചിരി) ഒയ്യോ അങ്ങനെ പ്രത്യേകിച്ച് ഒരു നടിയെയും എടുത്തു പറയാനില്ല. മലയാളത്തിലെ എതാണ്ട് എല്ലാ നടിമാരുമായും ഞാൻ അഭിനയിച്ചിട്ടുണ്ട്. അവർ അവരുടെ റോൾ നന്നാക്കാൻ നോക്കും ഞാൻ എന്റേതും. അഭിനയം കഴിഞ്ഞാൽ അവർ അവരുടെ വഴിക്ക് പോകുന്നു. ഞാൻ എന്റെ വഴിക്കും.

9. ഗൾഫ് മേഖലയിൽ എതെങ്കിലും പ്രോഗ്രാമിൽ പങ്കെടുത്തിട്ടുണ്ടോ? അതേക്കുറിച്ച് എന്താണഭിപ്രായം?

ഉണ്ടുണ്ട്. തീർച്ചയായും ഉണ്ട്. ദുബായ്, അബുദാബി, ഷാർജ അങ്ങനെ പലയിടങ്ങളും. ഗൾഫ് പ്രോഗ്രാം എല്ലാം വളരെ രസമാണ്. ഗൾഫ് മലയാളികളുമൊക്കെയായി ഒത്തുകൂടുന്നത് ഒരു നല്ല അനുഭൂതിയാണ്.

10. സിനിമാ നടൻമാർ പലരും രാഷ്ട്രീയത്തിൽ പ്രവേശിക്കാറുണ്ടല്ലോ? ചേട്ടന് കേരള രാഷ്ട്രീയത്തിൽ വരാൻ താല്പര്യമുണ്ടോ?

ഒട്ടും താല്പര്യമില്ല.

എന്താ രാഷ്ട്രീയം അത്ര മോശമായതുകൊണ്ടാണോ?

മോശമായതുകൊണ്ടൊന്നുമല്ല. പന്ത് കളിക്കാൻ കഴിയുന്നവർക്കല്ലേ ഗോൾ അടിക്കുവാൻ കഴിയൂ.

11. ഇതുവരെ അവതരിപ്പിച്ച കഥാപാത്രങ്ങളിൽ നിന്നു വ്യത്യസ്തമായി എതെങ്കിലും കഥാപാത്രത്തെ അവതരിപ്പിക്കണം എന്നാഗ്രഹമുണ്ടോ?

ഒരു പ്രത്യേക കഥാപാത്രത്തെ തന്നെ അവതരിപ്പിക്കണം എന്നെനിക്കാഗ്രഹമില്ല. എങ്കിലും മാറ്റങ്ങൾ വേണം. ഞാൻ പടങ്ങൾ തിരഞ്ഞെടുക്കുമ്പോഴും ഇത് ശ്രദ്ധിക്കാറുണ്ട്. ഞാൻ ഇപ്പോൾ അഭിനയിച്ച പടങ്ങൾ തന്നെയാണെങ്കിലും ഒന്നിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. വ്യത്യസ്തമായ കഥാപാത്രങ്ങളെ അവതരിപ്പിക്കുവാനാണ് എനിക്കും താല്പര്യം.

12. താങ്കൾ ഇതുവരെ ആരെയെങ്കിലും സിനിമയിൽ അനുകരിക്കാൻ ശ്രമിച്ചിട്ടുണ്ടോ എനിക്കും ഇതുപോലെ അഭിനയിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് അസൂയപ്പെട്ടിട്ടുണ്ടോ?

ഒരു നടന്റെയും അഭിനയം കണ്ടിട്ട് എനിക്ക് അസൂയ തോന്നിയിട്ടില്ല. അവരെ പ്രോത്സാഹിപ്പിക്കുകയാണ് ഞാൻ ചെയ്തിട്ടുള്ളത്. അതുപോലെ സിനിമയിൽ ഞാൻ ആരെയും അനുകരിക്കാറുമില്ല. ഒരു റോൾ കിട്ടിയാൽ സംവിധായകന്റെ സഹായത്തോടെ നമ്മുടേതായ രീതിയിലാണ് അഭിനയിക്കുക. നേരെമറിച്ച് അനുകരണമല്ല.

13. സിനിമ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങൾ എന്തൊക്കെയാണ്?

പുതുമയുള്ള പ്രമേയങ്ങളുടെ അഭാവം, കെട്ടുറപ്പുള്ള തിരക്കഥയുടെ അഭാവം, സാങ്കേതികമായ അപര്യാപ്തതകൾ, ആശയ വൈകല്യം ഇങ്ങനെയുള്ള നിരവധി പ്രശ്നങ്ങളെ സിനിമാ അഭിമുഖീകരിക്കപ്പെടുന്നു.

14. യുവതലമുറയുടെ സിനിമാ പ്രവേശനത്തെക്കുറിച്ച്?

എനിക്ക് നല്ല അഭിപ്രായമാണ്. പുതിയ പുതിയ ആളുകൾ എല്ലാ മേഖലയിലേയ്ക്കും കടന്നു വരണം. അതുപോലെ സിനിമയിലേക്കും. എങ്കിലല്ലേ ഈ കലയ്ക്ക് നിലനില്പുള്ളൂ.

# കണ്ടുമുട്ടൽ



എന്റെ ദൈവത്തെ കണ്ടുമുട്ടാൻ
ഒരു ചിത്രശലഭത്തിന്റെ തോളിൽ കയറി
ഞാൻ പുഷ്പങ്ങളുടെ വഴിയിലൂടെ പോയി.
ധാരാളം ചിത്രശലഭങ്ങൾ എന്റെ കൂട്ടിനു വന്നു.
ആ വഴി എന്നെ ദൈവസ്നേഹത്തിന്റെ തേനാഴിയിലെത്തിച്ചു.

എന്റെ ദൈവത്തെ കണ്ടുമുട്ടാൻ
ഒരു മാന്തളിരിന്റെ കൂമ്പിൽ കയറി
ഞാൻ ആർദ്രതയുടെ വഴിയിലൂടെ പോയി.
പുരാണത്തിലെ നന്ദിനിയെപ്പോലൊരു പശു എന്റെ കൂട്ടിനു വന്നു.
ആ വഴി എന്നെ ദൈവസ്നേഹത്തിന്റെ പാലാഴിയിലെത്തിച്ചു.

എന്റെ ദൈവത്തെ കണ്ടുമുട്ടാൻ
ഒരു വെള്ളരിപ്രാവിന്റെ ചിറകിൽ കയറി
ഞാൻ പ്രകാശത്തിന്റെ വഴിയിലൂടെ പോയി.
ഒരു സംഘം പ്രാവുകൾ മുഴുവൻ എന്റെ കൂട്ടിനു വന്നു.
ആ വഴി എന്നെ ദൈവസ്നേഹത്തിന്റെ പ്രകാശത്തിലെത്തിച്ചു.

എന്റെ ദൈവത്തെ കണ്ടുമുട്ടാൻ
ഒരു മന്ദമാരുതന്റെ പ്രവാഹത്തിൽ ഒഴുകി
ഞാൻ മാറ്റത്തിന്റെ വഴിയിലൂടെ പോയി.
എന്റെ മാറ്റം ജനങ്ങളിലും മാറ്റമുണ്ടാക്കി
ആ വഴി എന്നെ ദൈവസ്നേഹത്തിന്റെ പ്രവാഹത്തിലെത്തിച്ചു.

എന്റെ ദൈവത്തെ കണ്ടുമുട്ടാതിരിക്കുവാൻ
ഒരു ഡോൾഫിന്റെ ചിറകിൽ തൂങ്ങി
ഞാൻ നടുക്കടലിലേയ്ക്കു പോയി.
ഒരു തിമിംഗലം ഞങ്ങളെ ഒന്നിച്ചു വിഴുങ്ങി പാതാളത്തിലെത്തിച്ചു.
അവിടെ ഏഴുചെകുത്താൻമാർ വാളുമായി കാവൽ നില്ക്കുന്ന
അഴികളിട്ട കൂടിനുള്ളിൽ നിന്ന്
എന്റെ നിലവിളികളുയർന്നു.
അതുകേട്ട് ആർദ്രനായ എന്റെ ദൈവം എന്നെ കെട്ടഴിച്ചുവിട്ടു.
അന്നുമുതൽ ഞാൻ സ്വർഗ്ഗത്തിലാണ്
എന്റെ ദൈവത്തോടൊപ്പം.



Princy Abraham
II DC Malayalam

# പ്രണയകാലം




Binumon S. Sebastian III Bcom.

ഒരു നാൾ–
ഒരൊഴിവുദിന സായാഹ്നം.
ആഴിയ്ക്ക് അതിരിട്ടമണൽത്തിട്ട്
അതിന്റെ പില്ലാടൊരു
മതിൽക്കെട്ട്
മതിലിന്റെ തടങ്ങളിലെ ഉദ്യാനം.
അവിടെ–
വർണ്ണങ്ങളുടെ തിരുമുൽക്കാഴ്ച
യൊരുക്കുന്ന പൂക്കൾ
സൗരഭകാറ്റ്
ഒഴുകുന്ന വർണ്ണ പതംഗങ്ങൾ
യൗവ്വന ത്തിന്റെ ഈരടികൾ
സായാഹ്നത്തിന്റെ സൗഭാഗ്യകിരണം
ആസ്വദിച്ച് പൂവാടിയിൽ ഏകനായി ഞാൻ.



കണ്ണുകൾ ചാഞ്ഞു
കാറ്റിന്റെ തഴുകലിൽ എപ്പോഴോ
മുന്നിലൊരു പനിനീർപ്പൂവ്
ശേഷം അവൾ –
താരുണ്യ തളിർനിലാവ്
നീലമിഴികൾ
ഇമകൾ ചിമ്മുന്നു ഝടുതിയിൽ
ആർദ്രമിഴികളിൽകലിതം
മൗനമുദ്രതം, ഹൃദയഭാഷ്യം.
അറിയാതെ ഞാൻ കൈ നീട്ടി
എന്നാൽ –
ലഭിച്ചത് പൂവല്ല
ഒരു ഹൃദയം
സ്നേഹസൗമ്യം, പ്രണയാതുരം
പെട്ടെന്ന് ഞാൻ കൺമിഴിച്ചു.
ഇല്ല. പതറിയ ദൃഷ്ടിപഥത്തിൽ
അവശേഷിക്കാൻ ആരുമില്ല.
പക്ഷേ..............
പക്ഷേ. എന്റെ കൈയിലാ –
പൂവുണ്ടായിരുന്നു.

# To My Mighty Queen



O ! the paragon of beauty,
When I saw thee at first
I was more like a man who
Was in search of a thing to love
Than one who just turned away from
The beautious forms of creation.
It was a sudden sunstroke
I cannot paint what it was
The enchanting Velvette lips
Haunted me like a passion
The black hair, the grey eyes
The rosy cheeks, the white teeth
Their hues and their forms
Were then to me an appitate
A crazy feeling of love.

O ! the excess of my heart,
Thou art an untipped bud
That hast a devine gloom, around,
Thou art the untasted honey
That gives wingless pleasures to my youth,
Thou artl an unsmelled rose
With winking dew drops on
That embalms the heavenly breeze
And disturbs many a sleep.

But ! It was just a pleasing dream
And thou hast vanished on the air.
I have traced the darkness of thy step
As the human mind of the startled thought,
And the sweet passion of my heart
Was a melody, only to a deaf
Still I hear the music of the Trumpet
That thrives on some unknown land
Mingled with the trumpet of the Arrow root
Making the call for the war of love.
So much I wished before; but now
My heart is like a dead leaf in the sky
That has yet to wait and see
It's fated desting and the rest.

Johny Philip
II DC English

# ആത്മഗോപാലകൻ



കുന്നിൻചെരുവിൽ നിൽപ്പൂ സുന്ദരി മൈതാനവു ഞാൻ
എന്നിലൂടാനന്ദിക്കും അണ്ണാറക്കണ്ണൻമാരും,
രാവെന്നോ, പകലെന്നോ വേർതിരിച്ചറിയാതെ..
നിത്യവും എന്നെപ്പുൽകും കുഞ്ഞിളം മാരുതനും,
സ്നേഹത്തോടെൻ ഛായയെ മെത്തയായ് തീർത്തീടുന്ന
ഗോക്കളെ മേയ്ക്കും കാലിചെക്കനും എന്റെ സ്വന്തം

ഓടക്കുഴലൂതി ഗോക്കളെ മേച്ചിരുന്ന
കോടക്കാർ വർണ്ണനുണ്ണിക്കണ്ണനെപ്പോലെയവൻ
നിത്യവും കേൾക്കും ഗാനശകലങ്ങൾക്കുമുമ്പിൽ
ഒട്ടൊരു സന്തോഷത്താൽ സദയം നിൽപ്പൂ ഞാനും

സമകാലീനരായ ഞങ്ങളിൽ തുടിക്കുന്ന
ജീവനും വിശ്വാസവും ഒന്നായി ഭവിക്കുന്നു
അവന്റെ കോപതാപം എന്നിലും സ്ഫുരിക്കുന്നു
അവനാൽ തീർക്കും ശാന്തിയെന്നിലേക്കൊഴുകുന്നു
ഞങ്ങളിൽ സ്നേഹിക്കുമീ ഞങ്ങളിൽ ജന്മാന്തര..
ബന്ധങ്ങളുറയ്ക്കുന്നു പടർന്നു പരക്കുന്നു
നാളുകൾ കൊഴിയവേ പാടങ്ങൾ വരളവേ......
നാലു ദിക്കിലേക്കും ഞാൻ പടർന്നു വളരുന്നു
വളർന്നു എന്നോടൊപ്പം എന്നാത്മസുഹൃത്തായ
ബാലഗോപാലകനാം എൻനാഥൻ ബാലകനും.

അവൻ തന്നുണ്ണികൾക്ക് ഞാനൊരു മുത്തശ്ശനായ്
അറിഞ്ഞുസ്നേഹം വീണ്ടും അളവിൽ കുറയാതെ
കിനിഞ്ഞു ഭാവം ഞാനെൻ കനികൾക്കുള്ളിലൂടെ
കാലവും മാറിയല്ലോ – കോലവും മാറണമോ?
വാർദ്ധക്യം പടർന്നിട്ടും എൻകൃഷ്ണൻ മറന്നില്ല
എൻ ഛായയിൽ വീണ്ടും കുടിലിൻ സൗഖ്യം കണ്ടു
അണ്ണാറക്കണ്ണനില്ലാതെതൻ ചില്ലയിലവൻ വീണ്ടും
സന്തോഷം സന്താപങ്ങൾ പങ്കിടാൻ ശ്രമിക്കുന്നു
അവന്റെ മക്കൾ വളർന്നുദ്യോഗസ്ഥൻമാരായി
വലഞ്ഞു ജീവിതത്തിൻ സുഖത്തിൻ പുറംമോടി

ആരുമില്ലാത്തവസ്ഥ ഭീകരംതന്നെയെന്ന്
ചോദിപ്പൂ ഞാനുമെന്റെ കള്ളനാം കൃഷ്ണനോട്
രോഗത്താൽ വലഞ്ഞവൻ, നടക്കാൻ ക്ലേശിച്ചവൻ
ചുടുകണ്ണിൽ നീർ നിറഞ്ഞു എൻ നേത്രപുടത്തിലും



Simna K. O.
Ist PDC

വിശ്വസിപ്പിച്ചു ഞാനെൻ കണ്ണനാം ചെറുക്കനെ
ആശ്വസിക്കൂ, ലോകമിതുതന്നെ, ധരിക്കൂ.
എൻ ചില്ലകളിൽ മുഖം പൂഴ്ത്തി കേഴ്ന്നു അവൻ,
ആശ്വസിപ്പിച്ചു ഞാനെൻ പത്രത്തിൻ ചലനത്താൽ

ആ നേത്രം അടഞ്ഞല്ലോ, എന്നുള്ളം പിടഞ്ഞല്ലോ

എന്നാത്മസുഹൃത്തായ എൻ യജമാനന്റെ
ആത്മാവു കേഴുന്നതിൻ സ്വരം ഞാൻ കേൾക്കുന്നല്ലോ
അവന്റുണ്ണികൾ തൻമുഖം
ആശ്വാസത്താൽതെളിഞ്ഞു
ഒഴിഞ്ഞുമാറണമൊന്നുറക്കെ കരയുന്നു
മരവിച്ചെന്നുള്ളവും പിടഞ്ഞു ഹൃദയവും
യാത്രയായെന്നാത്മാവാം ബാലനാം ഗോപാലകൻ
അവനെ ദഹിപ്പിക്കാനെൻ ശരീരത്തിൻ മേലെ
പല വട്ടവും മഴു പതിഞ്ഞു വാശിയോടെ
നിലവിളിച്ചതുമില്ല സങ്കടപ്പെട്ടുമില്ല
ധൃതിയായിരുന്നെനിക്കവനോടൊന്നു ചേരാൻ.

# Her Magnanimity



She was his only Dreamflower,
She taught him what is Love,
She taught him to change sorrow to happiness,
She helped him to realise himself,
She could realise and share his feelings,
She could quench his thirst of passions,
She shattered the barriers of his mind,
She gave him encoragements to live,
She gave him a lot of expectations,
And, She was his every thing-
But now,
She lives happily with anotlher man,
And He-still with a burning soul,
Waiting for someone, who never comes.


Abhilash. K.K.,
II DC, Commerce,

# ജീവിതം

ജീവിതം ഒരു ഗ്രന്ഥമാണ് - അത് പഠിക്കുക.
ജീവിതം ഒരു വെല്ലുവിളിയാണ് - അതിനെ നേരിടുക.
ജീവിതം ഒരു അവസരമാണ് - അത് ഉപയുക്തമാക്കുക.
ജീവിതം ഒരു സ്വപ്നമാണ് - അത് സാക്ഷാത്ക്കരിക്കുക.
ജീവിതം ഒരു മത്സരക്കളിയാണ് - അതിൽ പങ്കെടുക്കുക.
ജീവിതം ഒരു സാഹസമാണ് - അതിനു തയ്യാറാവുക.
ജീവിതം ഒരു യാത്രയാണ് - അത് പൂർത്തിയാക്കുക.
ജീവിതം ഒരു കടങ്കഥയാണ് - അതിനെ കണ്ടെത്തുക.
ജീവിതം ഒരു ഭാഗ്യമാണ് - അത് പരീക്ഷിച്ചു നോക്കുക.
ജീവിതം ഒരു ഗാനമാണ് - അത് ആലപിക്കുക.
ജീവിതം ഒരു ഫോട്ടോ നെഗറ്റീവാണ് - അത് ഡെവലപ്പ് ചെയ്യുക.
ജീവിതം ഒരു സമർപ്പണമാണ് - അതിനു മനസ്സാകുക.

ഇങ്ങനെ ജീവിതം പലതുമാണ്
ജീവിതം എല്ലാമാണ്
അതിനെ ജീവിതമാക്കുകയാണ്
നമ്മുടെ പ്രധാന കർത്തവ്യം.





Linta Sebastian, I st PDC

# ദൈവ മനുഷ്യൻ




അന്നൊരു സുദിനത്തിൽ സുന്ദരസായാഹ്നത്തിൽ
ചെന്നു ഞാനൊരു നല്ല പുണ്യസങ്കേതം തന്നിൽ
ദിവ്യമാം തപസ്സിലായ് പള്ളികൊണ്ടിടുന്നൊരു
നവ്യമാം ദേവാലയം ശാന്തിദം മനോഹരം
ലോകമായകൾ ത്യജിച്ചീശനെയുപാസിക്കും
ത്യാഗികൾ വസിക്കുന്ന പാവനം പുണ്യാശ്രമം
ആരിലും ദൈവികമാം ശാന്തിയെയുളവാക്കും
ആരിലും നിർവൃതിതൻ താനങ്ങളുണർത്തിടും
ദൈവ ഗേഹത്തിൽ ഞാനും പൂകിയ നേരത്തൊരു
നവ്യമാമനുഭൂതി എന്നിലുമുളവായി
മോഹനാകാരം പൂണ്ട വന്ദ്യനാം പുരോഹിതൻ
പാണികൾ നെഞ്ചിൽ ചേർത്തു പ്രാർത്ഥനാ നിമഗ്നനായ്
സ്നേഹനിശ്വാസങ്ങളും കണ്ണുനീർ പ്രവാഹവും
രാഗലോലമാം മുഖത്താനന്ദ പ്രകർഷവും
കണ്ടു ഞാൻ തരിച്ചു പോയ് ദൈവ സ്നേഹത്തിൻ ചൊരി
എന്നിലും നിപതിച്ചു ഭാഗ്യമേ മഹാഭാഗ്യം !
മാനുഷരൂപം പൂണ്ടെൻ മുന്നിൽ നില്ക്കുവതാര്?
ചാവറ പിതാവത്രേ യേശുവിൻ പുരോഹിതൻ
ദൈവസന്നിധാനത്തിൽ സർവ്വവും സമർപ്പിച്ച്
നിർവ്വികാരനായ് നില്ക്കും നിർമ്മലയോഗീശ്വരൻ.
അമ്മതൻ മടിത്തട്ടിൽ ശയിക്കും ശിശുവപ്പോൽ
നിർമ്മല സ്നേഹം നുകർന്നാനന്ദ വിവശനായ്
ദിവ്യമാം വെളിച്ചത്തെ തന്നിലുൾക്കൊണ്ടു നിത്യം
സർവ്വവും ദൈവികമായ് കാണുവാൻ കഴിഞ്ഞവൻ
പൈതൃക സ്നേഹപരിപാലനയെല്ലാറ്റിനും
ചൈതന്യം പകർന്നഹോ ഭീതിയുമകന്നു പോയ്
ദൈവമെൻ പിതാവു താൻ ദൈവമെന്നവകാശം
ദൈവമെൻ സർവ്വസ്വവുമെന്ന വിശ്വാസത്തോടെ
അപ്പനായ് സർവ്വേശനെ കാണുവാൻ സംബോധിക്കാൻ
എപ്പോഴുമാ സാന്നിധ്യ സൗഭാഗ്യം നുകരുവാൻ
ശാന്തിയും ചൈതന്യവും സൽപ്രസാദവും നേടി
മർത്ത്യ മക്കൾക്കായതു നിത്യവും നൽകിടുവാൻ
ജീവിതം ഹോമിച്ചൊരു ത്യാഗിവര്യനാമങ്ങേ
പാവന പാദങ്ങളിലായിരം നമോവാകം !
ധ്യാനസംയോഗത്തിൽ നിന്നുതിർന്നസ്ഫുലിംഗങ്ങൾ
കേരളസഭയുടെ രൂപഭാവങ്ങൾ മാറ്റി
ഈശ്വര സ്നേഹം പരമസേവനരംഗങ്ങളിൽ
ശാശ്വതം പ്രകാശിച്ചു ശക്തികർമ്മമായ് മാറി.
കർമ്മല സന്ന്യാസത്തിന്നാരംഭം കുറിച്ചിഹ
കർമ്മയോഗികൾക്കൊരു വേദിയുമുളവായി
കേരളസംസ്കാരത്തിൻ നാഴികക്കല്ലായ് നിന്ന
പേരെഴും നാനാവിധ സേവനം സഭയ്ക്കേകി

വിശ്വാസ പ്രചാരണം ലക്ഷ്യമായ് മുന്നിൽ കണ്ട
വിശ്വസ്നേഹിയൻ ചിത്തം പ്രോജ്ജ്വലിച്ചുദാരമായ്
യേശുവിൻ സുവിശേഷഘോഷണമതിനായി_
ട്ടാശപൂണ്ടഹോരാത്രം സേവനമനുഷ്ഠിച്ചു.
കുടുംബം ഇടവക വിജ്ഞാനരംഗങ്ങളും
പരിപാവനമാക്കിച്ചാച്ചൂ ധീരാത്മജൻ
ധ്യാന സല്ലാപങ്ങളും ആത്മതാപങ്ങൾ പിന്നെ
ഈടെഴും നിരവധി ഗ്രന്ഥതല്ലജങ്ങളും
കേരളസഭയ്ക്കേകി ആദരാർഹനായ്ത്തീർന്ന
സ്നേഹതാതനെ ഞങ്ങളോർമ്മയിൽ പൂജിച്ചീടും
സ്നേഹമാം ദൈവത്തിനെ മാനവ സുതർക്കേകി
ദൈവ മാനുഷനായി ജീവിച്ച വന്ദ്യതാതാ
കൈവണങ്ങീടാമങ്ങേത്തൃപ്പാദം നമിച്ചിടാം
കൈവണങ്ങീടാമങ്ങേത്തൃപ്പാദം നമിച്ചിടാം.




സി. റജീന ജോസഫ്
IIIrd ബി. എ. മലയാളം.

## Congratulations



Sri. Babu Joseph





Sri. T.T. Michael

കാല്പനിക കവിതയുടെ പരിണാമം മലയാളത്തിൽ എന്ന ഗവേഷണ പ്രബന്ധത്തിന് കേരള സർവ്വകലാശാലയിൽനിന്ന് ഡോക്ടറേറ്റ് നേടിയ ശ്രീ ബാബു ജോസഫ് (മലയാളം വിഭാഗം.)

T.T. Micheal (Dept. of English) who has been awarded PhD by the Cochin University of Science & Technology for his Thesis on a study on The Economic Impact of Dairy Co-operatives in Idukki District

## വിദ്യാർത്ഥി രത്നം – 96 – 97



പഠന പാഠ്യേതര പ്രവർത്തനങ്ങളിലെ നേട്ടങ്ങൾ, നേതൃത്വ വാസന, സ്വഭാവം ഇവയുടെ അടിസ്ഥാനത്തിൽ ഈ വർഷത്തെ വിദ്യാർത്ഥി രത്നം ആയി തിരഞ്ഞെടുക്കപ്പെട്ട ശിവറാം ഇ. എസ്സ്.

## അനുമോദനങ്ങൾ.

സി.എസ്.എം റീജിയണൽ പ്രസിഡൻറ്, യൂണി. യൂണിയൻ കൗൺസിലർ, സർവ്വോപരി ഉജ്ജ്വല വാഗ്മി എന്നീ നിലകളിൽ കഴിഞ്ഞ അഞ്ചുവർഷം ദേവമാതായുടെ ശബ്ദം കേരളത്തിലെങ്ങും അറിയിച്ച ജലീഷ് പീറ്ററിന് അനുമോദനങ്ങൾ.

# യാത്രാമംഗളങ്ങൾ



മുപ്പത് വർഷക്കാലം ദേവമാതാ കോളേജിൽ സേവന മനുഷ്ഠിച്ച ജോസഫ് സാർ മലയാളം വിഭാഗത്തിന്റെ അധ്യക്ഷ സ്ഥാനത്തിരുന്ന് തിളങ്ങുന്ന നേട്ടങ്ങൾ കൈവരിച്ചു. 81-ൽ ബി.എ മലയാളം ആരംഭിച്ചതു മുതൽ ഇന്നുവരെ 100% വിജയം , 1993 ബി.എ മലയാളത്തിന് ഒന്നും, രണ്ടും റാങ്കുകൾ. ഇവയൊക്കെ സാറിന്റെ കാലത്തെ എടുത്തു പറയേണ്ട നേട്ടങ്ങളാണ്.



1968 മുതൽ ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിൽ അധ്യാപകൻ. അതിനു മുൻപ് സേക്രട്ട് ഹാർട്ട് കോളേജിൽ അദ്ധ്യാപന പരിചയം, ഇംഗ്ലീഷ് സാഹിത്യത്തിലും, ചരിത്രത്തിലും ബിരുദാനന്തര ബിരുദം. നിരവധി പുസ്തകങ്ങളുടെ കർത്താവുമായ അബ്രാഹം സാർ കോളേജിന് തന്റേതായ സംഭാവനകൾ നല്കി.



കഴിഞ്ഞ 31 വർഷക്കാലത്തെ അതുല്യമായ സേവനത്തിനു ശേഷം നമ്മുടെ ലൈബ്രറിയിൽ നിന്നും വിരമിക്കുന്ന ശ്രീ. കെ. വി. ജോസഫിന് യാത്രാമംഗളങ്ങൾ.



സുവോളജി ലാബിൽ നിന്നും വിരമിക്കുന്ന ലാബ് അസിസ്റ്റന്റ് കെ. പി. ഏലി.

# സിനിമാ – സിനിമാ

Jaimol M.V.
III DC Zoology

ജാക്ക്പോട്ട്,
ഏപ്രിൽ 19, 1921.

എന്റെ സൗഭാഗ്യപുത്രിക്ക്,

വന്ദനം. സുഖമോ ദേവീ, ഇവിടെ സുഖം സുഖകരം അവിടുത്തെപ്പോലെ ഇവിടെയും. ഞാനും പപ്പയുടെ സ്വന്തം അപ്പൂസും ഇന്നലെ തൂവൽ കൊട്ടാരത്തിൽ ഹിസ്ഹൈനസ് അബ്ദുള്ളയുടെ ഗാനമേള കേൾക്കുവാൻ പോയിരുന്നു. അവിടെ നിന്നും നേരെ കിഴക്കൻ പത്രോസിന്റെ മാന്ത്രികം കാണുവാനും പോയി. ഇരുപതാം നൂറ്റാണ്ടിൽ ബോക്സർ ഒരു വിവാദ വിഷയവുമായി വെള്ളാനകളുടെ നാട്ടിലേയ്ക്ക് പുനഃപ്രവേശം ചെയ്തപ്പോൾ കല്യാൺജി ആനന്ദ്ജി ഏകലവ്യനു നേരെ മൂന്നാം മുറ പ്രയോഗിക്കുന്നതു കണ്ടു. തിരിച്ച് മടയത്തും മുൻപെ കാലാപാനിയിലെത്തിയപ്പോൾ സ്വപ്നലോകത്തെ ബാലഭാസ്കർ നമ്പർ 20 മദ്രാസ് മെയിലിൽ പോകുന്നതും കണ്ടു. ഒരു വടക്കൻ വീരഗാഥയിലെ യച്ചോളി വർഗ്ഗീസ് ചേകവരും ഹിറ്റ്ലറും രാജപുത്രനും ആര്യനും തന്ത്ര കൺമണിയെ കാണാനുള്ള പുറപ്പാടിലാണ്. മേഘവിയും ഉപ്പുകണ്ടം ബ്രദേഴ്സും തേൻ മാവിൻ കൊമ്പത്ത് സല്ലാപം കാണാൻ പോയിരിക്കുകയാണ്. ലാൽ അമേരിക്കയിൽ നിന്നും വന്നപ്പോൾ സ്നേഹസാഗരത്തേക്കാൾ വലിയ സമ്മാനമായി രേവതിക്കൊരു പാവക്കുട്ടിയും മിന്നാരവും അദ്വൈതവും കൊണ്ടുവന്നു.

എന്റെ കളിത്തോഴീ, നിന്നെ ഒരു നോക്കു കാണാൻ ഒന്നിങ്ങു വന്നെങ്കിൽ ഇത്തിരി നേരത്ത് ഒത്തിരി കാര്യം പറയാമായിരുന്നു. കാര്യം നിസ്സാരമാണെങ്കിലും പ്രശ്നം ഗുരുതരമായതിനാൽ ദൈവത്തെയോർത്ത് ആരോരുമറിയാതിരിക്കാൻ, പ്രത്യേകിച്ച് മൈ ഡിയർ മുത്തച്ഛൻ ശ്രദ്ധിക്കുക!

എന്റെ സൗഭാഗ്യമെന്നു പറയട്ടെ, ഈയാഴ്ചത്തെ വാരഫലത്തിൽ നമ്മുടെ കേസരിയോഗം ഉണ്ടെന്നുകൊണ്ടാണ് ഇങ്ങനെയൊരു ക്ഷണക്കത്തെഴുതുന്നത്. പൊന്നാരന്തോട്ടത്തെ രാജാവ് ആകാശദൂതുമായി തലസ്ഥാനത്തേയ്ക്ക് പോയിട്ടുണ്ട്. ചമ്പക്കുളം തച്ചനും ഗാന്ധാരിയും മിസ്റ്റർ ആൻഡ് മിസ്സിസ് പോലെ കിങ്ങിണിയേയും കൊണ്ട് കുടുംബസമേതം മാന്ത്രികച്ചെപ്പ് കാണാൻ പോയി. ഇത് നഗരത്തിൽ സംസാരവിഷയമായി. കാരണം സ്ത്രീധനത്തെ ചൊല്ലി അവർ രണ്ടു ധ്രുവങ്ങളിലായി കഴിഞ്ഞിരുന്നതാണല്ലോ?.

കമലദളം പോലെ മനോഹരമായി നെറ്റിപ്പട്ടം കെട്ടിയ എഴുന്നള്ളത്താനയുടെ പുറത്ത് വിയറ്റ്നാം കോളനിയിൽ കുസൃതിക്കാറ്റിലെ വക്കീൽ വാസുദേവ് കടലോരക്കാറ്റുപോലെ ആയിരപ്പറ എടുക്കുവാൻ ഉത്സവമേളത്തോടെ കാബൂളിവാലയുമൊത്തു വന്നു.

ഒരു കൊച്ചു ഭൂമികുലുക്കം എന്ന് കൗതുകവാർത്തയിൽ പറയുന്നത് കേട്ടു. അതുകൂടി കഴിഞ്ഞു മതി നമ്മുടെ ഗൃഹപ്രവേശം. നമ്മുടെ തറവാടിന്റെ മുഖമുദ്രയിൽ പൈതൃകമായി കിട്ടിയ മണിച്ചിത്രത്താഴും, മാനത്തെ വെള്ളിത്തേരും കാരവരുമൊത്ത് വരുന്ന ദി പ്രിൻസിനെ ഒന്നു കാണിക്കണം. പ്രിയപ്പെട്ട കുക്കു വിനോടും ശ്യാമയോടും ഒരു കടംകഥപോലെ പറഞ്ഞ "പൂച്ചയ്ക്കാര് മണികെട്ടും?." എന്നതിന്റെ തുടർക്കഥ ഞാൻ വന്നിട്ട് പറയാമെന്ന് അവരോട് പറയണം. ഇപ്രാവശ്യംവരുമ്പോൾ എന്റെ ശ്രീക്കുട്ടിക്കുവേണ്ടി ഒരു ഗോളാന്തരവാർത്തയും കൊണ്ടുവരുന്നുണ്ട് – "മന്നാർ മത്തായി സ്പീക്കിംഗ്". മാന്യന്മാരായ ഇഞ്ചക്കാടൻ മത്തായി ആൻഡ് സൺ സിനേയും തിരുത്തൽവാദിയേയും ഡാഡി, പൊന്നുച്ചാമി, ആകാശക്കോട്ടയിലെ സുൽത്താൻ, രാജാവിന്റെ മകൻ, പാവം പാവം രാജകുമാരൻ എന്നിവരേയും സർഗത്തിലെ അർദ്ധനാരിയേയും എന്റെ




സ്നേഹാന്വേഷണം പറയണം.

ഒരു നാടോടി ഇനിലെ മിന്നാമിനുങ്ങിനും മിന്നുകെട്ട് എന്ന ഒരു കൊച്ചു വാർത്തയുമായി പോയി. ഞങ്ങൾ ഇവിടെ നിന്ന് സി.ഐ.ഡി മ്യൂസിക്കലിന്റെ ബി.എ ബി.എഡ് -ന്റെ കൂടെ നീലഗിരിയിലൂടെ ഒരണ കൂടത്തിലേയ്ക്ക് ഒരാഴ്ചത്തേക്ക് പോയപ്പോൾ കല്യാണസൗഗന്ധികവും, കാടും, ഒട്ടാഭിനവവും കണ്ടു.

കൈതപ്പുറത്തിൽ ആൺവീട്ടിലെ ജോണിവാക്കർ ഗീതാഞ്ജലിയിലെ ജേർണലിസ്റ്റ് ഗോഡ്ഫാദറിന്റെ മകൾ പണ്ടു പണ്ടൊരു രാജകുമാരി ഭിന്നയാര് എന്നോടിഷ്ടം കൂടാമോ? എന്ന് വാത്സല്യത്തോടെ ചോദിച്ചു. അതിന്റെ മറുപടിയും മൂന്നാംപക്കം കിട്ടി. ഇഷ്ടമാണ് നൂറുവട്ടം.

ഈ സുദിനത്തിൽ കിന്നരിയിലൂടെ നീലത്തെ പ്രധാനപട്ടണത്ത് ചെങ്കോലും കിരീടവും കളിപ്പാട്ടവുമായി പിൻനിലയെ കണാൻ പോയി വന്നപ്പോൾ എനിക്ക് വെണ്ണ ഡാനിയൽ സ്റ്റേറ്റ് ലെ സൺസി കൊണ്ടു വന്നു. അദ്ദേഹം എന്ന ഇദ്ദേഹവും, ഫാംബിയും മായാമയൂരത്തിലെ നാരായവും മിഥിക്ക് പരേഡ് കാണാൻ പോയിട്ടുണ്ട്. ഒരുപക്ഷെ ഞാനും കാഞ്ചനത്തിലെ കുട്ടേട്ടനും ഇന്നല്ലെങ്കിൽ നാളെ ചെപ്പടി വിദ്യ കാണാൻ പോകും.

ഇതു മഞ്ഞുകാലമാണല്ലോ? ഈ തണുത്ത വെളുപ്പാൻകാലത്ത് കിനാകിപ്പുഴയോരത്തെ താജ്മഹലിൽ രാജസദസ്സിലെ പാട്ടുകേട്ട് ഞാനുറങ്ങുമ്പോൾ സാന്ത്വനമായ് ഒരു കാര്യമായി നീ വരുന്നത് ഒരു സായാഹ്നത്തിന്റെ സ്വപ്നം പോലെ



ഞാൻ കാണുന്നു. ഒരു സമാഗമത്തിന്റെ ഗസലുമായി ഞാൻ എന്റെ മഴവിൽക്കൂടാരത്തിലേക്ക് നിന്നെ സ്വാഗതം ചെയ്യുന്നു. "വെൽക്കം ടു കൊടൈക്കനാൽ."

എന്റെ കണാക്കുയിലേ, ഒരു നാൾ ഞാൻ ഗന്ധർവ്വനായി വിഷ്ണുലോകത്തിരിക്കുമ്പോൾ ദേവദൂതത്തിലെ അഭിമന്യുവിനെയും കൂട്ടി ബട്ടർഫ്ലൈസ് പോലെ പറന്ന് പറന്ന് മൂക്കില്ലാരാജ്യത്ത് കഴിഞ്ഞ കൂടൽ കല്യാണത്തിന് നീ വരില്ലേ? പിന്നെ അങ്കിൾ ബണ്ണറിയാതെ നമുക്ക് പാർക്കാൻ മുന്തിരിത്തോപ്പിൽ ഒരു തുമ്പോളിയും ചൂടി നീ വരുകയാണെങ്കിൽ സൗഹൃദത്തോടെ ചക്കരയുമ്മയും മധുരവും തരാം. നിന്റെ മൗനം സമ്മതമാണെന്നു കരുതുന്നു.

ഇനി നിന്നിഷ്ടം എന്നിഷ്ടം.

എക്സ്ക്യൂസ്മീ, എന്തുകൊണ്ടില്ലാ പഠിക്കുന്നത്? നമ്മുടെ ആ പഴയ മാന്ത്രികക്കുതിരയുടെ കൂടെ മേഘദീപ് ഹെലികോപ്റ്ററിൽ തന്നെയല്ലേ ആ മഹാനഗരത്തിലേക്ക് പോകുന്നത്? കുടുംബകോടതിയിൽ നീ ദീപ്താചാര്യയെ തോല്പിച്ചറിഞ്ഞു. "കൺഗ്രാജുലേഷൻസ് മിസ് അനിതാമേനോൻ".

അടിക്കുറിപ്പിൽ അക്ഷരത്തെറ്റുണ്ടെങ്കിൽ ക്ഷമിച്ചു എന്നൊരു വാക്കിനുവേണ്ടി കാക്കത്തൊള്ളായിരം ദിവസം വിഷ്ണു കാത്തിരിക്കും ശേഷം കാഴ്ചയിൽ.

എന്നും നന്മകൾ നേർന്നുകൊണ്ട്,

സസ്നേഹം<br>
അഴകിയരാവണൻ.

To

സൂര്യഗായത്രി<br>
ഇന്ദ്രപ്രസ്ഥം<br>
ഗാന്ധിനഗർ II സ്ട്രീറ്റ്<br>
No: മധുചന്ദ്രലേഖയും ബാംഗ്ലൂർ നോർത്ത്<br>
പോസ്റ്റ് ബോക്സ് നമ്പർ 27<br>
അരേബ്യ

From

അഗ്നിദേവൻ<br>
മാനത്തെ കൊട്ടാരം<br>
മുഖമാംകുന്ന് പി.ഒ.<br>
ഇൻ ഹരിഹർനഗർ<br>
ന്യൂഡൽഹി

# LEGAL LITERACY CELL

## Annual Report 1996 - '97

The Legal Literacy Cell was set up in the college on November '96. A committee was constituted with the following office bearers.

| | | |
|---|---|---|
| Staff Co-ordinator | - | Sri V.A. Paul M.Com. LL.B. |
| Students Representatives | - | 1) Julie Rose Josephine Mattam, II M.Com. |
| | - | 2) Bincy Jacob, II M.Com. |
| | - | 3) Beena Krishnan A., I M.Com. |
| | - | 4) Stradine K. Stephen, II B.Com. |
| | - | 5) Joshy George, II B.Com. |
| | - | 6) Sareesh Joseph Augustine, II B.Com. |

During the year the cell had the following programmes:

| | DATE | TOPIC | RESOURCE PERSON / CHIEF GUEST |
|---|---|---|---|
| 1. | 5-11-96 | Inauguration | Prof. T.C. Kuriakose, M.Com. |
| 2. | 5-11-96 | Consumer Protection Laws | Adv. Alex George, Kottayam. |
| 3. | 30-1-97 | Motor Accidents Claims | Adv. George Pulickan, Pala. |
| 4. | 18-3-97 | Civil Rights and Criminal Laws | Adv. V.J. Thomas |

***Staff Co-ordinator***

# ആദരാഞ്ജലികൾ



സുനിതാമോൾ

സ്മൃതിപഥത്തിലെ പൂർണ്ണമാകാത്ത ഒരു
സ്വപ്നം പോലെ ..............
മൗനനൊമ്പരങ്ങളേകി............
നിശ്ശബ്ദതയുടെ തീരത്തേയ്ക്കതിവേഗം
ചിറകടിച്ചകന്ന ശോകരാഗപക്ഷി.
വിസ്മൃതിയിലാകാത്ത നിൻ സ്മരണകൾക്കു
മുന്നിൽ. കണ്ണീരോടെ.
ആദരാഞ്ജലികൾ

സ്വർണ്ണം സ്വർണ്ണം സ്വർണ്ണം

പത്തരമാറ്റിൽ സ്വർണ്ണാഭരണങ്ങൾക്ക്

# കല്ലുപറമ്പിൽ

## ഫാഷൻ ജ്വല്ലേഴ്സ്

മെയിൻ റോഡ്

കടുത്തുരുത്തി.

---

BEST COMPLIMENTS FROM

## മറ്റത്തിൽ സൂപ്പർ മാർക്കറ്റ്

കുറവിലങ്ങാട് PH : 231547

ഐസ് ക്രീംസ് മത്സ്യം ബേക്കറി പലചരക്ക്

കൂൾഡ്രിംഗ്സ് മാംസം ക്രോക്കറി സ്റ്റേഷനറി

---

## സിംല ഐസ്ക്രീം ഷോപ്പി


വടക്കേക്കവല, കുറവിലങ്ങാട്

കേരളത്തിലെ പ്രമുഖ ഐസ്ക്രീം കമ്പനിയായ ലാസാ ഐസ്ക്രീമിന്റെ
വിവിധയിനം ഐസ്ക്രീമുകൾ ഇവിടെ നിന്നും ലഭിക്കുന്നു.
ഫാമിലി റൂം സൗകര്യം ഞങ്ങളുടെ പ്രത്യേകതയാണ്.

സിംല ഐസ്ക്രീം ഷോപ്പി

വലിയവീട്ടിൽ ബിൽഡിംഗ്, കുറവിലങ്ങാട്. Phone – 231442
– 230243 (Res)

# ഞാൻ വൃക്ഷസന്താനം



ഞാൻ .
ഒരുണങ്ങും കരിയില,
വരണ്ടുപറന്നയൊരു ദേശാടകൻ...
കാലചക്രത്തിന്റെ വേഗത...
തെറിപ്പിച്ചുവെന്നെ...

അന്നുമുതൽ,
പെറ്റമ്മ തന്റെ തണലിൽ
വളർത്തമ്മ തന്റെ മടിയിൽ
എല്ലാം സഹിക്കുന്ന
അമ്മതൻ,
മനവുമായ്...
ഒരു കാറ്റ്,
എന്നെയെടുത്തൂഞ്ഞാലാട്ടിയല്ലോ...
വാനത്തിലൂടെപ്പറത്തിയങ്ങകലെയ്ക്ക്.
പെറ്റമ്മയെന്നിൽനിന്നകന്നപ്പോഴും
വളർത്തമ്മയിൽ ഞാനെന്നുമെന്നും...
ഒരു കൊച്ചു ജീവൻ തുടിപ്പായിരുന്നു...
മഴയിൽ ഞാൻ മരിച്ച് വിണ്ണണഞ്ഞു-
മഴത്തുള്ളി നോവിച്ച ദേഹവുമായ്.
അരുമ അമ്പുമായ് ഞാനന്നുറക്കെ..
ചുകന്ന കനലുപോൽ നീറിപ്പുകഞ്ഞതും..
ജീവന്റെ കണിക ചേർന്നൊഴുകിപ്പരന്നതും
അഭിലാഷങ്ങളെന്റെ മനസ്സിനകവും..

പിന്നീട് കാറ്റ്,
എന്നെ മരുഭൂമിയിൽകിടത്തി
ജ്വലിക്കുന്ന സൂര്യന്റെ രശ്മിയിൽ..
കുതിർന്ന ദേഹത്തിന്റെ ബന്ധങ്ങളറ്റു
ഞരമ്പുകളെല്ലുകളെല്ലാം തെളിഞ്ഞു
അടർന്ന ദേഹത്തോടെ ഞാനുഴന്നു..

അങ്ങനെ കാറ്റ്,
ശ്മശാനത്തിലൊരു കോണിലാക്കിയെന്നെ..
കാറ്റിലെ ഊഷ്മളത മണ്ണുരുക്കുമ്പോൾ..
തന്നിലേയ്ക്കടുക്കുമ്പോഴും..
എന്റെ ഗന്ധശബ്ദങ്ങൾ മരച്ചിരുന്നു..
അവിടെ,
ഒരുപ്പൂരി വൃക്ഷം നിവർന്നു നില്ക്കുന്നു.
അതിന്റെ നിഴലിൽ തികയുന്നു ജീവനും
അവിടെ വൃക്ഷത്തിലുള്ളയാത്മാക്കളുമായിട്ട്
സല്ലപിക്കാനെന്റെയാത്മാവും.
യാത്രചോദിക്കുന്നുവെന്റെ ദേഹത്തോട്..
ഒടുവിൽ,
അമ്മതൻ ചുവട്ടിലെൻ ദേഹം..
മണ്ണോടു ചേർന്നു പൊടിഞ്ഞു..
ഞാൻ,
മണ്ണിൻ പ്രതിമകൾ നിർവികാരതയുമായ്
അമ്മതൻ വിടപിയൻ കാൽക്കൽ.
വളർത്തമ്മയാവുന്നവിണ്ണിന്റെ മടിയിൽ.......



ശ്രീരാജ്. ആർ
IInd P.D.C.

# ഒരു വിലാപം



George Sebastian
II PDC

നിവർത്തിയ പടുതകൾക്ക് താഴെ നിശ്ശബ്ദം ജനതതി-
കണ്ടു ഞാനാകത്തിൽ പൂകിയപ്പോൾ
പതറിയ ശബ്ദകോലാഹലത്താൽ നിറഞ്ഞ സദസ്സിനെ
കേട്ടു എൻ ഇരു കർണങ്ങളപ്പോൾ

ഞാൻ കേട്ടതൊക്കെ സത്യമോ മിഥ്യയോ എന്നറിവെണ്ടു-
അരികിലായ് ചേർന്നു ഞാനാ സമൂഹത്തിൽ
ചതുരാകൃതിയിൽ തീർത്തൊരു പെട്ടിയിൽ ആ തനി
കിടക്കുന്നു ഏകനായി നിശ്ചലം നിർമ്മലം

വന്നവർ വന്നവർ മാറി നിൽക്കുന്നു, സന്ധ്യയിൽ
അവർക്ക് ദർശിക്കാൻ വൈമനസ്യം എന്നപോൽ
ആ പെട്ടിക്കരികിലിരിക്കും നാരികളിൽ ഞാൻ കണ്ടു
ഒഴുകും നീർത്തുള്ളി സ്നേഹവിങ്ങലാകെപ്പോൽ

വിലാപത്തിൽ നഷ്ടമാം മുഖശ്രീയുമായവർ
ഇരിക്കുന്നു അരുകിലതീവ ഖിന്നതയായവർ
ഇവരുടെ വിലാപഗീതത്തിനിടയിലും കേട്ടു ഞാൻ
ആരോ ജപിക്കുന്ന ജപങ്ങൾ പാട്ടിനിടുന്ന താളം പോൽ

മാറിനിൽക്കുന്നു ചിലരൊക്കെ എവിടെയോ
സംസാരിക്കുന്നവർ മൂകമാം ഭാഷയിൽ
അരോചകമാം വിധമനുഭവപ്പെട്ടെൻ മനസ്സിൽ
ചന്ദനത്തിരിതൻ മണവു വിയർപ്പിൻ ദുർഗന്ധവും

കരയണമെന്നാഗ്രഹിച്ചു ഞാനുമാവിലാപത്തിൽ
അനുവദിച്ചില്ലെൻ മനസ്സും നയനങ്ങളും
ആ വീട്ടിൽ ജനങ്ങളും പരിസരവും നിറയ്ക്കുന്നു
മരണത്തിലെന്നപോൽ എന്തുമനുഷ്യരാൽ

ആ ദുഃഖ സാമ്രാജ്യത്തിൽ നിന്നും രക്ഷനേടണമെന്നാ
ഗ്രഹിച്ചു അരികിലായ് തിരിച്ചു ഞാനെൻ സദസ്സിൽ





K.M വർക്കി

## ആദരാഞ്ജലികൾ

വിഷാദത്തിൻെറ മുത്തുകൾ നല്കി ഈ തീരത്തുനിന്നും പറന്നകന്ന K.M വർക്കി ലാബ് അസിസ്റ്റൻറിന് കണ്ണീരോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# ജിയോ ഇലക്ട്രോണിക്സ്

പള്ളിക്കവല – 230451

പ്രശസ്തമായ കമ്പനികളുടെ ടി.വി.,ഫ്രിഡ്ജ്, വാഷിംഗ് മെഷീനുകൾ
മറ്റു ഗൃഹോപകരണങ്ങൾ

അംഗീകൃത വ്യാപാരി : –

ഫിലിപ്സ്, വീഡിയോകോൺ, വേൾപ്പൂൾ,
ഗോദ്റെജ്, ഉഷ, സുമീത്, മഹാരാജാ etc .

# ഷഹനാസ്

ഹെർബൽ ബ്യൂട്ടി പാർലർ

കോളേജ് ജംഗ്ഷൻ
കുറവിലങ്ങാട്.

*22ct Gold & Silver Ornaments*

# VAZHUTHANAPPALLIL
Fashion Jewellery

Central junction
Kuravilangad
Ph - 230606

# സെൻറ് മേരീസ്

## സ്കൂൾ ഓഫ് മെഡിക്കൽ ടെക്നോളജി

കുറവിലങ്ങാട്.

Govt. Reg. No. 326/88

കഴിഞ്ഞ 25 വർഷങ്ങളായി കുറവിലങ്ങാട്ട് നടത്തി വരുന്ന പ്രശസ്തമായ സ്ഥാപനത്തിൽ താഴെ പറയുന്ന പാരാമെഡിക്കൽ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു.

1. മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ ( 6 Months / 1 Year )
2. XRAY ( 6 Months )
3. നേഴ്സിംഗ് മിഡ്‌വൈഫറി ( 1 Year )
4. E.C.G. ( 6 Months )

- പ്രവേശനം കന്യാസ്ത്രീകൾക്കും പെൺകുട്ടികൾക്കും മാത്രം
- കന്യാസ്ത്രീകൾ നയിക്കുന്ന ഹോസ്റ്റൽ
- മിനിമം യോഗ്യത SSLC പ്രോസ്പെക്ടസിനും അപേക്ഷാഫാറത്തിനും 15 രൂപാ മണിയോഡർ അയക്കുക.

Director, St. Mary's School of Medical Technology Vaikom Road
Kuravilangad P.O. (686 633) Kottayam (Dt.)

സ്ഥാപിതം 1972

ഫോൺ Off : 230465
Res : 230365

# ദേവമാതാ ഒപ്റ്റിക്കൽസ്

## പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ്

സെൻട്രൽ ജംഗ്ഷൻ, കുറവിലങ്ങാട്

നിങ്ങൾക്കാവശ്യമുള്ള എല്ലാത്തരം കണ്ണടകൾക്കും പ്രിസ്ക്രിപ്ഷൻ അനുസരിച്ച് നൽകുന്ന കുറവിലങ്ങാട്ടെ ഏക സ്ഥാപനം.

# WANTED TEACHERS.

**Ours is reputed Manpower Consultancy who are providing Teachers to the English Medium Schools in AP for the last four years.**

**If you want the job odf a Teacher on attractive terms and conditions, kindly contact us immediately.**

Director

Montessori English Medium
Teacher's Training School,
Near Girls High Schol
Tjalayolaparambu, Kottayam.
Phone : 04829 - 38497



Welcome Speech
**Noble Kurian**



Inaugural Address
**Kalabhavan Navas**
(Cini Artist)



Presidential Address
**Jaise Joseph**



# ARTS CLUB INAUGURATION



Felicitations
**Sri. M. S. Michael**



Mimics Parade
**Kalabhavan Navas & Team**



Vote of thanks
**Gijomon Joseph**

Joby Paul
I DC Botany

# ശില്പവും ശില്പിയും



കനക ശിലയിൽ വരച്ച
യവന സുന്ദരീ ചിത്രം
മധുരമൂറുന്ന മൊഴിയാൽ
മാടിവിളിച്ചപോൽ തോന്നി.
"വരിക പ്രാണേശ്വരാ നീ
അമൃത കുംഭവും പേറി
ശിലയിൽ ചിതയുമെൻ രൂപം
ജീവശക്തിയായി മാറ്റൂ"

ഒടുവിൽ.......
സപ്തസ്വരങ്ങളുതിർന്നിടും ചുണ്ടുകളിൽ
കടക്കണ്ണെറിഞ്ഞിടും നീല ലോചനങ്ങളിൽ
നോക്കിയെൻ ഹൃദയം പാടി.......

"ഇനി ഉണരുക പ്രിയ ശില്പമേ നീ
ഉയരുക മന്ദിരിലെൻ പ്രാണനായി."
വിരൽ തുമ്പിലൊളിച്ചിടും സ്നേഹം
ജീവനായ് ശില്പമുണർന്നു.

വർഷകാലത്തിമിർപ്പായി ഘോഷം
സ്വർണ്ണനൂലുപോൽ നെയ്യഭിഷേകം
വെൺമയൊഴുകിടും പാലഭിഷേകം
ജീവൻ പകരുന്ന സ്നേഹാഭിഷേകം.

ശില്പിയാമെന്നുള്ളിൽ ചിരമായ് പ്രതിഷ്ഠ
ചിത്രമുള്ളിൽപതിഞ്ഞിടും പ്രേമം
ചിത്രാംഗന എന്നുടെ ശക്തി
ശില്പങ്ങളാകുന്നു ഞാനും സഖിയും.

# PRINCIPAL'S REPORT 1996-'97.



Another eventful year has passed by in the glowing annals of Deva Matha College and I feel it my pleasant privilege to present before you a brief report of it.

**Strength**

1996-97 Admissions

- I PDC : 781
- I DC : 387
- I M.com : 18

Total students strength : 2451

- Boys : 1019
- Girls : 1432

Though the college reopened in June the classes were late to start as our teachers were deployed for University Examination duties. This year we have been blessed with an uninterupted academic atmosphere. Many a call by the politically motivated elders were proved to be too feeble to stir any disorder in our campus. The year witnessed outstanding academic performance. Three examinations and a lot of test papers were conducted. Papers were valued and progress reports were sent to the guardians. The guardians of delinquent students were summoned and proper instructions were given by the staff-guides. The tutorial system started 3 years ago has flourished very well. Accordingly each teacher takes up the responsibility of looking after the all round development of a group of 25 to 40 students. The tutorial system, envisaged by U.G.C. has been successfully carried on by our dedicated teachers who are greatfully admired by all.

Our campus has been vibrant with a lot of co-curricular and extra curricular activities like c.s.m, oratory club, N.C.C., N.S.S, Anti Narcotic club, Qu iz club, Career club, Youth Red Cross, Haritha club and Nirmithi club in addition to the associations of the various departments. As this brief report cannot do justice to their multifarious activities, I feel it proper to publish their detailed reports in the college magazine.

**The Oratory Club**

In addition to its regular exercises the oratory club conducted the Babu Chazhikadan Inter-collegiate Debate Competition this year in a grand manner. Under the auspices of Bobby Paul Smaraka Samithi which was founded to perpetuate our affectionate regard to Bobby Paul, the proud son of Deva Matha, an inter collegiate Prathibha Competition was held. Dr.Sukumar Azhikode the unparalled malayalam orator of the country held the audience that thronged the auditorium, spell bound, with his immortal and prohetic speech, delivered to the memory of Bobby who in this turn had successfully followed the trails blazed by Dr. Azhikode in oratory and Gandhism. Our silver tounged orator Jaleesh Peter brought home a number of prestigious trophies this year. He won Ist prizes in kairali speech competition Calicut, Yuvaprathibha inter-collegiate speech competition Quilon and three second prizes in renowned competitions. Our debating team Sivaram E.S. and Liza P Lukose won II prize in Rotary club Inter-collegiate Debate Competition.

Here I gratefully thank the chief architect of the oratory club, Prof. K.M.Chacko, for the selfless and meritorious services in preparing and equipping our students for various inter-collegiate speech and debate competitions.

**C.S.M**

Our C.S.M. unit has only tales of glory to narrate this year. Rev. Fr. Joseph Pariath who has been holding the reins

**University Examination Result for the year 1996**

| Class | No. of candidates appeared | Dist | I | II | III | Total | Percentage |
|---|---|---|---|---|---|---|---|
| II PDC | 618 | 2 | 102 | 128 | 208 | 440 | 71.20% |
| B.sc | | | | | | | |
| Mathematics | 23 | - | 21 | - | - | 21 | 91.3% |
| Physics | 17 | - | 13 | 3 | - | 16 | 94.1% |
| Chemistry | 21 | - | 15 | 4 | 1 | 20 | 95.2% |
| Botany | 21 | - | 11 | 4 | 4 | 19 | 90.5% |
| Zoology | 21 | - | 10 | 4 | 1 | 15 | 71.4% |
| B.A. | | | | | | | |
| Economics | 31 | - | 5 | 5 | 12 | 22 | 71.0% |
| Malayalam | 21 | - | 9 | 11 | 1 | 21 | 100.0% |
| English | 28 | - | 6 | 6 | 9 | 21 | 75.0% |
| B.com. | 39 | - | 8 | 14 | 7 | 29 | 74.4% |
| B.sc. | 101 | - | 70 | 15 | 6 | 91 | 90.77% |
| B.A. | 80 | - | 20 | 22 | 22 | 64 | 80.0% |
| M.com. | 14 | - | 2 | 5 | 3 | 10 | 71.4% |

as the Regional Director of C.S.M. manifested his outstanding leadership qualities in the various activities in the regional level. Rev. Fr. Augustine Pullukalayil spearheading the college level activities can recollect with complacency his glowing achievements of the year. The C.S.M. members imbued with spirituality and noble sentiments could hold themselves loftier always and been acknowledged as well. Prayer meetings were held every Tuesday. Holy mass was conducted every first Friday and 10 days Rosary prayer was done in October. Large number of students and members of the staff participated in these sources of spiritual energy. The two unit campus 'Bodhi '96'and' Ephphata' were conducted with the motive of inculcating and nourishing spirituality in college students. The regional camp 'sinai'96' was inaugurated by Sri.Mons Joseph M.L.A. and led by Fr. Jose Kallukalam and Mr. Jose Thomas. "Gloria '96" provided to the whole of Deva Matha a thrilling Christmas experience. In addition to the enchanting speech by Ranni Nilackal Sufragan Metropolitan Philipose Mar Chrisostam amusing and entertaining items like, competitions in carol songs,fancy dress, skit were held and cash awards were given to the winners.

**N.C.C.**

N.C.C. the greatest youth organisation of our nation working for unity, discipline and integration, has a company of 160 cadets commanded smartly by Lt. Cyriac Sebastian. Our N.C.C. sub-unit, has a lot of colourful feathers to adorn its cap this year. Our under officer Anish Thomas, represented Kerala in Republic Day parade and Prime Ministers Rally New Delhi, this year. By his magnificent performance Anish has brought glory and fame to Deva Matha and to the state. My heart leaps up with joy and pride while I join all of you to admire and congratulate him. Another significant event to the credit of N.C.C. is the Annual Training camp of 650 cadets, officers and Military men, conducted at this college during the Onam holidays. It is for the first time that Kuravilangad hosts a camp of this type and it could witness how so many people live so long a period in unity and discipline. I congratulate 2/Lt. A Cyriac Sebastian for all these achievements and also for being promoted to the rank of Leiutenant.

**N.S.S.**

National Service Scheme looked after by sri. T.T.Thomas, Dr. V.M. Mathew and Rev.sr. Vincy came forward with a lot of prestigious and rewarding programmes. In addition to regular activities like seminars, orientation classes and camps, volunteers collected and donated old usable clothes to the handicapped day scholars of 'Santhinilayam' Anthinadu. The special camp held at St.Thomas High School Kallara during the Onam holidays named "Youth for Sustainable Development" contributed greatly to the development of that comparatively backward Panchayat. The intercollegiate workshop on Fine Arts, the first of its kind in this college, held in December was a tremendous success. The most outstanding activity of the year was the Mahatma Gandhi University N.S.S.Fest held in our college. More than 600 talented volunteers from various colleges participated in this cultural 'Mamangam' which was visited by sri. P.J. Joseph, Honourable Minister for Education Prof. (Dr.)Rajasekaran pillai, the Vice-chancellor, Sri. Mons Joseph M.L.A., Prof. V.P. Joy and Prof. E.P. Mathew both Mahatma Gandhi University Syndicate members and other dignitaries. I am happy to add that Rev.sr.Vincy led the Mahatma Gandhi University contigent of 10 volunteers to participate in the National Integration camp held at GUNA in Madhya Pradesh. Our two volunteers Joby Thomas and Avinash Mathew also attended another National Integration camp held in Agra.

**Career Library and Career Club**

We have an exclusive career Library, the favourite brain child of Rev.Fr. Puthumana, our Vice-principal, has been ever active as heehive with ambitious students availing themselves of the precious career-oriented books. The activities of the career club for the current year was directed by Fr.P. Augustine Mathew. The club could conduct a one day carrer seminar for students of this college. Prof. A.N.P.Oomerkutty former Vice-chancellor, Calicut University, was the resource person.

**Spiritual and Value Eduation**

The newly admitted students were given orientation in ethics, morality and behaviour by a team of trained teachers Prof. K.V. Kurian, Dr. James Joseph, Dr. Baby Thomas, Dr. Philip John - headed by Prof. M.V. Peter. Rev. Sr. Jormine kept our lady-students meamorised for one day by her learned and electrifying talk on the topics life ettiquette, morality and social behaviour in relation to woman, in modern society. Our Manager Very Rev. Fr. George Mulangattil an erudite scholar, a renowned retreat preacher and a talented orator, imparted to the students a small share of his invaluable and fathomless treassure house of knowledge in spirituality, ethics and values. His moral classes were greatly appreciated, welcomed and eagerly looked forward to by students. Thousands of students and well-wishers will remember him with gratitude.

**Arts Club**

Arts Club directed by Sri. M.S. Michael of English Department came out with activities of Unprecadented excellence. It was inaugurated by famous cine artist Kalabhavan Nawas and was followed by a mimics parade by his team. Competitions in various cultural and arts items among the associations were conducted as a programme called 'Arts Fest '96' First, second, and third places were won by English, Malayalam and Economics Associations resprectively. Avinash Mathew II DC and Jamy Sasidharan II DC were selected as 'Kalaprathibha and Kalathilakam respectively.

**Adart Club(Anti-Narcotic Association)**

Working in close association with Adart Pala and students services, Mahatma Gandhi University it has 500 and odd active members. An inter-collegiate seminar on Drugs and narcotics arranged in our college in last october was attended by 150 students from 16 colleges of Mahatma Gandhi University. Highly informative and enlightening classes were taken by learned experts like Rev.Fr. John Erniyakilam, Director Adart Pala Prof. George Joseph Attupuram, Director students services, Mahatma Gandhi University, sri. H.M. Sebastian etc. our students and teachers participated in the seminars and classes in environmental studies. Eco-praternity and nature at C.M.S. College Mahatma Gandhi University and Malanad Development society. Three batches of 25 students and 2 teachers each took out trekking expeditions in the forests of Silent Valley, Thekkady and Thattekkad. I gratefully appreciate Prof.

P.D. Pathrose, the Director of the club for his enthusiasm in obtaining the permissions and facilities of the Forest Department and leading the students in these expeditions. The association was instrumental in disseminating information regarding the evils of drugs and narcotics by various means.

**Quiz Club**

We have a Quiz-Club directed by sri. Benny Joseph and Dr. Johnson Joseph. The club conducted a series of quiz competitions in different subjects. The inter-collegiate competition for Deva Matha college Trophy was conducted in December and the covetable trophies for I and II places were won by C.M.S. College and St. Thomas Training College. Though its infancy, the club could win second and third prizes in inter-collegiate competitions conducted by Government college Kottayam and Mathrubhumi study circle.

The inter-collegiate Chemi-Quiz conducted under the auspices of chemistry association deserves special mention. S.B. College Changanassery and our college won the I and the II prizes respectively.

**Legal Literacy Centre**

Under the auspices of the Kerala state legal Aid and Advice Board in November 1996, a Legal Literacy centre was set up in the college with sri. V.A. Paul, Department of Commerce was the co-ordinator and Kum. Julie Rose Josephine and Kum. Bincy Jacob of the M.com. final as secretaries with a view to imparting legal knowledge among the students. Three seminars were arranged by the centre on topics like consumer protection laws, Motor accidents claims and Motor Vehicles Act.

**Literary-pursuits**

In addition to solid contributions to the college magazine our students of English, Economics and Malayalam Departments have come out with publishing manuscript magazine and journals named "Rainbow, Prathibha and Saraswatham" respectively. This is a unique achievement manifesting the wonderful and original aesthetic and journalistic talents of promising students. I admire and congratulate all those whose head, hearts and hands have gave to the making of these publications.

**Faculty Improvement**

I warmly felicitate Dr. T.T. Michael, Department of Economics who was awarded Ph.D. this year. Rev.Fr. Joseph Puthumana, Rev. Fr. Thomas Parackal are on studyleave to complete their doctorate work. Sri. James Philip of Botany Department is doing M.Phil. at Calicut University. All the three are scholars in F.I.P. Scheme. Sri. Babu Joseph of Malayalam Department has already submitted his Ph.D. dissertation.

**Retirement**

Prof. K.J. Joseph, Head of the Department of Malayalam retires this year after putting in 32 years of selfless and dedicated service. He has been a 'Guru' among teachers and brought a lot of ranks and Laurels to the Department and thus fame and prestige to the institution. This Veteran teacher was revered and loved by colleagues and students. Deva Matha will ever gratefully cherish his affectionate memory. Prof. K.M. Abraham of English Department retires this academic year after 30 years of eventful service. I wish both these retiring teachers peace, prosperity and all the best.

All these and more could we achieve by the Grace of God, which we could enjoy in abundance through the intercession of our heavenly patroness Virgin Mary for all of which we bow our heads in gratitude. Let me express my profound thanks and reverence to our parton Rev. Dr. Joseph Pallikkaparambil for his paternal affection and blessings we have been enjoying. Our sincere thanks due to our esteemed Vicar General Monsgr. Fr. Joseph Mattam for his timely advice and guidance. My heart brims up with greatitude to Very Rev. Fr. Philip Njaralakkat on our Vicar General for being a perennial source of advice and inspiration. I take this opportunity to place on record our infinite sense of obligation and gratitude to very Rev. Fr. George Mulangattil, who being the manager of the last 6 years has been an unfailing source of inspiration for spirituality and benevolence.

With immense hope and optimism I felicitate and great our new Manager Very Rev.Fr. Eanas Ottathengumkal. His excellent performance as a talented administrator and an outstanding academician has been widely admired and acknowledged and no wonder, Deva Matha College is on the threshold of her Golden era with the new manager at the helm of affairs.

Words are scarce to express the intensity of our feelings of appreciation and indeptedeness to Rev.Fr. Joseph Parath, our bursar who made his valuable presence felt in the all round development of this institution and has spectacular achievements to his credit as our burser. His devotion to duty, sense of sacrifice and readiness to hard work are appreciated by all. I sincerely thank the college staff-council, members of the staff both teaching and non-teaching, P.T.A. Executive committee, members of the managing Board for their valuable co-operation and encouragement. I recollect greatfully all our well-wishers and benefactors.

My affetionate regards are due to Union Chairman Jaise Joseph, General Secretary Rajeev Joseph, members of the Union Executive and students one and all for their responsible and disciplined performance. I wish them all success in the coming Examinations and a brilliant future thereafter. I also extend my sincere thanks to Dr. Philip John, the Union staff advisor.

Wishing you all the best let me conclude.

Principal

## ZOOLOGY ASSOCIATION

Association inaguration on October 23rd by Dr. Sadigne Lebba (pediatrocian), an interest talk about various diseases and remedies was given to students. On this occasion welcome speech was given by Binu Anand and vote of thanks by Sheeba Augestine. The students of 1st, 2nd, 3rd years had an excellent co-operation in arts and sports and won the prizes. 2nd & 3rd year students gave a heartly welcome to the new comers. A formal Zoology day was celebrated on 6th March which was inagurated by Dr. Reji Kumar(BVSC). He gave an intresting talk on the Dairy farming.

The welcome speech was given by secratory and vote of thanks by Rony Mathew. The 1st & 2nd year students co-ordinately gave a warm send-off to 3rd year students. .

I am most thankfull to our beloved HOD Mr. Joseph Kodappally and Mr. T.J. John lecturer and teachers and non-teaching staff for their full hearted co-operation. I am very happy to give credit to all the members for their enchanting activities of association.

Binu Anand.
III DC Zoology.

## BOTANY ASSOCIATION


The activities of Botany association were formally inagurated by Mr. Kurian Mathew (Superintendent DAF Kottayam Dist) on 12th November 1996. The function was presided over by Prof. George Mathew Muricken. Association secretary welcomed the gathering and Miss Siji delivered vote of thanks. On this occasion our great Mr. George K. Mathew gave a detailed lecture on 'floriculture'.

We modified out 'notice board' on the open window to the sky of knowledge and a lot of information was exhibited on it. On 7th November Prof. George Mathew gave a lecture on the culture of edible mushroom and arranged a model.

On 20th December we gathered and shared x-mas cake. The christmas message was given by our beloved Santhamma teacher. The cultural programmes by the students made the function colourful. I congratulate all the winners of the arts festival competitions and x-mas celebrations by CSM unit. Botany students took part in the activities of different clubs and organisations like NCC,NSS,CSM,etc. Final year students were given a sent off party on 3rd March 1997.

I express my sincere gratitude to Prof. Santhamma Peter, Sri George Mathew Muricken, and all other teachers of the department and to all my good friends who have co operated with me.

Secretary
Hareesh. P.S.



## ECONOMICS ASSOCIATION

The activities of the association were formally inaugurated by Dr. Alwin Prakash (Dept. of Economics, Calicut University) on 18th October 1996.

We had a special programme on the eve of NoveFest. The function was presided over by Dr. Babu Joseph. (Dept. of Malayalam.D.MC,Kvld.)

The pride of the association was, "THE PRATHIBHA", manuscript released by its founder Prof. N.C.Kuriakose (Retd Prof. Dept. of Politics DMC Kvld.). Our principal Prof. (Major) Issac Thomas inagurated the meeting, and Dr. Kurian Kumbalakuzhy (Dept of Malayalam M.G. University)was the chief guest. Dr. V.M. Mathew (Dept. of Malayalam, DMC Kvld.), The director of "PRATHIBHA" presided over the meeting. We used this occasion to congratulate our dear lecturer, Dr. T.T. Micheal for getting his doctorate.

The members of the association acticvely participated in various quiz competition. We have great privilege to mention that the Devamatha College's first news paper "Economics Times" first edition came out on 11th Nov, 1996, which was released by our Principal.

The 28th Economics Association Day celebrations were held on 18th Feb.1997. The Chief guest was Prof. Abraham Kalayil (Rtd Prof.,Dept. of Economics, DMC Kvld.).

Above all I take this opportunity to give special thanks to Prof. Mathew Sebastian, Head of the Dept and all other teachers and all those who have given me co operation to discharge my duties.



Secretary
Shijumon Xavier.

# ദേവമാതാ കോളേജ് കുറവിലങ്ങാട്, യൂണിയൻ 1996-97 വർഷത്തെ പ്രവർത്തന റിപ്പോർട്ട്.

ഏറെ ചാരിതാർത്ഥ്യത്തോടെയാണ് ഞാനീ റിപ്പോർട്ട് അവതരിപ്പിക്കുക. നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ഈ യൂണിയന് അർഹത നൽകിയ എല്ലാ വിദ്യാർത്ഥി സുഹൃത്തുക്കൾക്കും നന്ദി രേഖപ്പെടുത്തുന്നു.

നിരവധി പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് കുറെ നല്ല പ്രവർത്തനം നടത്തുവാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അവ എത്രകണ്ട് പൂർണ്ണമായി എന്ന് നിങ്ങളാണ് വിലയിരുത്തേണ്ടത്.

## തെരഞ്ഞെടുപ്പ്

ഈ വർഷത്തെ കലാലയ യൂണിയൻ തിരഞ്ഞെടുപ്പ് 1996 ആഗസ്റ്റുമാസം 23-ാം തീയതി ഭരണഘടനാനുസൃതമായി നടന്നു. സമാധാനപരമായ അന്തരീക്ഷത്തിൽ തിരഞ്ഞെടുപ്പ് നടത്തുന്നതിന് സഹായിച്ച ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ പ്രൊഫ. റെജർ ഐസക് തോമസിനും, റിട്ടേണിങ് ഓഫീസർ പ്രൊഫ. റ്റി.സി. കുര്യാക്കോസിനും, അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

1996-97 കലാലയ വർഷത്തെ യൂണിയൻ ഭാരവാഹികൾ താഴെ പറയുന്നവർ ആണ്:

1. ചെയർമാൻ- ജെയ്സ് ജോസഫ് (III DC Eng.)
2. വൈസ് ചെയർമാൻ- ലില്ലിക്കുട്ടി കുര്യൻ (III DC Mal.)
3. ജനറൽ സെക്രട്ടറി- രാജീവ് ജോസഫ് (III DC Bcom.)
4. കൗൺസിലേഴ്സ്- ഹേനാ പി. എൻ. (II DC Phy.)
   - ജലീഷ് പീറ്റർ. (III DC Maths.)
5. ആർട്സ് ക്ലബ് സെക്രട്ടറി- നോബിൾ കുര്യൻ (III DC Eng.)
6. മാഗസിൻ എഡിറ്റർ- ജിജോമോൻ ജോസഫ്. (II DC Bcom.)

### വനിതാ പ്രതിനിധികൾ

1. മഞ്ജു വിൽസൻ (II PDC)
2. ബിസ്സി രാണി (II PDC)

### ക്ലാസ് പ്രതിനിധികൾ

I PDC - എബി കെ. സെബാസ്റ്റ്യൻ
II PDC - എബ്രാഹം എൻ. ജെ.
I DC - അഭിലാഷ് വി. പി.
II DC - ജോണി കെ. എം
III DC - കൃഷ്ണകുമാർ
I PG - രാജ്കുമാർ
II PG - പയസ് ജോർജ്ജ്.

## സത്യപ്രതിജ്ഞ

സെപ്റ്റംബർമാസം 11-ാം തീയതി നടന്ന ലളിതമായ ചടങ്ങിൽ വെച്ച് വിജയം വരിച്ച ഭാരവാഹികൾ ബഹുമാനപ്പെട്ട പ്രിൻസിപ്പാളിനു മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു സ്ഥാനമേറ്റു. തുടർന്ന് II PDC വിദ്യാർത്ഥിനി ആയിരുന്ന സുനിതാ തോമസിന്റെ വേർപാടിൽ യൂണിയനുള്ള അനുശോചനം ചെയർമാൻ ജെയ്സ് ജോസഫ് രേഖപ്പെടുത്തി.

## യൂണിയൻ മീറ്റിംഗ്

യൂണിയന്റെ പ്രഥമ എക്സിക്യൂട്ടീവ് മീറ്റിംഗ് പ്രിൻസിപ്പാളിന്റെ അദ്ധ്യക്ഷതയിൽ സെപ്റ്റംബർമാസം 30-ാം തീയതി ചേർന്ന് ഭാവിപരിപാടികൾക്ക് രൂപം നൽകി.

ഒക്ടോബർ മാസം 3-ാം തീയതി ചേർന്ന യൂണിയൻ മീറ്റിംഗിൽ വെച്ച് താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.

1. സ്പോർട്ട്സ് സെക്രട്ടറി - ജോബി മാത്യു (III DC Eco.)
2. SC/ST Rep. - അമ്പിളി കെ. ആർ. (II DC Eco.)
3. Sub Editors - രാജീവ് കുമാർ (I DC Eco.)
   - മാത്യു ജോസഫ് (II DC Eco.)
   - ബിൻസൺ കുര്യൻ (II DC Bcom.)

## യൂണിയൻ ഉദ്ഘാടനം

ഈ വർഷത്തെ യൂണിയൻ പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം ഒക്ടോബർ മാസം 16-ാം തീയതി ചെയർമാൻ ജയ്സ് ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വെച്ച് മുൻ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ അഡ്വ. കുര്യൻ ജോസഫ് ഉദ്ഘാടനം ചെയ്തു. ഹൈക്കോർട്ടിലെ അഡ്വ. ബാബു ജോസഫ്, എറണാകുളം സെന്റ് തെരേസാസ് കോളജിലെ പ്രൊഫ. മേഴ്സി വില്യംസ്, സ്റ്റാഫ് അഡ്വൈസർ ഡോ. ഫിലിപ്പ് ജോൺ എന്നിവർ ആശംസകൾ നേർന്നു. യൂണിയൻ ജനറൽ സെക്രട്ടറി രാജീവ് ജോസഫ് സ്വാഗതവും യൂണിയൻ വൈസ് ചെയർമാൻ കുമാരി ലില്ലിക്കുട്ടി കുര്യൻ നന്ദിയും രേഖപ്പെടുത്തി. തുടർന്ന് തൊടുപുഴ മൈറംസ് ഓർക്കസ്ട്രയുടെ ഗാനമേളയും ഉണ്ടായിരുന്നു.

## ആർട്സ് ക്ലബ്ബ്

ഈ കലാലയത്തിലെ ഓരോ വിദ്യാർത്ഥിയുടെയും കലാപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നിലകൊള്ളുന്ന ആർട്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായിരുന്നു.

## ആർട്സ് ക്ലബ്ബിന്റെ ഉത്ഘാടനം

നവംബർ മാസം 21-ാം തീയതി ചെയർമാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെച്ച് സിനിമാ താരം കലാഭവൻ നവാസ് ആർട്സ് ക്ലബിന്റെ ഉത്ഘാടനം നിർവ്വഹിച്ചു. ആർട്സ് ക്ലബ് സെക്രട്ടറി നോബിൾ കുര്യൻ സ്വാഗതവും, എഡിറ്റർ ജിജോ മോൻ ജോസഫ് നന്ദിയും രേഖപ്പെടുത്തി. തുടർന്ന് കലാഭവൻ നവാസിന്റെ നേതൃത്വത്തിൽ മിമിക്സ് പരേഡും അരങ്ങേറി.

## ആർട്സ് ഫെസ്റ്റിവൽ 1996.

ഡിസംബർ മാസം 12,13 തീയതികളിൽ മൂന്നു സ്റ്റേജുകളിലായി കലാമത്സരങ്ങൾ അരങ്ങേറി. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ധാരാളം വിദ്യാർത്ഥികൾ മത്സരങ്ങളിൽ പങ്കെടുത്തു. ആർട്സ് ക്ലബിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ എം.എസ് മൈക്കിൾ സാറിനും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

## സ്പോർട്ട്സ്

ഈ വർഷത്തെ സ്പോർട്ട്സ് ഫെബ്രുവരി മാസം 20,21 തീയതികളിൽ കോളേജ് ഗ്രൗണ്ടിൽ വെച്ച് നടത്തുകയുണ്ടായി. ഫാ. ജോസഫ് സെബാസ്റ്റ്യൻ മീറ്റ് ഉത്ഘാടനം ചെയ്തു. കായികമേളയുടെ വിജയത്തിനു സഹായിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

## കോളേജ് 'ഡേ'

ഈ വർഷത്തെ കോളേജ് ഡേ ആഘോഷങ്ങളുടെ ഉത്ഘാടനം ഫെബ്രുവരി മാസം 26-ാം തീയതി നടത്തുകയുണ്ടായി. യൂണിയൻ ചെയർമാൻ ജയിംസ് ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വെച്ച് സുപ്രസിദ്ധ സാഹിത്യകാരൻ അമ്പലപ്പുഴ രാമവർമ്മ കോളേജ് ഡേയുടെ ഉത്ഘാടനം നിർവ്വഹിച്ചു. കോളേജ് റിപ്പോർട്ട് പ്രിൻസിപ്പാൾ പ്രൊഫ. രാജർ ഐസക് തോമസും, യൂണിയൻ റിപ്പോർട്ട് ജനറൽ സെക്രട്ടറി രാജീവ് ജോസഫും അവതരിപ്പിച്ചു. കൗൺസിലർ ഹേനാ പി. എൻ സ്വാഗതവും, വൈസ് ചെയർമാൻ ലില്ലിക്കുട്ടി കുര്യൻ നന്ദിയും രേഖപ്പെടുത്തി. കോളേജ് ഡേയോട് അനുബന്ധിച്ച് ആലപ്പുഴ ക്ലാപ്സിന്റെ ഗാനമേളയും, ഇംഗ്ലീഷ് അസോസിയേഷന്റെ 'ജൂലിയറ്റ് സീസർ' എന്ന നാടകവും, വിദ്യാർത്ഥികളുടെ കലാപരിപാടികളും അരങ്ങേറി.

## മറ്റു നേട്ടങ്ങൾ.

നമ്മുടെ കോളേജിലെ ക്രിക്കറ്റ് ടീമും, ഡിബേറ്റ് ടീമും ദേവമാതായുടെ യശസ്സ് ഉയർത്തി പിടിക്കുന്നതിന് നമ്മെ സഹായിച്ചു. ജിജോ എബ്രഹാം ക്യാപ്റ്റനായുള്ള കോളേജ് ക്രിക്കറ്റ് ടീം ധാരാളം മത്സരങ്ങൾ വിജയിക്കുകയും ട്രോഫികൾ നേടുകയും ചെയ്തിട്ടുണ്ട്. ഈ അവസരത്തിൽ കോളേജ് യൂണിയന്റെ അഭിനന്ദനങ്ങൾ ഇവരെ അറിയിക്കുന്നു.

## ഈ വർഷം വിരമിക്കുന്നവർ

ദീർഘകാല സേവനത്തിനു ശേഷം നമ്മുടെ കോളേജിൽ നിന്നും ഈ വർഷം യാത്രപറയുന്ന പ്രൊഫ. കെ. ജെ ജോസഫ്, പ്രൊഫ. കെ.എം. എബ്രാഹം എന്നിവർക്ക് യാത്രാ മംഗളങ്ങൾ നേരുന്നു.

## ഉപസംഹാരം

ഈ വർഷത്തെ യൂണിയൻ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകിയ പ്രിൻസിപ്പാൾ ഐസക് തോമസ് സാറിനും, ശരികളിലുപരി തെറ്റുകൾ പറ്റാവുന്ന ഞങ്ങളെ തിരുത്തി ശരിയുടെ പാത കാണിച്ചു തന്ന സ്റ്റാഫ് അഡ്വൈസർ ഡോക്ടർ ഫിലിപ്പ് ജോണിനും, സ്റ്റാഫ് ട്രഷറർ കെ. ജെ മാത്യു സാറിനും, മറ്റ് അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

മുൻ വർഷങ്ങളിൽ നിന്നു വ്യത്യസ്തമായി യൂണിയന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ഈ കോളേജിലെ എല്ലാ വിദ്യാർത്ഥികളുടെയും സാന്നിദ്ധ്യവും സഹകരണവും ഉണ്ടായിരുന്നു എന്നുള്ളത് യൂണിയന്റെ വിജയമായി ഞങ്ങൾ കരുതുന്നു. അതിനു സഹായിച്ച എല്ലാ വിദ്യാർത്ഥികൾക്കും നന്ദി രേഖപ്പെടുത്തുന്നു. അടുത്തു വരുന്ന സർവ്വകലാശാല പരീക്ഷകളിൽ എല്ലാവർക്കും ഉന്നതവിജയം ഉണ്ടാകട്ടെ എന്ന് ഈശ്വരനോട് പ്രാർത്ഥിക്കുന്നു.

ഒരു നല്ല കലാലയ അന്തരീക്ഷം നിലനിർത്തുന്നതിനും, വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനും, ഈ യൂണിയന് കഴിഞ്ഞു എന്ന എളിയ ആത്മവിശ്വാസത്തോടെ ഈ റിപ്പോർട്ട് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

എന്ന് സ്നേഹപൂർവ്വം
നിങ്ങളുടെ ജനറൽ സെക്രട്ടറി
രാജീവ് ജോസഫ്

## English Association

The activities were formally inaugurated by Prof. T. R. S. Iyer (Ret. Prof. St. Thomas College, Pala) on 7th Nov. 1996. Prof. K. M. Chacko gave presidential address, Prof. (Major) Issac Thomas gave felicitation and the secretary gave a warm welcome to the gathering.

The extension lectures of the association have begun with an inspiring lecture by Shri. M. S. Michael on "the fool in Shake speare". Association won the overall championship in Arts Festival and in Gloria '96, and CMS Christmas Fest, we won the third place in carol contest.


In the Quiz Competion conducted by the association on 18th Feb. 97, the teams Suja & Mathew, Sophia & Shino and Sachin & Sajimon won the first, second and third prizes respectively.

On the College Day celebrations on 26th Feb. 97, the association staged some selected scenes from ' Julius Ceaser '. Mr Michael, Roy Sebastian, Joseph Mattom of the English Dept. and about fourty students participated in it.

We brought out the fourth volume of our manuscript magazine " The Rainbow " at our English Day celebrations. Our Chief Guest on the occasion was Dr. Mathew Joseph, Vice-Principal, St. Thomas College, Pala.

I am very thankful to all who have given me valuable guidance and help.

Thanking you,



Philip N. J., II D. C.
Secretary

## Physics Association - 96-97

The activities of the physics association was formally inagurated by Dr. Unnikrishnan Nair (M. G. University School of Pure and Applied Physics) on the 22nd Nov. 96. Pro. P.J. John our beloved department head precided over the occasion. The cheif guest gave an interesting lecture on LASER's.

The students of this association participated in various cultural programmes and competitions inside the college. The association won prizes for carrol songs and skit competitions which was held as the part of christmas celebrations gloria-96.

The association gave a wonderful opportunity to those who were intrested in the art of teaching to give lectures on various subjects in the presence of the teachers and all the students of this association.

I take this chance to express my sincere gratitude to the teachers of this department expecially John sir and to my collegues who were with me to discharge my duties sincerely

Secretary
Mathew Abraham
III DC PHYSICS

## Earth watch movement of Haritha nature club.

The activities of 'Earth Watch was inagurated by Dr. M.K. Jaya Devan N.D. (Ortho pothist) on October 19th. He gave an intresting, talk on the 'Wonderful Human body'. Ear th watch members conducted different kinds of debate on various subjucts such as, 'campus politics, students and nature, Religion, plastics dist ruction, Regenerative gardening etc......

The Vaikom branch of I M A' together with Earth Watch celeberated Anti-aids day on 1st December. We, nature lovers conducted a one day nature camp at Eringole Kave and 'Bhuthathan kettu' and also a ' 3 ' day trekking camp at Munnar-Kodaikanal forest areas.

I am most thankful to our directors, Prof. Prasad Paul and Prof. George Murikan and all the members of Earth watch for the full hearted co-operation.

Secretary
Rony Mathew
I DC Zoology.



## MATHEMATICS ASSOCIATION

The activities of the association were formally inaugurated by famous malayalam novelist Sri Perumpadavam Sreedharan on 19th November 1996, in the presidency of Prof. M.V. Peter, head of the dept. Principal Prof.(Major) Issac Thomas was present on the occasion and felicitation was there by Sri Thekkinkad Joseph (Sub editor, Deepika).

Association proud by celebrated its glorious victory in Gloria 96, conducted by CSM unit by winning the cash awards for the best skit and the best fancy dress.

Association conducted a quiz programme on Mathematics for degree students. The members of the association had won many prizes in different competitions. Mr. Saleesh Peter, Mr. Sivaram E.S, Mr. Anusankar P.N, and Miss Joby Zacharia were among them. Members participated in various extra-curricular activities of the college and a warm sent off was given to the outgoing students on 6th March 1997.

Let me thank personally Prof. (Major) Issac Thomas (Principal), Prof. M.V. Peter, respected teachers, and my dear and loving friends who helped to fulfil my duties as the secretary.



Secretary
Sivaram E.S.


## കെമിസ്ട്രി അസോസിയേഷൻ

അസോസിയേഷന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം 1996 15-ാം തീയതി Dr. K. P. Sukumaran Nair(Prof St Dominics College, Kanjirapally) നിർവ്വഹിച്ചു. തുടർന്ന് അദ്ദേഹം രസതന്ത്ര പഠനത്തിന്റെ ആവശ്യകതയെക്കുറിച്ച് വിദ്യാർത്ഥികളോട് സംസാരിച്ചു. തദവസരത്തിൽ അസോസിയേഷൻ സെക്രട്ടറി സന്തോഷ് അഗസ്റ്റിൻ അദ്ധ്യക്ഷം വഹിച്ചു.

അസോസിയേഷൻ പ്രവർത്തനങ്ങളുടെ മുഖ്യാകർഷണം, വർഷങ്ങളായി നടത്തി വരാറുള്ള All Kerala Inter Collegiate Chemi Quiz Competion ആണ്. ഈ മത്സരത്തിൽ ദേവമാതാ കോളേജ് രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടി. ഇത് തികച്ചും അഭിമാനാർഹമാണ്.

Christmas- ആഘോഷങ്ങളുടെ ഭാഗമായി നടന്ന ക്രിസ്മസ് കരോൾ മത്സരത്തിൽ Chemistry Association Ist Prize നേടി. Arts Festival നോട് അനുബന്ധിച്ച് നടന്ന മത്സരങ്ങളിലും ഈ അസോസിയേഷനിലെ വിദ്യാർത്ഥികൾ സജീവമായി പങ്കെടുത്തു. വിജയികൾക്കെല്ലാം അഭിനന്ദനങ്ങൾ.

അസോസിയേഷന്റെ എല്ലാ വിധ പ്രവർത്തനങ്ങൾക്കും എന്നോടൊത്ത് സഹകരിച്ച എല്ലാ സുഹൃത്തുക്കൾക്കും നന്ദി പറയുന്നു.



അസോസിയേഷൻ സെക്രട്ടറി
സന്തോഷ് അഗസ്റ്റിൻ

## ക്വിസ് ക്ലബ്ബ്

ക്വിസ് ക്ലബ്ബിന്റെ 96-97 അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം ഒക്ടോബർ 10-ാം തീയതി ബഹുമാനപ്പെട്ട പ്രിൻസിപ്പൽ പ്രൊഫ. ഐസക് തോമസ് നിർവ്വഹിച്ചു. ഒക്ടോബർ 17-ാം തീയതി സുജ മാത്യു, ധനീഷ് ജോസഫ്, ഷിനോ പി. എസ്, ധന്യാ ജോർജ്ജ്, ലിസ പി. ലൂക്കോസ് എന്നിവർ കോളേജ് ക്വിസ് ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഒക്ടോബർ 25-ാം തീയതി നടത്തിയ UN Quiz-ൽ ഷിനോ-മുഹമ്മദ്-ധനീഷ് ടീം ഒന്നാം സ്ഥാനം നേടി. "ലോകസമാധാനത്തിൽ UN-ന്റെ പങ്ക്" എന്ന ഉപന്യാസ രചനാ മത്സരത്തിൽ ലിസ പി ലൂക്കോസ് ഒന്നാമതെത്തി. നവംബർ 1-ന് നടത്തിയ "കേരളത്തെ അറിയുക" എന്ന ക്വിസ് മത്സരത്തിൽ അനു ശങ്കർ-നന്ദകിഷോർ - സനീഷ് ടീമും നവംബർ 6-ന് നടത്തിയ സാഹിത്യ ക്വിസ്സിൽ സുജ-മഞ്ജു - ലിസ ടീമും ഒന്നാം സ്ഥാനം നേടി. നവംബർ 14-ന് നടത്തിയ പ്രശ്നോത്തരിയിൽ മഞ്ജു - ഷിനോ - ധനീഷ് ടീം ഒന്നാമതെത്തി.

ക്ലബ്ബ് അംഗങ്ങൾക്ക് വേണ്ടി പ്രത്യേകപരിശീലന പരിപാടി നവംബർ 18-ന് ആരംഭിച്ചു. പൊതുവിജ്ഞാനകുറിപ്പുകൾ ആനുകാലിക സംഭവങ്ങളെ ആസ്പദമാക്കിയുള്ള ലേഖനങ്ങൾ തുടങ്ങിയവ ക്രോഡീകരിച്ച് ഇൻഫോ ഫയൽ എന്ന പേരിൽ ഒരു മാസിക പുറത്തിറക്കുകയുണ്ടായി.

നവംബർ 22-ന് നടത്തിയ Sports Quiz -ൽ മഞ്ജു - ധനീഷ് - സനീഷ് ടീമും ഡിസംബർ 9-ന് നടത്തിയ Film Quiz- ൽ അനു ശങ്കർ - നന്ദകിഷോർ - സനീഷ് ടീമും ഒന്നാമതെത്തി. ഡിസംബർ 5-ന് സംഘടിപ്പിച്ച Deva Matha Trophy ക്ക് വേണ്ടിയുള്ള അഖില കേരള ക്വിസ് മത്സരത്തിൽ C M S College Kottayam ഒന്നാം സ്ഥാനവും St. Thomas Training College രണ്ടാം സ്ഥാനവും നേടി. നിർമ്മിതി ക്ലബ്ബും ക്വിസ് ക്ലബ്ബും സംയുക്തമായി സംഘടിപ്പിച്ച പ്രശ്നോത്തരിയിൽ ജൂലിസ് - മഞ്ജു ടീം ഒന്നാമതെത്തി.

ഫെബ്രുവരി 13-ന് നാട്ടകം ഗവ. കോളേജിൽ നടന്ന A. V. John Memorial Inter Collegeate Quiz Competition ൽ അനുശങ്കർ - ഷിനോ ടീം രണ്ടാം സ്ഥാനവും, നവംബർ 1-ന് മാതൃഭൂമി സ്റ്റഡി സർക്കിൾ സംഘടിപ്പിച്ച Inter Collegeate Quiz Competition -ൽ ഷിനോ-ധനീഷ് ടീം മൂന്നാം സ്ഥാനവും കരസ്ഥമാക്കുകയുണ്ടായി. ക്വിസ് ക്ലബ്ബിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ എല്ലാവരോടും ക്ലബ്ബിനുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.

സെക്രട്ടറി

ട്രാഫിക് നിയമങ്ങൾ പഠിക്കുക പാലിക്കുക
ഡ്രൈവിംഗ് പഠനത്തിന്

## ഇംബാലാ സ്കൂൾ ഓഫ് ഡ്രൈവിംഗ്

കുറവിലങ്ങാട് – ഓഫീസ് വില്ലേജ് ഓഫീസിനു മുൻവശം – കോട്ടാ

ജീപ്പ്
കാർ

L

ബസ്, ലോറി
സ്കൂട്ടർ, ഓട്ടോറിക്ഷാ

ഒരേ ഫീസിൽ കാറിലും, ജീപ്പിലും ഡ്രൈവിംഗ് പഠിപ്പിച്ച്, നിങ്ങൾ പഠിച്ചുവെന്ന്
പൂർണ്ണബോദ്ധ്യം വരുമ്പോൾ ഡ്രൈവിംഗ് ടെസ്റ്റ്.
വനിതകൾക്ക് പ്രത്യേക പഠനസൗകര്യം വിദ്യാർത്ഥികൾക്കും ഉദ്യോഗസ്ഥർക്കും
അവരവരുടെസൗകര്യാർത്ഥം പഠിപ്പിക്കുന്നു.
പുരുഷൻമാർക്ക് പഠിച്ച് ലൈസൻസ് എടുക്കുന്നതിന് 1500 രൂപാ.

ഇംബാലാ
കുറവിലങ്ങാട് ( ഗവ. അംഗീകൃതം )

ആശംസകൾ

## പോപ്പുലർ ബേക്കറി

കുറവിലങ്ങാട്

ഫോൺ – 230 295
230 372
230 291

## ZEEKAR DECORATIONS

PUTHANPURAYIL BUILDING
M. C. ROAD KURAVILANGAD.
Phone : 0482 - 231116

ഫൈബർ കസേര, സ്റ്റീൽ കസേര, മേശ, പാത്രങ്ങൾ
മുതലായ എല്ലാ സാധനങ്ങളും വാടകയ്ക്ക് നൽകുന്നു.

"Hear Instruction and Be wise, and refuse it not"

# നിർമ്മലാ കോളിജ്

## COLLEGE OF ENGLISH

(പോസ്റ്റോഫീസിന് എതിർവശം)
കുറവിലങ്ങാട്.

PARALLEL & TUTIONS

**S.S.L.C**
**PDC & IV Groups**
**B.A, B. Com**
**M. Com &**
**M.A. English**

**Spoken English**
**Art of Public Speaking**
**&**
**Personality**
**Development course**

WELL EQUIPPED LABS FOR - PHYSICS & CHEMISTRY
(PDC & Degree)

**Subjects**

English, Maths, Physics, Chemistry, Botany, Zoology, Costing, Accountancy, Statistics & Economics

SESSIONS

Sept & March (PDC & Degree)

**Practical** - ന് മാത്രമായും ചേരാവുന്നതാണ്.

Principal
P.C. James

# N. S. S. REPORT 1996 - 97.

ഭാരതത്തിലെ 168 യൂണിവേഴ്സിറ്റികളിലായി പടർന്നു പന്തലിച്ചിരിക്കുന്ന നാഷണൽ സർവ്വീസ് സ്കീം എന്ന മഹാവൃക്ഷത്തിലെ തഴച്ച് വളരുന്ന ഒരു ശിഖരമായ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിക്കും ആ ശിഖരത്തിലെ പച്ചപിടിയുള്ള ഇലകളിലൊന്നായ ദേവമാതാ കോളേജിനും മനസമാധാനിക്ക് ഉതകുന്ന രീതിയിൽ പുരോഗമനാത്മകമായ പല പ്രവർത്തനങ്ങളും 1996–97 അദ്ധ്യയനവർഷം കാഴ്ചവയ്ക്കുവാൻ സാധിച്ചു. നവാഗതരുടെ രജിസ്ട്രേഷനുശേഷം 10–8–96–ൽ കോളേജ് മാനേജർ റവറന്റ് ഫാദർ ജോസഫ് പനിയാത്ത് ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഔദ്യോഗികമായ ഉദ്ഘാടനം നിർവ്വഹിച്ചു. ഈ വർഷത്തെ പ്രവർത്തനങ്ങളെ കൂടുതൽ സജീവമാക്കുന്നതിനായി കെമിസ്ട്രി വിഭാഗം അദ്ധ്യാപികയായ സിസ്റ്റർ വിൻസി സി. എം. സി. പ്രോഗ്രാം ഓഫീസർമാരായ റ്റി. റ്റി. തോമസ് – ഇംഗ്ലീഷ് വിഭാഗം, ഡോ. വി. എം. മാത്യു – മലയാളവിഭാഗം – എന്നിവരോടൊപ്പം ചാർജ്ജെടുത്തു. വോളണ്ടിയർമാരുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനായി ജോബി തോമസ്, ജിജി കുര്യൻ, പ്രിൻസി അബ്രാഹം എന്നിവർ വോളണ്ടിയർ സെക്രട്ടറിമാരായും തെരഞ്ഞെടുക്കപ്പെട്ടു.

ആഗസ്റ്റ് 15–ന് 'മതസൗഹാർദ്ദം' എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ദേവമാതാ കോളേജിലെ എൻ. എസ്. എസ്. യൂണിറ്റ്, എൻ. സി. സി. യുടെയും, കുറവിലങ്ങാട് വൈ. എം. സി. എ. യുടെയും സഹകരണത്തോടെ ഒരു ഇൻഡിപെൻഡൻസ് ഡേ റാലി സംഘടിപ്പിക്കുകയുണ്ടായി.

ഈ വർഷത്തെ ദശദിന ക്യാമ്പ് 23 - 8 - 96 മുതൽ 1 - 9 - 96 വരെ കല്ലറ ഗ്രാമത്തിൽ വച്ച് നടത്തപ്പെട്ടു. കല്ലറ സെന്റ്. തോമസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ അഡ്വ. മോൻസ് ജോസഫ് എം. എൽ. എ. ഉദ്ഘാടനം നിർവ്വഹിച്ചു. 'യുവജനങ്ങൾ സ്ഥായിയായ വികസനത്തിനു' എന്ന ലക്ഷ്യവുമായി ആരംഭിച്ച ക്യാമ്പ് ഒരു വൻ വിജയമായിരുന്നു. ശ്രമദാനത്തിന്റെ ഭാഗമായി കല്ലറ ഗ്രാമത്തിൽ വർഷങ്ങളായി പൂർത്തിയാകാതെ കിടന്ന റോഡ് വീതി കൂട്ടുന്നതിനും നാട്ടുകാർക്ക് ഉപകാരപ്രദമാക്കുന്നതിനും സാധിച്ചു. വാട്ടർ ഷെഡ് മാനേജ്മെന്റും ക്യാമ്പിന്റെ ലക്ഷ്യമായിരുന്നു. കൂടാതെ ട്രക്കിംഗ്, ഓണാഘോഷപരിപാടികൾ, ക്ലാസ്സുകൾ എന്നിവ ഈ ക്യാമ്പിന്റെ ഭാഗമായി നടത്തപ്പെട്ടു. 27–8–96–ൽ കല്ലറയിൽ നടത്തിയ ഓണം റാലി നാട്ടുകാരുടെ മുക്തകണ്ഠമായ പ്രശംസ പിടിച്ചുപറ്റി.

ഗാന്ധിജയന്തിയുടെ ഭാഗമായി നാഗാർജ്ജുന ആയുർവേദ റിസർച്ച് ഫൗണ്ടേഷന്റെ സഹകരണത്തോടെ ക്യാമ്പസിൽ ഔഷധ മരങ്ങൾ വച്ചുപിടിപ്പിക്കുകയും, കുട്ടികൾക്കിടയിൽ ഔഷധസസ്യങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുന്നതിന്റെ ഭാഗമായി നാഗാർജ്ജുനയിൽ നിന്നെത്തിയ പി. കെ. നാരായണൻ സാർ ക്ലാസ് എടുക്കുകയും ചെയ്തു.

ഈ വർഷം പാലാ - അന്തിനാട്ടിൽ പ്രവർത്തിക്കുന്ന ശാന്തിനിലയത്തിലെ അന്തേവാസികൾക്കു വേണ്ടി കുട്ടികളിൽ നിന്നും പഴയ വസ്ത്രങ്ങൾ ശേഖരിക്കുകയുണ്ടായി. ധാരാളം ഉപയോഗയോഗ്യമായ വസ്ത്രങ്ങൾ ശേഖരിക്കാനും ശാന്തിനിലയത്തിൽ എത്തിച്ചുകൊടുക്കാനും സാധിച്ചു.

നവംബർ രണ്ടിന് ജനകീയ ആസൂത്രണ പരിപാടിയുടെ ഭാഗമായി വികസന പ്രവർത്തനങ്ങളിൽ ബഹുജനങ്ങളെ പങ്കാളികളാക്കുന്നതിനു വേണ്ടി ശ്രമദാനമായി കുറവിലങ്ങാട് പഞ്ചായത്തിൽ റോഡു വെട്ടുകയുണ്ടായി. ഉദ്ഘാടനം അഡ്വ. അക്കാമ്മ ജോസഫ് നിർവ്വഹിച്ചു.

ഈ അദ്ധ്യയനവർഷത്തിൽ ഈ കോളേജിലെ ആറ് എൻ. എസ്. എസ്. വോളണ്ടിയർമാർ – പ്രിൻസി അബ്രാഹം, ബോബിമോൾ ബേബി, ജിസ്സി സെബാസ്റ്റ്യൻ, തെരേസ് ജോസഫ്, തങ്കമണി പി. സി, ബെറ്റി മോൾ ജോസഫ് എന്നിവർ സിസ്റ്റർ വിൻസി സി. എം. സി. യുടെ നേതൃത്വത്തിൽ മഹാത്മാഗാന്ധിയൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് മദ്ധ്യപ്രദേശിലെ ഗുണായിൽ വച്ച് നടന്ന എൻ. ഐ. സി. 96–ൽ പങ്കെടുക്കുകയുണ്ടായി. നവംബർ 19 – മുതൽ 25 – വരെ നടന്ന പ്രസ്തുത ക്യാമ്പിൽ കേരളാ ഗ്രൂപ്പിന്റെ ലീഡർ, പ്രിൻസി അബ്രാഹം 'ബെസ്റ്റ് പോപ്പുലർ ഗേൾ ഇൻ എൻ. ഐ. സി. 96' ആയി തെരഞ്ഞെടുക്കപ്പെട്ടു. മറ്റു കോളേജുകളിൽ നിന്നായി നാലു കുട്ടികൾ കൂടി ഈ ക്യാമ്പിൽ പങ്കെടുത്തിരുന്നു. കേരളത്തിന്റെ പ്രതിനിധികൾ മദ്ധ്യപ്രദേശിൽ കേരള തനിമയുള്ള നൃത്യനൃത്യകലാ വാദ്യങ്ങളിലൂടെ കേരളത്തിന്റെയും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെയും യശസ്സ് ഉയർത്തിപ്പിടിച്ചു.

ഡിസംബർ രണ്ടിന് എൻ. എസ്. എസ്. ന്റെ നേതൃത്വത്തിൽ എയിഡ്സ് ഡേ സംഘടിപ്പിച്ചു.

ഈ വർഷവും 'മാതാമാതാ കോളേജ് ഓഫ് മെഡിക്കൽ ടെക്നോളജി' യുടെ ആഭിമുഖ്യത്തിൽ രക്ത ഗ്രൂപ്പ് നിർണ്ണയം എൻ. എസ്. എസ്. ഏറ്റെടുത്തു നടത്തുകയുണ്ടായി.

ഡിസംബർ 6,7,8 തീയതികളിൽ ഒരു അന്തർ കലാശാല 'സംഗീത, നാടക ശില്പശാല' നമ്മുടെ കോളേജിൽ വച്ച് നടത്തപ്പെട്ടു. മഹാത്മാഗാന്ധി വാഴ്സിറ്റി സ്കൂൾ ഓഫ് ലെറ്റേഴ്സിലെ അദ്ധ്യാപകനും തിരക്കഥാകൃത്തുമായ പി. ബാലചന്ദ്രനും, റിസർച്ച് സ്കോളേഴ്സ് ആയ രാജാ വാര്യർ, അജിത്ത് എന്നിവരും ക്ലാസ്സുകൾ എടുത്തു.

ജനുവരി 3,4,5 തീയതികളിൽ ചിന്നാർ വനാന്തരങ്ങളിൽ നടന്ന പ്രകൃതി പഠനക്യാമ്പ് തികച്ചും വിജ്ഞാനപ്രദവും ഉല്ലാസകരവുമായിരുന്നു. ഈ ക്യാമ്പിലൂടെ പ്രകൃതിയെ അനുഭവിച്ചറിയുന്നതിനും മനസ്സിലാക്കുന്നതിനും സാഹസികതയുടെ പിൻബലത്തോടെ സാധിച്ചു.

ഈ വർഷത്തെ എടുത്തു പറയത്തക്ക മറ്റൊരു നേട്ടം ആദ്യമായി ഒരു അന്തർ കലാശാല യൂത്ത് ഫെസ്റ്റിവൽ – എൻ. എസ്. എസ്. ഫെസ്റ്റ് 97 – ഈ കോളേജിൽ സംഘടിപ്പിക്കുവാൻ സാധിച്ചു എന്നതാണ്.

വിവിധ കോളേജുകളിൽ നിന്നായി അറുനൂറ്റിഅമ്പതിൽ പരം കുട്ടികൾക്ക് ആതിഥ്യമരുളുവാൻ നമുക്ക് അവസരം ലഭിച്ചു. 10-2-97-ൽ അഡ്വ. മോൻസ് ജോസഫ് എം. എൽ. എ. ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഡോ. എം. സി. ചാക്കോ – രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി – അദ്ധ്യക്ഷത വഹിച്ചു. ക്യാമ്പിന്റെ ഭാഗമായി നടന്ന സാംസ്കാരിക സമ്മേളനത്തിൽ ബഹു. കേരള വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ പി. ജെ. ജോസഫ് ഉദ്ഘാടനകർമ്മം നടത്തി. തുടർന്ന് നടന്ന സാംസ്കാരിക ഘോഷയാത്രയ്ക്ക് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എൻ. എസ്. എസ്. പ്രോഗ്രാം കോ – ഓർഡിനേറ്റർ റ്റി. സി. തോമസ് നേതൃത്വം നൽകി. 12 – ന് നടന്ന സമാപന സമ്മേളനത്തിൽ പ്രൊഫ. ഡോ. വി. എൻ. രാജശേഖരൻ പിള്ള – വി.സി. – മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി – സമ്മാനദാനം നിർവഹിച്ചു. കലാ മത്സരങ്ങളിൽ പത്തനംതിട്ട കതോലിക്കേറ്റ് കോളജ് ഒന്നാം സ്ഥാനം നേടി. എറണാകുളം മഹാരാജാസിലെ സച്ചിൻ കലാപ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ടു. കലാതിലകപട്ടം രണ്ടുപേർ തുല്യമായും പങ്കിട്ടു.

ആഗ്രയിൽ വച്ച് നടന്ന മറ്റൊരു നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പിലേയ്ക്ക് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് ഈ കോളേജിലെ അവിനാഷ് മാത്യു, ജോബി തോമസ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

20-2-97-ൽ നടന്ന സമാപന സമ്മേളനത്തോടെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് തിരശ്ശീല വീണു. ഈ വർഷത്തെ പ്രവർത്തന പരിപാടികൾക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും നല്കിയ ബഹു. പ്രിൻസിപ്പലിനും, ഞങ്ങളെ നയിക്കുന്ന പ്രോഗ്രാം ഓഫീസർമാർക്കും, അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും എല്ലാറ്റിനും ഉപരിയായി ഈ വർഷത്തെ പ്രവർത്തനങ്ങളെ ചൈതന്യവത്താക്കി മാറ്റിയ എൻ. എസ്. എസ്സിനോടു സഹകരിച്ച എല്ലാ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ വർഷത്തെ എൻ. എസ്. എസ്. പ്രവർത്തന റിപ്പോർട്ട് നിങ്ങളുടെ മുമ്പിൽ സവിനയം സമർപ്പിക്കുന്നു.

വോളണ്ടിയർ സെക്രട്ടറിമാർ,

ജോബി തോമസ്
രണ്ടാംവർഷ ബി.കോം.

ജിജി കുര്യൻ
രണ്ടാംവർഷ ഇംഗ്ലീഷ് സാഹിത്യം.

പ്രിൻസി അബ്രാഹം
രണ്ടാംവർഷ മലയാള സാഹിത്യം.


Joby Thomas


Gigi Kurian


PrincyAbraham

N.S.S.
Volunteers
Secretary





## N.C.C. REPORT

With great pleasure I present this brief report of N.C.C. training and activities during the year 1996-1997. The company functioned in a better and effective manner under, the able leadership of our N.C.C. officer LF. A. Cyriac Sebastian Dept. of English.

The cadets were appointed senior under officer, under officers, ........corprates and LF Col Mr. Manoj V.M. was the senior under officer. Mr. Roy Sebastian (III DC - Eco) Balachandran M.V. and Jijomon K.C, were the under officers. The cadates were given proper training by officers, instructures and seniors.

Under Officer Anish Thomas represented Kerala in Repablic Parade and Priministers rally New Delhi. He is the best cadate of D.M.C. this year. Under officer Bibin Raj V.R wasenrolled as an air man in Air Force. Under officer Cyril was also recruited as sailor in navy. Sijomon M.B., Navish N.M. and George Gervasis attempted army attachment. Camp at Beljam. We conducted trekking at Wagamannu and Aruvithara under the leadership of LT. A Syriac Sebastian. Another significant event is the annual training camp of 650 cadates officers and militory men conducted at this college during Onam holiday.

Through the Annual training camp at K.V.L.D., Kanjirappally and Changanassery all our second year cadets N.C.C. and its activities.

Our company celebrated Independence Day. Rev. Fr. Augustian Pullukala was the chief gust. We also celebrated 49th Anniversary of N.C.C. at St. Thomas College Palai 17K(B.N) N.C.C. The principal of D.M.C. Major Issac Thomas was the chief guest. Lf / col N.M. Uprethi also participated in the function. All our cadates got exact firing practice with 202 rifle at the firing range of D.M.C. ground. This year five of our cadate appeard O' for C certificate examination and our fourty two cadates appeared for 'B' certificate examination. Before concluding this report I wish to extend my sincer thanks to our principal Major Issac Thomas whose guidance was very helpful to as I am greatful our associated N.C.C. officer LT. A Syriac Sebatian lecturer of this college. The commanding officer Lt/col N.M. Uprethi and instructions for their useful guidance.

Su/o Manoj V. M.





u/o ANISH THOMAS participated R. D. parade in Delhi

Principal welcome Anish Thomas who represented Kerala in Repablic Day Parade and Prime Minister's Rally New Delhi

# മലയാള സമാജം

ഒന്നാം വർഷ വിദ്യാർത്ഥികൾക്കു 8-8-96-ൽ നൽകിയ സ്നേഹോഷ്മളമായ വരവേല്പോടെ ഈ വർഷത്തെ അസോസിയേഷൻ പ്രവർത്തനങ്ങൾക്കു തിരശ്ശീലയുയർന്നു.

മലയാള സമാജ ഉദ്ഘാടനം 12-11-96-ൽ പ്രശസ്ത സാഹിത്യകാരനായ ജോസഫ് മറ്റം നിർവ്വഹിച്ചു. ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി അദ്ധ്യാപകനായ ഡോ. അജയൻ നമ്പൂതിരി ക്ലാസ്സെടുത്തു. തുടർന്നു കുട്ടികളുടെ വിവിധ കലാപരിപാടികളും അരങ്ങേറി.

28-11-96-ൽ നടന്ന 'കാവ്യസന്ധ്യ'യിൽ പ്രശസ്ത കവിയായ 'കരിപ്പുഴ ശ്രീകുമാർ' തന്റെ കവിതകളും, നാടൻ പാട്ടുകളും വളരെ ഹൃദയഹാരിയായി ആലപിച്ചു. ഡിസംബർ 4-ന് ചേർത്തല സരസ്വതിയമ്മയുടെ കവിതാലാപനവും, പുസ്തകവില്പനയും നടന്നു.

സ്നേഹത്തിന്റെ സന്ദേശവുമായി കടന്നുവന്ന ക്രിസ്മസ്സ് മലയാള കുടുംബവും സമംഗളം കൊണ്ടാടി.

കഥകളി അഭിനയ ചക്രവർത്തിയായ ശ്രീ. കലാമണ്ഡലം സി. ആർ. ആർ. നമ്പൂതിരിയും, പ്രശസ്ത ചിത്രകാരനും സംഗീതസമ്രാട്ടുമായ ശ്രീ. കൊട്ടയ്ക്കൽ പരമേശ്വരൻ നമ്പൂതിരിയും കൂടി 31-1-97-ൽ ക്ലാസ്സു നയിക്കുകയുണ്ടായി. 1997 - ഫെബ്രുവരി 1 - ന് നടന്ന സിമ്പോസിയത്തിൽ 'അസ്തിത്വദർശനത്തിന്റെ സ്വാധീനം മലയാള സാഹിത്യത്തിൽ' എന്ന വിഷയത്തെ അധികരിച്ച് പാലാ സെന്റ്. തോമസ് കോളേജ് അദ്ധ്യാപകനായ ഫാ. സെബാസ്റ്റ്യൻ തോണിക്കുഴിയും, തദനന്തരം, 'ഭാരതീയ സൗന്ദര്യ ദർശനത്തിന്റെ സ്വാധീനം കുട്ടികൃഷ്ണമാരാരുടെ കൃതികളിൽ' എന്ന വിഷയത്തെപ്പറ്റി ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി അദ്ധ്യാപകനായ ഡോ. പി. എസ്. രാധാകൃഷ്ണനും ക്ലാസ്സെടുത്തു.

കോളേജ് യൂണിയൻ സംഘടിപ്പിച്ച ആർട്സ് ഫെസ്റ്റിവലിൽ സ്കിറ്റ്, ഒപ്പന, തിരുവാതിര, മൈം, കിച്ചൺ മ്യൂസിക്, പെയിന്റിംഗ് തുടങ്ങി നിരവധി മത്സരങ്ങളിൽ മലയാള സമാജം ഒന്നാം സ്ഥാനം നേടി കലാസ്വാദകരുടെ ശ്രദ്ധ പിടിച്ചു പറ്റുകയുണ്ടായി. സി.എസ്. എം. ന്റെ ആഭിമുഖ്യത്തിൽ 'ഗ്ലോറിയ 96' എന്ന പേരിൽ നടത്തിയ മത്സരങ്ങളിൽ സ്കിറ്റിനു രണ്ടാം സ്ഥാനവും, ഫാൻസിഡ്രസ്സിനു 3-ാം സ്ഥാനവും നേടാൻ കഴിഞ്ഞു.

മലയാള കുടുംബത്തിന്റെ കാരണവരായ പ്രൊഫ. കെ. ജെ. ജോസഫ് സാറിന് ഫെബ്രുവരി 13-ാം തീയതി സ്നേഹോഷ്മളമായ യാത്രയയപ്പു നൽകുകയുണ്ടായി. പ്രസ്തുത യോഗത്തിൽ സമാജത്തിന്റെ ഈ വർഷത്തെ സംഭാവനയായ 'സാരസ്വതം - 97' എന്ന കയ്യെഴുത്തു മാസികയുടെ പ്രകാശന കർമ്മവും പ്രൊഫസർ നിർവ്വഹിക്കുകയുണ്ടായി.

1997 - ഫെബ്രുവരി 24-ാം തീയതി മലയാള സമാജത്തിന്റെ സമാപന സമ്മേളനവും മൂന്നാം വർഷ വിദ്യാർത്ഥികൾക്കു നൽകിയ സ്നേഹാർദ്രമായ യാത്രയയപ്പോടു കൂടി ഈ വർഷത്തെ അസോസിയേഷൻ പ്രവർത്തനങ്ങൾക്കു തിരശ്ശീല വീണു.

ഈ വർഷത്തെ പ്രവർത്തനങ്ങളിൽ എന്നെ ഉപദേശിക്കുകയും, സഹായിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാ ഗുരുക്കന്മാർക്കും ഈ പദവി അലങ്കരിക്കാൻ എന്നെ നിസ്വാർത്ഥമായി സഹായിച്ച എന്റെ പ്രിയ സുഹൃത്തുക്കൾക്കും എന്റെ കടപ്പാടും നന്ദിയും അർപ്പിച്ചു കൊണ്ട് ഈ റിപ്പോർട്ട് സകലരുടെയും സമക്ഷം സമർപ്പിച്ചു കൊള്ളുന്നു.

സവിനയം

സെക്രട്ടറി
ഉണ്ണികൃഷ്ണൻ എൻ.




**പല്ലവി ഷോപ്പി**
സെൻട്രൽ ജംഗ്ഷൻ കുറവിലങ്ങാട്
PH : 230113

ചെരുപ്പുകൾ, ബാഗുകൾ, പ്രസന്റേഷൻ സെറ്റുകൾ, ലേഡീസ് ചോയ്സ്, സ്റ്റീൽ പാത്രങ്ങൾ, ജോൺസ്, പോപ്പി കുടകൾ

**പല്ലവി സ്വീറ്റ്സ് & ഐസ്ക്രീം പാർലർ**
രുചികരമായ എല്ലാവിധ ബേക്കറി സാധനങ്ങളും
ടീ പാർട്ടി ഓർഡറുകളും സ്വീകരിക്കുന്നതാണ്.





# യൂണിവേഴ്സിറ്റിയുടെ ശബ്ദം

(എം. ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. രാജശേഖരൻപിള്ളയുമായി നടത്തിയ അഭിമുഖം.)

1. പുതിയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് സാറിന്റെ അഭിപ്രായം എന്താണ്?

പുതിയ വിദ്യാഭ്യാസ നയം അഥവാ പ്രീഡിഗ്രി കോളജിൽനിന്നും വേർപെടുത്തുക എന്നത് വളരെക്കാലം മുമ്പേ പ്രാവർത്തികമാക്കേണ്ട ഒന്നായിരുന്നു. പ്രവൃത്തിപഥത്തിൽ എത്തിക്കുവാൻ പ്രായോഗികമായ ബുദ്ധിമുട്ടുകൾ അധികാരികൾക്ക് ഉണ്ടെങ്കിലും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയരുന്നതിന് പ്രീഡിഗ്രി മാറ്റം മൂലം സാധിക്കുന്നു.

2. പ്രീഡിഗ്രി യൂണിവേഴ്സിറ്റിയുടെ കീഴിൽ നിന്നും മാറ്റുന്നതു കൊണ്ടുള്ള നേട്ടം എന്താണ്?

വിദ്യാഭ്യാസം കൂടുതൽ effective ആക്കുന്നതിനു വേണ്ടിയാണ് പ്രീഡിഗ്രി മാറ്റുന്നത്. സ്കൂളുകളിൽ നിന്നും പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾക്ക് യോജിച്ച അന്തരീക്ഷമല്ല കോളജിലുള്ളത്. 100 – 110 വിദ്യാർത്ഥികളുള്ള കോളജ് ക്ലാസ് മുറികളിൽ വിദ്യാർത്ഥികളെ ശ്രദ്ധിക്കുവാൻ അധ്യാപകർക്ക് സാധിക്കുന്നില്ല. അതിനെക്കാളുപരി യാന്ത്രികമായ അധ്യാപനവും പഠനവും ആണ് അവിടെ നടക്കുന്നത്. പ്രീഡിഗ്രി സ്കൂൾതലത്തിലേക്ക് മാറ്റിയാൽ മാത്രം പോരാ. സ്കൂൾ രീതിയിലുള്ള വിദ്യാഭ്യാസവുമായി ഇഴുകിച്ചേരണം.

3. ഇപ്പോഴുള്ള അവസ്ഥയിൽ പ്രീഡിഗ്രി മാറ്റം മൂലം പകുതി വിദ്യാർത്ഥികൾ ബോർഡിന്റെ കീഴിലും പകുതി വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റിയുടെ കീഴിലും നിലനിൽക്കുന്നതു കൊണ്ട് പ്രശ്നങ്ങൾ സംജാതമാവുകയില്ലേ?

തീർച്ചയായിട്ടും പ്രശ്നങ്ങൾ ഉണ്ടാകും. പുതുതായി ആരംഭിക്കുന്ന ഏതു പദ്ധതികൾക്കും പ്രശ്നങ്ങൾ സ്വാഭാവികമാണ്. അതുപോലെ ഇതും തുടക്കമല്ലേ. എങ്കിലും മൂന്നുവർഷംകൊണ്ട് പൂർണ്ണമായിട്ടും അതിന്റേതായ ഉ



ഘട്ടംഘട്ടമായി പ്രീഡിഗ്രി മാറ്റം നിർവ്വഹിക്കുവാൻ സാധിക്കും എന്നുറപ്പുണ്ട്.

4. കേരളാ വിദ്യാഭ്യാസത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണല്ലോ സ്വകാര്യ മാനേജ്മെന്റുകൾ അവരെ അവഗണിച്ചുകൊണ്ടുള്ള ഗവൺമെന്റ് നിലപാടിനെക്കുറിച്ച് എന്താണ് അഭിപ്രായം?

വിദ്യാഭ്യാസത്തെ സ്വകാര്യമെന്നോ, പൊതുവെന്നോ തിരിക്കുന്നതിൽ യാതൊരു അടിസ്ഥാനവുമില്ല. നല്ല സ്ഥാപനങ്ങൾ വേർതിരിച്ചറിയുവാനുള്ള കഴിവുണ്ടാകണം. കേരളത്തിൽ വിദ്യാഭ്യാസരംഗത്തുണ്ടായ നേട്ടങ്ങളിൽ 95% സ്വകാര്യ മേഖലയിലാണ്. അതു കൊണ്ട് സ്വകാര്യ മേഖലയെ മാറ്റി നിർത്തുവാൻ പറ്റില്ല.

5. വിദ്യാഭ്യാസ രംഗത്തുണ്ടായ മൂല്യച്യുതിക്ക് കാരണം എന്താണ്?

മൂല്യച്യുതി വിദ്യാഭ്യാസ രംഗത്ത് മാത്രമല്ല എല്ലാ രംഗത്തും മൂല്യച്യുതി സംഭവിച്ചിരിക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ പ്രഖ്യാപിത ലക്ഷ്യം തന്നെ, സംസ്കാര സമ്പന്നമായ വ്യക്തിത്വത്തിനുടമകളെ വാർത്തെടുക്കുക എന്നതാണ്. പക്ഷെ ലക്ഷ്യം പോലും സാക്ഷാത്ക്കരിക്കുവാൻ സാധിക്കുന്നില്ല. വിദ്യാഭ്യാസം തന്നെ ശരിക്കും നടക്കുന്നില്ല എന്നു വേണമെങ്കിൽ പറയാം.

6. സ്കൂളുകളിൽ രാഷ്ട്രീയ രീതിയിലുള്ള തിരഞ്ഞെടുപ്പ് മാറിയല്ലോ അതുപോലെ കോളജ് യൂണിയൻ തിരഞ്ഞെടുപ്പിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഇപ്പോൾ അതിനുള്ള നടപടികൾ ഒന്നും എടുക്കുന്നില്ല. എങ്കിലും എന്റെ വ്യക്തിപരമായ അഭിപ്രായത്തിൽ കോളജ് തിരഞ്ഞെടുപ്പിലും മാറ്റം വരുത്തണം. കാരണം കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഏതാണ്ട് 40% വിദ്യാർത്ഥികൾ പങ്കെടുത്തില്ല. വിദ്യാർത്ഥികൾക്ക് എന്തോ താല്പര്യമില്ല എന്നു തോന്നുന്നു.

7. നമ്മുടെ യൂണിവേഴ്സിറ്റിയുടെ പ്രവൃത്തനങ്ങൾ വളരെ കാര്യക്ഷമത ഇല്ലാതെ പ്രവൃത്തിക്കുന്നത് എന്തു കൊണ്ടാണ്?

യൂണിവേഴ്സിറ്റി മാത്രമല്ല മിക്ക സ്ഥാപനങ്ങളിലും ജോലിക്കാര് അവരുടേതായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിൽ വൈമുഖ്യം കാണിക്കുന്ന അവസ്ഥയാണുള്ളത്. കോളജുകളിൽ തന്നെയാണെങ്കിലും കുട്ടികൾ പഠിക്കുന്ന കാര്യത്തിൽ 100% തീക്ഷണത കാണിക്കാറുണ്ടോ. അതുപോലെ പഠിപ്പിക്കുന്ന കാര്യത്തിൽ അദ്ധ്യാപകരും നിരുത്സാഹം പ്രകടിപ്പിക്കുന്നു.



8. സ്വാശ്രയ കോളജുകളെ കുറിച്ച് എന്താണ് അഭിപ്രായം?

കേരളത്തിലെ ആളുകൾ talented ആണ്. പക്ഷേ കേരളത്തിലെ സൗകര്യങ്ങൾ അവർ ഉപയോഗിക്കുന്നില്ല. എല്ലാവരും അന്യനാടുകളിൽപ്പോയി പഠിച്ച് പ്രശസ്തരാകണം എന്നതാണ് ഓരോരുത്തരുടെയും ലക്ഷ്യം. ഇങ്ങനെ സംഭവിക്കുന്നതുകൊണ്ട് സ്വാശ്രയത്തിന് കേരളത്തിലെ കോളജുകളിലുള്ള വിശ്വാസം നഷ്ടപ്പെടുന്നു.

9. ദേവമാതാ കോളജിനെക്കുറിച്ച് യൂണിവേഴ്സിറ്റിക്കുള്ള അഭിപ്രായം എന്താണ്?

നല്ല അഭിപ്രായമാണ് ഉള്ളത്. സാധാരണ കോളജുകളിൽ നിന്നും വ്യത്യസ്തമായിട്ട് ഓരോ വർഷവും വിജയശതമാനം കൂടിക്കൂടി വരുന്ന ഒരു കോളജായാണ്. ദേവമാതായിലെ പല അദ്ധ്യാപകരെയും എനിക്ക് പരിചയമുണ്ട്. ഡോക്ടറേറ്റ് കിട്ടിയ പല അദ്ധ്യാപകരും അവിടെയുണ്ടല്ലോ. നല്ലനിലവാരം പുലർത്തുന്ന ഒരു കോളജ് എന്നാണ് ഞങ്ങളുടെ അഭിപ്രായം.

10. ദേവമാതാ കോളജ് വിദ്യാർത്ഥികൾക്കായി നല്കുവാനുള്ള സന്ദേശം?

ഞാൻ പലപ്പോഴും പറയാറുള്ളതുപോലെ ക്ലാസ്മുറിയിലിരുന്ന് തന്നെയുള്ള പഠനം മാറ്റണം. പാഠ്യേതര വിഷയങ്ങൾക്കും പ്രാധാന്യം നല്കണം. എല്ലാ activities ലും പങ്കെടുത്ത് നേതൃത്വ വാസന വളർത്തിക്കൊണ്ടു വരണം. എങ്കിൽ മാത്രമേ വിദ്യാഭ്യാസം പൂർണ്ണമാവുകയുള്ളൂ. അതു പോലെ കോളജിൽ നിന്നും ലഭിക്കുന്ന എല്ലാ സൗകര്യങ്ങളും പരമാവധി ഉപയോഗിക്കുവാൻ ശ്രമിക്കുക.

A few shots from Julius Caesar staged by the Dept. of English



"The ids of March are come" a Ceasar but not gone




By any honour.........Depart untouched.




Let us be satisfied

# N C C









Manoj V.M. S/Uo



Balachandran M.V. U/o



Roy Sebastian U/o



Jojimon K.C. U/o

# Anti-Narcotic Association



സെമിനാർ ഉദ്ഘാടനം

## കാത്തലിക് സ്റ്റുഡന്റ്സ് മൂവ്മെന്റ്
## 1996 – 97 അദ്ധ്യയനവർഷത്തെ റിപ്പോർട്ട്.

വിദ്യാർത്ഥികളുടെ വ്യക്തിത്വരൂപീകരണത്തിൽ അതുല്യമായ ഒരു സ്ഥാനം കയ്യാളുന്ന സി. എസ്. എം. ഈ വർഷവും വിവിധങ്ങളായ കർമ്മപരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കി.

ഈ അദ്ധ്യയനവർഷം ആരംഭത്തിൽത്തന്നെ നമ്മുടെ ബർസാറും യൂണിറ്റ് ഡയറക്ടറുമായിരുന്ന റവ. ഫാ. ജോസഫ് പരിയാത്തിനെ സി. എസ്. എം. കോട്ടയം റീജണൽ ഡയറക്ടറാക്കി നിയമിക്കുകയും റീജണൽ ഓഫീസ് നമ്മുടെ കോളജിലേക്കു മാറ്റുകയും ചെയ്തു. നമ്മുടെ യൂണിറ്റിനു കിട്ടിയ ഒരു വലിയ അംഗീകാരമായിരുന്നു ഇത്. റവ. ഫാ. അഗസ്റ്റിൻ പുല്ലുകാലാ പുതിയ യൂണിറ്റ് ഡയറക്ടറായി സ്ഥാനമേറ്റെടുത്തു.

സി.എസ്.എം.-ന്റെ 1996 – 97 വർഷത്തെ പ്രവർത്തനോദ്ഘാടനം 96 ഓഗസ്റ്റ് 9–ാം തീയതി വെരി. റവ. ഫാ. ജോർജ്ജ് മുളങ്ങാട്ടിൽ നിർവ്വഹിച്ചു.

എല്ലാ ചൊവ്വാഴ്ചദിവസങ്ങളിലും വൈകുന്നേരം 3.30 –ന് കോളേജ് പ്രാർത്ഥനാമുറിയിൽ പ്രാർത്ഥനാ സമ്മേളനങ്ങൾ സംഘടിപ്പിച്ചു. ഡയറക്ടർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ മുതലായവർ ഭക്തിപൂർവ്വം പ്രാർത്ഥനയിൽ പങ്കുചേർന്നു. എല്ലാ ആദ്യവെള്ളിയാഴ്ചകളിലും മിനി ഓഡിറ്റോറിയത്തിൽ ദിവ്യബലി അർപ്പിക്കുന്നതിനു സി. എസ്. എം. വേദിയൊരുക്കി. സെപ്റ്റംബർ 5,6,7 തീയതികളിൽ വാർഷികധ്യാനം സംഘടിപ്പിച്ചു. അതിരമ്പുഴ കാരിസ്ഭവൻ ടീം നേതൃത്വം നല്കി. ഒക്ടോബർ മാസത്തിലെ കൊന്തനമസ്കാരവും ഭംഗിയായി നടത്തി.

പുതിയ അറിവുകൾ വിദ്യാർത്ഥികൾക്കു പകർന്നുകൊടുക്കുന്നതിലേക്കായി മൂന്നു ക്യാമ്പുകൾ – രണ്ടു യൂണിറ്റ് ക്യാമ്പും ഒരു മേഖലാ ക്യാമ്പും – സംഘടിപ്പിച്ചു. ഡിഗ്രി വിദ്യാർത്ഥികൾക്കായി ഓഗസ്റ്റ് 9,10,11 തീയതികളിൽ സംഘടിപ്പിച്ച 'ജോബി 96' പ്രീഡിഗ്രി – ഒന്നാംവർഷ ഡിഗ്രി വിദ്യാർത്ഥികൾക്കായി നവംബർ 15,16,17 തീയതികളിൽ സംഘടിപ്പിച്ച 'എഫ്ഫാത്ത' എന്നീ യൂണിറ്റ് നേതൃത്വക്യാമ്പുകളും, 'സീനായ് മീറ്റ് 96' എന്ന പേരിൽ ഒക്ടോബർ 4,5,6 തീയതികളിൽ സംഘടിപ്പിച്ച കോട്ടയം മേഖലാ നേതൃത്വക്യാമ്പും അംഗങ്ങൾക്കു വളരെ ഉപകാരപ്രദങ്ങളായിരുന്നു. വിവിധ വിഷയങ്ങളെപ്പറ്റി വിദഗ്ദ്ധർ ക്ലാസ്സുകളും ചർച്ചകളും നയിച്ചു.

ഈ വർഷം സി.എസ്.എം. 'ഗ്ലോറിയ 96' എന്ന പേരിൽ ഒരു ക്രിസ്തുമസ്സ് ആഘോഷ പരിപാടി നടത്തുകയുണ്ടായി. ഡിസംബർ 19 –നു നടത്തിയ പ്രസ്തുത പരിപാടിയിൽ അഭിവന്ദ്യ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്താ ക്രിസ്മസ് സന്ദേശം നല്കി. ശ്രീ. തോമസ് ചാഴികാടൻ എം. എൽ. എ. അദ്ധ്യക്ഷത വഹിച്ചു. പരിപാടിയോടനുബന്ധിച്ചു നടത്തിയ കരോൾഗാന മത്സരത്തിൽ കെമിസ്ട്രി അസോസിയേഷനും, സ്കിറ്റ്, ഫാൻസിഡ്രസ് മത്സരങ്ങളിൽ മാത്തമാറ്റിക്സ് അസോസിയേഷനും ഒന്നാം സ്ഥാനങ്ങൾ കരസ്ഥമാക്കി.

ഈ വർഷത്തെ എല്ലാപ്രവർത്തനങ്ങൾക്കും നേതൃത്വം നല്കിയ ഡയറക്ടർ റവ.ഫാ. അഗസ്റ്റിൻ പുല്ലുകാലായോടും ജോയിന്റ് ഡയറക്ടർമാരായ ഡോ. ഫിലിപ്പ് ജോൺ, സി. വിൻസി CMC, ശ്രീ ജോർജ്ജ് സി. എം., ഡോ. ബെന്നി ജോസഫ് എന്നിവരോടുമുള്ള അളവറ്റ നന്ദി ഈയവസരത്തിൽ രേഖപ്പെടുത്തുന്നു. എല്ലാ പ്രവർത്തനങ്ങൾക്കും പരിപൂർണ്ണ സഹകരണവും പിന്തുണയും നല്കിയ കോളേജ് പ്രിൻസിപ്പൽ പ്രൊഫ. മേജർ ഐസക് തോമസ് സാറിനും കോളേജ് ബർസാർ റവ. ഫാ. ജോസഫ് പരിയാത്തിനും നന്ദി അർപ്പിക്കുന്നു. എല്ലാ പ്രവർത്തനങ്ങളിലും സഹകരിച്ച അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും നന്ദിയർപ്പിക്കുന്നു. ത്യാഗമനോഭാവത്തോടെ എല്ലാ പരിപാടികളുടെയും പിന്നിൽ അണിനിരന്ന സി. എസ്. എം. ന്റെ ചൈതന്യമായ അംഗങ്ങളെ നിസ്സീമമായ നന്ദിയോടെ സ്മരിക്കുന്നു. അർപ്പണ മനോഭാവത്തോടെ പ്രവർത്തിച്ച യൂണിറ്റ് ഭാരവാഹികൾക്കും നന്ദി.



"സ്വയം മാറുന്നതിലൂടെ ലോകത്തെ മാറ്റുക" എന്ന മഹത്തായ ആശയം പ്രാവർത്തികമാക്കി കാമ്പസുകളിൽ പടർന്നുപന്തലിക്കുന്ന സംഘടനയുടെ ഭാവിപ്രവർത്തനങ്ങൾക്ക് എല്ലാ മംഗളങ്ങളും നേർന്നുകൊണ്ട് ഈ റിപ്പോർട്ട് വിനയപുരസ്സരം സമർപ്പിക്കുന്നു.

സതീഷ് ജോസഫ് അഗസ്റ്റിൻ
II DC COMMERCE

സെക്രട്ടറി

# ഓറട്ടറി ക്ലബ്ബ് 27–ാം വർഷത്തിലൂടെ.

പഠിക്കുക, പങ്കുവയ്ക്കുക വിദ്യാഭ്യാസത്തിന്റെ ഈ അടിസ്ഥാനലക്ഷ്യം പ്രസംഗകലയിലൂടെ സാക്ഷാത്കരിക്കുവാനുള്ള വേദിയാണ് ഓറട്ടറി ക്ലബ്ബ്. സ്വന്തം ചിന്തകളും, നിരീക്ഷണങ്ങളും, കണ്ടെത്തലുകളും സമൂഹത്തിന്റെ മുൻപിൽ സഫലമായി അവതരിപ്പിക്കുവാനുള്ള പരിശീലനപരിപാടികൾ അംഗങ്ങൾക്കു വേണ്ടി എല്ലാ ബുധനാഴ്ചയും നടത്തിവരുന്നു.

## പ്രതിവാര മീറ്റിംഗുകൾ.

ക്ലബ്ബിന്റെ ഈ വർഷത്തെ ചർച്ചകളുടെ അനൗപചാരികമായ ഉദ്ഘാടനം ഡയറക്ടർ പ്രൊഫ.കെ. എം. ചാക്കോ 7–8–96–ൽ നിർവ്വഹിച്ചു. തുടർന്ന് എല്ലാ ബുധനാഴ്ചകളിലും വിവിധ വിഷയങ്ങളെപ്പറ്റി ചർച്ചകൾ നടത്തുകയുണ്ടായി. എന്നെ ആകർഷിച്ച ഈ ആഴ്ചയിലെ പത്രവാർത്ത, സസ്യപുരാണം, സ്ത്രീ ഇന്നത്തെ സമൂഹത്തിൽ, സമഗ്ര ആണവനിരോധന കരാറിൽ ഇന്ത്യ ഒപ്പു വയ്ക്കണമോ? പ്രൈമറി, പ്രീ പ്രൈമറി തലങ്ങളിൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ അനുവദനീയമോ? പരസ്യങ്ങളുടെ സ്വാധീനം ആധുനികതലമുറയിൽ, ലോകസുന്ദരി മത്സരം ഭാരതീയസംസ്കാരത്തിന് യോജിച്ചതോ? വർത്തമാനപ്പത്രങ്ങളും, വാർത്തകളും. വർദ്ധിച്ചുവരുന്ന ആത്മഹത്യാപ്രവണത, പ്രീഡിഗ്രി മാറ്റം ശാസ്ത്രീയമോ? ഗുരുശിഷ്യബന്ധം ആധുനികയുഗത്തിൽ, പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ വളർച്ചയും സാംസ്കാരിക മേഖലയുടെ തളർച്ചയും തുടങ്ങിയ വിഷയങ്ങളെപ്പറ്റി അംഗങ്ങൾ ആവേശപൂർവ്വം ചർച്ച നടത്തി.

## ബാബു ചാഴികാടൻ സ്മാരക ഡിബേറ്റ്.

ദേവമാതാ ട്രോഫിക്കുവേണ്ടിയുള്ള 6–ാംമത് ബാബു ചാഴികാടൻ മെമ്മോറിയൽ ഡിബേറ്റ് മത്സരം 10–12–96–ൽ നടത്തപ്പെട്ടു. "കലാലയ തെരഞ്ഞെടുപ്പിൽ കക്ഷിരാഷ്ട്രീയം അനുവദിക്കുവാൻ പാടില്ല" എന്നതാ യിരുന്നു വിഷയം. വിവിധ കോളേജു കളിൽ നിന്ന് പ്രഗത്ഭരായ പ്രസംഗകർ പങ്കെടുത്ത മത്സരത്തിൽ ബെസ്റ്റ് ഡിബേറ്ററായി എറണാകുളം മഹാരാജാസ് കോളേജിലെ തോമസ് പീറ്റർ തെരഞ്ഞെടുക്കപ്പെട്ടു. പ്രസ്തുത കോളേജിലെ അഡോൾഫ് മാത്യു രണ്ടാം സ്ഥാനവും കാഞ്ഞിരപ്പിള്ളി എസ്. ഡി. കോളേജിലെ സുധാഷ് കെ. മാത്യു മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഏറ്റവും നല്ല ടീമിനുള്ള ദേവമാതാ ട്രോഫി എറണാകുളം മഹാരാജാസ് കോളേജ് ടീം കരസ്ഥമാക്കി.

വിജയികൾക്കുള്ള കാഷ് അവാർഡുകളും (Rs. 1000/-, Rs. 500/-) ട്രോഫിയും 17–12–96ൽ നടന്ന "ഗ്ലോറിയ 96" ക്രിസ്തുമസ് ആഘോഷവേളയിൽ മാർ ക്രിസോസ്റ്റം തിരുമേനി സമ്മാനിച്ചു.

## ബോബി പോൾ സ്മാരക അഖില കേരള പ്രതിഭാമത്സരവും സ്മാരകപ്രഭാഷണവും .

ഓറട്ടറി ക്ലബ്ബിന്റെ അഭിമാനവും ദേവമാതായുടെ സ്വന്തം വാക്കുകളാൽ കേരളമെങ്ങും പ്രസിദ്ധപ്പെടുത്തിയ പ്രതിഭാശാലിയും ആയിരുന്ന 'ബോബി പോളി'ന്റെ സ്നേഹസ്മരണയ്ക്ക് മുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് രണ്ടാമത് ബോബി പോൾ സ്മാരക അഖിലകേരള പ്രസംഗപ്രതിഭാമത്സരം 24–1–97ൽ നടത്തപ്പെട്ടു. ലേഖനം, പ്രസംഗം, മുഖാമുഖം എന്നിങ്ങനെ മൂന്ന് തലങ്ങളിലായി നടന്ന മത്സരത്തിൽ വിവിധ കോളേജുകളെ പ്രതിനിധീകരിച്ച് പ്രഗത്ഭരായ പ്രസംഗപ്രതിഭകൾ പങ്കെടുത്തു. "ആമയുടെയും മുയലിന്റെയും കഥ" എന്നതായിരുന്നു ലേഖനമത്സരത്തിന്റെ വിഷയം. പ്രസംഗവിഷയം "ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയം നാളെയെക്കുറിച്ച് നൽകുന്ന സൂചനകൾ" എന്നതായിരുന്നു. മൂവാറ്റുപുഴ നിർമ്മലാ കോളേജിലെ കവിതാമോൾ കുരുവിള ഒന്നാം സമ്മാനവും (Rs. 2000/-) സ്മാരക ട്രോഫിയും, കാഞ്ഞിരപ്പിള്ളി 'സെന്റ്' ഡൊമിനിക്സ് കോളേജിലെ സുധാഷ് കെ മാത്യു, എറണാകുളം മഹാരാജാസിലെ തോമസ് പീറ്റർ എന്നിവർ രണ്ടും മൂന്നും സമ്മാനങ്ങളും (Rs. 1000/-, Rs. 500/-) കരസ്ഥമാക്കി. ബോബി പോൾ സ്മാരകപ്രഭാഷണവും വിജയികൾക്കുള്ള സമ്മാനദാനവും 1997 ഫെബ്രുവരി 7–ാം തീയതി ഡോ. സുകുമാർ അഴീക്കോട് നിർവ്വഹിച്ചു.

## നേട്ടങ്ങൾ

ഓറട്ടറി ക്ലബ്ബ് ടീം ഈ അദ്ധ്യയന വർഷവും നിരവധി സമ്മാനങ്ങൾ നേടുകയുണ്ടായി. കൈരളി അഖിലകേരള പ്രസംഗമത്സരം (കോഴിക്കോട്), യുവപ്രതിഭ അഖിലകേരള പ്രസംഗമത്സരം (കൊല്ലം) എന്നിവയിൽ ഒന്നാം സമ്മാനവും, വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ ചരമ ജൂബിലിയോടനുബന്ധിച്ച് നടത്തപ്പെട്ട അഖിലകേരള പ്രസംഗമത്സരം, മനുഷ്യാവകാശദിനത്തോടനുബന്ധിച്ച് നടന്ന പ്രസംഗമത്സരം (കോട്ടയം) മീനച്ചിൽ താലൂക്ക് സർക്കിൾ സഹകരണയൂണിയൻ പ്രസംഗമത്സരം എന്നിവയിൽ രണ്ടാം സമ്മാനവും ശ്രീ ജലീഷ് പീറ്റർ (III Bsc Maths) നേടിയപ്പോൾ കോട്ടയം ഓറട്ടറി ക്ലബ്ബ് ഇന്റർ നാഷണൽ നടത്തിയ ഡിബേറ്റ് മത്സരത്തിൽ ശിവറാം ഇ. എസ്(III Bsc Maths), ലിസ പി. ലൂക്കോസ് (II BA Eng.)ടീം രണ്ടാം സമ്മാനം നേടി.

## നന്ദി

ഓറട്ടറി ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് താങ്ങും തണലുമായ രക്ഷാധികാരി . പ്രൊഫ. (മേജർ) ഐസക് തോമസ്, പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഡയറക്ടർ പ്രൊഫ. കെ. എം. ചാക്കോ, ക്ലബ്ബിന്റെ എല്ലാ പ്രവർത്തനങ്ങളോടും സഹകരിച്ച വിവിധ അദ്ധ്യാപകർ, ഊർജ്ജസ്വലരായ ക്ലബ്ബ് അംഗങ്ങൾ എന്നിവരോടുള്ള നിസ്സീമമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

സെക്രട്ടറി

ശിവറാം ഇ.എസ്.
III Bsc Maths

# Oratory Club



Club Members



H.E. Mar Chrisostom awards Devamatha Trophy to Maharajas College debating team



Felicitations
Sri. Thomas Chazhikadan M.L.A



Debating Team



# ബോബി പോൾ അനുസ്മരണ സമ്മേളനവും പ്രസംഗ മത്സരവും

അനുസ്മരണ പ്രഭാഷണം : ഡോ. സുകുമാർ അഴീക്കോട്





Dr. Sukumar Azheekod awards Boby Paul memorial trophy to Miss.Kavithamol Kuruvilla of Nirmala College Muvattupuzha. Miss. Sudhasha K. S.D. College Kanjirappaly receives IInd prize.



കോട്ടയം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന മാർ ഗ്രിഗോറിയോസ് കാരുണ്യനിലയത്തിനു വേണ്ടി വിദ്യാർത്ഥികളിൽ നിന്നും സമാഹരിച്ച ൧൦൦൦ രൂപ കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. ഐസക് തോമസ് ഗ്രിഗോറിയോസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്തായ്ക്ക് കൈമാറുന്നു.

ആശംസകൾ

# ചിറത്തടം സൂപ്പർ മാർക്കറ്റ്

## കുറവിലങ്ങാട്

സ്റ്റേഷനറി, ലേഡീസ് ഐറ്റംസ് &

ഗിഫ്റ്റ് ആർട്ടിക്കിൾസ്.

LIFE INDIA INSTITUTE

OF

MEDICAL TECHNOLOGY KOOTHATTUKULAM

കഴിഞ്ഞ ബാച്ചുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ജോലി നൽകിയ ഞങ്ങളുടെ നഴ്സിംഗ് കോഴ്സിലേക്ക് അഡ്മിഷൻ തുടരുന്നു. പഠനാനന്തരം പരിശീലനവും സ്ഥിരജോലിയും.

Market Road
Koothattukulam
P. B. NO - 17
Phone - 253029

# കുറവിലങ്ങാട് സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ 1049, H. O. കുറവിലങ്ങാട്.

ബ്രാഞ്ചുകൾ – 1. കുറവിലങ്ങാട്. 2. നസ്രത്തുഹിൽ 3. കുര്യം.

| | | |
|---|---|---|
| അംഗങ്ങൾ | 10712 | |
| ഓഹരിമൂലധനം | 34 | ലക്ഷം |
| നിക്ഷേപങ്ങൾ | 678 | " |
| നിലുവായ്പകൾ | 464 | " |

**അതുല്യാ നിക്ഷേപ സർട്ടിഫിക്കറ്റ്**

5 വർഷം കഴിയുമ്പോൾ നിക്ഷേപ സംഖ്യയുടെ ഇരട്ടി തിരികെ ലഭിക്കുന്നു. (ശരാശരി 20% പലിശ)


**ദീർഘകാല സ്ഥിര നിക്ഷേപ പദ്ധതി**

* നിങ്ങൾ വീട്ടിൽ വിശ്രമിക്കുമ്പോൾ നിങ്ങളുടെ നിക്ഷേപത്തിന് വർദ്ധിച്ച നിരക്കിൽ നിങ്ങളുടെ നിക്ഷേപ കണക്കിലേക്ക്" നിങ്ങൾക്കു വേണ്ടി ബാങ്ക് ചേർത്തു കൊണ്ടിരിക്കും.
* കുട്ടികളുടെ വിവാഹം, ഉന്നത വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്ക്
* പേരക്കുട്ടികൾക്ക് ഒരു പിറന്നാൾ സമ്മാനം.
* വാർദ്ധക്യ കാലത്ത് സാമ്പത്തിക സുരക്ഷിതത്വം.

സി. റ്റി. മാത്യു, ചിറത്തടം
പ്രസിഡന്റ്.

എം. റ്റി. തോമസ്, പഞ്ഞാക്കിൽ
സെക്രട്ടറി.

INTRODUCING
A COOL
EXPERIENCE
WITH A
FABULOUS
FOOD
BONANZA



## PALAKKUNNEL TOURIST HOME
KOZHENCHERRY PHONE:0473312449.

**PALAKUNNEL TOURIST HOME**
Ettumanoor, phone: 04481 53-281

**PALAKUNNEL TOURIST HOME**
kaduthuruthi, 04829 - 2415.

## MARY MATHA COLLEGE OF MEDICAL SCIENCE
(Govt. Regd.)
Kuravilangad, Kottayam

ലബോറട്ടറി നഴ്സിംഗ്, മിഡ്‌വൈഫറി, എക്സ്റേ, ഇ.സി.ജി. കോഴ്സുകൾ !!!
( പ്രവേശനം പെൺകുട്ടികൾക്കു മാത്രം )
കന്യാസ്ത്രീകൾ നയിക്കുന്ന ഹോസ്റ്റൽ
( പ്രോസ്പെക്ടസിന് 20 രൂ. മണി ഓർഡർ അയയ്ക്കുക )

# ഒരു സ്വപ്നം പോലെ



Sajitha Immanual
I P.D.C.

ഉദയസൂര്യന്റെ കിരണങ്ങൾ കിളിവാതിലിലൂടെ എത്തിനോക്കിയപ്പോഴേക്കും ദേവു അമ്പലത്തിൽ പോയി പ്രസാദവും നെറ്റിയിൽതൊട്ട് വന്നിരുന്ന് പഠനം ആരംഭിച്ചിരുന്നു. അപ്പോഴേയ്ക്കും മുത്തശ്ശി കാപ്പിയുമായെത്തി. "കോളേജിൽ പോകാൻ തുടങ്ങിയതെയുള്ളൂ പഠനഭാരം കൊണ്ടാണോ എന്റെ മോൻ വല്ലാതെ ക്ഷീണിച്ചു". കാപ്പി കുടിക്കുന്ന തിനിടയിൽ മുത്തശ്ശി യുടെ വക. 'അതൊക്കെ എന്റെ മുത്തശ്ശിക്കു വെ റുതെ തോന്നുന്നതാ". അവൻ മുത്തശ്ശിയുടെ കൈയിൽ പിടിച്ചുകൊ ണ്ടുപറഞ്ഞു. ഇത്രയു മായപ്പോഴേക്കും ഉമ കുട്ടി അങ്ങോട്ടു വന്നു.

"എട്ടാ ഇതൊന്നു തിന്നു നോക്കിയേ ഞാൻ തനിയെ ഉണ്ടാക്കിയ താ". അവൾ ഒരു കൊ ച്ചു കുട്ടിയെപ്പോലെ കൊ ഞ്ചി. അവൻ പലഹാര ത്തിൽ കുറച്ചെടുത്തു കഴിച്ചു. ഉമക്കുട്ടിയുടെ മുഖം വാടാതിരിക്കാ നായി നല്ലതാണെന്നും പറഞ്ഞു.



ദേവുവിന്റെ കുഞ്ഞനുജത്തിയാണ് ഉമ. തന്റെ പ്രായക്കാരായ മറ്റു കുട്ടികളെപ്പോലെ ഓടിച്ചാടി നടക്കാൻ വിധി അവളെ അനുവദിച്ചില്ല. അവൾക്കു നാലുവയസ്സ് പ്രായമുള്ള പ്പോൾ ഉണ്ടായ ഒരു വാഹനാപ കടത്തിൽ അവരുടെ അച്ഛനും, അ മ്മയും നഷ്ടപ്പെട്ടു. അന്ന് അവൾക്ക് ലഭിച്ച സമ്മാനം ഈ വീൽചെയറിലുള്ള സഞ്ചാരവും. സ്കൂളിൽ പോയി പഠിക്കുവാൻ അവൾക്കു കഴിഞ്ഞിട്ടില്ല. ദേവു പഠിച്ച പുസ്തകങ്ങൾ അവൾ വായിക്കും. എട്ടു വർഷമായി ദേവുവിനെയും അനുജത്തിയേയും വളർത്തുന്നത് അവരുടെ പ്രായമായ മുത്തശ്ശിയാണ്. ദേവുവിനെ പഠിപ്പിച്ച് ഡോക്ടറാക്കണം അതിനാണ് കഷ്ടപ്പെട്ട് പണമുണ്ടാക്കി മുത്തശ്ശി അവനെ കോളേജിൽ വിടുന്നത്.

നിഷ്കളങ്കനായ നല്ല സ്വഭാവമുള്ള കുട്ടിയാണ് ദേവു. നഗരത്തിലെ സാമാന്യം നല്ല കോളേജിൽ തന്നെയാണ് അവൻ പഠിക്കുന്നത്. 3കിലോമീറ്റർ ദൂരം നടന്നു വേണം കോളേജിലെത്താൻ. ക്ലാസ്സു തുടങ്ങിയിട്ട് ഒരാ ഴ്ചയെ ആയിട്ടുള്ളൂ.

കോളേജിലെത്തുന്ന സമർത്ഥരായ കുട്ടികളെ വശത്താക്കി തന്റെ പാർട്ടിനേതാവിനെ അറിയിക്കുന്ന ആളാണ് നന്ദു. ദേവുവിന്റെ വിവരവും നന്ദു ഉടനടി അറിയിച്ചു. "നേതാവെ ഒരു പുതിയ സാധനംവന്നിട്ടുണ്ട്. നമ്പൂതിരിയാ സാധനം വല്യ പ്രസംഗക്കാരനാ നമുക്കു പിടിക്കണം". 'ഓകെ' നേതാവി ന്റെ മറുപടി.

നേതാവും കൂട്ടരും ദേവുവിന്റെ ക്ലാസിലെത്തി. നേതാവു ദേവുവിനെ എഴുന്നേൽപ്പിച്ചു പേരു ചോദി ച്ചു.

"കൃഷ്ണദേവൻ നമ്പൂതിരി". ദേവുവിന്റെ മറുപടിയിൽ ഭയം

നിഷേധിച്ചു കേൾക്കാമായിരുന്നു.

'അയ്യോ! മോനെന്തിനാ പേടിക്കുന്നെ, ചേട്ടന്മാരെ അനുസരിച്ച് ഇവിടെ കഴിഞ്ഞോളണം കേട്ടോ. മോൻ ഇന്നു വൈകുന്നേരം എന്നെയൊന്നു കാണണം ഒരു കാര്യം പറയാനാ'.

ഉം. ദേവു തലയാട്ടി മൂളി.

'വാടാ നമുക്കു പോകാം'. അവർ നടന്നകന്നു.

'ദേവൂ പോകരുത് കേട്ടോ അവർ ഒരു തല്ലിപ്പൊളി പാർട്ടിക്കാരാ'. കൂട്ടുകാരുടെ വക ഉപദേശം.

ദേവുവിന്റെ മനസ്സു പിടച്ചു. പാർട്ടിയിലും, കൂട്ടുകെട്ടിലും മറ്റും ചേർന്ന് സ്വഭാവം കളയരുതെന്നാണോ പിതാമഹൻമാർ പറഞ്ഞിരിക്കുന്നത്. ഇനിയെന്തു ചെയ്യും. 'ഇല്ല ഞാൻ പോകില്ല'. ദേവു ഉറപ്പിച്ചു.

വൈകുന്നേരമായി- ദേവു കോളേജിന്റെ ഗേറ്റു കടന്നു അപ്പോൾ ആരോ അവന്റെ ഷർട്ടിന്റെ കോളറിൽ പിടിച്ച് അവനെ പുറകോട്ട് വലിച്ചു.

'നിന്നോടാ അവിടെ' ആ ഗർജ്ജനം കേട്ട് ദേവു ഞെട്ടിപ്പോയി. രാവിലെ വന്ന ചേട്ടാവാണ്. അയാൾ ദേവുവിനെ മതിലിനോടു ചേർത്തു നിർത്തി കഴുത്തിന് പിടിച്ചുകൊണ്ട് പറഞ്ഞു. "ബോണി ആൻഡ്രൂസിനോട് കളിച്ചാലുണ്ടല്ലോ, ഞാൻ പറഞ്ഞാൽ പറഞ്ഞിടത്ത് വരണോണം. ഇല്ലേൽ നിന്നെ."

"ഇല്ല ഞാൻ വരില്ല ഞാൻ നിങ്ങളുടെ കൂടെയില്ല. ഞാൻ പഠിക്കാനാ വന്നത്. അല്ലാതെ ഇങ്ങനെ മുഷിച്ചു നടക്കാനല്ല. ഇനി എന്നെ ഇതിനു നിങ്ങൾ പ്രതീക്ഷിക്കണ്ട ഞാൻ പോകുന്നു". ഇത്രയും പറഞ്ഞ് തിരിഞ്ഞു നടക്കാൻ തുടങ്ങിയ ദേവുവിന്റെ നേരെ ബോണി ആൻഡ്രൂസിന്റെ കൈ ഉയരുന്നതു മാത്രം കൂടി നിന്നവർ കണ്ടു.

ദേവുവിന്റെ മുത്തശ്ശി മുറ്റത്ത് തിരിച്ചു വരുന്ന മകനെ കാത്തുനിൽക്കുകയാണ്. ഒരു വണ്ടി പെട്ടെന്ന് മുറ്റത്തു വന്നു നിന്നു. അതു തുറന്നു കണ്ട മുത്തശ്ശി അലമുറയിട്ടു. "എന്റെ മോനെ എന്റെ പൊന്നുകുട്ടനെ ഞാൻ കോളേജിലയച്ചത് ഇതിനാണോടാ".

മുത്തശ്ശിയുടെ കരച്ചിൽ കേട്ട് ഉമക്കുട്ടി വീൽച്ചെയറിൽ അങ്ങോട്ടു വന്നു. അവളുടെ പൊന്നാങ്ങള ഒരു പനിനീർപുഷ്പത്തെപ്പോലെ ചോരയിൽ കുളിച്ച് ജീവനറ്റ് കിടക്കുന്നതാണ് കണ്ടത്. "എന്റെ കുഞ്ഞിനെ കൊന്നതാരാടാ" മുത്തശ്ശി കണ്ണുനീരോടെ ചോദിച്ചു. "അവർ രക്ഷപെട്ടു. മന്ത്രിയുടെ മോനാ" - കൂട്ടത്തിലൊരാൾ പറഞ്ഞു.


# BRILLIANT STUDY CENTRE

ARUNAPURAM - PALA

**Medical / Engineering**
**Entrence Coaching Classes**
**and**
**Tution classes for**
**Science Subjects**



Sri. Mons Joseph M.L.A. Inaugurate C.S.M. Camp





Jijo
Man of the Series

Our Cricket Team



# ആന്റി നാർക്കോട്ടിക് അസോസിയേഷൻ.

വിദ്യാർത്ഥികളെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും കരാളഹസ്തങ്ങളിൽ നിന്നും മോചിപ്പിക്കുക എന്ന മഹത്തായ ആദർശവുമായി പ്രവർത്തിക്കുന്ന ആന്റി നാർക്കോട്ടിക് അസോസിയേഷന്റെ ഈ വർഷത്തെ പ്രവർത്തനം അക്കാഡമിക് ഇയറിന്റെ തുടക്കത്തിൽ തന്നെ ആരംഭിച്ചു. ജൂലൈ മാസം 1-ാം തീയതി മുതൽ 5-ാം തീയതി വരെ അംഗത്വ വിതരണ വാരമായി ആചരിച്ചു. 500-ൽ കൂടുതൽ വിദ്യാർത്ഥികൾ പുതുതായി അംഗത്വം സ്വീകരിച്ചു. അസോസിയേഷന്റെ ഈ വർഷത്തെ പ്രവർത്തനം ബഹുമാനപ്പെട്ട ഡയറക്ടർ പി. ഡി. പത്രോസ് സാർ ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ ശ്രീ. ജോയിച്ചൻ എം. ജെ യെ പ്രസിഡന്റായും, ലിസ്സാ പി. ലൂക്കോസ് സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു.

ഗാന്ധി ജയന്തി ദിനമായ ഒക്ടോബർ 2-ാം തീയതി അഡാർട്ട് പാലാ, പാലാ ടൗൺഹാളിൽ സംഘടിപ്പിച്ച പ്രാർത്ഥനായോഗത്തിൽ ബഹു. പ്രിൻസിപ്പാളിന്റെയും ഡയറക്ടറിന്റെയും നേതൃത്വത്തിൽ 25 അംഗങ്ങൾ പങ്കെടുത്തു. ഈ പ്രാർത്ഥനാ സമ്മേളനത്തിൽ വിശിഷ്ട വ്യക്തികൾ ഗാന്ധിജിയുടെ ജീവിതത്തെക്കുറിച്ചും അദ്ദേഹത്തിന്റെ തത്ത്വചിന്തകളെക്കുറിച്ചും പ്രഭാഷണങ്ങൾ നടത്തി. കൂടാതെ പ്രിൻസിപ്പാൾ ഗാന്ധിജിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രഭാഷണം നടത്തുകയും വിദ്യാർത്ഥികൾ സമൂഹത്തിന്റെ പ്രകാശവും മാതൃകയുമായി വർത്തിക്കണമെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തു.

എല്ലാ വർഷവും നടത്താറുള്ളതുപോലെ മദ്യത്തിനും, മയക്കുമരുന്നിനും എതിരായുള്ള ബോധവത്ക്കരണ സെമിനാർ ഒക്ടോബർ മാസം 19,20,21 തീയതികളിൽ നടന്നു. എം. ജി. യൂണിവേഴ്സിറ്റിയിലെ സ്റ്റുഡന്റ് സർവ്വീസ് ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെയാണ്, സെമിനാർ നടത്തിയത്. വിവിധ കോളജുകളിൽ നിന്നായി 150 വിദ്യാർത്ഥികളോളം ഈ സെമിനാറിൽ പങ്കെടുത്തു. 19-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിയ്ക്ക് സെമിനാർ മോൺസിഞ്ഞോർ ഫിലിപ്പ് ഞരളക്കാട്ട് ഉദ്ഘാടനം ചെയ്തു. ശ്രീ. ജോർജ്ജ് ജോസഫ് ആറുപുറം സ്വാഗതമരുളി. പ്രൊഫ. (മേജർ) ഐസക് തോമസ് അദ്ധ്യക്ഷത വഹിച്ചു. തദവസരത്തിൽ ആശംസകൾ അർപ്പിച്ചുകൊണ്ട് എം. എൽ. എ. മോൻസ് ജോസഫ്, പ്രൊഫ. ജെ. ഡി. മാത്യു, രാജീവ് ജോസഫ് എന്നിവർ സംസാരിച്ചു. തുടർന്ന് എവർക്കും ഹൃദ്യമായ നന്ദി വചസുകൾ അഡാർട്ട് ക്ലബ്ബ് പ്രസിഡന്റ് ജോയിച്ചൻ എം. ജെ നേർന്നു.

തുടർന്നുള്ള ദിവസങ്ങളിൽ പ്രമുഖ വാഗ്മികളും തത്ത്വചിന്തകന്മാരും അറിവിനെ താലോലിക്കുന്ന തരത്തിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ദുരുപയോഗത്തെപ്പറ്റിയും, ദോഷവശങ്ങളെക്കുറിച്ചും സമഗ്രമായി പ്രഭാഷണം നടത്തി. സമാപന ദിവസം വൈകുന്നേരം 3 മണിക്ക് ബഹുമാനപ്പെട്ട മാനേജർ റവ. ഫാ. ജോർജ്ജ് മുളങ്ങാട്ടിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിനു ശേഷം സെമിനാർ സംഗമം പര്യവസാനിച്ചു.



മറ്റ് പല കോളജുകളിൽ നടത്തിയ വിവിധ പരിപാടികളിൽ പങ്കെടുക്കുവാനും അംഗങ്ങൾക്ക് സാധിച്ചു എന്നത് ഒരു നേട്ടമായി കരുതുന്നു. റബർ ടൗൺ റൗണ്ട് ടേബിൾ 121-ൽ നവംബർ 16-ാം തീയതി C M S കോളേജിൽ സംഘടിപ്പിച്ച "Education through Environment" എന്നവിഷയത്തെ സംബന്ധിച്ച ഏകദിന സെമിനാറിൽ 25 അംഗങ്ങൾ പങ്കെടുത്തു. M. G. യൂണിവേഴ്സിറ്റിയും, കോട്ടയം കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റിയും സംയുക്താഭിമുഖ്യത്തിൽ നവംബർ 18-ാം തീയതി നടത്തിയ ഏകദിന സെമിനാറിൽ 20 അംഗങ്ങൾ പങ്കെടുത്തു.

അംഗങ്ങളുടെ പ്രകൃതി സ്നേഹത്തെയും, വനത്തെയും, വന്യജീവികളെയും കുറിച്ച് അറിയാനുള്ള അഭിവാഞ്ഛയെ മുൻനിർത്തി അസോസിയേഷൻ Nature Camp – കൾ സംഘടിപ്പിച്ചു. തേക്കടി, സൈലന്റ് വാലി, തട്ടേക്കാട് എന്നീ സ്ഥലങ്ങളിലേയ്ക്ക് നടത്തിയ ക്യാമ്പുകളിൽ 25 അംഗങ്ങൾ വീതം പങ്കെടുത്തു. തദവസരത്തിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് നൽകിയ സഹായങ്ങൾക്കും, നിർദ്ദേശങ്ങൾക്കും ഞങ്ങൾ കൃതാർത്ഥരാണ്.

വിദ്യാർത്ഥികളുടെ അറിവിനെയും ചിന്തകളെയും ഉദ്ബോധിപ്പിക്കുംവിധം മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ദോഷവശങ്ങളെ മനസ്സിലാക്കാൻ സഹായിക്കുന്ന, നല്ല നല്ല ലേഖനങ്ങളും, ലഘുലേഖകളും വിതരണം ചെയ്തതും അസോസിയേഷന്റെ വിജയമായി കരുതുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തിന് സഹായകരമായ വിധത്തിൽ Time table card ഉം, ഫയലുകളും വിതരണം ചെയ്തതും അസോസിയേഷന്റെ നേട്ടം തന്നെ.

ഈ അദ്ധ്യയന വർഷത്തിലെ അസോസിയേഷന്റെ എല്ലാ പ്രവർത്തനങ്ങൾക്കും, നേട്ടങ്ങൾക്കും, നേതൃത്വം നൽകിയ ഡയറക്ടർ Prof. P. D. പത്രോസ് സാറിനും, പ്രിൻസിപ്പാളിനും, അദ്ധ്യാപകർക്കും, മറ്റ് എല്ലാവർക്കും അവർ നൽകിയ നേതൃത്വത്തിനും, സഹായത്തിനും ഞങ്ങൾ എന്നും നന്ദിയുള്ളവരാണ്.

സെക്രട്ടറി
ലിസ്സാ പി. ലൂക്കോസ്.

# കോട്ടയം ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം.
## കോട്ടയം, ഫോൺ : 563603 (4 Lines)

* ജില്ലയിലെ സഹകരണ സ്ഥാപനങ്ങളുടെ കേന്ദ്ര ബാങ്ക്
* ബ്രാഞ്ചുകളിൽ ലോക്കർ സൗകര്യങ്ങൾ.
* ആകർഷകമായ നിരക്കിൽ എല്ലാ വിധ നിക്ഷേപങ്ങളും സ്വീകരിക്കുന്നു.
* ഡിപ്പോസിറ്റ് ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെട്ട സ്ഥാപനം

### ബ്രാഞ്ചുകൾ


കോട്ടയം മെയിൻ
വനിതാ ബ്രാഞ്ച്
പുതുപ്പള്ളി
ഗാന്ധിനഗർ
പാമ്പാടി
പാക്കിൽ
കടുത്തുരുത്തി
ഞീഴൂർ
കുറുപ്പന്തറ
പാലാ പ്രഭാത സായാഹ്ന ശാഖ
ഈരാറ്റുപേട്ട
കുറവിലങ്ങാട്
പൈക
ചങ്ങനാശ്ശേരി മെയിൻ
കറുകച്ചാൽ
പെരുമ്പനച്ചി
കുറിച്ചി
മുണ്ടക്കയം
എരുമേലി
കരിക്കാട്ടൂർ
തലയോലപ്പറമ്പ്

കോട്ടയം പ്രഭാത സായാഹ്ന ശാഖ
കോട്ടയം, കഞ്ഞിക്കുഴി
ഏറ്റുമാനൂർ
തിരുവാതുക്കൽ
താഴത്തങ്ങാടി
വൈക്കം
പെരുവ
അംബികാമാർക്കറ്റ്
പാലാ
രാമപുരം
കടപ്ലാമറ്റം
ഉഴവൂർ
കൊല്ലപ്പള്ളി
ചങ്ങനാശ്ശേരി, പ്രഭാത സായാഹ്ന ശാഖ
പത്തനാട്
വാകത്താനം
പായിപ്പാട്
കാഞ്ഞിരപ്പള്ളി
പൊൻകുന്നം
വൈക്കം പ്രഭാത സായാഹ്ന ശാഖ
മണർകാട്

പി.യു. തോമസ് ( ജനറൽ മാനേജർ )

പി. ജെ. ജോൺ (പ്രസിഡന്റ്)

പട്ടുസാരികൾക്ക്



കല്യാണസാരികൾ,

മററ് എല്ലായിനം സാരിത്തരങ്ങൾ,

റെഡിമെയ്ഡ് വസ്ത്രങ്ങൾ, ചുരിദാർ,

നൈററി എന്നിവയും.

ഐശ്വര്യ

പാലാ, ചെങ്ങന്നൂർ

ആശംസകൾ

# പാലയ്ക്കപ്പറമ്പിൽ
# ഗാർമെന്റ്സ്
## കടുത്തുരുത്തി



**കടുത്തുരുത്തി റീജിയണൽ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 4061**

**ഹെഡോഫീസ് കടുത്തുരുത്തി 04829 – 42379**

ബ്രാഞ്ചുകൾ – കടുത്തുരുത്തി 42379 ആയാംകുടി 42211 മുട്ടുചിറ 42537
പാഴുത്തുരുത്ത് 63722 കുലശേഖരപുരം 63727 പ്രഭാത – സായാഹ്നകൗണ്ടർ
(കടുത്തുരുത്തി ടൗണിൽ)

- ഉയർന്ന പലിശ ലഭിക്കുന്ന വിവിധ നിക്ഷേപ പദ്ധതികൾ.
- അംഗങ്ങൾക്കും നിക്ഷേപകർക്കും ഇൻഷ്വറൻസ് സംരക്ഷണം.
- കാർഷിക മേഖലയിൽ സജീവ പങ്കാളിത്തം
- വാഹന വായ്പ, ഭവനപുനരുദ്ധാരണ വായ്പ, ഓവർ ഡ്രാഫ്റ്റ് സൗകര്യം, വ്യവസായ വായ്പ, ഗൃഹോപകരണ വായ്പ, തുടങ്ങിയ എല്ലാ വായ്പകളും നൽകുന്നു.
- കടുത്തുരുത്തി ബ്രാഞ്ചിൽ ലോക്കർ സൗകര്യം.
- അക്ഷയനിധി, കമ്പ്യൂട്ടർ അക്കൗണ്ടിംഗ് സിസ്റ്റം.
- 25000 സലായുള്ള ചിട്ടികൾ.

സ്ഥാപിതം : 1957

**സേവനത്തിന്റെ പാതയിൽ 40 വർഷം പിന്നിട്ടു കഴിഞ്ഞു.**

സി. എം. മോഹനൻ ചിങ്ങംപറമ്പിൽ
പ്രസിഡന്റ്.

കെ. പി. ജോൺ കുര്യാസ്
സെക്രട്ടറി.

## കുരുവിനാക്കുന്നേൽ

# C.A. FRANCIS & SONS

## JEWELLERS

NEW BAZAR ROAD PALA TELEPHONE:
211115,211116

---

**SHERLY BABU**

## HAY LADY

Herbal Beauty Clinic
(Shahanaz Treatment)
Ladies Tailoring

Central jn.
Kuravilangad
Kottayam - 686 633

# കലാകായിക മത്സരവിജയികൾ



Binumon Mathew I PDC



Joseph Xavier II DC



Sherin Mathew I PDC



Smitha Cyriac I PDC



Sophia James I DC



Theres George II PDC



Jaimy III DC



Joshy II DC




Joby Thomas II DC



Anoopa Sunny II DC
Best Hair Style



Irene Paul II DC
Smiling Queen




Danish I PDC
Mono Act



Audrey Joy II DC Eng
Miss Devamatha



Prince Kuruvilla II B.com
Mr. Skeleton



Joseph Mathew III Eco
Mr. Devamatha

# *Wandering Minds*



Manju Vijayan
I D.C. English

Nowadays fifty percentage of young people are addicted to Narcotics. Most of them are students. The teenagers are using narcotics in the form of injection, smoking, drinks etc. At first they use these things for pleasures or company's sake.

There a re college students who even actively participate in the narcotic business. They compel their friends to use narcotics. In the modern age, parents have little time to care for children. They live in their own circle leaving the children to themselves. Gradually children get alienated from the parents. The teenagers want more freedom. They build their own free empire around themselves. They have a tendency to imitate everything around them. They imitate their friends, film-stars etc. and the habit of imitation may mislead them.

In some colleges senior students have a habit of ragging junior students. Most of these seniors are addicts to narcotics and they compel these junior students to use narcotics. Thus the juniors also become the agents of narcotics. Anti-Narcotic programmes are organized in every college and students take active part in these programmes. But most of the students use narcotis. They can not live without it. They become slaves to narcotics.

Most of the students get associated with political activities in the college. They organize strikes by destroying state buses and public properties. Graduallly they gather up courage to commit murder. The Antony government prohibited 'Arrack' in Kerala. But the people of Kerala use other forms of narcotics like opium, brown sugar, majurivana, heroin etc. They also use narcotics in the form of injection for which they very often use un-sterilized needles. This causes the spreading of diseases from one to another. The use of narcotics is injurious to health in many ways.

Smoking is the main cause of lung cancer. Carcinogers in tobacco smoke causes irritation to the tissues which in turn leads to lung cancer. The best method to prevent this disease is to avoid smoking. Narcotics destroy many people and many families. From ancient times many people used intoxicating drinks like wine and vodka. Vodka is a kind of drink which is made from rice. The use of narcotics makes man blind and he becomes a criminal. Most of the young people destroy their future by the use of narcotics. They are misled.

According to 'Bible', a drunkard can not enter the paradise.

വിവാഹസാരികൾക്ക്
ചുരിദാറുകൾക്ക്
വസ്ത്രങ്ങൾക്ക്
സെലക്ഷൻ
HI - CHOICE
ജോസ്സൻസ്
കൂത്താട്ടുകുളം Ph : 252400

# പൂന്തോപ്പിലേയ്ക്ക് കടക്കുമ്പോൾ.

JEEJA KHADAR
II DC B.Com

ഒരു രാത്രിയിൽ ഞാൻ എന്റെ കഴിഞ്ഞ കാലത്തെക്കുറിച്ചിന്തിച്ചു. പാഴായിപ്പോയ ആ കാലഘട്ടത്തെ കുറിച്ചോർത്ത് ഞാൻ അതീവ ദുഃഖിതയായി. എന്റെ വൃദ്ധ ചിത്തമെന്ന മണിമന്ദിരത്തെ ഞാൻ എന്റെ കണ്ണുനീർ മുത്തുകളാൽ കഴുകി. ഞാനയക്കുന്ന ഓരോ നിശ്വാസവും എന്റെ ആയുർദൈർഘ്യം കുറയ്ക്കുകയാണെന്ന് ബോധ്യമായി.



നാം ഈ ലോകത്തിന് ചെയ്തു തീർക്കേണ്ട ബാദ്ധ്യതകൾ അറിയാത്ത വിധത്തിൽ നിർവ്വഹിക്കാതിരുന്നാൽ എന്തു മാത്രം ശാപം സഹിക്കേണ്ടി വരും. ഈ ലോകത്തുനിന്ന് പോകുവാനുള്ള അറിവ് നമുക്കു ലഭിച്ചു കഴിഞ്ഞു. പക്ഷെ നാം ഇനിയും ഭാണ്ഡം മുറുക്കി യാത്രയ്ക്ക് തയ്യാറായിട്ടില്ല. പഥികരുടെ പ്രഭാത നിദ്ര പോലെയാണ് ജീവിതം. ഈ ലോകത്ത് എന്നെന്നും ജീവിക്കാമെന്ന വ്യാമോഹത്താൽ ഓരോ മനുഷ്യനും അംബരചുംബികളായ മണി മന്ദിരങ്ങൾ പണിയുന്നു. ആർക്കും ഈ മണി മാളികയിൽ നിരന്തരം വസിക്കുക സാധ്യമല്ല. നശ്വരമായ കാമിനിയെ പ്രണയിക്കരുത്.

ഏകാന്തതയുടെ വിശ്രമകാലമെന്ന കാരാഗൃഹത്തിലേയ്ക്ക് ഞാനിതാ പോകുന്നു. സാമൂഹ്യജീവിതത്തിൽ ലഭിക്കുന്ന സുഖം എന്ന മേലങ്കി വേണമെങ്കിൽ പരിത്യജിക്കാം. ഉല്ലാസകരമായ നർമ്മസല്ലാപങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കുകയുമാവാം. ഇതൊക്കെയാലോചിച്ചപ്പോൾ കൂടുതൽ നല്ല കാര്യങ്ങൾ ചെയ്യുവാൻ തോന്നി...

മനോഹരമായ വസന്തകാലമായിരുന്നു അത്. സുന്ദരമായ ഉദ്യാനത്തിൽ അനേകം പുഷ്പങ്ങൾ പൂത്തുലഞ്ഞു നിൽക്കുന്നു. മരതക പച്ചയണിഞ്ഞ പ്രപഞ്ചം, പക്ഷികളുടെ ശ്രുതിമധുരമായ കളകൂജനം ഉദ്യാനത്തിൽ നിർവൃതിദായകമായ രാഗരസം പകർന്നു. നോക്കുന്നിടത്തെല്ലാം റോസാപ്പൂക്കൾ പൂത്തു കുലുങ്ങിച്ചിരിക്കുന്നു.

സഞ്ചാരവേളകളിൽ പല തവണ എന്റെ സഹയാത്രികനായ ഒരാത്മ സുഹൃത്ത് നീണ്ട കുറെ വർഷങ്ങൾക്കു ശേഷം എന്നെ സന്ദർശിക്കാനെത്തി. വള്ളിക്കുടിലിൽ ധ്യാനനിരതയായി കഴിച്ചുകൂട്ടുന്ന കാലം. നല്ലതെന്നു കരുതി മൗനവ്രതയായി നിർവൃതിയിലാണ കാലം. സുഹൃത്തിനെ കണ്ടിട്ട് തല ഉയർത്തി നോക്കിയില്ല. ആത്മമിത്രത്തിന്റെ സംശയം മനസിലായി. കണ്ടിട്ട് ഒരു വാക്കുപോലും ഉരിയാടാതെ മൗനം പാലിച്ചതിൽ അദ്ദേഹത്തിന് നീരസം തോന്നിയിരിക്കണം.

എന്റെ ആത്മമിത്രത്തിനോട് ഒന്നും ഉരിയാടാതിരിക്കുന്നത് ശരിയല്ലെന്നു കരുതി ഞാനെന്റെ വള്ളിക്കുടിലിൽ നിന്ന് പുറത്തിറങ്ങി. ഞങ്ങൾ വള്ളിക്കുടിലിൽ സ്വൈരമായി സംസാരിക്കുവാൻ സ്ഥലം തിരഞ്ഞു പിടിച്ചു.

ചന്ദ്രികാ ചർച്ചിതമായ രാത്രി വന്നു. നിലാവിന്റെ ധവളപ്രഭയിൽ മരങ്ങളുടെ നിഴലുകൾ ഭൂമിയിൽ പട്ടുകംബളം

വിരിച്ചുതാരണോ എന്ന് തോന്നും. കാറ്റി മറഞ്ഞു......പ്രഭാതം വിടർന്നു. എഴുന്നേറ്റ് പോവുന്നതിനെക്കാൾ അവിടെത്തന്നെ ഇരിക്കണമെന്ന മോഹമാണ് ഞങ്ങൾക്ക്.

റോസപ്പൂക്കളുടെ മനോഹാരിത വർണ്ണിച്ചുകൊണ്ട് തരളിത മടിയിൽ വിരിച്ച തൂവാലയിൽ പൂക്കൾ പതിപ്പിടുകയായിരുന്നു സുഹൃത്ത്. ഇത് കണ്ടപ്പോൾ എനിക്കത്ഭുതകരമായ ആശയം ഉദിച്ചു. ഭാവന വിടർന്നു. യൗവ്വനത്തിന്റെ വഴിത്താരയിൽ അപ്രത്യക്ഷമാവുന്ന ഈ പൂക്കൾ നിങ്ങൾ ശേഖരിക്കുന്നതെന്തിന്? അവ ഒക്കെ നാളത്തേക്ക് വാടിക്കരിയില്ലേ? ഇതുപോലെത്തെ നശ്വരമായ വസ്തുക്കൾ മോഹിക്കരുതെന്ന് ഞാൻ സുഹൃത്തിനോട് പറഞ്ഞു. അത് പറഞ്ഞ് തീരും മുമ്പ് പൂക്കളുടെ ഇതളുകൾ ഒരൊന്നായി നിലം പതിച്ചു.....

വിശാല ഹൃദയനായ മനുഷ്യൻ വാഗ്ദാനം ചെയ്താൽ ഉടൻ നിറവേറ്റും. അത് ഇപ്പോൾതന്നെ പരിശീലിക്കൂ......

*With best compliments from*

# V. J. Tronix

Panchayath Shopping Complex Kuravilangad.

ആശംസകൾ

# സ്വപ്ന ജ്വല്ലേഴ്സ്

കൂത്താട്ടുകുളം.

# MINARVA

EDUCATIONAL GUIDANCE CENTRE

**KOLENCHERY (H.O)**

2ND FLOOR, KODIAMPARAYIL BLDG.
Above Kennedy Textiles
Opposit to : PMP Theatre

WORKING DAYS
*MONDAY TO SATURDAY*
*(6 DAYS) 10 A.M. TO 5 P.M.*

**KOOTHATTUKULAM (BR.)**

OPPOSIT TO : ELECTRIC SUB STATION
M.C. Road

WORKING DAYS
*THURSDAY FRIDAY & SATURDAY*
*(3 DAYS ONLY) 10 A.M. TO 5 P.M.*

M.B.B.S. BDS, B.Pharm, M. Pharm, D.Pharm, Physiotherapy, B.Sc. Nursing, General Nursing, Health Inspector Course, Lab./X-Ray, Bio-Chemistry, Micro-biology, B.Sc MLT, BHMS, BAMS, Hotel Management Engineering (B.E.) Poly-technic, B.Sc. Computer Course, MCA, MBA, MSW, LLB, B.Ed., Nutrition & Diet, Bakery & Food Production (6 Months) എന്നി കോഴ്സുകൾക്ക് കർണ്ണാടക, തമിഴ്നാട്, മഹാരാഷ്ട്ര, ആന്ധ്രാ സംസ്ഥാനങ്ങളിലെ വിവിധ കോളേജുകളിൽ Management Quota അഡ്മിഷന് നേരിൽ സമീപിക്കുക പൂർണ്ണമായ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.

Phone : RES:- (0485) 277301
P.L. Call During:
6. A.M. To 9 A.M. — 7.P.M. To 11 P.M.

DIRECTOR
JOSEPH STEPHEN
(Ex: Asst. Garrison Engineer)
Puthenmannath House, Near High School, Ramamangalam

# ദേവമാതാ സ്കൂൾ ഓഫ് മെഡിക്കൽ ടെക്നോളജി

കുറവിലങ്ങാട് , കോട്ടയം ജില്ല

(Regd. Under Govt. of Kerala)

അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

അപേക്ഷകൾ ക്ഷണിക്കുന്നു.

(സീറ്റുകൾ പരിമിതം)

(പ്രവേശനം കന്യാസ്ത്രീകൾക്കും പെൺകുട്ടികൾക്കും മാത്രം)

(General Nursing & Midwifery 3 years with Hospital Training (Private)

| Course | Duration | Number of Seats |
|---|---|---|
| a. Basic Nursing & Midwifery | 2 Years/24 Months | 23 |
| b. General Nursing & midwifery | 36 - Months | 30 |

ഫാദർ – ഫിലിപ്പ് വടക്കേക്കര M.A. Ph.D.
ഡയറക്ടർ.

PH - 0482 - 230445 (off)
- 230446 (Res)

22 ct.സ്വർണ്ണാഭരണങ്ങൾക്കു്

# വഞ്ചിപ്പുരയ്ക്കൽ

## ഫാഷൻ ജ്വല്ലറി

കടുത്തുരുത്തി.

Phone – 04829 – 43433
" – 42604

## ആശംസകൾ

GANDHIGRAM RUBBERS LTD. KURAVILANGAD
GRL

# ഗാന്ധിഗ്രാം റബ്ബേഴ്സ് ലിമിറ്റഡ്

## രജി. ഓഫീസ് കുറവിലങ്ങാട്

(Incorporated as a Public Limited Company, Under the Companies Act, 1956)

- പബ്ളിക് ലിമിറ്റഡ് കമ്പനിയിലൂടെ ഗ്രാമസ്വരാജ്.
- കാർഷിക വ്യാവസായിക വ്യാപാര മേഖലകളുടെ സമുജ്ജ്വല സമന്വയം.

## ലക്ഷ്യങ്ങൾ

- റബ്ബർ, നാളികേരം, കൊക്കോ, കുരുമുളക്, സുഗന്ധവ്യഞ്ജനങ്ങൾ മുതലായവയെ അടിസ്ഥാനമാക്കി വിവിധ വൻകിട വ്യാവസായങ്ങൾ.
- കൃഷിബന്ധവ്യവസായോല്പന്നങ്ങളുടെ മൊത്തവ്യാപാരവും കയറ്റുമതിയും.
- കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിലൂടെ കർഷകർക്ക് അധികവരുമാനം.
- ഗ്രാമീണ മേഖലയിൽ വൻ തോതിൽ തൊഴിലവസരസാദ്ധ്യതകൾ.
- കമ്പനിയുടെ പ്രഥമ ഫാക്ടറി – കൊയർഫോം – 1997 – ഓഗസ്റ്റിൽ ഉദ്ഘാടനം ചെയ്യപ്പെടുന്നു.

ഫാദർ പോൾ പഴേമ്പള്ളി

ചെയർമാൻ.

# College Day



Welcome Speech
**Hena P.N.**



Inaugural Address
**Ambalappuzha Ramavarma**



Presidential Address
**Jaise Joseph**




**Ganamela Alappuzha Claps**





Vote of thanks
**Lillikuty Kurian**

# വിധി



വർഷങ്ങൾക്കു മുൻപ് കൈയാമവും ഇട്ട് നതശിർഷനായി ജനമദ്ധ്യത്തിലൂടെ നടന്നു നീങ്ങുമ്പോൾ കണ്ട ഗ്രാമമല്ല ഇപ്പോഴത്തെ മേലേക്കാവ് ഗ്രാമം വളരെയേറെ മാറിയിരിക്കുന്നു. ഗ്രാമത്തിന്റെ ഓരോ ചലനങ്ങളും ഓരോ തുടിപ്പുകളും ആത്മാവിൽ ആവാഹിച്ച വ്യക്തിയാണല്ലോ താൻ എന്ന ഓർമ്മ സിബിച്ചനെ വല്ലാതെ വേദനിപ്പിച്ചു. ഇന്ന് എല്ലാം തനിക്ക് അപരിചിതമാണ്. അതിനാൽ തന്നെ അന്യവുമാണ്. തന്റെ സാന്നിദ്ധ്യം കൊണ്ട് മാത്രം മാറിനടന്നിരുന്ന വ്യക്തികൾ പുഞ്ചിരി തൂകുന്ന മുഖങ്ങൾ എല്ലാം ഇന്ന് ഉൾവലിയുകയാണ്.

അതിപുരാതന കത്തോലിക്കാ കുടുംബത്തിൽപ്പെട്ട സിബിച്ചന്റെ ജീവിതം ഉല്ലാസപ്രദമായിരുന്നു. അച്ഛനില്ലാതെ വളർന്ന ക്ലേശമൊന്നും അമ്മ മകനെ അറിയിച്ചിരുന്നില്ല. നന്നായി പഠിക്കുമായിരുന്ന സിബി പഠനത്തിന്റെ ഉന്നതിയിൽ എത്തിച്ചേർന്നു. പെട്ടെന്നുള്ള അമ്മയുടെ മരണം സിബിച്ചനെ ഒട്ടൊന്നുമല്ല തളർത്തിയത്. തന്റെ ഏകസഹോദരിയെ ഒരു നിലയിൽ എത്തിക്കേണ്ട ചുമതല തോളിൽ വഹിതനായി വന്ന സിബിയെ കൂലിവേലയ്ക്കിറങ്ങാൻ നിർബന്ധിതനാക്കി.

പകലന്തിയോളം പണിയെടുത്ത് സന്ധ്യാമണിമുഴങ്ങുമ്പോഴായിരിക്കും സിബിച്ചൻ വീട്ടിലെത്തുക. ഒരു ദിവസം പണികഴിഞ്ഞ് വീട്ടിലെത്തിയ സിബിച്ചന് കാണാൻ കഴിഞ്ഞത് തന്റെ സഹോദരിയുടെ ജഡമാണ്. കുറ്റം ഏറ്റെടുക്കേണ്ടി വന്ന സിബിച്ചനെ വിസ്തരിക്കാൻ നാട്ടിലെ പ്രമാണിമാരും പ്രഭുപുത്രൻമാരും മുൻപന്തിയിലായിരുന്നു.

ഇന്ന് തന്റെ തറവാടിരുന്ന സ്ഥാനത്ത് ഒരു മൺകൂനയാണ് നിൽക്കുന്നത്. അതിനുമുൻപിൽ കണ്ണീരൊഴുക്കാൻ മാത്രമെ സിബിക്കു കഴിഞ്ഞുള്ളു. ഞാൻ ഇനി ആർക്കുവേണ്ടിയാണ് ജീവിക്കുന്നത്. ആർക്കാണ് തന്നെ വേണ്ടതെന്ന ചിന്ത സിബിച്ചനെ വേദനിപ്പിച്ചു. താളം തെറ്റിയ മനസ്സിന് ഉടമയായ സിബി മരണം ലക്ഷ്യമാക്കി നടന്നു നീങ്ങി.

Mathew Cyriac
I DC Physics



# ഇഷ്ടനായികയോടൊപ്പം ഇത്തിരി നേരം.

( ചലച്ചിത്രതാരം ദിവ്യാഉണ്ണിയുമായി നടത്തിയ അഭിമുഖം. )

വിടർന്ന പുഞ്ചിരിയും പ്രായത്തിൽ കവിഞ്ഞ പക്വതയും, അഭിനയ നൈപുണ്യവും കൊണ്ട് മലയാള പ്രേക്ഷക മനസുകളിൽ ചിരപ്രതിഷ്ഠ നേടി നായികാ പദവിയിലേക്കുയർന്ന ദിവ്യാ ഉണ്ണി തന്റെ തിരക്കേറിയ നിമിഷങ്ങളിലും അല്പ സമയം നമ്മുടെ മാഗസിനുവേണ്ടി ചിലവഴിച്ചപ്പോൾ.

1. കുറച്ച് കാലം കൊണ്ട് മലയാള സിനിമയിൽ ഏറെ മുന്നേറുവാൻ സാധിച്ചത് സ്വന്തം കഴിവുകൊണ്ടാണ് എന്ന് തോന്നുന്നുണ്ടോ?


ഈശ്വരാനുഗ്രഹമാണ് ഏറ്റവും പ്രധാന ഘടകം. എന്റെ കഴിവും ഉണ്ട്. കഴിവില്ലെങ്കിൽ ഈ രംഗത്തേക്ക് കടന്നുവരുവാൻ പറ്റില്ലല്ലോ. എങ്കിലും ഒന്നാമതായി ഈശ്വരാനുഗ്രഹം തന്നെ.

2. ജീവിതത്തിൽ ഏറ്റവും സന്തോഷം നിറഞ്ഞ അനുഭവം എന്താണ്?

ഞാൻ എന്റെ ചെറുപ്പം മുതലേ മനസിൽ ആരാധിച്ചു പോന്ന ആളാണ് ലാലേട്ടൻ. ലാലേട്ടനുമായി വർണ്ണപ്പകിട്ടിൽ അഭിനയിക്കുവാൻ അവസരം കിട്ടിയപ്പോഴാണ് എനിക്ക് ഏറ്റവും അധികം സന്തോഷം തോന്നിയത്. എങ്കിലും വർണ്ണപ്പകിട്ടിൽ ഞാൻ അഭിനയിച്ചാൽ ശരിയാകുമോയെന്ന് എനിക്കു പേടിയുണ്ടായിരുന്നു.

3. ഇപ്പോൾ 10-ാം ക്ലാസ് കഴിഞ്ഞ് നിൽക്കുകയല്ലേ. ഇനി തുടർന്ന് പഠിക്കാനാണോ അതോ സിനിമയിൽ തുടരാനാണോ താല്പര്യം.

പഠനവും സിനിമയും ഒരുപോലെ കൊണ്ടുപോകണം. ഇനി തേർഡോ, ഫോർത്തോ ഗ്രൂപ്പെടുത്ത് പഠിക്കാനാണ് ഉദ്ദേശിക്കുന്നത്. സെക്കൻഡ് ഗ്രൂപ്പെടുത്താ



ൽ പ്രാക്ടിക്കൽ ഒക്കെ ഉള്ളതിനാൽ അഭിനയത്തിനു വേണ്ടി ഒത്തിരി ക്ലാസ്സുകൾ കളയുവാൻ പറ്റില്ലല്ലോ. എന്തായാലും ഡിസംബർ മാസം വരെ ഈ നായികയുടെ ചാർട്ട് ഷീറ്റ് full ആണ്.

4. സിനിമയിൽ ആദ്യം അഭിനയിച്ച ചിത്രം ഏതാണ്? ആ രംഗം ഓർക്കുന്നുണ്ടോ?

സിനിമയിൽ ആദ്യമായി ഞാനഭിനയിച്ചത് 'നീയെത്ര ധന്യ'യിലാണ്. കാർത്തികചേച്ചിയുടെ ബാല്യകാലം അവതരിപ്പിച്ചുകൊണ്ട്. അന്ന് ഞാൻ തീരെ കുഞ്ഞായിരുന്നതിനാൽ ആദ്യ രംഗം ഓർമിക്കുന്നില്ല. നായികയായി ആദ്യം അഭിനയിച്ചത് വിനയനങ്കിളിന്റെ കല്യാണ സൗഗന്ധികത്തിലാണ്. ലളിതചേച്ചിയുടെയും, ചിപ്പിചേച്ചിയുടെയും കൂടെ പൂ കെട്ടിക്കൊണ്ടിരിക്കുന്നതാണ് ആദ്യ രംഗം.

5. ആരുടെയെങ്കിലും പ്രേരണ കൊണ്ടാണോ സിനിമാ രംഗത്തേക്ക് കടന്നുവന്നത്?

പ്രേരണയല്ല. Encourag ement. എന്റെ അച്ഛന്റെയും അമ്മയുടെയും പ്രോത്സാഹനമാണ് ഏറ്റവും പ്രധാന കാരണം. എവിടെ അഭിനയിക്കുവാൻ പോയാലും എന്റെ അച്ഛനോ അമ്മയോ ആരെങ്കിലും കൂട്ടിനുണ്ടാവും. പടങ്ങൾ തിരഞ്ഞെടുക്കുന്നതും, ഡേറ്റ് നല്കുന്നതുമെല്ലാം അവരാണ്. എനിക്ക് ഒരു കൊച്ചനുജത്തി കൂടിയുണ്ട്. രണ്ടാം ക്ലാസിൽ പഠിക്കുന്ന വിദ്യാ ഉണ്ണി.

6. ദിവ്യക്കിഷ്ടപ്പെട്ട നടനും നടിയും ആരാണ്?

ഞാൻ നേരത്തെ തന്നെ പറഞ്ഞില്ലേ എനിക്കേറ്റവും ഇഷ്ടപ്പെട്ട നടൻ മോഹൻലാലാണ്. ചെറുപ്പം മുതലേ ലാലേട്ടന്റെ എല്ലാ സിനിമയും ഞാൻ കാണുമായിരുന്നു. ഇഷ്ടപ്പെട്ട നടി ശോഭന ചേച്ചിയാണ്.

ശോഭനയെ ഇഷ്ടപ്പെടാൻ കാരണം എന്താണ്?

(ചിരിച്ചുകൊണ്ട്) ശോഭന ചേച്ചിയുടെ ഡാൻസും, നീറ്റായ ഡ്രസിംഗ് ഒക്കെ എനിക്ക് എന്ത് ഇഷ്ടാന്നറിയുവോ. ഡാൻസ് ആണ് ചേച്ചിയുടെ ഒരു plus പോയിന്റായിട്ട് ഞാൻ കാണുന്നത്. ശോഭന ചേച്ചിയെ ആദ്യമായി ഞാൻ കാണുന്നത് മാക്ടയുടെ സംഗീത സംഗമം നടന്നപ്പോഴാണ്. നൃത്തം കഴിഞ്ഞ് വന്ന എന്നെ ചേച്ചി ഒരുപാട് അഭിനന്ദിച്ചു. നൃത്തത്തിന്റെ നിറകുടമായ ശോഭന ചേച്ചി എന്നെ അഭിനന്ദിച്ചപ്പോൾ എനിക്ക് ഒത്തിരി സന്തോഷം തോന്നി. (ഇത് പറയുമ്പോഴും ദിവ്യയുടെ മുഖത്ത് സന്തോഷം അലയടിക്കുന്നുണ്ടായിരുന്നു.)

7.എന്താണ് ഹോബി?

പാട്ടു കേൾക്കുക, ഡാൻസ് പഠിക്കുക, ഷൂട്ടിങ് കഴിഞ്ഞു ഉള്ള സമയത്ത് ചിലപ്പോഴൊക്കെ പാട്ട് കംപോസ് ചെയ്യാറുമുണ്ട്.

8. ഇപ്പോഴുള്ള മലയാള സിനിമയുടെ നിലവാരത്തെക്കുറിച്ച് എന്താണ് പറയുവാനുള്ളത്?

(മുഖത്ത് ചമ്മലോടെ) അയ്യോ അങ്ങനെയൊന്നും എന്നോട് ചോദിക്കല്ലേ. ഞാൻ സിനിമയിൽ പിച്ചവച്ചു തുടങ്ങിയതല്ലേയുള്ളൂ.

9. ദിവ്യ ഈശ്വരവിശ്വാസിയാണോ?

അയ്യോ, ഞാൻ നല്ല ഈശ്വര വിശ്വാസിയാണ്. ഈശ്വരാനുഗ്രഹം ഒന്ന് മാത്രമാണ് ഇന്നു വരെയുള്ള എന്റെ ഉയർച്ചക്ക് നിദാനമായിട്ടുള്ളത്.

10. എന്താണ് ഇഷ്ടപ്പെട്ട വേഷം?

എനിക്കേറ്റം ഇഷ്ടം പാവാടയും ബ്ലൗസുമാണ്.

11. ഇപ്പോൾ മലയാള നടന്മാരും, നടിമാരും തമിഴ് സിനിമയിലേക്ക് കടക്കുന്ന ഒരു പ്രവണതയാണല്ലോ ഉള്ളത്. ദിവ്യക്ക് തമിഴ് സിനിമാരംഗത്തേക്ക് കടക്കുവാൻ താല്പര്യമുണ്ടോ?

ഈ ചോദ്യം കേട്ടയുടൻ അടുത്തുണ്ടായിരുന്ന ദിവ്യയുടെ അച്ഛൻ ഉണ്ണികൃഷ്ണനാണ് ഉത്തരം നല്കിയത്. 'മലയാള സിനിമയിലെ തിരക്കൊഴിഞ്ഞ് മറ്റെങ്ങും പോകാൻ പറ്റാത്തതിനാൽ തല്ക്കാലം ഇവിടെത്തന്നെ തുടരാനാണ് താല്പര്യം. അരോമ മണി തമിഴിൽ നിർമിക്കാനുദ്ദേശിക്കുന്ന ചിത്രത്തിലേക്ക് ദിവ്യയെ ക്ഷണിച്ചിരുന്നതാണ്.

12. ആരാധകരും, ആസ്വാദകരുമൊക്കെ എങ്ങനെ?

ഒരു പാട് പേരുണ്ട്. ചിലർ ഫോണിൽ വിളിക്കും, ചിലർ കത്തയക്കും. ഗൾഫ് യാത്ര കഴിഞ്ഞ് വന്നപ്പോൾ ഒരുപാട് കത്തുകൾ, മുഴുവൻ പൊട്ടിച്ചു നോക്കുവാൻ പോലും സമയം കിട്ടിയില്ല. മറുപടി അയക്കാത്തതിൽ അവരൊക്കെ പരിഭവിക്ക്യോന്നാ എന്റെ പേടി.

ആശംസകൾ

കണിയാംപറമ്പിൽ

ഫാഷൻ ജൂവലറി

പാലാ റോഡ് കടുത്തുരുത്തി

# എനിയ്ക്കും ഒരു ഹൃദയം



ഓരോ യാത്രയും ആരംഭിക്കുമ്പോഴും എത്രമാത്രം പ്രതീക്ഷയോടെയാണ് ഞാൻ പോകുന്നതെന്ന് നിങ്ങൾക്കറിയാമോ? വളരെ കാലംകൊണ്ട് എനിയ്ക്ക് എത്ര അനുഭവങ്ങൾ വന്നിരിക്കുന്നു! എത്രയെത്ര ദാരുണമായ സംഭവങ്ങൾക്ക് ഞാൻ ദൃക്സാക്ഷിയായിരിക്കുന്നു!


എവിടെനിന്നാണ് ഞാൻ യാത്ര ആരംഭിക്കുന്നത്? അറിയില്ല. ആകാശത്ത് എന്നാണ് മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ ഉണ്ടായത്? എന്നാണ് ഈലോകം ഉണ്ടായത്? അതുപോലെ അജ്ഞാതമാണ് എന്റെ ജന്മദിനം.

ഓരോ ദിനങ്ങളും കടന്നുപോകുമ്പോഴും പ്രതീക്ഷയുടെ ഒളിവുമായി ഞാൻ കാത്തിരിക്കുന്നു. എന്റെ ജന്മദിനം പ്രതീക്ഷിച്ചു. പക്ഷെ, അതെന്നാണെന്നു പറയാൻ എന്റെ അമ്മയോ അച്ഛനോ ഇല്ല. മാതാപിതാക്കൾ ഇല്ലാത്ത ദുഃഖം എന്താണെന്ന് അനാഥരായവരെപ്പോലെ എനിയ്ക്കും നന്നായി അറിയും.

ആൾക്കൂട്ടത്തിൽ തനിയെ ആയവനെപ്പോലെയാണ് ഞാൻ. അനാഥത്വത്തിന്റെ വേദനയും പേറി ഞാൻ എത്രരാത്രികളിൽ വിങ്ങികരഞ്ഞിട്ടുണ്ട്. ആരെയും കാണാതെ. ക്ഷമിക്കണം, മാതാപിതാക്കളുടെ കാര്യം പറഞ്ഞ് നിങ്ങളെയും ഞാൻ വിഷമിപ്പിച്ചു അല്ലേ. സാരമില്ല. ദുഃഖങ്ങൾ മറ്റുള്ളവരുമായി പങ്കുവെയ്ക്കുമ്പോൾ പകുതിയായികുറയുമെന്നാണ് പഴമൊഴി.

എന്റെ ദുഃഖത്തിന് അല്പമെങ്കിലും പരിഹാരമാകുമെങ്കിൽ അത് ധാരാളമായി.

ഏതോ കമ്പനിയുടെ ഇരുണ്ട ഇടനാഴികകളിൽ പാട്ടക്കഷണങ്ങളും, ഇരുമ്പ് ദണ്ഡുകളുമായി ഞാൻ പിറന്നു. ഏതോ വിദഗ്ധന്റെ കൈകളാൽ എനിയ്ക്ക് ഇപ്പോൾ നിങ്ങൾ കാണുന്ന ഈ രൂപമുണ്ടായി. നിങ്ങൾ 'സ്നേഹ'ത്തോടെ എന്റെ ശരീരത്തിൽ കല്ലെറിയുമ്പോൾ എനിയ്ക്ക് ആദ്യമാദ്യം വേദന അനുഭവപ്പെട്ടിരുന്നു.



രാജീവ് കുമാർ കെ.സ്.
ഒന്നാംവർഷ ധനതത്വശാസ്ത്രം.

ഇപ്പോൾ,

ഒന്നും വേദനയില്ല. നിർവികാരിതമാത്രം.

എല്ലാം ഏറ്റു വാങ്ങുമ്പോൾ ഉള്ളിൽ വിഷമം മാത്രം. എന്നെ സ്നേഹിക്കുവാൻ, സ്നേഹത്തിനുവേണ്ടി കൊതിയ്ക്കുന്ന എന്റെ മനസ്സിൽ ഒരിറ്റു സ്നേഹം നൽകുവാൻ ആരും ഇല്ലല്ലോയെന്ന ദുഃഖം മാത്രം ബാക്കി.

നിങ്ങൾ എല്ലാവരും എന്നെ 'ആനവണ്ടി' എന്നുവിളിച്ച് കളിയാക്കുമ്പോൾ എനിയ്ക്ക് സങ്കടമുണ്ടാകുമായിരുന്നു ആദ്യം. പക്ഷേ ഇപ്പോൾ അതിൽ പ്രത്യേകത ഒന്നും ഉള്ളതായി എനിയ്ക്കു തോന്നാറില്ല.

'ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ' എന്ന ബോർഡ്‌വച്ച് പോകുന്ന എന്നെ എല്ലാവർക്കും വെറുപ്പാണ്!

ആളുകൾ കൈ കാണിയ്ക്കുമ്പോൾ എല്ലാം നിർത്തി നിർത്തി പോകുന്ന എന്നെ ജനങ്ങൾ വൈരാഗ്യ ബുദ്ധിയോടെ മാത്രമേ കാണൂ.

പക്ഷേ, ചിലപ്പോൾ ആരും ഇല്ലാത്തപ്പോൾ ജനങ്ങൾ എന്നെ ആശ്രയിക്കും. അപ്പോൾ എനിയ്ക്ക് സന്തോഷമാണ്. കൂരിരുട്ടിൽ ഒരു നേരിയ പ്രകാശം പോലെ. എന്നോട് എന്താണ് ആളുകൾക്ക് ഇത്രയും

വെറുതെയല്ല എനിയ്ക്കറിഞ്ഞുകൂടാ. ഞങ്ങളുടെ വർഗ്ഗത്തെ മുഴുവൻ എന്തിനിങ്ങനെ കൊല്ലാക്കൊല ചെയ്യുന്നു? ഞങ്ങളെ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന, ഞങ്ങൾ ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന വിദ്യാർത്ഥികൾ ഞങ്ങൾക്ക് നേരെ ആക്രമണം അഴിച്ചുവിടുമ്പോൾ സത്യത്തിൽ തളർന്നു പോകും.

ആ എന്റെ വലതുഭാഗത്തെ കണ്ണ് തകർന്നിരിക്കുന്നത് നിങ്ങൾ കാണുന്നില്ലേ? അത് അവർ എറിഞ്ഞുടച്ചതാണ്.

പക്ഷെ...

മൂടിയെത്തോളം എല്ലാം സഹിച്ചും ക്ഷമിച്ചും ഞാൻ ജീവിക്കുന്നു. ഇനി ഇങ്ങനെ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ഞങ്ങൾ ഒരു മാർഗ്ഗം കണ്ടിട്ടുണ്ട്. ഞങ്ങളുടെ വർഗ്ഗം മുഴുവനും അനങ്ങാതെ കിടക്കുക. ഞങ്ങൾ സ്നേഹിക്കുന്ന വിദ്യാർത്ഥികളെ ഓർക്കുമ്പോൾ അതിനും കഴിയുന്നില്ല. അവരാണെന്റെ സർവ്വവും. എന്നിൽ യാത്ര ചെയ്യുന്നവരുടെ ഹൃദയവികാരങ്ങൾ എനിയ്ക്ക് നന്നായി മനസ്സിലാകും. ഓഫീസിൽ താമസിച്ചെത്തിയാൽ മേലുദ്യോഗസ്ഥന്റെ വഴക്കുകേൾക്കേണ്ടതുമൂലം 'ധൃതികൂട്ടുന്നവർ, ആശുപത്രിയിൽ കിടക്കുന്ന ഭർത്താവിന്റെയടുത്തെത്തുവാൻ ധൃതികൂട്ടുന്നവർ, ഇന്നത്തെ ക്ലാസ്സിൽ കയറാതെ എവിടെ പോകണമെന്ന് കണക്കുകൂട്ടുന്നവർ, അങ്ങനെ അങ്ങനെ പലരും...ഇവരറിയുന്നില്ല. ഞാൻ ഇവരുടെ ഹൃദയവികാരങ്ങൾ മനസ്സിലാക്കുന്നു എന്നത്. നിങ്ങൾ അവരോട് അത് മെല്ലെ പറയരുത്. എന്റെയുള്ളിൽ നിന്നുകൊണ്ട് കോളേജ് വിദ്യാർത്ഥികൾ എന്തെല്ലാം 'തമാശ'കൾ ഉണ്ടാക്കുന്നു. എല്ലാം മനസ്സിലാക്കി ഞാൻ ഉള്ളിൽ ചിരിക്കുന്നു.

ഏതോ ഒരു ദിവസം,

അത് എന്നാണെന്ന് ഞാൻ വ്യക്തമായി ഓർക്കുന്നില്ല. പക്ഷെ അന്നത്തെ ആ ദാരുണ സംഭവം ഞാൻ വ്യക്തമായി ഓർക്കുന്നു. വളരെ വേഗത്തിൽ എന്റെ പിറകെ കൂടിയ രണ്ടു 'ചെത്തു' പിള്ളേർ. ഹീറോഹോണ്ടയുടെ ശബ്ദത്തോടൊപ്പം അവരുടെ ചുണ്ടിൽനിന്നും 'അടിപൊളി' പാട്ടും. ആദ്യം എനിക്ക് വളരെ സന്തോഷം തോന്നി. അവരുടെ അമിതവേഗതയിൽ ഉൾക്കണ്ഠയും. നിർത്താതെ ശബ്ദമുണ്ടാക്കി അവര് എന്റെ മുമ്പിൽ കയറി. വിജയശ്രീലാളിതരായ അവരുടെ ആ ചിരി എന്നെ കോരിത്തരിപ്പിച്ചു. ഏതോ അശുഭലക്ഷണം എന്റെയുള്ളിൽ മണി മുഴങ്ങി. കുറെ ദൂരം ഞാൻ യാത്ര ചെയ്തപ്പോൾ റോഡിന്റെ വശത്തായി എനിയ്ക്ക് മുമ്പേ പോയവർ മരിച്ചു കിടക്കുന്നു. സത്യത്തിൽ വേദനയുടെ നിമിഷങ്ങൾ. മക്കളെ നഷ്ടപ്പെട്ട മാതാപിതാക്കളുടെ ദുഃഖം എന്നിൽ ഉണ്ടാക്കി. അതുപോലെ എത്രയെത്ര അനുഭവങ്ങൾ. സ്വന്തം സഹോദരനെപ്പോലെ മാത്രമേ എനിയ്ക്ക് നിങ്ങളെ കാണുവാൻ കഴിയൂ. എന്നിട്ടും എന്നോടെന്തേ നിങ്ങൾക്കിത്ര വൈരാഗ്യം. മുൻജന്മത്തിൽ നിങ്ങളോട് ഞാൻ ക്രൂരത കാട്ടിയിരുന്നോ? അറിയില്ല. നിങ്ങൾ ഒന്നുമാത്രം ഓർക്കുക. നിങ്ങൾ ഓർക്കും സംശയമില്ലാതെ, നിങ്ങളുടെ ജീവിതത്തിലെയ്ക്ക് അനുവാദമില്ലാതെ നിങ്ങൾക്ക് സഹായങ്ങൾ മാത്രം ചെയ്തുകൊണ്ട് ഞാൻ ജീവിയ്ക്കട്ടെ. അതിന് നിങ്ങൾ എന്നെ അനുവദിക്കുക.

എനിയ്ക്കറിയാം

ഇനിയും അധികനാളിന്റെ ജീവിതം ഇല്ല. കുറച്ചു ദിവസം കൂടി എനിയ്ക്ക് ബാക്കിയുണ്ട്. വെറുതെ ഇരിയ്ക്കുമ്പോൾ ഓർമ്മയിലിട്ട് താലോലിയ്ക്കുവാൻ ചില മധുരിയ്ക്കുന്ന ഓർമ്മകൾ നിങ്ങൾ എനിയ്ക്ക് തരില്ലേ?

ഇതൊരു ആജ്ഞയല്ല. വേദനിക്കുന്ന ഹൃദയത്തിന്റെ തേങ്ങൽ മാത്രം. ഇത്രയുമെങ്കിലും നിങ്ങളോട് പറയുവാൻ അവസരം തന്നതിന് നന്ദിയോടെ

നന്ദിയോടെ അതിലേറെ സ്നേഹത്തോടെ....

നിങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട്.

നിങ്ങളുടേതുമാത്രമായ

ട്രാൻസ്പോർട്ട്ബസ്.


# ALPHA STUDY CENTRE

(LAB ATTACHED)

NEAR D.B. COLLEGE, THALAYOLAPARAMBU

Classes offered:-

PDC (all groups) - Tution & Session BA, Bsc., Bcom - Tution & Session

COPIOUS COLLECTION OF EQUIPMENTS TO CORROBORATE THE LABORATORY FOR PDC AND DC.

NB:- D.B. College ഒഴികെ മറ്റ് കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ശനി,ഞായർ ദിവസങ്ങളിൽ ക്ലാസ്സ് എടുക്കുന്നതാണ്. വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം ഈ ക്ലാസ്സുകൾ ഞങ്ങളുടെ സഹോദര സ്ഥാപനമായ തലയോലപ്പറമ്പിലുള്ള കൈരളി കോളേജിൽ വച്ചായിരിക്കും എടുക്കുന്നത്.

പ്രിൻസിപ്പാൾ.

# CENTRE FOR ADVANCED COMPUTER COURSE

**COURSES**

- GULF PACKAGE(ICES)
- D.P & C.S (govt. of india)
- P.G.D.C.A (12 months)
- ADSMIT(programming)
- ADOA(office automation)

## Specialities

- Training in Software Development
- Training in Office Automation
- Training in Financial Accounting
- Placement Service
- Well Equiped Lab
- Reference Library
- Bus/Boat/Train concession
- Morning & Evening Class
- Hostel Facilities for Girls
- Well Qualified and experienced Faculities
- Uninterrupted Power Supply.

*WE ARE ALSO CONDUCTING SEPARATE SPECIAL CLASS FOR*

- oracle 7.1
- visual basic
- power builder
- windows 95
- autocad - 13
- ms windows
- ms excel
- ms word
- page maker
- corel draw

**P-TECH COMPUTERS**

*Apprd. By Govt. of India*
*P.T. College*
*Ettumanoor*
*Kottayam*
*0481 - 536667*

MATHA SCHOOL OF NURSING
KURAVILANGAD - 686633
KOTTAYAM, KERALA.

തെക്കേടത്ത് ഹോസ്പിറ്റലിൽ നടത്തിയിരുന്ന നഴ്സിംഗ് സ്കൂൾ മാതാ നഴ്സിംഗ് സ്കൂൾ എന്ന പേരിൽ ഇപ്പോൾ വൈക്കം റോഡിൽ പ്രവൃത്തിക്കുന്നു. അടുത്ത ബാച്ച് ഉടൻ ആരംഭിക്കുന്നു. ദീർഘകാല അദ്ധ്യാപന പരിചയമുള്ള നഴ്സിംഗ് ട്യൂട്ടർമാർ ഇവിടെ സ്ഥിരാദ്ധ്യാപകരായിട്ടുണ്ട്.

---

ഫോൺ 42959

## വെങ്ങാലിൽ ഹാർഡ്‌വെയേഴ്സ്

മാർക്കറ്റ് ജംഗ്ഷൻ,
പിറവം റോഡ്, കടുത്തുരുത്തി.

സാനിട്ടറി വെയേഴ്സ്, ടൈൽസ്, പമ്പുസെറ്റുകൾ, ഹൈക്കൗണ്ട്, കേരളചൂത്ര PVC പൈപ്പുകൾ, GI പൈപ്പുകൾ, 14 വർഷത്തെ ഗ്യാരണ്ടിയോടുകൂടിയ വാട്ടർടാങ്കുകൾ നെറോലാക്, ഏഷ്യൻ കമ്പനികളുടെ പെയിന്റുകൾ, ശങ്കർ, രാംകോ, ACC സിമന്റുകൾ, കാർഷികോപകരണങ്ങൾ മുതലായവ ഉത്തരവാദിത്വത്തോടുകൂടി മിതമായ നിരക്കിൽ ലഭിക്കുന്നതാണ്.

---

# ജനതാ പ്രസ്

## കുറവിലങ്ങാട്

ഫോൺ – 0482 – 230242 (Press)
230442 (Res.)

---

അപേക്ഷകൾ ക്ഷണിക്കുന്നു.

## വിമല സ്കൂൾ ഓഫ് നഴ്സിംഗ്

പള്ളിക്കവല കുറവിലങ്ങാട് – 686 633 ESTD 1978

നഴ്സിംഗ് – മിഡ്വൈഫറി – 2 വർഷം

വിദ്യാഭ്യാസയോഗ്യത :- S.S.L.C

Best Compliments :

# ജോസ്കോ

ഫാഷൻ ജ്വല്ലറി

കളരിക്കൽ ബസാർ,
കോട്ടയം
ഫോൺ 562140

കെ.കെ. റോഡ്,
കോട്ടയം
ഫോൺ 564825

റൗണ്ട് ഹൈറോഡ്
തൃശൂർ
ഫോൺ 420011

സ്വർഗ്ഗം | വിസ്മയിക്കും | സംശുദ്ധ സ്വർണ്ണം

**SAKTHI** TOURIST HOME

NON A/C & A/C ROOMS

**SAKTHI** TRAVELS

Kottayam to Coimbathore, Bangalore, Bombay.

BAKER JUNCTION KOTTAYAM

*PHONE: 563151, 563161, 563181*

**GOVRNMENT OF INDIA COMPUTER COURSES**

**DOEACC - 'O' LEVEL AND NCVT - DP & CS**

# N I C T

**COMPUTERS**

**(ITC)**

TRIVENY COMPLEX
T.B. Road
Kottayam - 1 Ph : 560208

BABY'S TOWER
COLLEGE JN.
KURAVILANGAD PH : 231273

**BE PRUDENT !**

Select Only Govt. Recognised Computer Courses
Join NICT Computers
The only one institute in Kottayam District Offering Govt. of India Computer Courses ( 'O' Level & NCVT)

**Director**
**Prof. George John Nidhiry**
(Former Principal Deva Matha College)

BUS/TRAIN/BOAT CONCESSION AVAILABLE TO STUDENTS

SUZUKI
samurai
*the no problem bike*



your suzuki dealer :

**VELLATHOTTAM AUTO LINKS**

Near municipal park corner
Sastri road kottayam - 1
Phone : 565464, 563699

***Best complemints from***

PARIYANICKAL JEWELLERS

College Junction Kuravilangad

**Ph: 230354**
**230349**

*With Best Compliments From*

**HOTEL RAJADHANI**

**KOTTAYAM**

Phone : 566299
566999
Fax : 566229

# നിശബ്ദതയുടെ താഴ്വരയിൽ ഒരു സ്വപ്നംപോലെ മൂന്നുനാൾ



നന്ദകിഷോർ കെ.എൻ.
രണ്ടാം വർഷ ഗണിതശാസ്ത്രം.

മാനംമുട്ടെ ഉയർന്നു നിൽക്കുന്ന വൃക്ഷമുത്തശ്ശന്മാർ. സിംഹവാലനും മലയണ്ണാനും തൂങ്ങിയാടുന്ന പച്ചപ്പിന്റെ ചില്ലകൾ. കാടിന്റെ മടിത്തട്ടിലെവിടെയോ സംഗീതം പൊഴിക്കുന്ന മുളങ്കാടുകളുടെ മറവിൽ മനുഷ്യഗന്ധമേറ്റിട്ടോയെന്തോ, ചിന്നം വിളിക്കുന്ന ആനക്കൂട്ടങ്ങൾ. ഒരു ചീവീടുപോലും കരയാത്ത രാവിന്റെ വന്യസൗന്ദര്യം. ഇത് നിശബ്ദതയുടെ താഴ്വാരം.

പറഞ്ഞുകേട്ട കഥകൾക്കും പാഠപുസ്തകതാളുകൾക്കുമപ്പുറം പ്രകൃതിയെ അടുത്തറിയുക എന്ന ലക്ഷ്യവുമായി ഇറങ്ങിത്തിരിച്ച ഞങ്ങൾ ഇരുപത്തിയഞ്ചു വിദ്യാർത്ഥികൾ കുറവിലങ്ങാട് ദേവമാതാ കോളേജിലെ ഗ്രീൻസീഡ്സ് ശാഖ സംഘടിപ്പിച്ച ത്രിദിന സൈലന്റ് വാലി ക്യാമ്പിൽ പങ്കെടുത്തു. കോളേജിലെ ഗ്രീൻസീഡ്സ് ഡയറക്ടർ പ്രൊഫസർ പി.ഡി.ചന്ദ്രദാസും ഒപ്പമുണ്ടായിരുന്നു. ഞങ്ങൾ നഗരത്തെ പുണർന്ന് ഉറങ്ങിയും ഉണർന്നും ജീവിയ്ക്കുന്നവർക്ക് പ്രകൃതിയുടെ നിശബ്ദ സംഗീതം അപരിചിതമാണ്. പക്ഷേ, അതിന്റെ അപൂർവ്വാനുഭവമായിരുന്നു സൈലന്റ് വാലി യാത്ര ഞങ്ങൾക്ക് സമ്മാനിച്ചത്. ഓർമകളുടെ ഡയറിയിൽ ഒരിയ്ക്കലും മാഞ്ഞുപോകാത്ത മൂന്നു ദിനങ്ങൾ.

1996 നവംബർ മൂന്നിന് രാത്രി പത്തു മണിയോടെ ഞങ്ങൾ പാലായിൽ നിന്നും യാത്ര തിരിച്ചു. നിശബ്ദ സുന്ദരമായ രാത്രിയുടെ നടുവിലൂടെയുള്ള യാത്ര എട്ടു മണിക്കൂറിനു ശേഷം നാലിനു പുലർച്ചെ ആറുമണിയോടുകൂടി ഞങ്ങൾ സൈലന്റ് വാലിയിൽ നിന്നും ഇരുപത്തിനാലു



കിലോമീറ്റർ അകലെയുള്ള മുക്കാലി എന്ന ഒരു കൊച്ചു ഗ്രാമത്തിലെത്തി. മുക്കാലിയും സമീപ പ്രദേശങ്ങളുമെല്ലാം മദ്യ നിരോധിതമേഖല കളാണ്. വനം വകുപ്പിന്റെ ഡോർമെട്രിയിലായിരുന്നു താമസം.

ഏകദേശം രണ്ടുമണിയോടെ ഞങ്ങൾ ട്രക്കിംഗിന് ഇറങ്ങിത്തിരിച്ചു. സൈലന്റ് വാലിയ്ക്കടുത്തുള്ള അട്ടപ്പാടി പ്രദേശങ്ങളെല്ലാം ഞങ്ങൾ വളരെ ആകാംക്ഷയോടെ നോക്കിക്കണ്ടു. കളിമണ്ണുകൊണ്ടുണ്ടാക്കിയ വേരുകളുടെ രൂപങ്ങളും കളിമൺ വിളക്കുകളും വഴിയിൽ ഒരിടത്തു കണ്ടു. അന്വേഷിച്ചപ്പോൾ വൃക്ഷാരാധകരായ ആദിവാസികൾ ചെയ്യുന്ന പൂജയാണതെന്ന് വനം വകുപ്പ് ഉദ്യോഗസ്ഥൻ പറഞ്ഞുതന്നു. വർഷങ്ങൾക്കുമുമ്പ്, വൈദ്യുതപദ്ധതികൾ വികസനവ്യാമോഹങ്ങളുമായി വേരുകളാഴ്ത്താനെത്തിയത്, മരങ്ങളെ ഇത്രയേറെ ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ആദിഗോത്രങ്ങളുടെ മണ്ണിലാണല്ലോ എന്ന് ഞങ്ങൾ അമ്പരപ്പോടെ ഓർത്തു.

മുക്കാലിയിൽക്കൂടിയാണ് ഭവാനിപ്പുഴ ഒഴുകുന്നത്. കേരളത്തിന്റെ കിഴക്കോട്ടൊഴുകുന്ന മൂന്നുപുഴകളിലൊന്നായ ഭവാനിപ്പുഴയുടെ കുളിർമയാർന്ന തെളിവെള്ളത്തിൽ കുളിച്ച്, പുഴയോരത്തെ ഇളംകാറ്റിൽ യാത്രചെയ്യുകയെന്നത് ഹൃദ്യമായ ഒരനുഭവം തന്നെയാണ്. ഞങ്ങൾക്കാവട്ടെ തികച്ചും അപരിചിതവും. സന്ധ്യയ്ക്ക് ആറുമണിയോടെ ഞങ്ങൾ ഡോർമെട്രിയിൽ തിരിച്ചെത്തി. അവിടെ വനം വകുപ്പിലെ ഗവേഷകനായ അശോകൻസാറിന്റെ ക്ലാസ്സുണ്ടായിരുന്നു. സൈരന്ധ്രി വനമാണ് പിന്നീട് സൈലന്റ് വാലിയായതെന്നും ചീവീടുകളില്ലാത്തതിനാലാണ് ഈ കാടിന് ആ പേർ വീണതെന്നും അദ്ദേഹം പറഞ്ഞുതന്നു.

പിറ്റേന്ന് രാവിലെ ഞങ്ങൾ അഗളിക്ക് ബസ്സ് കയറി. പലപ്പോഴും വിജനമാണെങ്കിലും വളരെ ഭംഗിയേറിയതാണ് ഈ പ്രദേശം. അവിടെയുള്ള മല്ലീശ്വരൻ മുടിയുടെ മുകളിലേയ്ക്ക് ഞങ്ങൾ യാത്ര തുടങ്ങി. അരമണിക്കൂറിനു ശേഷം മലയുടെ ഉത്തുംഗതലത്തിലെത്തിയപ്പോഴേയ്ക്കും പലരും ക്ഷീണിതരായെങ്കിലും അവിടുത്തെ ചേതോഹരദൃശ്യങ്ങൾ ആ ക്ഷീണമകറ്റാൻ പോന്നതായിരുന്നു. മലയുടെ മുകളിൽ നിന്നു



നോക്കിയാൽ കാണാവുന്ന നീലഗിരിമലനിരകൾ വളരെ നയനാനന്ദകരം തന്നെ! വൈകുന്നേരത്തോടെ തിരിച്ചെത്തിയശേഷം അശോകൻ സാറിന്റെയും റേഞ്ചോഫീസറായ മുഹമ്മദിന്റെയും ക്ലാസ്.

അടുത്ത ദിവസം രാവിലെ ആറുമണിയോടെ ഞങ്ങളെല്ലാവരും സൈലന്റ് വാലി ട്രക്കിംഗിന് തയ്യാറായി വനം വകുപ്പിന്റെ ഓഫീസിലെത്തി. അവിടെനിന്നും രണ്ട് സർക്കാർ വാഹനങ്ങളിലായി ഞങ്ങൾ വനത്തിലേയ്ക്ക് യാത്രയായി. ഏതാനും ദൂരം പിന്നിട്ട് വാഹനങ്ങൾ കാട്ടുപാതയിലേയ്ക്ക് കടക്കുമ്പോൾ ഞങ്ങളുടെ ആകാംക്ഷയും ഏറുകയായിരുന്നു. വനഹൃദയത്തിന്റെ വിസ്മയങ്ങൾ അറിയാനുള്ള കുതൂഹലം. സൈലന്റ് വാലി നാഷണൽ പാർക്കിന് ഏതാനും കിലോമീറ്ററുകൾ പിന്നിൽ വച്ച് വാഹനങ്ങൾ നിർത്തി ഞങ്ങൾ വനത്തിലേയ്ക്കു കടന്നു. ആനമയക്കി, പോലെയുള്ള ആപത്കാരികളായ പല ചെടികളുടെയും നടുവിലൂടെ ഞങ്ങൾ സശ്രദ്ധം നടന്നു നീങ്ങി. ആനമയക്കി എന്ന ചെടിയുടെ ഇലകളിൽ ഒന്നു തൊട്ടാൽ മതി, ആഴ്ച്ചകളോളം രോഗബാധിതരായി കിടപ്പിലാകും. ഈ വനത്തിൽ കാലടികൾക്ക് താഴെ, ഇളംപുൽനാമ്പുകൾക്കിടയിൽ 'രക്തദാഹി'കളായ അട്ടകൾ ധാരാളം ഉള്ളതിനാൽ, ഞങ്ങൾ എല്ലാവരും അവയിൽനിന്നും രക്ഷനേടുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചിരുന്നു.

ഇടയ്ക്കിടെ, കാനന നിശബ്ദതയെ ഭേദിച്ച് കിളികളുടെ വിവിധങ്ങളായ ശബ്ദവീചികൾ ഉയർന്നുകേട്ടു. വൃക്ഷത്തലപ്പുകളിൽ തൂങ്ങിയാടുന്ന കരിങ്കുരങ്ങുകൾ. മരക്കൊമ്പുകൾക്കിടയിൽ ഒളിച്ചിരുന്ന് ഞങ്ങളുടെ വരവ് സശ്രദ്ധം വീക്ഷിയ്ക്കുന്ന മലയണ്ണാൻമ്മാർ, വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന നാനാതരത്തിലുള്ള ചിത്രശലഭങ്ങൾ – ഇവയെല്ലാം ഞങ്ങളുടെ വിജ്ഞാനതൃഷ്ണക്ക് ആക്കം കൂട്ടുകയായിരുന്നു. കാട്ടിൽ ഞങ്ങൾ പൊള്ളയായ ഒരു വൻ വൃക്ഷം കണ്ടെത്തി. ഉള്ളിൽ ഏകദേശം പതിനഞ്ചുപേർക്ക് ഒരേ സമയം നിൽക്കാവുന്ന ഒരു ഭീമൻ. ഇതിൽ ഒരു അണലി സ്ഥിരതാമസക്കാരനാണെന്ന് പഴമൊഴി.


ആ വനഭാഗത്ത്, മൂന്നുമണിക്കൂറോളം ചെലവഴിച്ച ശേഷം ഞങ്ങൾ സൈലന്റ്‌വാലി നാഷണൽ പാർക്കിലേയ്ക്ക് പ്രവേശിച്ചു. ഞങ്ങൾ ചെന്നെത്തിയത് നാല്പതു മീറ്ററോളം ഉയർന്നു നിൽക്കുന്ന ഒരു വാച്ച്ടവറിന്റെ മുമ്പിലാണ്. ടവറിന്റെ മുകളിൽ കയറിയ ഞങ്ങൾ സ്വയം മറന്നു. മുമ്പ

ണും കാണാത്ത ചേതോഹരമായ പ്രകൃതി ദൃശ്യങ്ങൾ കൊണ്ട് പ്രകൃതി ഞങ്ങളുടെ കണ്ണും കരളും നിറച്ചു. താഴെ, ഉരുളൻ കല്ലുകളോടും കൈതത്തലപ്പുകളോടും കിന്നാരം ചൊല്ലി, കിലുക്കാംപെട്ടിപോലെ, കുന്തിപ്പുഴ. ദൂരെ, അരുവികളിൽ വെള്ളം കുടിയ്ക്കാനെത്തിയ ആനക്കൂട്ടങ്ങൾ, മറ്റു വന്യ ജീവികൾ.

താഴെ ഇറങ്ങിയവരിൽ കുറച്ചുപേർ തിരിച്ച് മുക്കാലിയിലേയ്ക്ക് മടങ്ങി. ഞങ്ങൾ കുറച്ചുപേർ കുന്തിപ്പുഴയിലേയ്ക്കും. നാലു മീറ്ററോളം ഉയരമുള്ള ജലനിരപ്പിനു മുകളിൽ നിന്നു നോക്കിയാൽ പുഴയുടെ അടിത്തട്ടു കാണാവുന്നത്ര; കണ്ണാടിപോലെ തെളിഞ്ഞ വെള്ളം. സൈലന്റ് വാലിയുടെ അമ്മയാണ് കുന്തിപ്പുഴയെന്നത്രെ പഴമൊഴി. കാരണം, കുന്തിപ്പുഴ ഒഴുകുന്നത് വാലിയുടെ ഹൃദയഭാഗത്തു കൂടിയാണ്. മനുഷ്യവാസമുള്ള ഒരിടത്തുകൂടിയും കുന്തിപ്പുഴ ഒഴുകുന്നില്ലായെന്നുള്ളതാണ് മറ്റൊരു പ്രത്യേകത.

ട്രക്കിംഗ് അവസാനിപ്പിച്ച് അവിടെനിന്നും ഒരു വാഹനത്തിൽ ഞങ്ങൾ മടക്കയാത്ര തുടങ്ങി.

കുറെ ദൂരം പിന്നിട്ടു കഴിഞ്ഞപ്പോഴേയ്ക്കും വണ്ടി 'പണിമുടക്ക്' പ്രഖ്യാപിച്ചു. ഞങ്ങളിൽ പലരും 'നാശമെന്ന്' ശപിച്ചു. പക്ഷേ, പിന്നീട് മനസ്സിലായി അതൊരനുഗ്രഹമാണെന്ന്. കാരണം അവിടെയാണ് ഞങ്ങളുടെ യഥാർത്ഥ ട്രക്കിംഗ് ആരംഭിച്ചത്. തീർത്തും വിജനവും ആപൽക്കരവുമായ ആ വനപാതയിലൂടെ ഞങ്ങൾ നടന്നു തുടങ്ങി. എളുപ്പവഴി തേടിപ്പോയ ഞങ്ങൾക്ക് വഴിയും തെറ്റി. ധാരാളം വിഷപ്പാമ്പുകൾ വന്യജീവികൾ, അപരിചിതമായ ചുറ്റുപാട് ....... ആ വനത്തിൽ, തീർത്തും നിസ്സഹായരായിരുന്നു ഞങ്ങൾ. ഒടുവിൽ മണിക്കൂറുകൾക്കുശേഷം ഒരുവിധത്തിൽ ഞങ്ങൾ കാനനപ്പാതയിൽ തിരിച്ചെത്തി. വീണ്ടും വളരെ



ദൂരം പിന്നിട്ടു കഴിഞ്ഞപ്പോഴേക്കും ഞങ്ങളെല്ലാവരും വിശപ്പും ദാഹവും മൂലം തളർന്നിരുന്നു.

അപ്രതീക്ഷിതമായാണ്, വഴിയോരത്തു നിൽക്കുന്ന ഒരു നെല്ലിമരം ഞങ്ങൾ കാണുവാനിടയായത്. ധാരാളം കായ്കൾ ഇടതൂർന്നു നിൽക്കുന്ന ആ മരത്തിൽ നിന്ന് ഞങ്ങൾ ആവശ്യത്തിനു നെല്ലിക്ക പറിച്ചു തിന്ന് വിശപ്പടക്കി. കുറെ ശേഖരിക്കുകയും ചെയ്തു. സമീപത്തുള്ള ഒരു നീർച്ചോലയിൽ നിന്ന് വെള്ളവും കുടിച്ചപ്പോൾ പിണങ്ങിപ്പോയ ഉന്മേഷം ഓടിത്തിരിച്ചെത്തി. ഞങ്ങൾ വീണ്ടും യാത്ര തുടർന്നു. വൈകിട്ട് അഞ്ചായപ്പോഴേക്കും ഞങ്ങൾ വളരെ ദൂരം താണ്ടിക്കഴിഞ്ഞിരുന്നു. വളരെ സന്തോഷജനകവും സാഹസികവുമായ ഈ യാത്രയ്ക്കൊടുവിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ അവരുടെ വണ്ടിയിൽ ഞങ്ങളെ തിരിച്ചു മുക്കാലിയിൽ എത്തിച്ചു. വനംവകുപ്പ് ഉദ്യോഗസ്ഥരുടെ സൗമ്യവും സ്നേഹസമ്പൂർണ്ണവുമായ സഹകരണം ഞങ്ങൾക്ക് വളരെ സഹായകമായി. സന്ധ്യയായപ്പോഴേയ്ക്കും ഞങ്ങൾ നാട്ടിലേയ്ക്ക് മടക്കയാത്രയാരംഭിച്ചു. പാലക്കാടും തൃശ്ശിവപേരൂരും കടന്ന് കുറവിലങ്ങാട്ടേയ്ക്ക്. മനസ്സിൽ നിശ്ശബ്ദതയുടെ താഴ്വാരത്തിന്റെ നിലയ്ക്കാത്ത സംഗീതവുമായി.

മനസ്സിൽ എന്നെന്നും പച്ചപിടിച്ചു നിൽക്കുന്ന നിത്യഹരിതവനഭൂമിയിലേയ്ക്കുള്ള പഠന യാത്ര അക്ഷരാർത്ഥത്തിൽ വിജ്ഞാനപ്രദവും കൗതുകകരവുമായിരുന്നു. മൂന്നു ദിനങ്ങളെ നയനമനോഹരമായ ദൃശ്യങ്ങൾക്കൊണ്ട് ധന്യമാക്കിയ സൈരന്ധ്രി , നിനക്ക് നന്ദി.



Ribaly M. Jacob
III D.C. ENGLISH

# LITTLE ADULTS

That picture often makes me worried and sad. Though I don't recollect the age when I had come across it, I'm sure that I had not entered my teens then.

It was a holiday. My great aunt and I were walking along the foot-path. Both of us had ice-cream cones in our hands. Then, I happened to notice a little beggar girl sitting on a mile stone, looking at the blue sky and thinking about something. She looked as though she had travelled through bitter experiences of life. I felt very sad, looking at those confident eyes filled with tears.

Just then, I clashed with a man who was coming opposite to me and my ice-cream cone slipped off to the ground. I was about to walk away.

At that moment that poor little girl rushed to the spot and picked up the cone. Much of the cream had melted and was oozing down. The wet cone had collected mud all around it. The poor child tasted it in great delight.



There are many, incidents in which I came into contact with beggars-those little children with folded hands-so little that they hardly can carry two coins in their tiny palms.

Have you ever noticed the little children who wipe cars that stop at red-light signals? They get next to nothing while a dog inside the car enjoys a delicious chocolate. I hate keeping pets for the same reason. If a child beggar can be treated in the same way-the way you feed your dog with chicken and mutton, the way you allow it to sleep on your bed and travel along with you in car and the way you kiss it on its forehead with love and care-I'm sure ...... I'm sure that, that little child can do much more than what your dog can. But, if you leave him NEGLECTED? Perhaps he may treat another child with great love and sympathy because he knows the real value of 'love'. Perhaps he may grow anti-social and set this nation on fire.

Whenever you give a beggar child a bit of love, you are doing a great thing in your life.

ആശംസകൾ
നൈസ് ഹോട്ടൽ
കോളേജ് ജംഗ്ഷൻ
കുറവിലങ്ങാട്

ആശംസകൾ
മറ്റത്തിൽ ലെതർ ഹൗസ്
പള്ളിക്കവല
കുറവിലങ്ങാട്

Best Compliments

# ജോസ് ഇലക്ട്രോണിക്സ്

കടുത്തുരുത്തി.

B. P. L, Philips, Panasonic എന്നീ കമ്പനികളുടെ T.V., Stereos, Radio കൾക്കും, B. P. L., Whirlpool കമ്പനികളുടെ ഫ്രിഡ്ജ്, വാഷിംഗ് മെഷ്യൻ, H. M. T., Lamex, Tittan, Jayco എന്നീ കമ്പനികളുടെ വാച്ചുകൾ, ക്ലോക്കുകൾ, ടൈംപീസുകൾക്കും, വയറിംഗ് സാധനങ്ങൾക്കും സമീപിക്കുക.

ആശംസകൾ

# ടോംസ് ഫാബ്രിക്സ്

ജൗളി മൊത്ത വ്യാപാരം

ഏറ്റുമാനൂർ – 686636

PH : 535343

## THE MEENACHIL CO-OPERATIVE AGRICULTURAL & RURAL DEVELOPMENT BANK

### LTD. NO. K. 197 PALA

| | | |
|---|---|---|
| H.O | : PALA | PH. 212412 |
| Branches | : Kanjirappally | PH. 802754 |
| | : Erattupetta | PH. 273041 |

### FINANCIAL POSITION OF THE BANK AS ON 30-06-1996

| | | |
|---|---|---|
| Paid up share capital | : | Rs. 136 Lakhs |
| Loan outstanding | : | Rs. 18.63 Crores |
| Number of members | : | 18700 |
| Overdue percentage | : | 0.48 |

The Bank advances long term loans for development of Agricultural and allied activities including small Road Transport operators scheme, Non-farm, Integrated loans up to 10 lakhs under small scale industry and Rural Housing upto 3 lakhs.

### BOARD OF DIRECTORS

| | | | | |
|---|---|---|---|---|
| 1) | SHRI. | E. J. AGUSTHY | : | PRESIDENT |
| 2) | " | GEORGE VALIYAPARAMPIL | : | VICE-PRESIDENT |
| 3) | " | K.T. THOMAS KALLATTU | : | KSCARD BANK DELEGATE |
| 4) | " | JOY FRANCIS KALLUPURA | : | KOTTAYAM DISTRICT CO-OP. BANK DELEGATE |
| 5) | " | K.P. JOSEPH KUNNATHUPURAYIDOM | : | KOTTAYAM DIST. CO-OP. HOSPITAL DELEGATE |
| 6) | " | JOSE PALAMATTAM | : | RAIDCO-DELEGATE |
| 7) | " | JOSE M. PAIKADA | | |
| 8) | " | JOSE JOSEPH ERUVELIKUNNEL | : | KERAFED DELEGATE |
| 9) | " | V. K. DOMINIC. | | |
| 10) | " | T. J. JOSHWA | | |
| 11) | SMT. | BETTY SHAJU. | | |

| | |
|---|---|
| PRESIDENT | SECRETARY |
| E.J. AUGUSTHY | P.C. CHACKO. |

# എന്റെ ഗ്രാമം

പ്രതീക്ഷിക്കാതെയാണ് പോസ്റ്റുമാൻ ആ കത്ത് കൊണ്ടുതന്നത്. രജിസ്റ്റർ പോസ്റ്റായിരുന്നു. കത്ത് പൊട്ടിച്ച സേതുമാധവൻ സന്തോഷത്താൽ പുളകം കൊണ്ടു. തനിക്ക് ജോലി കിട്ടിയിരിക്കുന്നു. വളരെ കാലത്തെ കാത്തിരിപ്പിനുശേഷം തനിക്കൊരു ജോലി തരപ്പെട്ടിരിക്കുന്നു. 'എന്താ മോനെ അത്" അമ്മ ചോദിച്ചു. എനിക്ക്ജോലി കിട്ടിയിരിക്കുന്നമ്മേ. റിയാദിലാണ്.' സേതുമാധവൻ ഏറെ സന്തോഷിച്ചെങ്കിലും, തന്റെ പ്രിയപ്പെട്ട ഗ്രാമത്തെ വിട്ടുപോകാൻ അദ്ദേഹത്തിനു വിഷമം ഉണ്ടായിരുന്നു. തനിക്കൊരുപിടി മധുര സ്മരണകൾ നൽകിയ തന്റെ മനോഹരമായ പച്ചപ്പട്ടു വിരിച്ച ഗ്രാമം വിട്ടുപോകാൻ സേതുമാധവന് വിഷമമുണ്ടായിരുന്നു.

ആൽത്തറയും, അമ്പലക്കുളവും കുട്ടിക്കാലത്ത് കൂട്ടുകാരോടൊത്ത് കളിക്കാറുണ്ടായിരുന്ന മൈതാനവും എല്ലാം അദ്ദേഹത്തിന്റെ മനസ്സിൽ നീറുന്ന ഓർമ്മയായി ശേഷിച്ചു.

ആ മണൽക്കാട്ടിൽ പൊള്ളുന്ന വെയിലിൽ പണി ചെയ്യുമ്പോഴും തന്റെ ഗ്രാമത്തെക്കുറിച്ചുള്ള മധുര സ്മരണകൾ അദ്ദേഹത്തിന്റെ മനസ്സിനെ കുളിർമ്മയുണ്ടാക്കി. "ഇനിയും ഞാൻ തിരിച്ചു ചെല്ലുമ്പോൾ തനിക്ക് ആൽത്തറയിലും, അമ്പലക്കുളത്തിലും പോകണം" അദ്ദേഹം മന സ്സിൽ കരുതി.

ഇന്ന് രണ്ടു വർഷത്തിനു ശേഷം സേതു മാധവൻ തന്റെ ഗ്രാമത്തിൽ തിരിച്ചു വന്നിരിക്കുകയാണ്. ആ മണലാരണ്യത്തിൽ നിന്ന് മനോഹരമായ ഗ്രാമത്തിൽ എത്തിയ തനിക്ക് ദാഹം കിട്ടാതെ അലയുന്ന മനുഷ്യൻ നീരുറവ കാണുന്നതുപോലെ അനുഭവപ്പെട്ടു.

എന്നാൽ ഉടനെതന്നെ മണലാരണ്യത്തിലെ അനുഭവം തനിക്കനുഭവപ്പെട്ടു. താൻ പോയപ്പോൾ ഇവിടെയുണ്ടായിരുന്ന, പ്രകൃതി രമണീയ വസ്തുക്കളൊന്നും കാണാൻ



കഴിഞ്ഞില്ല.

"ആൽത്തറയും, അമ്പലക്കുളവും, പറങ്കിമാവും എവിടെ? കുട്ടിക്കാലത്ത് താൻ ഉല്ലസിച്ചു നടന്നിരുന്ന മൈതാനം എവിടെ?" താൻ സ്വയം ചോദിച്ചു പോയി. അവയുടെയെല്ലാം സ്ഥാനത്ത് ഉയർന്നു നിൽക്കുന്ന മണിമാളികൾ തനിക്ക് കാണാൻ കഴിഞ്ഞു.

"തന്റെ ഗ്രാമത്തിനെന്തു പറ്റി. താൻനിൽക്കുന്നത് ശ്മശാനത്തിലാണോ", തനിയ്ക്ക് അങ്ങനെ തോന്നിപ്പോയി. അത്രയ്ക്ക് പരിതാപകരമായിരുന്നു, തന്റെ ഗ്രാമത്തിന്റെ അവസ്ഥ.

"അമ്പലത്തിൽ ഒന്നു തൊഴണം" ഞാൻ വിചാരിച്ചു. അതിനായി അമ്പലത്തിലേക്കു ചെന്ന തനിക്ക് തൊട്ടുലടക്കാൻ കഴിഞ്ഞില്ല. പരിശുദ്ധമായ ആ ക്ഷേത്രത്തിന്റെ സ്ഥാനത്ത് ഇടിഞ്ഞു പൊളിഞ്ഞ ഇഷ്ടികകൾ മാത്രം. "ദൈവമേ" ഞാൻ അറിയാതെ വിളിച്ചു പോയി. "സ്വന്തം സുഖത്തിനും, ആഡംബരത്തിനും വേണ്ടി ദൈവാലയങ്ങൾ പോലും, തകർക്കാൻ മടി കാണിക്കാത്ത മനുഷ്യന് എവിടെയും ശാന്തി ലഭിക്കില്ല" ഞാൻ ഉറക്കെത്തന്നെ പറഞ്ഞു.

ഇത്രയും പ്രകൃതി രമണീയമായ ഗ്രാമത്തെ ശ്മശാന ഭൂമിയാക്കിമാറ്റിയ മനുഷ്യന് ഒരിക്കലും ശാന്തി ലഭിക്കാതിരിക്കട്ടെ". ഞാൻ സ്വയം എന്നോടുതന്നെ പറഞ്ഞു. "തന്റെ മക്കളെ ഇത്രയും കാലം പരിപാലിച്ച ഭൂമി മാതാവിനെ ചുടുകാടാക്കുന്നതിനെതിരെ പ്രതികരിക്കുവാൻ ആരും ഇല്ലാത്തത് ഭയങ്കരം തന്നെയാണ്.

"എന്റെ പ്രിയപ്പെട്ട ഗ്രാമമേ, നിന്നോടെനിക്കു കാരുണ്യം തോന്നുന്നു. നിന്നെ ഈ നിലയിൽ ആക്കിയവർക്ക് ഒരിക്കലും സുഖ സൗകര്യങ്ങൾ അനുഭവിക്കുവാൻ കഴിയില്ല".

"എന്റെ പ്രിയപ്പെട്ട ഗ്രാമത്തോട് എനിക്ക് ഒന്നേ പറയാനുള്ളൂ നിനക്ക് സ്വസ്തി എന്നു മാത്രം".

രാജേഷ് മോഹനൻ
ഒന്നാംവർഷ പിഡിസി

# बेकारी की समस्या

हमारे देश में बेकारी की समस्या प्रति-दिन बढती जा रही है। यह एक ऐसी समस्या है जो देश की उन्नति में बाधक नहीं वरन् एक ऐसी भयंकर स्थिति को भी जन्म दे सकती है जिससे देश की वर्तमान सरकार ही धराशायी हो जाये। यह समस्या केवल पढे-लिखे लोगों के समक्ष ही नहीं बलिक किसान, मज़दूर व्यापारी आदि सबके समक्ष है। हमारी सरकार भिन्न-भिन्न योजनाओं को कार्यान्वित करके इस समस्या का हल करने का कठिन प्रयत्न कर रही है। शिक्षा की कमी के कारण मानव का विकास पूर्णरूप से संभव नहीं होता। व्यापारिक ज्ञान पैदा करने केलिए सफल साधन उपलब्ध नहीं है। वर्तमान शिक्षा-प्रणाली भी युवक को नौकरी की तरफ खींचती है।

हमारी सरकार बेकारी की समस्या को हल करने केलिए जनसंख्या की वृद्धि को रोकने का भी पर्याप्त प्रयास कर रही है। गाँवों में कुटीर-उद्योग धन्धों का विकास करने का प्रयत्न हो रहा है। मशीनी उद्योगों का ठीक प्रयोग से विकास किया जा रहा है। बंजर भूमि को वैज्ञानिक ढंग से उपजाऊ बनाने का प्रयत्न किया जा रहा है। लोगों में संगठित होकर काम करने की तत्परता को बढावें, जिससे किसी कार्य को करने में असुविधा न हों।

खेतों का काम जो कि अशिक्षित जनता के हाथ में है, वे पढे-लिखे लोगों के हाथ में आवे ताकि आधुनिक कृषि की समुचित उन्नति हो सके। हमारे देश से बेकारी की समस्या दूर फेंकने केलिए हमारी केन्द्रीय सरकार प्रान्तीय सरकारों की सहायता कर रही है। भारत देश में प्राकृतिक साधनों के उपलब्ध होते हुए भी बेकारी की समस्या अभी तक पनप रही है। यह एक खेद का विषय है। हमें विश्वास है कि पंचम पंचवर्षीय योजना में जनता सच्चे हृदय से सरकार को सहयोग देगी तो समस्या का बहुत अंशों में हल हो जायेगी।

हमारे देश में शिक्षित, अशिक्षित और अल्पशिक्षित लोग भी जीते हैं। इसप्रकार के सारे लोग किसी काम की खोज में इधर-उधर घूम रहे है। इसप्रकार हमारे देश में बेकारी की समस्या प्रति-दिन बढती जा रही है। लोगों की इस समस्या का हल करने केलिए हमें प्रयत्न करना है।

**LIS MATHEW**
I DC English
N0. 530

# കടുത്തുരുത്തി

# അർബൻ സഹകരണബാങ്ക്ക്ളിപ്തം

H.O. കടുത്തുരുത്തി, കോട്ടയം ജില്ല.

ബ്രാഞ്ചുകൾ : കടുത്തുരുത്തി, കുറുപ്പന്തറ, പെരുവ, ഞീഴൂർ, വെള്ളൂർ, കോതനല്ലൂർ, ആപ്പാഞ്ചിറ, കല്ലറ.

- എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തുന്നു.
- നിക്ഷേപങ്ങൾക്ക് കൂടിയ പലിശ നിരക്കുകൾ.
- നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ.
- സേഫ് ഡിപ്പോസിറ്റ് ലോക്കർ സൗകര്യം.
- കേരളത്തിലെവിടേയ്ക്കും കുറഞ്ഞ നിരക്കിൽ ഡിമാൻറ് ഡ്രാഫ്റ്റ് സൗകര്യം.
- വിവിധ വായ്പാ പദ്ധതികൾ.

ജോയി നീരാളക്കോട്ടിൽ
(ചെയർമാൻ)

സിറിയക് മാത്യു.
(സെക്രട്ടറി)

**പട്ടുസാരികൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ**

# ഇടപ്പറമ്പിൽ ടെക്സ്റ്റയിൽസ്

## മെയിൻ റോഡ് പാലാ

## (ളാലം പാലത്തിനു സമീപം.)

**BEST STUDENTS ALWAYS GO TO UNIVERSAL, BEST PROFESSORS ARE ALWAYS AT UNIVERSAL & HIGH DISCIPLINE IS THE HALL MARK OF UNIVERSAL**

**MEDICAL/ENGG. ENTRANCE '98 - '99**

Admission in full swing
Coaching for

**LONG TERM ENTRANCE - '98**

Admission Continues for

**ENTRANCE ORIENTED**
**STD XI/I PDC & STD XII/II PDC**

*Take advantage of our experience.*

*Ensure admission to a professional Course*

**UNIVERSAL**

COLLEGE OF ADVANCED STUDIES

OPP. R.M.S., NEAR RLY. STATION
KOTTAYAM. PHONE: 564152
H.O. TRIVANDRUM.

**Francis**

**THE CROWN JEWELLERS**
**KOTTAYAM**

# ദുഃഖസ്മൃതികൾ

പുറത്ത് മഴ പെയ്തുകൊണ്ടിരുന്നു. എങ്ങും അന്ധകാരം. ചെറുകാറ്റിൽ വൃക്ഷത്തലപ്പുകൾ മെല്ലെ ഉലയുന്നു. പാതി തുറന്നു കിടന്നിരുന്ന ജനലിൽ കൂടി തണുപ്പ് കാറ്റ് ഉള്ളിലേക്കരിച്ചിറങ്ങി. ചുമർ ചാരി ആതിര ഒരേയിരുപ്പുതന്നെ. ക്ലോക്കിൽ മണി പത്തടിച്ചു. അവൾ മെല്ലെ മുഖമുയർത്തി. കരഞ്ഞു തളർന്ന അവളുടെ മുഖമാകെ മാറിയിരുന്നു. മുടിയിഴകൾ മുഖത്തിനു ചുറ്റും പടർന്ന്, അങ്ങിങ്ങായ് കണ്ണുനീരിൽ കുതിർന്ന് മുഖത്ത് പറ്റിപ്പിടിച്ചിരുന്നു. അവൾ പതിയെ തന്റെ ശിരസ്സ് ഭിത്തിയിലേയ്ക്ക് ചാരിവച്ചു. അവളുടെ മനസ്സിൽ അപ്പോൾ ഹരിതയുടെ മുഖമായിരുന്നു.

'ഹരിത' ഇന്നലെ വരെ തന്റേതു മാത്രമായിരുന്നവൾ ഇന്ന് തന്റെ ആരുമല്ലാതായിരിക്കുന്നു. പകൽ എന്തായിരുന്നവളുടെ ഭാവം. ഒരുങ്ങിയിറങ്ങി വന്ന്, അവൾ പറഞ്ഞ വാക്കുകൾ. "ഞാൻ പോകുന്നു. എന്നെ സ്നേഹിച്ച, എനിക്കുവേണ്ടി കാത്തിരിക്കുന്നയാളിന്റെയൊപ്പം". ഒരു നടുക്കം. നെഞ്ചിനുള്ളിൽ സ്ഫോടനം നടന്ന പ്രതീതി. ഒരു നിമിഷം താൻ സമനില കൈ വരിച്ചു. "എന്തു പറഞ്ഞു നീ?" കൈവലിച്ച് അവളുടെ മുഖത്താഞ്ഞടിച്ചു. പക്ഷെ ആ കൈയിൽ കടന്നു പിടിച്ചവൾ പറഞ്ഞു. "നിങ്ങൾ എന്റെമ്മയൊന്നുമല്ലല്ലോ. എന്നെ വളർത്തി വലുതാക്കിയെന്നതിന്റെ പേരിൽ എന്നെ തടയാൻ നിങ്ങൾക്കെന്തവകാശം? അനാഥയായ എന്നെ വളർത്തി വലുതാക്കിയതിന് എനിക്ക് നന്ദിയുണ്ട്. പക്ഷെ എനിക്ക് പോവാതിരിക്കുവാനാവില്ലല്ലോ". ആതിരയുടെ കൈകൾ മെല്ലെ താഴ്ന്നു. ശരീരമാകെ തളർന്നവൾ നിലത്തേയ്ക്ക് കുഴഞ്ഞ് വീണു. അവളെ മറികടന്ന് ഹരിത മുറ്റത്തേയ്ക്കിറങ്ങി. ആതിരയുടെ കണ്ഠത്തിൽ നിന്നും വേദനയും സങ്കടവും കൂടിക്കലർന്ന, തേങ്ങൽ പോലെയൊരു വിളിയുയർന്നു. "മോളെ".

ഹരിതയെ ആദ്യമായി കണ്ട



ദിവസം ഒരു നിഴൽ പോലെ അവളുടെ മനസ്സിൽ തെളിഞ്ഞു വന്നു. കടൽക്കരയിൽ അസ്തമയം കാണാനെത്തിയതാണ് ആനന്ദും ആതിരയും. അസ്തമയ സൂര്യന്റെ ചുവപ്പുരാശി തീരത്തെമ്പാടും പാറി വീണു. അസ്തമയം കാണാനെത്തിയവർ തീരത്ത് സൊറ പറഞ്ഞിരിക്കുന്നു. കുട്ടികൾ കലപില കൂട്ടിക്കൊണ്ട് പഞ്ചസാര മണലിൽ കളിവീടുകൾ നിർമ്മിക്കുന്ന തിരക്കിലാണ്. തിരക്കിൽ നിന്നൊഴിഞ്ഞാണ് ആനന്ദും ആതിരയും ഇരുന്നത്. അപ്പോഴാണ് അകലെ ഒരു ബഹളം കേട്ടത്. ആ



ബിന്ദു എ.
II DC സുവോളജി

ളുകൾ കൂട്ടം കൂടി നിൽക്കുന്നു. അവർ അങ്ങോട്ടു ചെന്നു. നിരത്ത് ഒരു സ്ത്രീ മരിച്ചു കിടക്കുന്നു. അവരുടെ അടുത്ത് രണ്ടു വയസ്സുളള ഒരു പിഞ്ചു കുഞ്ഞ് അമ്മയെ കുലുക്കി വിളിച്ച് കരഞ്ഞു കൊണ്ടിരിക്കുന്നു. ഏതോ അനാഥയായ സ്ത്രീയും അവരുടെ കുഞ്ഞും. ആളുകൾ ആ ശരീരം മറവു ചെയ്തപ്പോൾ ആ കുഞ്ഞ് ഒരു ചോദ്യ ചിഹ്നമായി മാറി. തന്റെ മനസ്സിൽ കനിവിന്റെ ഉറവ പൊട്ടിയതവൾ അറിഞ്ഞു. ആതിര ആ കുഞ്ഞിനെ വാരിയെടുത്ത് മാറോടടുക്കി. കരഞ്ഞു തളർന്ന കുഞ്ഞ് രക്ഷാസങ്കേതം കണ്ടെത്തിയതുപോലെ അവളുടെ നെഞ്ചിൽ തല ചായ്ച്ചു. ഒരു കുഞ്ഞിന് ജന്മം നൽകാൻ കഴിയാത്ത ഹതഭാഗ്യയായ തനിക്ക് ദൈവം നൽകിയ നിധിയായി അവൾ ആ കുഞ്ഞിനെ സ്വീകരിച്ചു. 'ആതിരാ നീയാ ശല്യത്തിനെ ദൂരെക്കളള ഇല്ലെങ്കിൽ നമ്മൾ തമ്മിലുള്ള ബന്ധം ഇതോടെയവസാനിക്കും' ആനന്ദ് രോഷത്തോടുകൂടി പറഞ്ഞു. ആതിര അന്ന് കൂട്ടാക്കിയില്ല. ആനന്ദ് കോപത്തോടു കൂടി തിരിച്ചു പോയി.

ആതിര കുഞ്ഞിനെയും കൊണ്ട് തന്റെ വീട്ടിലെത്തി. ചെറുപ്പത്തിൽ തന്നെ അമ്മ മരിച്ച അവൾക്ക് അച്ഛൻ മാത്രമേയുള്ളൂ. അച്ഛൻ പറഞ്ഞു. 'മോളെ നിനക്ക് ഒരു ജീവിതമില്ലെ, നീയീ കുഞ്ഞിനെ വല്ല അനാഥാലയത്തിലുമാക്കൂ'. അവൾ അതിനു സമ്മതിച്ചില്ല. ഇല്ലച്ഛാ ഞാനതിനു സമ്മതിക്കില്ല. എനിക്ക് കിട്ടാത്ത ഒരമ്മയുടെ സ്നേഹം നൽകി ഞാനീ കുഞ്ഞിനെ വളർത്തും. എല്ലാം നിന്റെയിഷ്ടം പോലെ. അച്ഛൻ പിന്നെയൊന്നും പറഞ്ഞില്ല. അവൾ കുഞ്ഞിന് ഹരിതയെന്ന പേരിട്ട് വളർത്തി. അച്ഛൻ മരിച്ചപ്പോഴും ആനന്ദ് ഉപേക്ഷിച്ചപ്പോഴും അവൾക്ക് ജീവിക്കുവാനുള്ള പ്രേരണ നൽകിയത് ഹരിതയാണ്. ഹരിത അവളുടെ എല്ലാമായിരുന്നു. ഇന്നവൾ വളർന്നു വലുതായി തന്നെയുപേക്ഷിച്ച് മറ്റൊരു ചില്ലയിൽ ചേക്കേറിയിരിക്കുന്നു. എല്ലാ വേദനയും സഹിച്ച് തന്റെ ജീവിതം ബലിയർപ്പിച്ചാണ് അവളെ വളർത്തിയത്. പക്ഷെ...... ഓർത്തപ്പോൾ ആതിരയുടെ മിഴികൾ നിറഞ്ഞു.

ഒരു ക്ഷീണിച്ച കാലൊച്ച അടുത്ത് വരുന്നതു കേട്ട് ആതിര സാവധാനം തല തിരിച്ചു. അടുത്ത വീട്ടിലെ അമ്മൂമ്മയാണ്. അവർ ആതിരയെ തന്റെ നെഞ്ചിലേയ്ക്കടുക്കി പിടിച്ചു. ആതിര പൊട്ടിക്കരഞ്ഞുകൊണ്ടാ മാറിൽ മുഖം പൂഴ്ത്തി. ശോഷിച്ച കൈവിരലുകൾ കൊണ്ട് സാവധാനം അവളുടെ മുടിയിഴകൾ മാടിയൊതുക്കുന്നതിനിടയിൽ അമ്മൂമ്മ പറഞ്ഞു. 'ചിറകു മുളയ്ക്കുമ്പോൾ പറവകൾ പറന്നു പോകും മോളെ. നമ്മൾ അതോർത്തു ദുംഖിച്ചിട്ടെന്തു കാര്യം'. അറിയാതെ കളഞ്ഞു പോയ പളുങ്കു മുത്ത് തിരയുന്ന അഞ്ചുവയസ്സുകാരിയുടേതുപോലെയായിരുന്നു ആതിരയുടെ മനസ്സപ്പോൾ.

ആശംസകൾ


# ഭാവനാ ബുക്ക്സ്

## വൈക്കം റോഡ്, വടക്കേ കവല
## കുറവിലങ്ങാട്

**കോളേജ് ടെക്സ്റ്റുകൾ, ഗൈഡുകൾ, സ്കൂൾ ഗൈഡുകൾ, പുരാണ പുസ്തകങ്ങൾ, മതഗ്രന്ഥങ്ങൾ, മത്സര പരീക്ഷാ സഹായികൾ മുതലായവ മിതമായ വിലയിൽ ലഭിക്കുന്നു.**

മാനേജർ.

# തീർത്ഥക്കതിരുകൾ



ബിജുമോൻ ജോസഫ്
ഒന്നാം വർഷ ധനതത്വശാസ്ത്രം.

തെളിഞ്ഞ ഒരു സായാഹ്നത്തിലാണ് അവർ വെള്ളോടും മലയുടെ താഴ്‌വാരത്തിൽ എത്തിച്ചേർന്നത്. അകലങ്ങളിൽ പർവ്വതനിരകൾ ആകാശത്തിന്റെ മാറിൽ ലയിച്ചു നിൽക്കുന്നു. താഴ്‌വരയ്ക്ക് വനസദൃശ്യമായൊരു താദാത്മ്യം കൈവന്നിരിക്കുന്നു. ബഹുവർണ്ണങ്ങൾ വിതറി, വസന്തം താഴ്‌വരയെ മോഹനമാക്കിയിരുന്നു. വൻമരശിഖരങ്ങളിൽ ഉല്ലാസത്തിമർപ്പ് കാട്ടിയ പക്ഷിക്കൂട്ടങ്ങൾ താഴ്‌വരയെ സംഗീത സാന്ദ്രമാക്കിയിരുന്നു.

മലമുകളിലെ ദേവാലയത്തിലേയ്ക്കുള്ള വെൺകൽ ചുവടുകളിൽ തീർത്ഥാടകരുടെ പാദസ്പർശങ്ങൾ ഏറ്റുണ്ടായ മിനുസതയിൽ പോക്കുവെയിൽ പവൻ ചാലിക്കുകയായി. ആ പ്രകൃതിരമണീയതയിൽ അലിഞ്ഞുപോയ മുത്തശ്ശി കുതിരവണ്ടിയിൽ നിന്നും പുറത്തിറങ്ങി കൂടെ ഇന്ദുവും.

ഒരു തരം മ്ലാനതയിൽ കലങ്ങിയിരുന്ന ഇന്ദു മുത്തശ്ശിയെ ചൊടിപ്പിച്ചു. 'ദേ...... സന്ധ്യയായാൽ കോടമഞ്ഞിറങ്ങും. ഒരു പക്ഷെ മഴയും പെയ്തേക്കും. അതിനു മുമ്പ് സത്രത്തിലെത്തണം'.

'ഉവ്വ്' ...... 'ഒ......' അവൾ തലകുലുക്കി. പടികളിലൂടെ പഴയ ചുറുചുറുക്കോടെ കുതിച്ച മുത്തശ്ശിയ്ക്ക് പിന്നാലെ, നടത്തത്തിന് അവളും തിടുക്കം കൂട്ടി.

നീല വിഹായസിൽ തലയുയർത്തി നിൽക്കുന്ന മലയുടെ നിറുകയിൽ പടർന്നു പന്തലിച്ചു നിന്ന ബർച്ച്മരങ്ങൾക്ക് കീഴെ ശില്പചാതുരിയോടെ പണിതിരിക്കുന്ന ദേവാലയം കണ്ടാൽ ആശ്രമത്തിന്റെ ഏകാന്തതയും ലാളിത്യവും. തീർത്ഥാടനത്തിന് എത്തിയവരെല്ലാം അകത്ത് നിശബ്ദ ധ്യാനത്തിൽ മുഴുകിയിരിക്കുന്നു. ഭക്തി സാന്ദ്രമായ ആ സദസ്സിൽ മുത്തശ്ശിയോടൊപ്പം പങ്കുചേർന്നപ്പോൾ അവളുടെ കണ്ണുകൾ തുലാവർഷമായി. പക്ഷെ....... എപ്പോഴോ അത് നിലച്ചു. മടങ്ങുമ്പോൾ തുവർത്തി എടുത്ത തൂവലിന്റെ ലാഘവമായിരുന്നു മനസ്സിന്...... അവളുടെ ഭാവവ്യതിയാനങ്ങൾ സൂക്ഷ്മമായി വീക്ഷിക്കുകയായിരുന്ന മുത്തശ്ശി ദീർഘമായൊന്നു നിശ്വസിച്ചു.

സത്രത്തിലേയ്ക്കുള്ള വഴിയ്ക്ക് കുതിരയുടെ കുതിപ്പിനൊപ്പം ഇളകിക്കൊണ്ടിരുന്ന വാഹനത്തിന്റെ അകത്ത് അവളോട് ചേർന്നിരുന്ന മുത്തശ്ശി മെല്ലെ പറഞ്ഞു........

'ഇന്ദു.... ലൂക്കാച്ചന് ഉടനെ കത്തയയ്ക്കണം. മോൾക്ക് സമ്മതമാണെന്ന് അറിയിക്കാമല്ലോ'

'വേണ്ട'.......'

അവൾ തീർത്തുപറഞ്ഞു.

ആ ചോദ്യത്തിനു മുൻപിൽ അവൾ കുഴഞ്ഞു വീണു. ഇതുവരെ പഠിത്തം തീരട്ടെ എന്നായിരുന്നു ഡാഡിയോട് പറഞ്ഞിരുന്നത്. എന്നാൽ ഇന്നലെ ആ മറുപടിയ്ക്ക് അടിവര വീണു. പരീക്ഷ കഴിഞ്ഞു.

പക്ഷെ മമ്മി തനിക്കുവേണ്ടി പണ്ടേ കണ്ടുവച്ചിട്ടുണ്ട് ഒരാളെ. ദിലീപനെ. ദിലീപനെ മമ്മി അത്രയ്ക്ക് ഇഷ്ടപ്പെട്ടിരുന്നു. മമ്മിയുടെ കഴിഞ്ഞ കത്തിലെ സൂചനയും അതിനനുകൂലമാണ്.

തനിക്കോ...... ? എന്ത് ഇഷ്ടക്കുറവ്...... അങ്ങനെ എങ്കിൽ എത്ര മുമ്പേ വിസമ്മതമെഴുതി അറിയിച്ചേനെ....... ഇഷ്ടമാണ്, നൂറുവട്ടം.....പക്ഷെ ....... അതോർക്കുമ്പോൾ അവളുടെ കണ്ണുകളിൽ കാർമേഘങ്ങൾ കലങ്ങി.

'മുത്തശ്ശി'...... ഇടറിയ ശബ്ദത്തിൽ അവൾ വിളിച്ചു. നമ്മളിവിടെ ഒരു മാസമെങ്കിലും ഉണ്ടാവുമല്ലോ? മടങ്ങും വരെ ക്ഷമിക്കെന്റെ മുത്തശ്ശി....... അവരുടെ കവിളുകളിൽ കിള്ളി ആർദ്രയായവൾ കെഞ്ചി.

മുത്തശ്ശിയെ പ്രകോപനപ്പെടുത്തിയ മറുപടിയായിരുന്നു അതെങ്കിലും അവളുടെ ഭാവവികാരം കണ്ട് മുത്തശ്ശി മൗനം ഭജിച്ചു.

സന്ധ്യ അഴിഞ്ഞു വീണു തുടങ്ങിയപ്പോൾ അവർ സത്രത്തിൽ എത്തിച്ചേർന്നു.

സത്രക്കാരൻ അപ്രതീക്ഷിതമായി വന്നെത്തിയ അതിഥികളെ ആദരിച്ചാനയിച്ചു. രാത്രി അയാളൊരുക്കിയ വിഭവസമൃദ്ധമായ അത്താഴത്തിനിരിക്കുമ്പോൾ

എന്തോ ഓർത്തിരുന്ന മുത്തശ്ശി പെട്ടെന്ന് ചോദിച്ചു........ 'കുട്ടീ. . . . . . . . . ദിലീപൻ എന്നു വിദേശത്തുനിന്നു വരുമെന്നാണ് അറിയിച്ചിരുന്നത്?'

ഇന്ന്......

ഉവ്വോ? മുത്തശ്ശിക്കൽഭുതമായി. പിന്നെന്താ. . . . . . ഇന്നുതന്നെ ഇങ്ങോട്ടു പോരാൻ നീ തിടുക്കം കാട്ടിയത്..........?

അവൾക്ക് മൗനം........!!

മുത്തശ്ശിയ്ക്ക് സംശയമായി. അല്ലെങ്കിലും ഈ ഇടയായി എന്തോ ഒരു പൊരുത്തക്കേടു പോലെ. . . . . . . . .തമ്മിൽ പിണങ്ങിയോ ആവോ? മുത്തശ്ശിയുടെ നെഞ്ചിൽ തീയാളി.

'അല്ല ദിലീപൻ നിന്നെ കാണാൻ വരാതിരിക്കുമോ'.

'ആവോ?' അവൾ കൈ മലർത്തി.

എന്നാൽ സംശയമെന്യേ അയാൾ വന്നു. ദിലീപൻ വെള്ളാട്ടും മലയിൽ പിറ്റേന്നാൾ സന്ധ്യ മയങ്ങി തുടങ്ങിയപ്പോൾ വന്നണഞ്ഞു. ദേവാലയത്തിൽ നിന്നും മടങ്ങി എത്തിയ അവർ കണ്ടത് സത്രമുറ്റത്ത് ജീപ്പിൽ ചാരി നിൽക്കുന്ന ദിലീപനെയാണ്.

ഇന്ദുവിന്റെ മനസ്സ് സംഘർഷങ്ങളുടെ കലവറയായി മുത്തശ്ശിയ്ക്ക് ബഹുസന്തോഷവും. ചെറുമകനോടുള്ള ക്ഷേമാന്വേഷണങ്ങൾക്ക് അത്രയേറെ സ്നേഹാധിക്യം.

ഒടുവിൽ മുത്തശ്ശിയുടെ നേർനിന്ന് മുഖം പറിച്ച് അയാളുടെ ശ്രദ്ധ അവളിലേയ്ക്കായി. തക്കം പാർത്തിരുന്നപോലെ മുത്തശ്ശി നടന്നു പോയി.

ക്ഷോഭങ്ങളെല്ലാം അടക്കി ഒപ്പിയെടുത്ത ഒരു പുഞ്ചിരിയുമായി നിൽക്കുകയായിരുന്നു അവൾ.

എങ്കിലും അയാൾക്ക് പരിഭവമായി.


'ഞാനെത്തും എന്നറിഞ്ഞതു കൊണ്ടല്ലെ ഇന്ദു ഇവിടേയ്ക്ക് കടന്നു കളഞ്ഞത്?'

എന്ത്....... ഇല്ല അവധിക്കാലം ഞാൻ ഇവിടെ ചില വഴിക്കാറുള്ള കാര്യം ദിലീപിന് അറിയാമല്ലോ?

ഇന്ദു. . . . . . . സ്വരത്തിൽ വിഷാദവിദ്വേഷ സങ്കലനം.

ഈ സാഹചര്യത്തിലും നിനക്കെന്നെക്കാൾ വലുതാണോ നിന്റെയീ ആചാരങ്ങൾ?

'ദിലീപൻ' ....... സൗമ്യമായി അവൾ തുടർന്നു. 'എനിയ്ക്ക്



ഏറ്റവും വലുത് എന്റെ ജീവിതമാണ്. ജീവിതയാത്രയിൽ എനിക്ക് എന്നും ബാലൻസു നൽകിയിട്ടുള്ളത് എന്റെയീ ആചാരങ്ങളാണ്. . . . . . . . .ആയതിനാൽ എനിയ്ക്കത്.........

വേണ്ടാ. . . . . . . . .വേണ്ടാ, എനിക്കുവേണ്ടി'.........

അയാളെന്തോ പറയാൻ ഭാവിച്ച് അവളുടെ അടുത്തെത്തി. അയാളുടെ നിശ്വാസത്തിന്റെ ഗന്ധമേറ്റപ്പോൾ അവളുടെ മുഖം രോഷം കൊണ്ട് ചുവന്നു. നിർദാക്ഷിണ്യം അവൾ തിരിഞ്ഞ് ഉമ്മറപടികൾ ചവിട്ടി.

ഒന്നു പതറിയെങ്കിലും അയാളും അവളെ അനുകരിച്ച് പുറകെ നടന്നു. കൊച്ചുകിന്നാരങ്ങളും കുശലഭാവങ്ങളുമായി വീണ്ടുമയാൾ മുറിയിലെത്തിയപ്പോൾ അവളുടെ ക്രോധം ജ്വലിച്ചു.

'ഗതി പിടിക്കുന്ന പോക്കല്ലിത്. ഇതൊട്ടും ശരിയാവില്ല.' എന്തൊക്കെയോ അവൾ പൊറു പൊറുത്തു.

'ലേശം മദ്യപിച്ചു എന്നുവച്ച് ഇന്ദു എന്തിനാ ഇത്ര പൊട്ടിത്തെറിക്കുന്നത്. അത്രമാത്രം അപരാധമാണോ ഇത്..........?'

'ഇല്ലില്ല' .......

അവൾക്ക് നാവുണ്ട് എന്ന കാര്യം അയാളറിഞ്ഞു. 'ദിലീപന്റെ കാര്യത്തിൽ ഇത്........ തീരെ നിസ്സാരം'.

'എന്താ സാരമായുള്ളത്........?'

'ഞാൻ പറയണോ'. . . . ?
'പറഞ്ഞോളൂ'.

അവൾ തുടങ്ങി. അതവളുടെ കഥയായിരുന്നു. ഒരു സമസ്യ പോലെ പര്യവസാനിക്കേണ്ടി വരുമോയെന്ന് ഭയക്കുന്ന അവളുടെ കഥ. അതിൽ ആത്മാവിന്റെ സ്പർശമുണ്ടായിരുന്നു.

'കഴിഞ്ഞ ക്രിസ്തുമസ് രാത്രി. കമ്പിത്തിരികളും മധുര പലഹാരങ്ങളുമായി കാത്തിരുന്ന എന്റെ മുൻപിൽ ദിലീപൻ എങ്ങനെയാണ് വന്നത്........?

'ഒരപരിചിതനായി........ കുഴഞ്ഞുവീഴുംവിധം'........

'ഒടുവിൽ എന്റെ നെറുകയിൽ തൊട്ട് ദിലീപൻ സത്യം ചെയ്തത് ഓർക്കുന്നുണ്ടോ...... ഇനി ഒരിക്കലും മദ്യപിക്കില്ലെന്ന്'. അവളുടെ മനോമുകുരത്തിൽ കഴിഞ്ഞകാല സംഭവങ്ങൾ മിന്നി മറഞ്ഞു.

അവൾ തുടർന്നു......

## THE KADUTHURUTHY CO-OPERATIVE RUBBER MARKETING AND PROCESSING SOCIETY

LTD. NO. 1397, KADUTHURUTHY

PHONE: (04829) 42245 & 42285

OUR BOARD OF DIRECTORS

1. Sri. O. Luckose Ex. M.L.A (President)
2. Sri. Thomas Joseph (Vice President)
3. Sri. E. C. Philip (Treasurer)
4. Sri. P. V. Joseph (Director)
5. Sri. V. L. Thomas "
6. Sri. K. Z. Kuncheria "
7. Sri. N. E. Mathew "
8. Sri. P. T. George "
9. Sri. P. M. Mathew Ex. M.L.A. "
10. Sri. N. Rajagopal "
11. Sri. P. M. Madhavankutty "
12. Sri. A. K. Purushothaman (Managing Director)

## ഭാരത് മാതാ കോളജ് ഓഫ് മെഡിക്കൽ ടെക്നോളജി

(Govt. Regd. No. K-418/85)

ഗവ. ആശുപത്രിക്കു സമീപം – കുറവിലങ്ങാട് ഫോൺ 230294, 230587

തൊഴിലധിഷ്ഠിത പാരാ മെഡിക്കൽ കോഴ്സുകൾ : –

മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ (6 മാസം / 1 വർഷം )
നേഴ്സിംഗ് ആൻറ് മിഡ്‌വൈഫറി (1 വർഷം / 2 വർഷം )
എക്സ്റേ ആൻറ് ഇ.സി.ജി. (6 മാസം / 1 വർഷം )

പ്രവേശനം കന്യാസ്ത്രീകൾക്കും പെൺകുട്ടികൾക്കും. മിനിമം യോഗ്യത എസ്. എസ്. എൽ. സി. പ്രൈവറ്റ് മിഷ്യൻ ആശുപത്രികളിൽ പരിശീലനവും ജോലിയും. അപേക്ഷാ ഫോറത്തിനും പ്രോസ്പക്ടസിനും R. S. 20/- MO/Postal order സഹിതം അപേക്ഷിക്കുക.

ഡയറക്ടർ.

കാഞ്ചീപുരം, ബനാറസ് പട്ടുസാരികൾ,
ഹൈ ഫാൻസി ചുരിദാറുകൾ, റെഡിമെയ്ഡ് ഡ്രസ്സുകൾ.

# പടിക്ക പറമ്പിൽ

മനോഹര വസ്ത്രങ്ങൾ

കൂത്താട്ടുകുളം പിറവം 242056 253233

## പൊന്നിലും പുതുമയുടെ പൂരം

# തൃശ്ശൂർ ഫാഷൻ ജ്വല്ലേഴ്സ്



ബാറ്റക്ക് പിൻവശം – കെ.കെ. റോഡ് – കോട്ടയം
ഫോൺ : – 583234.

'എന്നാൽ പുതുവർഷ ദിന ത്തിൽ മറീനാ ബീച്ചിലെ മണൽ പരപ്പിൽ വച്ച് ദിലീപന് മദ്യം വിളമ്പി യതാര് ഒരു പെണ്ണായിരുന്നി ല്ലേ.......?

'അതുപോട്ടെ........ഓർക്കിട് ഔട്ട് ഊട്ടിയിൽ നടക്കുമ്പോൾ റിപ്പോർട്ടറായി പോയ നിങ്ങളോട് ആ കൊടും തണുപ്പിൽ കൂട്ടുകൂടി കൂടെ ഉറങ്ങിയ മദാലസ ആരായി രുന്നു'.....?

'ഇഷ്ടം കൂടിയിട്ടാവും........ മാർച്ചിൽ ആഫ്രിക്കയിൽ പര്യ ടനത്തിനു പോവുമ്പോഴും കൂടെക്കൂടാൻ ക്ഷണിച്ചിരിക്കു ന്നതും അവളെത്തന്നയല്ലേ'...?

അയാളാകെ വിളറി വെളു ത്തു. വെയിൽ തട്ടുമ്പോഴുള്ള മഞ്ഞുകട്ട കണക്കെ അയാൾ ഉരുകിയൊലിച്ചു.

'ഞാനെങ്ങനെയറിഞ്ഞു എന്നാലോചിക്കുകയാണോ'...?

'എന്നാൽ കേട്ടോളൂ.... ലോകത്തിൽ മറ്റെന്തിനേക്കാളും എനിക്കിഷ്ടം ദിലീപനോടായി രുന്നു. ദിലീപ് എവിടെയായി രിക്കുമ്പോഴും ഞാൻ കൂടെ യുണ്ടായിരുന്നു.... എന്റെ മനസ്സ്..... എന്റെ അറിയാ മറയാ...ബഹുമുഖമായ അന്വേഷ ണങ്ങൾ'.

ഔന്നത്യത്തിന്റെ പടവു കളിലെ കുതിച്ചുകയറ്റം ചാരി താർഥ്യത്തോടെ കണ്ടു നിന്ന എ നിക്ക് ദിലീപൻ തന്നത് ഒരു കൂട്ടം ഓർമ്മകളായിരുന്നു. ആത്മാവി നെ കുത്തിനോവിക്കുന്ന വാർ ത്തകൾ'.

. . . . . . .'ഇതെല്ലാം അറിഞ്ഞുകൊണ്ട് ദിലീപനോടൊ പ്പം ഒരു ജന്മം പങ്കിടാൻ ഞാൻ എങ്ങനെ ഒരുമ്പെടും'........?


ഏതോ ശോകകഥയിലെ മുറി പ്പാട്ടു നായകനെപ്പോലെ തലകു നിച്ചുനിന്ന അയാൾ മെല്ലെ തല യുരാൻ ഭാവിച്ചു.

അവൾ വിട്ടില്ല, വികാരാധിക്യ ത്താൽ അവൾ വിറയ്ക്കുകയായി രുന്നു, വിതുമ്പുകയായി രുന്നു.

അയാളും അങ്ങനെ തന്നെ യായിരുന്നു. കണ്ണുകൾ രണ്ടും ചെങ്കടലുകളായി. മനസ്സിലെ വേലിയേറ്റത്തിന്റെ അലകൾ മുഖത്ത് പ്രകടമായിരുന്നു.........

അവൾക്ക് ആർദ്രത തോന്നി.

'നോക്കൂ......ഡാഡി തിടുക്കം കൂട്ടുന്നു. മുത്തശ്ശിയും. ഞാൻ



എന്താണു പറയുക? പറഞ്ഞു തരൂ.........ദിലീപൻ......പ്ലീസ്' അവൾ പൊട്ടിക്കരഞ്ഞു.

'മറക്കുക. . . . . . . എല്ലാം മറക്കുക'.........യാന്ത്രികമായി അയാൾ മറുപടി നൽകി.

ഏതോ ഭ്രമണ പഥത്തിലക പ്പെട്ടതുപോലെ അയാൾ പെ ട്ടെന്ന് അവളുടെ മുന്നിൽ നിന്നും അപ്രത്യക്ഷനായി.

വൈകാതെ മുഴങ്ങിക്കേട്ട ജീപ്പിന്റെ ഇരമ്പൽ കർണപുട ങ്ങൾക്ക് ഇടിമുഴക്കമായി.....

ഓടിക്കിതച്ചെത്തിയ അവൾ അകന്നുപോവുന്ന വാഹന ത്തിന്റെ പിൻവെളിച്ചം കണ്ടുകൊ ണ്ട് ഒരു ചോദ്യചിഹ്നം പോലെ നിന്നു.

അന്ന് മുത്തശ്ശി ഇന്ദുവിനെ ശകാരിച്ചു.

മുമ്പ് ദിലീപനെ കണ്ടാൽ നിന ക്ക് ഭ്രാന്തായിരുന്നല്ലോ? കാണാൻ കഴിഞ്ഞില്ലെങ്കിൽ, കത്തുവരാൻ താമസിച്ചാൽ നി – നിരാഹാര സമരം തന്നെ നടത്തുമായിരുന്ന ല്ലോ?

അവന്റെ കോളേജിൽ പഠി ക്കാൻ, അവൻ ധരിക്കുന്ന നിറമെ ടുക്കാൻ, അവനുവേണ്ടി ഭരത നാട്യം പഠിക്കാൻ, അവനോടൊ ത്ത് ഊരുചുറ്റാൻ ഒക്കെ നീ കാണിച്ച അഭിനിവേശങ്ങൾ ഇന്നെവിടെ.......

'അതിനു വേണ്ട എന്തു കുഴപ്പമാ അവൻ കാട്ടിയത്'....?

പറയടി – മുത്തശ്ശി ജ്വലിക്കുകയായിരുന്നു.

ഇന്ദു മറുപടി പറഞ്ഞില്ല. പറ ഞ്ഞിട്ട് കാര്യമില്ല. മുത്തശ്ശിക്കും അയാളോട് വെറുപ്പുണ്ടാവും. അത് പാടില്ല. ഒരു പക്ഷേ തനിക്ക് വിദേശത്തേയ്ക്ക് പോവേണ്ടി വ ന്നാൽ മുത്തശ്ശിയ്ക്ക് ഒരു തണൽ അവൻ മാത്രമേയുള്ളൂ. അവൻ ഇനി നാട്ടിൽ സ്ഥിര മാണല്ലോ? ബന്ധുവായും മിത്ര മായും നാട്ടിൽ അവശേഷിക്കുന്ന മുത്തശ്ശിയുടെ ഏക കണ്ണി.......

പകരം അവൾ എല്ലാം സഹിച്ചു 'ശരശയ്യ' ആണല്ലോ? ശരങ്ങളെ ത്രയോ ഏൽക്കേണ്ടി വരാം........

എന്നാൽ ദിലീപനെക്കുറി ച്ചോർത്തപ്പോൾ ഇന്ദുവിന്റെ ഇടനെഞ്ച് പിടഞ്ഞു.

പാവമായിരുന്നു. പരമശു ദ്ധൻ. അടുത്തിടെ തുടങ്ങിയ താണീ കൂത്തുകൾ........ ഇനി അതു മാറുമോ.......

അവൾ വേവലാതി പൂണ്ട് മെത്തിരി കരഞ്ഞു പ്രാർഥിച്ചു. സ്നേഹിക്കപ്പെട്ടതുമുതൽ പ്രാർത്ഥ നകളുടേയും ചിന്തകളുടേയും സ്വപ്നങ്ങളുടേയും നല്ലഭാഗവും അയാൾക്ക് വേണ്ടിയായിരുന്നു.

വെള്ളാടും മലയിറങ്ങേയ്ക്കുള്ള ഈ വരവിന്റെ അർത്ഥവും അവൾ തന്നെയല്ലേ?

അവളുടെ ദർശനങ്ങൾ അനുദിനം മെഴുകുതിരികൾക്കൊപ്പം ഉരുകി വീണു.....

അവൾക്കൊരു പ്രതീക്ഷയുണ്ടായിരുന്നു.

ദിലിപൻ പിണങ്ങില്ല. പിണങ്ങാനാവില്ല. കുറഞ്ഞപക്ഷം ഒരു കത്തിലൂടെയെങ്കിലും....

എന്നാൽ അന്ത്യനാളുകളിൽ അവൾ കണ്ടെത്താനായി നടത്തിയ അന്വേഷണങ്ങൾ പോലും വ്യർത്ഥമായി.

ഒരു നഷ്ടബോധം സ്ഥായിയായി അവളിലുറഞ്ഞു.

പർവ്വതസാനുകളിലൂടെ കുലംകുത്തി പാഞ്ഞൊഴുകുന്ന നദി സമതലങ്ങളിലെത്തുമ്പോൾ ശാന്തമാവുന്നതു പോലെ ശാന്തയാവാൻ അവൾ ശ്രമിച്ചു. എങ്കിലും അവൾ തളർന്നില്ല. മനസ്സിന്റെ ദൗർബ്ബല്യതകൾ പോലും ഒരു പുനർശക്തി ആർജ്ജിക്കുകയായിരുന്നു.

പല തീരുമാനങ്ങളും അവൾ കൈക്കൊണ്ടു.

ദിലിപുമായുള്ള വിവാഹം ഇ[illegible]ാതല്ലെന്നും ഡാഡിയുടെ അടുക്കൽ പോവുകയാണെന്നും അവൾ മുത്തശ്ശിയോട് പറഞ്ഞു.

അതിനുശേഷം മുത്തശ്ശിയിൽ കണ്ട ഭാവഭേദങ്ങൾ ...... അതും ഇന്ദുവിനെ വേദനിപ്പിച്ചു.

മടക്കയാത്ര ദിവസം അവർ ഉല്ലാസവതികളായി കാണപ്പെട്ടു. സത്രക്കാരന് ഉപഹാരങ്ങൾ നൽകി. കുതിരക്കാരനോട് കിന്നാരങ്ങൾ പറഞ്ഞു. മഴയുടെ ആഗമനം വിളിച്ചോതുന്ന മാക്രികളുടെ ഗാനം ശ്രദ്ധിച്ചു. അതുപോലെ പതിവിലധികം നേരം ദേവാലയത്തിൽ ചിലവിട്ടു.

പിന്നെ സന്ധ്യയായപ്പോൾ പടവുകളിറങ്ങുമ്പോൾ ഒരു പക്ഷെ ഈ തീർത്ഥക്ഷേത്രം ഇനി കാണാൻ കഴിയില്ല എന്ന ചിന്ത അവളെ പൊതിഞ്ഞു. അതോടൊപ്പം നഷ്ടപ്പെടുന്ന പ്രിയങ്കര



ങ്ങളായ ഓർമ്മകളും...... അതും കൂടിയായപ്പോൾ അവൾക്ക് നേരിയ തളർച്ച........ പടവുകൾ ഇറങ്ങുമ്പോൾ വീഴും എന്നു തോന്നിപ്പോയി. തലയ്ക്ക് വല്ലാത്ത പെരുപ്പ്.

കഷ്ടിച്ച് നാലോ അഞ്ചോ പടികൾ ഇറങ്ങിയ[illegible]ുള്ളൂ. അതിനു മുമ്പ് ആ മംഗം കണ്ട് അവൾ നിലാതിലും കണ്ണെ നിന്നു പോയി.........അവൾക്ക് അത് വിശ്വസിക്കുവാൻ കഴിഞ്ഞില്ല........ അവൾ സൂക്ഷിച്ചു നോക്കി..........

അതയാൾ തന്നെയായിരുന്നു..........ദിലിപൻ........

അപരിചിതനെപ്പോലെ........ അപരിഷ്കൃതനെപ്പോലെ തലമുടി പാറിപറന്നിരുന്നു. മുഖത്ത് താടി രോമങ്ങൾ നിറഞ്ഞിരുന്നു. വസ്ത്രങ്ങളിൽ ഉടവുകൾ വീണിരുന്നു.

അയാളുടെ മനസ്സുപോലെ.

എന്നാൽ അയാൾക്കടുത്തെത്തിയപ്പോൾ ആ കണ്ണുകളിലെ വിന്യാസം അവൾ മനസ്സിലാക്കി.

ഒ[illegible]ത്തിന്റെ നിഷ്കളങ്കതപോലെ. ........

'ഇന്ദു'......

ഇളംകാറ്റിൽ ഇലകളുതിർക്കുന്ന മർമ്മരം പോലെ അവൾ കേട്ടിരിച്ചു.

മറക്കാൻ ഞാൻ പറഞ്ഞു പക്ഷെ എനിക്കതിനാവില്ല. അതിനുവേണ്ടി ശ്രമിച്ച ഞാൻ ചെന്നെത്തിയത് പ്രശസ്തനായ മനശാസ്ത്രജ്ഞന്റെ പക[illegible]ലാണ്. വിവരങ്ങ[illegible]ം ഞാൻ പറഞ്ഞ അയ[illegible] എന്നെ ചികിത്സിച്ചു.

"എല്ലാം നിയന്ത്രിക്കാനെനിക്കു കഴിഞ്ഞു. നിന്നെ മറക്കാനൊഴിച്ച്".......

........ "അതു കൊണ്ട് മാത്രം ഞാൻ "........

"ഒരു പക്ഷെ പഴയതൊക്കെ ഇന്ദുവിന് മറക്കാനാകുമെങ്കിൽ "..........

അയാൾ പൂരിപ്പിച്ചില്ല. അതിനു മുൻപ് അവൾ ആ കരങ്ങൾ ഗ്രഹിച്ചു കഴിഞ്ഞിരുന്നു. അയാളെയും വലിച്ചുകൊണ്ട് ഭ്രാന്തമാവേശത്തോടെ മുകളിലേക്ക് വീണ്ടും കുതിച്ചിരുന്നു.

സന്ധ്യാരാഗങ്ങൾ വാരി വിതറിയ മാനത്തിന് കീഴെ ദേവാലയത്തിൽ സന്ധ്യാരാധനയ്ക്കുള്ള മണിയൊച്ച മുഴങ്ങുന്നുണ്ടായിരുന്നു അപ്പോൾ..........

# WHO ARE WE?

Saji Philip
III D.C. ENGLISH

As I walk along the road from my residence to the college I see a beggar sitting by the road, begging alms daily. He has a fixed place. There is no roof on his head and no walls to protect him. He is already up from his bed when I go to the college in the morning.

Many a time I have pondered over these questions-what gives him the hope to rise each morning? With what expectation does he sit there till the sunset? What gives him meaning in that utter destitution?

He is there in the heat of the sun begging, he is there in the chill winter shivering, he is there in the pouring of rain, getting wet. He has nothing, no possessions and no friends. But one thing I am sure that he possesses 'LIFE'. The life gives him the enduring capacity to face all the discomfort which is his greated gift.

His presence evokes anger in some, hatred in some, indifference in some, compassion in some but only god knows the time reality of his nature. God is so generous to share his life with olthers. It is his life that is in me, it is his life that is in the beggar on the road, it is his his life in every stranger I meet every day. Is it not the common factor that should being us close, each other to create a better world of human fellowship where brotherly and sisterly love prevails? Then shall I call the beggar on the way brother and a person on the street my sister?

Every human being is gifted with charecter. Some have good character, some bad charecter. There is no difference with regard to the charecter of the rich or the poor, Dalit? Tribal, woman or man. We see difference in society. On what is this difference based? The rich find place in society, is it because they have good charecter? The poor are pushed to the corner, is it because they had bad charecter? The women are considered as inferior, is it because they are less human? The Dalits and the Tribals are constantly threatened, is it because they are low in status? What is the stand-point of our differences? Is it money, class or charecter?

I was really struck by the energy. The talent, the knowledge and the cleverness of the slum children. Is it not what they are lacking is only the opportunity to being out their hidden self, hidden character? Admitting all the lack of opportunities the one gift they freely share and receive is love.

Given the opportunity and freedom in this democratic society, many miracles do take place. Then will we be true in our appreciation of goodness and condemnation of all evils? We shall up hold the truth in every human being, be it a woman, Tribal or Delit. We will have the courage to condemn and confront the evil in the rich, the upper class.

We have one caste, that is we are humans gifted with charecter. Let us develop the goodness hidden in us and in others and diminish the evil in us and in others.



പ്രിയരെ,

അക്ഷരങ്ങൾ കൊരുത്തുണ്ടാക്കിയ ദീപ്തിയിലെ സർഗ്ഗശക്തിയുടെ ചൈതന്യം നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുമ്പോൾ..........മരിച്ചുപോയ ഏടുകളിൽ സ്പന്ദിക്കുന്ന ഹൃദയവികാരം ഏറ്റു വാങ്ങുവാൻ പ്രിയരെ, നിങ്ങൾക്കു സാധിച്ചുവെങ്കിൽ ഞാൻ കൃതാർത്ഥനായി.

ജ്ഞാനത്തിന്റെ ദീപശിഖ പാണികളിലേറ്റി നീങ്ങിയ, സർഗ്ഗധനരായ വിദ്യാർത്ഥി വൃന്ദത്തിന്റെ നിരന്തരമായ ധ്യാനത്തിന്റെയും കഠിനാദ്ധ്വാനത്തിലൂടെയും പ്രതിഫലമാണിത്.

രജനിയുടെ നിശബ്ദതയിൽ ഇത്തിരിവെട്ടത്തിൽ മുനിഞ്ഞിരുന്നുകൊണ്ട് തൂലിക ചലിപ്പിച്ച ഒത്തിരി മനപ്രതിഭകളുടെ സംഗമമാണിത്.

നേത്രദ്വയങ്ങളിലെ നീലാംബരം ആവാഹിച്ചുകൊണ്ട് മനസ്സിനെ ഭാവനയുടെ ലോകത്തേയ്ക്ക് പറത്തിവിട്ട സാഹിത്യശില്പികളുടെ ലാവണ്യമാർന്ന ഭാവനാ വിലാസങ്ങളുമിതിൽ പ്രതിഫലിക്കുന്നു.

ഒരപേക്ഷ,

അപൂർണ്ണമായ ആശയങ്ങളുണ്ടെങ്കിൽ, അറിയാതുണ്ടായ അക്ഷരപ്പിശകുകളുണ്ടെങ്കിൽ, സഹൃദയരെ, മാപ്പേകുക. വിമർശനത്തിന്റെ കൂരമ്പുകൾ ആവനാഴിയിലേറ്റി, ദീപ്തിയുടെ ഹൃദയത്തിലേയ്ക്ക് ശരങ്ങൾ തൊടുക്കുവാനാഗ്രഹിക്കുന്ന പ്രിയപ്പെട്ടവരേ, അതിലെനിക്കു ലേശം പരിഭവമില്ല. ഓർക്കുക, ഒരു മെഴുകുതിരി കൂടുതൽ പ്രശോഭിക്കുന്നത് അത് ഉരുകിയൊലിക്കുമ്പോഴാണ്.

ഈ സംരംഭത്തിന് പിന്നിൽ നിസ്സീമമായ സഹായസഹകരണങ്ങളോടെ, നിസ്വാർത്ഥമായ മനസ്സോടെ, പ്രോത്സാഹനം നൽകിയ ബ. പ്രിൻസിപ്പാളിനും, സ്റ്റാഫ് എഡിറ്ററിനും, അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും പ്രിയപ്പെട്ട കൂട്ടുകാർക്കും ഒത്തിരിയൊത്തിരി നന്ദിയോടെ നിങ്ങളെന്നിൽ അർപ്പിച്ച പ്രതീക്ഷകൾക്കും സ്നേഹത്തിനും പ്രത്യുപകാരമായി ഈ ദീപ്തിയെ അർപ്പിച്ചുകൊണ്ട്,

സ്നേഹപുരസ്സരം

നിങ്ങളുടെ സ്വന്തം എഡിറ്റർ


ജിജോമോൾ ജോസഫ്.

വിലക്കുറവിന്, ഗുണമേന്മയ്ക്ക്, കൃത്യമായ അളവിനും തൂക്കത്തിനും
നിങ്ങൾക്കിഷ്ടപ്പെട്ട സാധനങ്ങൾ സ്വയം തിരഞ്ഞെടുക്കാൻ,
പാലായിലൊരു പുതിയ സ്ഥാപനം.

# സുലഭ സൂപ്പർ മാർക്കറ്റ്

സിവിൽ സ്റ്റേഷന് എതിർ വശം
മാർക്കറ്റ് റോഡ്, പാലാ. ഫോൺ. 210 117

ഡോ. പഞ്ചാബ് റാവുദേശ്മുഖ് അവാർഡ് നേടിയ പാലാ
മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ നൂതന സംരംഭം




# Now You Can Step With The World !

**The elegent & stylish array of all kind of leather foot weares, bags, belts etc. for those who insist on the best.**

■ A wide collection of all kinds of leather shoes, chappals, bags, belts etc ■ Arranges in a wider showroom ■ Ample car parking facility ■ Widest discount through out the inaugural year.

SATISFACTION GUARANTEED

BASE
*See the difference*

FOOT WEAR
& TEAVEL
REQUISITES

C.S.I. COMPLEX, BAKER JN., KOTTAYAM - 686 001. Phone: 580208



